*Issued on 24-7-2004*

# PROCEEDINGS

## OF THE

# ELEVETH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

## FIRST SESSION

**Thursday, 5th July 2001**

# OFFICIAL REPORT

## Vol. CXIV—No. 6

**Price: 50 P.**

©
Government of Kerala
2004

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT PRESS, MANNANTHALA, THIRUVANANTHAPURAM, 2004.

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2001 ജൂലായ് 5, വ്യാഴം

**സ്പീക്കർ**

ശ്രീ. വക്കം പുരുഷോത്തമൻ

**ഡെപ്യൂട്ടി സ്പീക്കർ**

ശ്രീ. എൻ. സുന്ദരൻ നാടാർ

**സെക്രട്ടറി**

ശ്രീ. കെ. ആർ. ഉദയഭാനു

**ചീഫ് എഡിറ്റർ**

ശ്രീമതി എസ്. വിജയമ്മാൾ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2/466/2001—1

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | .. | ശ്രീ. എ.കെ. ആന്റണി |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | .. | ശ്രീ. ചെർക്കളം അബ്ദുള്ള |
| തൊഴിൽ വകുപ്പുമന്ത്രി | .. | ശ്രീ. ബാബു ദിവാകരൻ |
| ഗതാഗത വകുപ്പുമന്ത്രി | .. | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| കൃഷിയും കയറും വകുപ്പുമന്ത്രി | .. | ശ്രീമതി കെ. ആർ. ഗൗരിയമ്മ |
| ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി | .. | ശ്രീ. എം. എം. ഹസ്സൻ |
| ജലസേചനവും ജലവിതരണവും വകുപ്പുമന്ത്രി | .. | ശ്രീ. ടി. എം. ജേക്കബ് |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | .. | ശ്രീ. ജി. കാർത്തികേയൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | .. | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി | .. | ഡോ. എം. എ. കുട്ടപ്പൻ |
| റവന്യൂവും നിയമവും വകുപ്പുമന്ത്രി | .. | ശ്രീ. കെ. എം. മാണി |
| മരാമത്ത് വകുപ്പുമന്ത്രി | .. | ശ്രീ. എം. കെ. മുനീർ |
| സഹകരണ വകുപ്പുമന്ത്രി | .. | ശ്രീ. എം. വി. രാഘവൻ |
| ആരോഗ്യ വകുപ്പുമന്ത്രി | .. | ശ്രീ. പി. ശങ്കരൻ |
| ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി | .. | ശ്രീ. കെ. ശങ്കരനാരായണൻ |
| വിദ്യുച്ഛക്തി വകുപ്പുമന്ത്രി | .. | ശ്രീ. കടവൂർ ശിവദാസൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | .. | ശ്രീ. നാലകത്ത് സൂപ്പി |
| വനവും സ്പോർട്ട്സും വകുപ്പുമന്ത്രി | .. | ശ്രീ. കെ. സുധാകരൻ |
| ഗ്രാമവികസന വകുപ്പുമന്ത്രി | .. | ശ്രീ. സി. എഫ്. തോമസ് |
| ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | .. | പ്രൊഫസർ കെ. വി. തോമസ് |

LIBRARY ARCHIVES Kerala Legislative Assembly

## ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ:

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 1

1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 21

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 49

II ചരമോപചാരം:

പി. രാമചന്ദ്രൻ, യു. എ. ബീരാൻ, വി. കെ. ഗോപിനാഥൻ, ടി. എം. മീതിയൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്. .. 125

III അടിയന്തിര പ്രമേയ നോട്ടീസ് .. 127

IV ശ്രദ്ധ ക്ഷണിക്കൽ:

(1) പരിയാരം മെഡിക്കൽ കോളേജ് സഹകരണമേഖലയിലേക്ക് മാററാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത— .. 128

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

(2) കാപ്പി, കുരുമുളക്, തേയില എന്നിവയുടെ വിലയിടിവുമൂലം വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി—

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ .. 131

V സബ്മിഷൻ:

(1) കോഴിക്കോടിനും ഷൊർണ്ണൂരിനുമിടയിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടതുമൂലമുളവായ ബുദ്ധിമുട്ട്— .. 134

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(2) പുതിയ എൻജിനീയറിംഗ് കോളേജുകൾ—

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 136


LIBRARY ARCHIVES Kerala Legislative Assembly

3. പേരാംപ്ര കൂരാച്ചുണ്ടിൽ സുജ, റോസ്മിൻ, റോസ്ന എന്നിവരുടെ സംശയാസ്പദമായ മരണം—

ശ്രീ. ടി. പി. രാമകൃഷ്ണൻ .. 137

4. കാസർഗോഡ് ജില്ലയിൽ കടലാക്രമണംമൂലം നാശനഷ്ടം സംഭവിച്ചവർക്ക് ദുരിതാശ്വാസം—

ശ്രീ. സി. ടി. അഹമ്മദ് അലി .. 138

5. ആലപ്പുഴ ടൗണിലെ കണ്ണൻവർക്കി പാലം, വൈ. എം. സി. എ. പാലം, കൊച്ചുകടവ് പാലം എന്നിവ പുതുക്കി പണിയാൻ നടപടി—

ശ്രീ. കെ. സി. വേണുഗോപാൽ .. 138

6. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ ശുദ്ധജലവിതരണ പദ്ധതി— .. 139

ശ്രീ. വി. സി. കബീർ

7. എറണാകുളം ജില്ലയിലെ കൈത്തറി വ്യവസായവും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ—

ശ്രീ. വി. ഡി. സതീശൻ .. 140

VI റിപ്പോർട്ട് സമർപ്പണം:

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 141

VII റിപ്പോർട്ട് പരിഗണന:

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 141

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച .. 141

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2001 ജൂലായ് 5, വ്യാഴം

വാല്യം 114] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2001, ജൂലായ് മാസം 5-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ . . . ഓർഡർ . . . .

#### റവന്യൂ കമ്മി കുറയ്ക്കാൻ നടപടി

*1 (61) ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001-ലെ ബഡ്ജററ് റവന്യൂ കമ്മി 1951.42 കോടിയായിരുന്നത് പുതുക്കിയ ബഡ്ജററിൽ 3231.77 കോടിയായി വർദ്ധിച്ചതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) റവന്യൂ വരവിൽ സാരമായ കുറവ് സംഭവിച്ചു. എന്നാൽ റവന്യൂ ചെലവ് സാരമായി വർദ്ധിക്കുകയും ചെയ്തു. ശമ്പളപരിഷ്കരണംമൂലം ഉണ്ടായ ആവർത്തനച്ചെലവും പ്ലസ് ടു ഇനത്തിലുണ്ടായ അധികച്ചെലവുമാണ് റവന്യൂ ചെലവ് വർദ്ധിക്കാനുണ്ടായ പ്രധാന കാരണം. ഇത്തരത്തിലുണ്ടായ അധികച്ചെലവുകൾ വഹിക്കാനാവശ്യമായ അധിക വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.

(ബി) സാമ്പത്തിക അച്ചടക്കത്തിലധിഷ്ഠിതമായ ചെലവുചുരുക്കലിലൂടെയും കുടിശ്ശിക തുകകൾ പിരിച്ചെടുത്തും നൂതനമായ മാർഗ്ഗങ്ങളിലൂടെ അധിക വിഭവ സമാഹരണം നടത്തി റവന്യൂ വരുമാനം വർദ്ധിപ്പിച്ചും കമ്മി കുറയ്ക്കാൻ ശ്രമിക്കും.

ശ്രീ. കെ. എ. ചന്ദ്രൻ: 2000–2001–ൽ മുൻ എൽ.ഡി.എഫ്. സർക്കാർ വാങ്ങിയ പൊതുകടം എത്രയെന്നും അനുവദിച്ച കിസ്ത് ഇളവുകൾ എത്രയെന്നും, ഇതിൽ കൂടുതൽ സംഖ്യ ആർക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ ?

ശ്രീ. ജി. കാർത്തികേയൻ: 31–3–2001 വരെയുള്ള പൊതുകടം 23,274.62 കോടി രൂപയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എ. ചന്ദ്രന്റെ ചോദ്യം 2000–2001–ലെ പൊതുകടത്തെ സംബന്ധിച്ചാണ്. 3098.60 കോടി രൂപയാണ് 2000–2001–ലെ പൊതുകടം. കിസ്ത് ഇളവുകളുമായി ബന്ധപ്പെട്ട കണക്കുകൾ ലഭിച്ചിട്ടില്ല. കിസ്ത് ഇളവിലെ പലിശയിൽ കഴിഞ്ഞ ഗവൺമെന്റ് ഇളവ് ചെയ്തുകൊടുത്തു. അത് ഒരു ഭീമമായ തുക വന്നിട്ടുണ്ട്. അതിന്റെ ശരിയായ കണക്കുകൾ വന്നിട്ടില്ല. വഴിയേ ആ കണക്കുകൾ നൽകുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: 2000–2001–ൽ സർക്കാരിന് പിരിഞ്ഞുകിട്ടേണ്ട നികുതി കുടിശ്ശിക എത്രയായിരുന്നുവെന്നും ഇതിൽ എത്ര സംഖ്യയ്ക്ക് സ്റ്റേ കൊടുത്തുവെന്നും വ്യക്തമാക്കാമോ ?

ശ്രീ. ജി. കാർത്തികേയൻ: വിൽപ്പന നികുതി കുടിശ്ശിക 1995–96 മുതൽ 2000–2001 വരെയുള്ളത് 5,886.6 കോടി രൂപയാണ്. വിൽപ്പന നികുതി സംബന്ധിച്ച കേസുകൾ 4129 എണ്ണമുണ്ട്. നികുതി കുടിശ്ശികകളുടെ കണക്ക് മുഴുവനും ഞാൻ വായിക്കുന്നില്ല. രജിസ്ട്രേഷൻ വകുപ്പ് 1,613.80 ലക്ഷം രൂപ, മോട്ടോർ വാഹന വകുപ്പ് 3,861 ലക്ഷം രൂപ, അബ്കാരി 20,994 ലക്ഷം രൂപ, ലാൻഡ് റവന്യൂ 89,881 ലക്ഷം രൂപ, വിൽപ്പന നികുതിയും കാർഷികാദായ നികുതിയും 1,36,427 ലക്ഷം രൂപ. സ്റ്റേമൂലം എന്തു സംഖ്യ നിറുത്തിക്കൊടുത്തുവെന്നതിന്റെയും, ഏതെല്ലാം സ്റ്റേയിലൂടെയാണ് കൊടുത്തിട്ടുള്ളത് എന്നുള്ളതിന്റെയും യഥാർത്ഥ കണക്ക് വന്നിട്ടില്ല. പക്ഷെ സ്റ്റേയിലൂടെ അധിക തുക കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഗവൺമെന്റിന്റെ ദൈനംദിന ചെലവിനുവേണ്ടി സഹകരണ ബാങ്കുകളിൽനിന്നും അതുപോലെ അടിസ്ഥാന സൗകര്യങ്ങളുടെ നിധിയിൽനിന്നും പണം വകമാറി ചെലവഴിക്കുകയുണ്ടായി. തൻമൂലം ആ മേഖലകളിൽ നബാർഡ് റീ–ഫൈനാൻസിംഗ് സൗകര്യം നിഷേധിച്ചിരിക്കുന്നു. കാരണം, സഹകരണ ബാങ്കുകളുടെ പണം മടക്കിക്കൊടുക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ നിധിയിൽനിന്നും 507 കോടി രൂപ വകമാറി ചെലവഴിച്ചതുകൊണ്ട് ആ മേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടായിരിക്കുന്നു. ഇത് പരിഹരിക്കാനും നബാർഡിന്റെ റീ-ഫൈനാൻസിംഗ് സൗകര്യം പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. ജി. കാർത്തികേയൻ: സംസ്ഥാന ഗവൺമെന്റ് വായ്പ എടുക്കുന്നത് രണ്ട് സംവിധാനത്തിലാണ്. ഒന്ന്, ലോംഗ് ടേം ലോൺ, മറ്റൊന്ന് ഷോർട്ട് ടേം ലോൺ. ലോംഗ് ടേം ലോണിനാണ് നബാർഡിന്റെയും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ലോണുകളും ഉൾപ്പെടുന്നത്. അത് തിരിച്ചടയ്ക്കുന്നതിനും പലിശ കൊടുക്കുന്നതിനുമൊക്കെ വ്യവസ്ഥാപിത മാർഗ്ഗങ്ങളുണ്ട്. അതിന് കാലപരിധിയും നിശ്ചയിച്ചിട്ടുണ്ട്. അത് തിരിച്ചടയ്ക്കുന്നതിനുവേണ്ടി നാം ബഡ്ജറ്റിൽ തുക വകകൊള്ളിക്കാറുണ്ട്. ഇപ്പോൾ വന്നിരിക്കുന്ന ഒരു ബുദ്ധിമുട്ട്, ഷോർട്ട് ടേം ലോൺ, അഡ്ഹോക്ക് ബോറോയിംഗ് ആണ്. അത് നമ്മുടെ സഹകരണ ബാങ്കുകളിൽനിന്നും വെൽഫയർ ഫണ്ട് ബോർഡുകളിൽനിന്നും എടുത്തിട്ടുണ്ട്. അതിന് ഒരു പ്രത്യേക കാലാവധി

ഇല്ല. അവർ ആവശ്യപ്പെടുന്ന സമയത്ത് തിരിച്ചുകൊടുക്കുകയും വേണം. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ അഡ്ഹോക്ക് ബോറോയിംഗ്, ഷോർട്ട് ടേം കടമെടുപ്പ് സാരമായി ബാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഇൻഫ്രാസ്ട്രക്ചർ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 507 കോടി രൂപ 1999-ൽ എടുത്തിട്ടുണ്ട്. ഒരു വർഷം അതിനുവേണ്ടിയുള്ള പലിശ തന്നെ ഏതാണ്ട് 70 കോടി രൂപയാണ്. വന്നിരിക്കുന്ന പ്രതിസന്ധി അതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ നബാർഡുപോലുള്ള ഫൈനാൻസിംഗ് ഏജൻസികൾ സാമ്പത്തിക സഹായങ്ങൾ നമുക്ക് ഇനി രണ്ടാമത് തരികയില്ലെന്നുള്ള നിലപാട് എടുത്തിട്ടുണ്ട്. അത് തിരിച്ചടയ്ക്കുന്നതിനുവേണ്ടി നമ്മുടെ സാമ്പത്തിക മേഖല ഭദ്രമാക്കുന്നതിനുള്ള തീവ്രയത്ന പരിപാടിയാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്.

ഡോക്ടർ കെ.സി.ജോസഫ്: 2000-2001-നേക്കാൾ 2001-2002-ലെ റവന്യൂ കമ്മി 1300 കോടി രൂപയോളം വർദ്ധിക്കുമെന്നാണ് മറുപടി പറഞ്ഞത്. അതിന് പ്രധാന കാരണമായി പ്ലസ് ടൂവിന്റെ കണക്കാണ് പറഞ്ഞത്. 2000–2001-ൽ പ്ലസ് ടൂവിന് എത്ര പുതിയ തസ്തികകൾ അനുവദിച്ചു; ആ ഇനത്തിൽ എത്ര രൂപയാണ് ചെലവായതെന്ന് വ്യക്തമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. ജി.കാർത്തികേയൻ: പ്ലസ് ടൂവുമായി ബന്ധപ്പെട്ട് വന്ന അധിക ചെലവുകൾ യാഥാർത്ഥ്യമാണ്. എത്ര തസ്തികകൾ അനുവദിച്ചു, അതിന് എന്ത് തുക ചെലവായിയെന്നുള്ളതിന് പ്രത്യേകമായ ചോദ്യം തന്നാൽ തീർച്ചയായും മറുപടി തരുന്നതാണ്.

ഡോക്ടർ കെ. സി. ജോസഫ്: റവന്യൂ ചെലവ് വർദ്ധിക്കാനുണ്ടായ പ്രധാന കാരണം പ്ലസ് ടൂ ആണെന്ന് പറയുമ്പോൾ അതിന്റെ കണക്ക് അദ്ദേഹം വ്യക്തമാക്കണം. അത് വ്യക്തമാക്കാൻ അദ്ദേഹത്തിന്റെ കൈയിൽ കണക്ക് ഉണ്ടാകണം. അത് ഉണ്ടായില്ല. അദ്ദേഹം മറുപടി പറഞ്ഞതിൽനിന്നും വ്യക്തമായ ഒരു കാര്യമാണ് ചോദിച്ചത്.

മി. സ്പീക്കർ: Doctor you know, that. എങ്ങനെ പറയണം, എന്ത് പറയണം എന്നുള്ളത് സംബന്ധിച്ച് പറയാൻ കഴിയുകയില്ല. ചോദ്യത്തിന് ഉത്തരം പറയണം. He is answering on behalf of somebody.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ ബഡ്ജററിൽ പ്രൊവൈഡ് ചെയ്തിരിക്കുന്ന തുകകളേക്കാൾ കൂടുതൽ ചെലവഴിക്കുകയും ഫൈനാൻഷ്യൽ മാനേജുമെന്റ് ശരിയായി മുന്നോട്ട് കൊണ്ടുപോകാതിരിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ബഡ്ജററ് പ്രൊവിഷനേക്കാൾ കൂടുതൽ ചെലവാക്കേണ്ടിവന്നത് എന്ന് ശ്രീ. ഗുലാത്തി പറഞ്ഞതുൾപ്പെടെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ഫൈനാൻഷ്യൽ ഇൻഡിസിപ്ലിന് എന്താണ് കാരണം; ആരാണ് കാരണക്കാരെന്ന് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ ? നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിയമമനുസരിച്ച് ബഡ്ജററിന് പുറത്ത് ചെലവാക്കണമെങ്കിൽ സപ്ലിമെന്ററി ഡിമാന്റ് വേണം. വളരെ അത്യാവശ്യമാണെങ്കിൽ കൺസോളിഡേററഡ് ഫണ്ടിൽനിന്ന് ഗവർണ്ണറുടെ അനുവാദത്തോടുകൂടി പണം എടുക്കണം. നിയമപരമായ ഫൈനാൻഷ്യൽ കോഡിൽ പറയുന്ന നടപടിക്രമങ്ങൾ ഈ അധികച്ചെലവിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സ്വീകരിച്ചി



LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ; ഇല്ലെങ്കിൽ ആരാണ് ഇതിന് ഉത്തരവാദി; ഇത് നിയമവിധേയമാണോ എന്ന് ദയവായി വ്യക്തമാക്കുമോ ?

ശ്രീ. ജി. കാർത്തികേയൻ: ഫൈനാൻഷ്യൽ കോഡിന് വിരുദ്ധമായി ഇവിടെ അധിക പണം ചെലവഴിച്ചിട്ടുണ്ട്. അതുകൊണ്ടാണല്ലോ അധിക കമ്മി കൂടി വരുന്നത്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു. അത് ഏത് മേഖലയിലാണ്, ഏത് ഡിപ്പാർട്ടുമെൻറിലാണ് കൂടുതൽ എന്നുള്ളത് ഗവൺമെൻറ് പരിശോധിച്ചുവരികയാണ്, അത് സഭയുടെ മുൻപിൽവയ്ക്കും.

ശ്രീ. പി. പി. ജോർജ്ജ്: റവന്യൂ കമ്മി കുറയ്ക്കാൻ വരുമാനം വർദ്ധിപ്പിക്കണം. അതിന് ഗവൺമെൻറ് ഒരു സമയപരിധി ആലോചിച്ചിട്ടുണ്ടോ; അത് നികുതി വരുമാനത്തിനാണോ; നികുതിയേതര വരുമാനത്തിനാണോ ഊന്നൽ നൽകുന്നത് എന്നു പറയാമോ?

ശ്രീ. ജി. കാർത്തികേയൻ: പ്രധാനമായും സംസ്ഥാനത്ത് ആവശ്യമായിട്ടുള്ളത് സാമ്പത്തിക അച്ചടക്കമാണ്. കൂടുതൽ നികുതി ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച് സംസ്ഥാന ഗവൺമെൻറിന്റെ വരുമാനം കൂട്ടാനുള്ള പരിപാടി സംസ്ഥാന ഗവൺമെൻറിനില്ല. അതിന് മററു കാര്യങ്ങൾ ആലോചിക്കേണ്ടിവരും. തീർച്ചയായും ആവശ്യമില്ലാത്ത അധിക ചെലവുകൾ കുറച്ചും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം നിലനിറുത്തിയും പിരിച്ചെടുക്കേണ്ട നികുതി പിരിച്ചെടുത്തും ആവശ്യമില്ലാത്ത സന്ദർഭങ്ങളിൽ കൊടുക്കുന്ന സ്റേറ ഒഴിവാക്കിയും ഗവൺമെൻറിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കി വരുന്ന ഇറക്കുമതി ഉദാരവൽക്കരണ നയം, പ്രത്യേകിച്ച് കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞ നടപടി റവന്യൂ കമ്മി വർദ്ധിപ്പിക്കാൻ ഇടവരുത്തിയിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ ചോദിച്ചതുപോലെ തീർച്ചയായും കേന്ദ്ര ഗവൺമെൻറിന്റെ സാമ്പത്തിക സമീപനങ്ങൾ ഇതിൽ ഒരു കാരണമാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ത്രിതല പഞ്ചായത്തുകൾ ആവിഷ്ക്കരിച്ച പാവപ്പെട്ടവർക്കുവേണ്ടിയുള്ള പല പദ്ധതികളും രണ്ടാം ഗഡുവും മൂന്നാം ഗഡുവും കിട്ടാതെ സ്തംഭനത്തിലായി എന്നുള്ള വസ്തുത കണക്കിലെടുത്ത് അടിയന്തിരമായി ആ പണം റിലീസ് ചെയ്യാൻ നടപടി എടുക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഭവന നിർമ്മാണ പദ്ധതികൾ ഇന്ന് അവതാളത്തിലും പ്രതിസന്ധിയിലുമാണ്. ഇതിനെല്ലാം ഫിനാൻസ് ചെയ്തുകൊണ്ടിരുന്ന നബാർഡ് പോലെയുള്ള ഏജൻസികൾ നമുക്ക് തന്നുകൊണ്ടിരുന്ന ആ ലോൺ നിറുത്തിവച്ചിരിക്കുകയാണ്. തിരിച്ച് അങ്ങോട്ട് ഒന്നും അടയ്ക്കാൻ കഴിയുന്നില്ല. പക്ഷെ ഈ നാലാം ഗഡു കൊടുക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിക്കും. അല്ലെങ്കിൽ ഗ്രാമീണ മേഖലകളിൽ പൊളിച്ചിട്ടിരിക്കുന്ന വീടുകളുടെ സ്ഥിതി പ്രതിസന്ധിയിലാകും. അതിനാൽ അക്കാര്യം ഗവൺമെൻറ് ഗൗരവമായി ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: 1996-ലാണ് ചാരായനിരോധനം നടപ്പിലാക്കിയത്. 1995-96-ലെ കണക്കു പ്രകാരം കിസ്ത് നികുതിയിനത്തിൽ 710 കോടി രൂപ ഖജനാവിൽ പ്രതിവർഷം കിട്ടിയിരുന്നു. അഞ്ചുവർഷം 3550 കോടി രൂപ സർക്കാർ ഖജനാവിന് നഷ്ടമായത് റവന്യൂ കമ്മി വർദ്ധിക്കാൻ ഇടയായ കാരണങ്ങളിൽ ഒന്നാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: അത് പ്രത്യേകം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഉയർന്ന പലിശ കൊടുത്ത് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ 507 കോടി രൂപ കടമെടുത്തു എന്നു പറയുകയുണ്ടായി. ഈ 507 കോടി രൂപയിൽ അടിസ്ഥാന വികസനത്തിനുവേണ്ടി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: അടിസ്ഥാന വികസന സൗകര്യങ്ങൾക്കുവേണ്ടി എടുത്ത 507 കോടി രൂപയ്ക്ക് ഒരു വർഷം 70 കോടി രൂപ പലിശ കൊടുക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി തുക ചെലവഴിച്ചതായി രേഖകളിൽ കാണുന്നില്ല. ഈ പണം വകമാറി ചെലവഴിച്ചതു തന്നെയാണ് നമ്മുടെ പ്രതിസന്ധിയുടെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന്. ഈ തുക വകമാറി ചെലവഴിച്ചതായിട്ടാണ് രേഖകളിൽ കാണുന്നത്.

ശ്രീ. എ. കെ. ബാലൻ: റവന്യൂ കമ്മി കുറയ്ക്കാൻ കള്ളു സൊസൈറ്റികൾ പിരിച്ചുവിട്ട് കള്ളു ഷാപ്പുകൾ സ്വകാര്യ വ്യക്തികൾക്ക് ലേലം ചെയ്തു കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? സ്പെസിഫിക് ക്വസ്റ്റ്യനാണ്.

**Mr. Speaker:** That is not related to this. No, No......Not related to this. No, No........ശ്രീ. മത്തായി ചാക്കോ........

ശ്രീ. എ. കെ. ബാലൻ: മന്ത്രി ഉത്തരം പറയാൻ തയ്യാറാണ്.

**Mr. Speaker:** Even if he is prepared. I am unconcerned about his willingness. No, No. I am unconcerned about his willingness. I can only permit the questions related to the main question. Mr. Balan don't create scenes....No, No.... നിങ്ങൾക്ക് ഈ ചോദ്യം ചോദിക്കാൻ ഇഷ്ടംപോലെ സമയം കിട്ടുമല്ലോ. ഇതിൽത്തന്നെ ചോദിക്കണോ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇവിടെ ക്വസ്റ്റ്യൻ റവന്യൂ കമ്മിയെപ്പറ്റിയാണ്.

മി. സ്പീക്കർ: അതിനുതന്നെ വേറെ ചോദ്യമുണ്ട്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: അതേക്കുറിച്ച് തന്നെയാണല്ലോ ബഹുമാനപ്പെട്ട മെമ്പർമാർ ചോദിക്കുന്നത്. അത് ചോദിക്കുന്നതിന് മിനിസ്റ്ററോട് ഇന്ന രൂപത്തിലേ ആകാവൂ എന്നുള്ള ക്രമംവിട്ട തരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അങ്ങനെ സൂചിപ്പിക്കുന്നത് മനസ്സിലാക്കാം. ഇതിൽ ഏതെങ്കിലും തരത്തിലുള്ള ക്രമം വിട്ട ചോദ്യമുണ്ടോ?

മി. സ്പീക്കർ: ഇത് കമ്മി നികത്തുന്ന കാര്യമാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇവിടെ മിനിസ്റ്ററുടെ മുകളിൽ കയറി ഈ ഉപദേശം നടത്തുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇവിടെ റവന്യൂ കമ്മിയെക്കുറിച്ച് മാത്രമാണ് ചോദ്യം. കമ്മി നികത്തുന്നതിനെക്കുറിച്ചല്ല. കമ്മി നികത്താൻ വേറെ ചോദ്യമുണ്ട്...... (ബഹളം)......എത്ര ബഹളമുണ്ടാക്കിയാലും ഒരു കാര്യവുമില്ല......... Unnecessarily making this noise. (തടസ്സം) ക്വസ്റ്റ്യൻ അവറിൽ പോയിൻറ് ഓഫ് ഓർഡറില്ല. Order....Order....Please sit down. Yes, Yes....If you want....(ബഹളം)...... (പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ചേംബറിനു ചുററും കൂടി സ്പീക്കർ നീതി പാലിക്കുക തുടങ്ങിയുള്ള മുദ്രാവാക്യങ്ങൾ വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തു കൊണ്ടിരുന്നു.)

**Mr. Speaker:** Yes, Yes....If you want answer....O.K....Don't.... Go to your seat....Don't....Don't....Watch & Ward, Don't....Yes, Yes....You want answer......(ബഹളം) Don't worry, I will ask him to answer. I will ask....Please go to your seat....Yes, Yes, Yes....I agree. He will answer....go to your seat....Order, Order....Shri Mani....Yes, Yes....You answer....Minister, Minister you answer....Minister...... Minister....Yes, Yes....

ശ്രീ. ജി. കാർത്തികേയൻ: മറുപടി പറയാം. കള്ളു സംഘങ്ങളിലൂടെയോ മററ് തരത്തിലോ കൂടുതൽ മദ്യവ്യാപാരം നടത്തി റവന്യൂ കമ്മി കുറയ്ക്കാനുള്ള സമീപനം ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലൻ ചോദിച്ച ചോദ്യവുമായി ബന്ധപ്പെട്ട് ഇവിടെ മദ്യ നയത്തിൽ വേറെ ചോദ്യം വരുന്നുണ്ട്. അപ്പോൾ അത് വിശദമായി പറയുന്നുണ്ട്. എന്തായാലും ഈ ഗവൺമെൻറിന്റെ നയം എന്നു പറയുന്നത് കൂടുതൽ കള്ളു കച്ചവടം നടത്തി കൂടുതൽ വരുമാനമുണ്ടാക്കുക എന്നുള്ളതല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 1998-99 മുതൽ കേരളത്തിലെ റവന്യൂ കമ്മിയിൽ വല്ലാതെ വർദ്ധനവ് കാണുന്നുണ്ട്. 1998-99-ലും 1999-2000-ത്തിലും ഈ വർദ്ധനവ് എങ്ങനെ ഉണ്ടായി എന്നും ഇതു പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കുന്നു എന്നും വ്യക്തമാക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ച ചോദ്യവുമായി ബന്ധപ്പെട്ട് നേരത്തെ ഞാൻ മറുപടി പറഞ്ഞതാണ്. സാമ്പത്തികമായ അച്ചടക്കമില്ലായ്മ, ഫിനാൻഷ്യൽ കോഡുകളെ ലംഘിച്ചുകൊണ്ട് വരുമാനത്തേക്കാൾ കൂടുതൽ ചെലവഴിച്ചു എന്നുള്ളതൊക്കെയാണ് പ്രധാനമായി വന്ന തകരാറ്. നികുതി പിരിച്ചില്ലെന്നതും ആവശ്യമില്ലാതെ സ്റ്റേ കൊടുത്ത് എക്സൈസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽ കിസ്ത് ഇളവു ചെയ്ത് ആനുകൂല്യങ്ങൾ നൽകിയതും കേന്ദ്ര ഗവൺമെൻറിന്റെ നയവും എല്ലാം വരുമാനം കുറയാനുള്ള പ്രധാനപ്പെട്ട കാരണങ്ങളാണ്. കേന്ദ്ര ഗവൺമെൻറിന്റെ സമീപനം ഇതിന് ഒരു പരിധി വരെ കാരണമാണ്. കേന്ദ്ര ഗവൺമെൻറ് 11-ാം ധനകാര്യകമ്മീഷനിൽ വരുത്തിയ വെട്ടിച്ചുരുക്കൽ നടപടികളും ചെറിയൊരു കാരണമായി. സംസ്ഥാന ഗവൺമെൻറിന്റെ തകരാറു തന്നെയാണ് സാമ്പത്തിക പ്രതിസന്ധിക്കുള്ള പ്രധാന കാരണം.

ശ്രീ. മത്തായി ചാക്കോ: പത്താം ധനകാര്യ കമ്മീഷന്റെ അവാർഡിനെ അപേക്ഷിച്ച് 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ ഈ സംസ്ഥാനത്തിന് എത്ര തുകയുടെ കുറവ് വന്നിട്ടുണ്ട്?

ശ്രീ. ജി. കാർത്തികേയൻ: 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം വന്നിട്ടുള്ളത് ഞാൻ പറയാം. രണ്ടും തമ്മിലുള്ള വ്യത്യാസം പറയാൻ വേറെ ചോദ്യം വേണം. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം കേന്ദ്ര വിഹിതത്തിന്റെ തോത് 3.498-ൽ നിന്നും 3.057 ആയി കുറഞ്ഞു. കേന്ദ്ര ഗ്രാൻറുകളുടെ വിഹിതവും 2.489-ൽ നിന്നും 1.387 ആയി കുറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി 2000-2005 ആകുമ്പോൾ നമുക്ക് 3664 കോടി രൂപയുടെ കുറവ് വരുന്നതാണ്. ഈ കുറവ് വരുന്ന 4 വർഷത്തേക്ക് ബാധിക്കുന്നതാണ്. ഇത് അവസാന ഒരു വർഷത്തെ മാത്രമാണ്. ഞാൻ ഈ പറഞ്ഞ കുറവുകൾ 2000 മുതൽ 2005 വരെയുള്ളതാണ്. നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ 1996-2000 വരെയുള്ളതല്ല. ഈ വ്യത്യാസം വരുന്നത് 2000 മുതൽ ഇപ്പോൾ ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറിന്റെ കാലത്ത് വരെയാണ്. അതിന് മുമ്പുള്ളതല്ല. ഒരു വർഷം മാത്രമേ നിങ്ങൾക്ക് ബാധകമായിട്ടുള്ളു.

ശ്രീ. എ. കെ. മണി: ഇന്ന് തേയില വ്യവസായം വളരെ പ്രതിസന്ധിയിലാണ്. കേന്ദ്ര ഗവൺമെൻറിന്റെയും മുൻ എൽ. ഡി. എഫ്. ഗവൺമെൻറിന്റെയും തെററായ നയം കൊണ്ട് തേയില വ്യവസായം അങ്ങേയററം തകർന്നിരിക്കുകയാണ്. പ്രാദേശിക ടാക്സിലും സെയിൽസ് ടാക്സിലും ഇളവ് വരുത്തിക്കൊണ്ട് ഈ വ്യവസായത്തെ സംരക്ഷിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ടാക്സ് ഇളവ് കൊടുക്കുന്നതൊക്കെ നയപരമായി തീരുമാനിക്കേണ്ട കാര്യമാണ്. അത് ആലോചിക്കുന്നതാണ്. എന്നാലും കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ബുദ്ധിമുട്ടായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ തേയില വ്യവസായത്തിന്റെ തകർച്ചയെ കുറിച്ച് പറഞ്ഞത് ശരിയാണ്. പക്ഷെ ടാക്സ് കൂട്ടാതിരിക്കാനല്ലേ കഴിയുകയുള്ളു. കുറയ്ക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നത് ബുദ്ധിമുട്ടായിരിക്കും. അത് പരിശോധിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഡ്ജററ് പ്രഖ്യാപനത്തിനപ്പുറം ചെലവുകൾ ഉണ്ടാവുകയില്ലെന്ന് ധ്വനി ഇവിടെ പറഞ്ഞു. അതിന്റെ അർത്ഥം ന്യൂ സർവീസ് ഉണ്ടാകുകയില്ല, അഡീഷണൽ ആതറൈസേഷൻ ഉണ്ടാകുകയില്ല, സപ്ലിമെൻററി ഗ്രാൻറ് ഉണ്ടാകുകയില്ല എന്ന് ഈ സഭയ്ക്കുറപ്പു നൽകിയതായി കരുതാമോ?

ശ്രീ. ജി. കാർത്തികേയൻ: അങ്ങനെ ആരു പറഞ്ഞു. അങ്ങയെപ്പോലെ സീനിയറായിട്ടുള്ള ഒരു മെമ്പർ ഇങ്ങനെ ചോദ്യം ചോദിച്ചതുതന്നെ ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫസ്സർ എ. ഡി. മുസ്തഫ: വർഷങ്ങൾക്കു മുമ്പ് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇനിയും ലഭിച്ചിട്ടില്ല. ഈ ആനുകൂല്യങ്ങൾ നൽകാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ യെന്നറിയണം?

ശ്രീ. ജി. കാർത്തികേയൻ: റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പെൻഷനും പ്രോവിഡൻറ് ഫണ്ടും അങ്ങനെയുള്ള സകല ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക വേറെ ചാനലിൽക്കൂടി ചെലവാക്കി പോയതു കൊണ്ടാണ് ഈ ദുര്യോഗം മുഴുവൻ ഈ സംസ്ഥാനത്ത് ഉണ്ടായത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിക്കുന്നതാണ്.

## ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

*2(62) ശ്രീ. മഞ്ഞളാംകുഴി അലി:
,, പി. ജയരാജൻ:
ശ്രീമതി. ശോഭനാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചു;

(ബി) പാൽ സംഭരണം സംബന്ധിച്ച് മിൽമ എടുത്തിട്ടുള്ള തീരുമാനം പുനഃപരിശോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) അധിക പാൽ സംഭരിച്ച് പാൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;

(ഇ) സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന് നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) മിൽമയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ വായ്പ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സഹകരണ മേഖലയിൽ പാൽ സംസ്കരണശേഷി ഇപ്പോഴുള്ളത് പ്രതിദിനം 7.45 ലക്ഷം ലിററർ എന്നത് 13 ലക്ഷമായി ഉയർത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ ഡയറികൾ കേരളത്തിലെ സഹകരണ മേഖലയിൽ നിന്നും മിച്ചമുള്ള പാൽ സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി വരുന്നു.

(ബി) ചില തീരുമാനങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മാററി യിട്ടുണ്ട്.

(സി) വിവിധതരം പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ ആലോചിച്ചിട്ടില്ല.

(എഫ്) എൻ. ഡി. ഡി. ബി.-യുമായി ചർച്ച ചെയ്ത് മിൽമയുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: മിൽമ പാലിന്റെ ഇപ്പോഴത്തെ സംരക്ഷിത കാലം 48 മണിക്കൂർ എന്നുള്ളത് വിദേശ രാജ്യങ്ങളിൽ ഉള്ളതുപോലെ ചുരുങ്ങിയത് ഒരാഴ്ചയെങ്കിലുമാക്കാനുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വിപണന ശൃംഖല മെച്ചപ്പെടുത്തുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: മുൻപ് ഞാൻ ഇവിടെ സംസാരിച്ചത് എൻ. ഡി. ഡി. ബി.-യുമായിട്ട് ആലോചിച്ച് നടപടികൾ എടുക്കാനുള്ള നീക്കം നടക്കുന്നുണ്ടെന്നാണ്. ചില്ലിംഗ് പ്ലാന്റിന്റെ എക്സ്പാൻഷനും ഡവലപ്മെന്റുമൊക്കെ ഈ കൂട്ടത്തിലേ വരികയുള്ളു. മേൽപ്പറഞ്ഞ കാര്യവും ആലോചിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: കേരളത്തിൽ ആവശ്യത്തിലധികം പാലുണ്ടായിരിക്കെ അന്യസംസ്ഥാനങ്ങളിൽ നിന്നും ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങളടങ്ങിയ പാൽ വിപണിയിൽ എത്തിക്കുന്നത് തടയാൻ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഭക്ഷ്യ സാധനങ്ങൾ ഇന്ന് പരിശോധിക്കുന്നത് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരാണ്. ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിനും ഈ അധികാരം കൊടുക്കുന്ന കാര്യം പരിഗണനയിലാണ്. ഇപ്പോൾ മററ് സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പാലിന് ഈ പറഞ്ഞതുപോലുള്ള ദോഷ വശങ്ങളുണ്ടോയെന്ന് പറയാൻ പററുകയില്ല.

ശ്രീ. പി. ജയരാജൻ: കേരളത്തിലെ ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നുള്ളതാണ് ചോദ്യം. ഇവിടെ മറുപടി പറഞ്ഞത് ക്ഷീര സംഭരണം വർദ്ധിപ്പിക്കാനുള്ള നടപടി മിൽമയെക്കൊണ്ട് എടുപ്പിക്കുമെന്നാണ്. യഥാർത്ഥത്തിൽ മിൽമയിൽ പാൽ കൊടുക്കുന്ന ക്ഷീര കർഷകന് ഇന്ന് കിട്ടുന്നത് തുച്ഛമായ വിലയാണ്, ന്യായമായിട്ടുള്ളതല്ല. മിൽമ മാത്രമല്ല കേരളത്തിൽ ക്ഷീര കർഷകരിൽ നിന്നും പാൽ സംഭരിക്കുന്നത്. മിൽമയുമായിട്ട് അഫിലിയേററ് ചെയ്യാത്ത സഹകരണ സംഘങ്ങൾ പാൽ സംഭരിക്കുന്നുണ്ട്. ഒരു ലിററർ പാലിന് 12 രൂപ വരെ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് കർഷകർക്ക് കിട്ടുന്നു. അതേയവസരത്തിൽ മിൽമയിൽ നിന്നും ശരാശരി കിട്ടുന്ന വില 9.30 രൂപ മാത്രമാണ്. മാത്രമല്ല, എറണാകുളത്തെ ഒരു പ്രധാനപ്പെട്ട ഏജൻസിയായിട്ടുള്ള പി. ഡി. ഡി. പി. പാലിലുള്ള ഫാററിനെയും എസ്. എൻ. എഫ്.-നെയും അടിസ്ഥാനമാക്കിയിട്ടാണ് പാലിന് വില കൊടുക്കുന്നത്. അത് മിൽമ കൊടുക്കുന്നതിനേക്കാൾ വർദ്ധിച്ച വിലയാണ്. യഥാർത്ഥത്തിൽ മിൽമയുടെ എസ്ററാബ്ലിഷ്മെന്റ് ചാർജാണ് ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്ന ഏററവും പ്രധാനപ്പെട്ട ഘടകം. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എറണാകുളത്തെ മേഖലാ യൂണിയൻ തന്നെ നാഷണൽ ഡയറി ബോർഡിനെ ഏൽപ്പിക്കാൻവേണ്ടി ഡോക്ടർ കുര്യന്റെ ശുപാർശ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് നീക്കം നടത്തുന്നുവെന്നാണ് മനസിലായിട്ടുള്ളത്. ശ്രീ. കുര്യൻെറ നിർദ്ദേശമനുസരിച്ച് മിൽമയെന്ന് പറയുന്നത് ക്ഷീര കർഷകർക്ക് ഭാരമെന്ന നിലയിൽ അതിനെ പിരിച്ചുവിടാനുള്ള വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഒരുപാട് കാര്യങ്ങൾ ചോദിച്ചു. ഇതിൽ ഇന്ന് ക്ഷീര കർഷകർ നേരിടുന്ന പ്രധാന പ്രശ്നം ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ എടുക്കുന്നില്ല എന്നുള്ളതാണ്. ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ എടുക്കാത്തത് മിൽമയുടെ പാൽ സംഭരണശേഷി കഴിഞ്ഞ കുറെ കൊല്ലങ്ങളായി വർദ്ധിപ്പിച്ചിട്ടില്ല. ഇപ്പോൾ ഡോക്ടർ കുര്യനുമായിട്ട് ചർച്ച ചെയ്ത് പാൽ സംസ്കരണശേഷി പ്രതിദിനം 7.5 ലക്ഷം ലിററിൽ നിന്നും 13 ലക്ഷം ലിററായിട്ട് ഉയർത്താനുള്ള നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ട്, വിലയുടെ കാര്യം പറഞ്ഞു. എസ്. എൻ. എഫ്. നോക്കിത്തന്നെയാണ് മിൽമ പാലിൻെറ വില നിശ്ചയിക്കുന്നത്. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്താണ് മലബാർ യൂണിയനും എറണാകുളം യൂണിയനും 50 പൈസ കുറയ്ക്കാനുള്ള നടപടി എടുത്തത്. അത് ഈ ഗവൺമെൻറ് തൊട്ടിട്ടില്ലായെന്നേയുള്ളൂ.

ശ്രീ. പി. ജയരാജൻ: കർണ്ണാടകത്തിൽ നിന്നും കേരളത്തിലേക്ക് വരുന്ന പാലും പാൽ ഉൽപ്പന്നങ്ങളും രോഗങ്ങൾ പരത്തുന്നതാണെന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കർണ്ണാടകയിലെ മൃഗ സ്നേഹികളുടെ സംഘടനയായ 'ക്രൂസേഴ്സ് ഫോർ അനിമൽസ്' നടത്തിയ ഒരു പഠനത്തിൽ ഇങ്ങനെ സാംക്രമിക രോഗങ്ങൾ പരത്തുന്ന പാലും പാൽ ഉൽപ്പന്നങ്ങളും ഉള്ളതായി കണ്ടത് സംബന്ധിച്ച് പത്രങ്ങളിലൊക്കെ റിപ്പോർട്ട് വന്നിട്ടുണ്ട്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: പാലും പാലുൽപ്പന്നങ്ങളും രോഗം പരത്തുന്നുണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിക്കും. മലബാർ പ്രദേശത്ത് 1500-ഓളം ലിററർ പാൽ, മററ് സംഘങ്ങൾ കർണ്ണാടകത്തിൽ നിന്നും കൊണ്ടു വന്ന് വിൽക്കുന്നുണ്ട്. തമിഴ്നാട്ടിൽ അനേകം ഡയറി സൊസൈററികൾ അവിടെ രജിസ്ററർ ചെയ്ത് പാൽ ഇവിടെ വിൽക്കുന്നു. ''ശക്തി'' എന്ന സംഘം 75,000 ലിററർ പാൽ ഇവിടെ വിതരണം നടത്തുന്നുണ്ട്. മുഴുവൻ തമിഴ്നാട്ടിൽ നിന്നാണ്. അതെല്ലാം സെൻട്രൽ ഗവൺമെൻറിൻെറ അംഗീകാരത്തോടും അവർ കൊടുത്ത ലൈസൻസിൻെറ അടിസ്ഥാനത്തിലുമാണ്. മററ് വിധത്തിൽ വേറെ യൂണിയൻസും ചെയ്യുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് ഗവൺമെൻറ് അവരുമായി കൂടിയാലോചിച്ച് ഈ പ്രാവശ്യം അധികം വന്ന 55,000 ലിററർ പാൽ അവരെക്കൊണ്ട് എടുപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു എഗ്രിമെൻറ് ആയിട്ടുണ്ട്. അത് നടപ്പിലായി വരുന്നു. സാധാരണ നിലയിൽ കൂടിയാലോചിച്ച് വരികയാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: അനിയന്ത്രിതമായി ഗുണനിലവാരമില്ലാത്ത പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നുണ്ട്. അത് തടയുന്നതിനുവേണ്ടി പ്രവേശന നികുതി ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: പ്രവേശന നികുതിയെക്കുറിച്ച് ഗവൺമെൻറ് ഇപ്പോൾ ആലോചിച്ചിട്ടില്ല. വിവിധ വശങ്ങൾ നോക്കിവേണം Entrance Tax ഏർപ്പെടുത്താൻ. പാൽ മാത്രമല്ല കേരളത്തിലേക്ക് വരുന്നത്, പ്രവേശന നികുതി ഏർപ്പെടുത്തുകയാണെങ്കിൽ—മററ് സംസ്ഥാനങ്ങളിൽ നിന്നും അനേകം സാധനങ്ങൾ വരുന്നുണ്ട്. ഇവിടത്തെ ഭക്ഷ്യ സാധനങ്ങളുടെ വരവിനെ എങ്ങനെ ബാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അത് നോക്കാതെ ഇപ്പോൾ മറുപടി പറയാൻ പററുകയില്ല. രോഗം പരത്തുന്ന പാലാണ് വരുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: തിരുവനന്തപുരം, എറണാകുളം, മലബാർ എന്നീ മൂന്ന് ക്ഷീര മേഖലാ യൂണിയനുകൾക്ക് പാൽ സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അധികാരം നൽകാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇന്നിപ്പോൾ അവരാണ് പാൽ സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും. ഈ മൂന്ന് യൂണിയൻസ് തന്നെയാണ് സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: കഴിഞ്ഞ നാല് വർഷക്കാലത്തിനുള്ളിൽ കേരളത്തിൽ 38 സ്വകാര്യ പാൽ കച്ചവടക്കാരുണ്ടായി. അതോടൊപ്പം തന്നെ അവരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നയം ഗവൺമെൻറിൽ നിന്നും പ്രത്യേകിച്ച് വകുപ്പ് മേധാവികളിൽനിന്നുമുണ്ടായി. ആ നയ വൈകല്യങ്ങളുടെ പരിണത ഫലമല്ലേ ഇപ്പോഴത്തെ പ്രതിസന്ധി?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇവിടെ ലൈസൻസ് നിഷേധിച്ചത് കേന്ദ്ര ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. ഇവിടത്തെ ഉദ്യോഗസ്ഥൻമാർ മാത്രമല്ല, ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും മിൽമയ്ക്ക് സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള കപ്പാസിററിയില്ല. ഇപ്പോൾ 20 കൊല്ലമായി, കപ്പാസിററി വർദ്ധിപ്പിക്കണമായിരുന്നു, കപ്പാസിററി വർദ്ധിപ്പിച്ചില്ല. അപ്പോൾ പ്രൈവററ് ഡയറികൾ ആ പാലെടുത്ത് വിതരണം ചെയ്യുന്നത് തെററാണെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മിനിസ്ററർ മറുപടി പറഞ്ഞപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ പരിശോധിക്കുവാൻ ഒരു നടപടിയുമില്ലായെന്ന് പറഞ്ഞു, അത് പരിശോധിക്കുവാൻ ശ്രമിക്കുമെന്നും പറഞ്ഞു. നമ്മുടെ വളരെ പ്രശസ്തരായ ശാസ്ത്രജ്ഞൻമാരുടെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാലയിൽ ഒരു ഡയറി ഡിപ്പാർട്ടുമെൻറുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വരുന്ന നിരവധി കമ്പനികളുടെ പാലിൻെറ സാമ്പിൾ എടുത്തു പരിശോധിച്ചു. ആ പരിശോധനാ റിപ്പോർട്ട് ഏഷ്യാനെററ് ഉൾപ്പെടെ പല മാധ്യമങ്ങളും പ്രസിദ്ധീകരിച്ചു. പക്ഷേ ഒഫിഷ്യലായിട്ട് യൂണിവേഴ്സിററി അത് പ്രസിദ്ധീകരിക്കുകയോ, യൂണിവേഴ്സിററി അത് ഗവൺമെൻറിന് നൽകുകയോ ചെയ്തില്ലെന്ന് സാങ്കേതിക തടസ്സം പറഞ്ഞു (വകുപ്പുമന്ത്രിയുടെ കീഴിലാണ് ആ യൂണിവേഴ്സിററി യെന്നുള്ളതുകൊണ്ടുകൂടി പറയുകയാണ്). ആ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് ഏതൊക്കെ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിലാണ് ദോഷകരമായിട്ടുള്ള രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുള്ളതെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. റിപ്പോർട്ട് ഇവിടെയുണ്ട്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഫുഡ് അഡൽട്ടറേഷൻ ആക്ടുണ്ട്. ആ ആക്ട് നടപ്പിലാക്കുന്നത് ഹെൽത്ത് ഡിപ്പാർട്ടുമെൻറാണ്. അത് മിൽമയുടെ ഡയറി ഉദ്യോഗസ്ഥൻമാർക്കുകൂടി പരിശോധിക്കാൻ അവകാശം കിട്ടുന്നതിനാവശ്യമായിട്ടുള്ള നടപടികളെടുക്കാൻ ആലോചിക്കുന്നുണ്ട്. അഗ്രികൾച്ചറൽ യൂണിവേഴ്സിററിയുടെ റിപ്പോർട്ടുകൾ വായിച്ചുനോക്കാം. വായിച്ചു നോക്കിയാൽ നടപടിയെടുക്കാൻ പററുമോയെന്ന് ചോദിച്ചാൽ, ഇല്ല.

ശ്രീ. പി. ജെ. ജോയി: ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻെറ ചോദ്യത്തിന് പറഞ്ഞ മറുപടിയിൽ സ്വകാര്യ പാൽ കച്ചവടക്കാർ ഇവിടെ പാൽ



LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്ന ഒരു സാഹചര്യമുണ്ട് എന്ന് തോന്നത്തക്കവിധത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. സ്വകാര്യ കച്ചവടക്കാർ പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നുവെന്നു മാത്രമേയുള്ളു. ഒരു തുള്ളി പാൽ പോലും അവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. APCOS തുടങ്ങിയ സഹകരണ സംഘങ്ങളാണ് കേരളത്തിലെ കർഷകരുടെ പാൽ സംഭരിക്കുന്നത്. ഈ കർഷകരെ സഹായിക്കാൻ പുറംസംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടു വരുന്നത് തടയാൻ സ്വാഭാവികമായിട്ട് ബുദ്ധിമുട്ടുണ്ടാകും. നികുതി ഏർപ്പെടുത്തുക മാത്രമാണ് അതിന് പരിഹാര മാർഗ്ഗം. കേരളത്തിൽനിന്നും ഏതെങ്കിലും ഒരു ടൂറിസ്റ്റ് ബസ് തമിഴ്നാട്ടിൽ പോയാൽ അവിടെ നികുതി കൊടുക്കണം. സ്വാഭാവികമായി എന്തുകൊണ്ട് പുറംസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന് നികുതി ഏർപ്പെടുത്താൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി ആ നിലയിൽ ഒരു തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സ്വകാര്യ മാനേജ്മെന്റ് – പീപ്പിൾസ് ഡയറി–ഇവിടെത്തന്നെ പാൽ ഉൽപ്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്യു ന്നുണ്ട്. അവർ ഉൽപ്പാദിപ്പിക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. നെയ്യാറ്റിൻകരയിൽ ഒരു ഡയറിയുണ്ട്. അത് ഇവിടെത്തന്നെ ഉൽപ്പാദിപ്പി ക്കുന്ന പാൽ സംഭരിച്ച് വിൽക്കുകയാണ്. പുറത്തുനിന്നും കൊണ്ടുവരുന്നതല്ല. എന്നാൽ തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്ത് ഇവിടെ കൊണ്ടുവന്ന പാൽ വിൽക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ലൈസൻസുള്ളവരുണ്ട് ഇവിടെത്തന്നെ രജിസ്റ്റർ ചെയ്തതായിട്ടുള്ള പ്രൈവറ്റ് ഡയറികൾ ഇവിടെ നിന്നും പാൽ എടുക്കുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും പാൽ കൊണ്ട്വന്ന് വിതരണം ചെയ്യുന്ന കുറേ ഡയറികളുണ്ട്. ഇത് വച്ചുകൊണ്ട് ഇന്നത്തെ നിലയിൽ എന്ത് നടപടിയെടുക്കാമെന്ന് പരിശോധിച്ചി ട്ടില്ല. പലരുടേയും പേരിൽ ചില കേസുകളുണ്ട്. കേസുകൾ നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. അല്ലാതെ ഇവിടെ പറഞ്ഞതുപോലെ പ്രൈവറ്റ് ഡയറികളുടെ പേരിൽ പ്രത്യേകമായിട്ട് കേസെടുക്കണമെങ്കിൽ നിയമ പരമായിട്ടേ പറ്റൂ. ഞാൻ നേരത്തെ പറഞ്ഞു, പ്രവേശന നികുതിയെക്കുറിച്ച് വിശദമായി പരിശോധിക്കാതെ നടപ്പിലാക്കാൻ പറ്റുകയില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: അന്യ സംസ്ഥാനങ്ങളിൽ നിന്നും വ്യാജ സ്പിരിറ്റ് വരുന്നതുപോലെയാണ് വ്യാജ പാൽ കേരളത്തിലേക്ക് വരുന്നത്. അതുകൊണ്ട് കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ കെട്ടിക്കിടക്കുന്നതു കൊണ്ടാണ് കേരളത്തിലെ പാൽ ഉൽപ്പാദകരിൽ നിന്നും സംഭരിക്കാൻ മിൽമ താൽപ്പര്യമെടുക്കാത്തത്. കൃഷിക്കാർക്ക് 7 രൂപ മുതൽ 9 രൂപ വരെ പാലിന്റെ ഗുണനിലവാരം പരിശോധിച്ചാണ് ഇപ്പോൾ വില കൊടുക്കുന്നത്. 13 രൂപയ്ക്കാണ് മിൽമ ഇത് വിപണിയിൽ ഉപഭോക്താക്കൾക്ക് കൊടുക്കു ന്നത്. ഉപഭോക്താക്കൾക്ക് കൊടുക്കുന്ന വിലയിൽ വർദ്ധനവുണ്ടാകാതെ ക്ഷീര കർഷകർക്ക് പാലിന്റെ വില വർദ്ധിപ്പിച്ചുകൊടുക്കുന്നതിനാവശ്യമായ നിർദ്ദേശം മിൽമയ്ക്ക് സർക്കാർ കൊടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ചാരായവും പാലും എങ്ങനെയാണ് ഒരുപോലെയാകുന്നതെന്ന് എനിക്കറിയില്ല. ചാരായം ഇവിടെ കൊണ്ടുവരാൻ പാടില്ലാത്ത, നിരോധിക്കപ്പെട്ട ഒരു സാധനമാണ്. അത് ഒളിച്ചുകൊണ്ടു വരുന്നതുപോലെയല്ല പാൽ വരുന്നത്. പാൽ നേരെ കൊണ്ടുവരുന്നു. അത് പരിശോധിക്കുവാൻ മിൽമയ്ക്കല്ല അവകാശം. നല്ല പാലാണോ അല്ലയോ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പരിശോധിക്കുവാൻ മിൽമയ്ക്ക് അവകാശമില്ല. ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന് അവകാശമില്ല. ഡയറി ഡിപ്പാർട്ടുമെന്റിനുകൂടി ആ അവകാശം കൊടുക്കുന്ന കാര്യം ഗവൺമെന്റ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷീര കർഷകർക്ക് പാലിന്റെ വില വർദ്ധിപ്പിച്ചുകൊടുക്കുന്ന കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നാല് മാസം മുൻപ് അങ്ങ് ഉൾപ്പെടുന്ന പാർട്ടിയുടെ ഭരണ കാലത്താണ് പാൽ വില കുറച്ചത്. ഇന്നിപ്പോൾ വില കൂട്ടണമെന്ന് പറയുന്നത് മനസിലാകുന്നില്ല.

ശ്രീ. പി. പി. ജോർജ്: ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കാൻ എൻ. ഡി. ഡി. ബി. -യുമായിട്ട് ധാരണ ഉണ്ടാക്കുകയാണ്. അത് വളരെ കരുതലോടെ വേണമെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് അറിയാം. കാരണം, എൻ. ഡി. ഡി. ബി. ലാഭമുണ്ടാക്കുന്ന, സ്വകാര്യ മേഖല പോലെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്നുള്ള നിലയിൽ അവരുമായിട്ടുള്ള ധാരണ വരുമ്പോൾ നമ്മുടെ നാട്ടിലെ ക്ഷീരകർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അതൊരു സ്വകാര്യ സ്ഥാപനമല്ല. എൻ. ഡി. ഡി. ബി. യെപ്പറ്റി അങ്ങനെ പറയുന്നത് ശരിയല്ല. അത് പാൽ കർഷകരുടെ സംഘടനയായിട്ടാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. ഗവൺമെന്റ് അംഗീകരിച്ച സഹകരണ സ്ഥാപനമാണ്. ഇപ്പോഴും അങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് മെമ്പർ എൻ. ഡി. ഡി. ബി. യെപ്പറ്റി പറഞ്ഞത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: വയനാട്ടിലെ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും അടുത്ത കാലത്തായി മിൽമ പാൽ എടുക്കുന്നില്ല. ജില്ലയിലെ വളരെയേറെ കഷ്ടപ്പെടുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ സംഘടനയുടെ ഭാരവാഹികൾ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെ കാണുകയും ജൂലായ് 1-ാം തീയതി മുതൽ പാൽ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ക്ഷീര കർഷകരെ സഹായിക്കുന്നതിന് മിൽമയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങൾ എന്നുള്ള നിലയിൽ പാൽ എടുക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വയനാട് ജില്ലയിൽ ആപ്കോസ്, ട്രഡീഷണൽ സൊസൈറ്റികൾ ഇങ്ങനെ രണ്ടു വിധം സൊസൈറ്റികളാണുള്ളത്. ആപ്കോസിൽ നിന്നും മിൽമ പാൽ എടുക്കുന്നുണ്ട്. ട്രഡീഷണൽ സൊസൈറ്റികളിൽ നിന്നും പാൽ എടുക്കരുതെന്ന് ഹൈക്കോടതിയുടെ ഒരു വിധി വന്നിട്ടുണ്ട്. അതുകൊണ്ട് കുറെ ബുദ്ധിമുട്ടുണ്ട്. മലബാർ റീജിയണലിൽ ഏതാണ്ട് 75000-ത്തോളം ലിറ്റർ പാൽ Traditional Society ഉൽപ്പാദിപ്പിക്കുന്നു. അത് ഏത് വിധത്തിൽ ശരിയാക്കാം എന്നുള്ളത് ഗവൺമെന്റ് ആലോചിക്കുകയാണ്. മിൽമയുടെ സൊസൈറ്റികൾ ആപ്കോസ് ആണ്. അല്ലാതെ Traditional അല്ല. ആ വിധത്തിൽ വരുമ്പോൾ കുറെ ബുദ്ധിമുട്ടുണ്ടാകും. ഈ സൊസൈറ്റികൾ കപ്പാസിറ്റി വർദ്ധിപ്പിക്കുമ്പോൾ നമുക്ക് ആപ്കോസ് സൊസൈറ്റിയായിട്ട് കൺവർട്ട് ചെയ്യാൻ പറ്റും. ഇപ്പോൾ നിരോധനം നിൽക്കുന്നതുകൊണ്ട് കുറച്ചു ബുദ്ധിമുട്ടുണ്ട്. കോടതിവിധി അടുത്ത കാലത്താണുണ്ടായത്. അത് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: മററ് സംസ്ഥാനങ്ങളിലെ ക്ഷീര കർഷകർക്ക് ധാരാളം സബ്സിഡിയും അതുപോലെതന്നെ ഇൻഷ്വറൻസിന്റെ പരിരക്ഷയുമൊക്കെ ലഭിക്കുന്നുണ്ട്. അതുകൊണ്ടാണ് മററ് സംസ്ഥാനങ്ങളിൽ നിന്നും പാൽ ഇവിടെ വില കുറച്ച് കൊടുക്കാൻ സാധിക്കുന്നത്. ഇന്ന് ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം സൗജന്യമായി ഇൻഷ്വറൻസും അതുപോലെതന്നെ തൊഴുത്തിനും കന്നുകാലികൾക്കും കാലിത്തീററയ്ക്കും മറെറ സബ്സിഡി കൊടുത്തുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ, സാമ്പത്തിക സഹായം കൊടുക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇപ്പോൾ എനിക്ക് അതിന് ഉറപ്പു പറയാൻ പററുകയില്ല. പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ്: കേരളത്തിൽ ഏററവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന ഒരു ജില്ല ഇടുക്കി ജില്ലയാണ്. അങ്ങനെയുള്ള ഇടുക്കി ജില്ല ഉൾപ്പെടുന്ന മേഖല എറണാകുളം മേഖലാ യൂണിയനിലാണ്. ആ എറണാകുളം മേഖലാ യൂണിയന്റെ നിയന്ത്രണമാണ് എൻ. ഡി. ഡി. ബി. ഏറെറടുക്കാൻ പോകുന്നത്. അങ്ങനെ വരുമ്പോൾ ഇടുക്കി ജില്ലയിലെ കൃഷിക്കാർ ഉൾപ്പെടെയുള്ളവർ വലിയൊരു ഭയാശങ്കയിലാണ്. ബഹുമാന്യനായ ശ്രീ. വി. കുര്യൻ വളരെ പ്രഗത്ഭനായ ടെക്നോക്രാററും നമുക്ക് പ്രതീക്ഷ അർപ്പിക്കാവുന്ന, മലയാളികൾക്ക് അഭിമാനമായ ഒരു ഉദ്യോഗസ്ഥനുമാണ് എന്നറിയാം. എങ്കിൽപ്പോലും എന്താണ് നമ്മുടെ ഭാവി എന്ന് ഇടുക്കിയിലെ കൃഷിക്കാർ ഉൾപ്പെടുന്ന ആളുകൾക്ക് ആശങ്കയുണ്ട്. അപ്പോൾ മേഖലാ യൂണിയന്റെ ഭരണ സംവിധാനമെന്തായിരിക്കും എന്നതു സംബന്ധിച്ചും ആശങ്കയുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ഗൗരവതരമായ ആലോചന എടുത്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വെളിപ്പെടുത്തിയാൽ നന്നായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എറണാകുളം മേഖലാ യൂണിയന് പതിനാററക്കോടി രൂപ നഷ്ടമാണ്. അത് കഴിഞ്ഞ സർക്കാർ ചർച്ചചെയ്ത് നോക്കിയതാണ്. എൻ. ഡി. ഡി. ബി. രണ്ടുകോടിയും ഇവിടത്തെ സംസ്ഥാന സർക്കാർ രണ്ടുകോടിയും കൊടുക്കാമെന്നു പറഞ്ഞു. അതുകൊണ്ട് അത് revitalise ചെയ്തോ, മററു വിധത്തിലോ നന്നാക്കാൻ പററില്ലാത്തതുകൊണ്ട് അത് തുടരുകയായിരുന്നു അന്ന്. ആ നഷ്ടം നികത്താൻ ഇന്നത്തെ നിലയിൽ നമുക്കും പററില്ല. അതുകൊണ്ട് എൻ. ഡി. ഡി. ബി. എടുത്ത് അത് നന്നാക്കി നഷ്ടം നികത്തി തിരികെ യൂണിയനെ ഏൽപ്പിക്കാനാണ് ഇന്നത്തെ വ്യവസ്ഥ. ഇതിന് ഭരണ സമിതിയിൽ ഇവിടത്തെ ആപ്കോസ് പ്രതിനിധികളെ ചേർക്കുന്ന കാര്യം പര്യാലോചിക്കാം എന്ന് ഡോ. കുര്യൻ ഏററിട്ടുണ്ട്.

ശ്രീ. എം. മുരളി: ക്ഷീര കാർഷിക മേഖല നേരിടുന്ന ഏററവും വലിയ പ്രതിസന്ധിയിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ നിരവധി വർഷക്കാലമായി കർഷകർ ഉന്നയിക്കുന്ന ഒരാവശ്യമാണ് ക്ഷീര കർഷക പെൻഷൻ പദ്ധതി എന്നത്. ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റും മിൽമയും ഒത്തു ചേർന്നുകൊണ്ട് കേരളത്തിലെ ക്ഷീര കർഷകർക്ക് ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്താൻ ഈ ഗവൺമെന്റിന്റെ കാലത്ത് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അത് ഞങ്ങൾ ആലോചിച്ചിട്ടില്ല. നയപരമായ കാര്യമായതുകൊണ്ട്. ഗവൺമെൻറ് ആലോചിച്ചതിനുശേഷം പറയാം.

ശ്രീ. സി. മോയിൻ കുട്ടി: ആകെ വരുമാനത്തിന്റെ ഏറെക്കുറെ 10 ശതമാനത്തോളം, മൂവായിരം കോടി രൂപയോളം ഈ മേഖലയിൽനിന്നും ലഭിക്കുകയാണ്. ക്ഷീര വ്യവസായ വിപണന രംഗത്ത് വൻ വ്യവസായമായ, കോടിക്കണക്കിന് വരുമാനമുണ്ടാക്കുന്ന ഈ വ്യവസായത്തിന്, ഒരു വ്യവസായത്തിന് നൽകുന്ന ആനുകൂല്യങ്ങളോ പരിഗണനകളോ നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? പാവപ്പെട്ട ലക്ഷോപലക്ഷം തൊഴിലാളികളുടെ ഈ ഗൗരവതരമായ വിഷയം ചിന്തിക്കുന്നതിനുവേണ്ടി തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ക്ഷീര വ്യവസായം ഇന്ന് ഒരു കാർഷികോൽപ്പന്നമായിട്ട് നിൽക്കുകയാണ്. അതിന്റേതായിട്ടുള്ള, കാർഷികോൽപ്പന്നങ്ങൾക്ക് കിട്ടുന്ന ടാക്സ് ഇളവ്, ബാക്കിയുള്ളതൊക്കെ കിട്ടുന്നുണ്ട്. ആ വിധത്തിൽ ഇപ്പോൾ തൽക്കാലം ഇൻഡസ്ട്രീയൽ പ്രോഡക്ട് ആയിട്ട് തീരുമാനിച്ചിട്ടില്ല.

ശ്രീ. വർക്കല കഹാർ: പാൽ ശരിക്കും ശേഖരിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ട് പലയിടത്തും പാൽ ഒഴുക്കി പ്രതിഷേധിക്കുന്നു. ഈ സാഹചര്യത്തിൽ അധികം വരുന്ന പാൽ സംസ്കരിക്കുന്നതിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി വിപുലമായ പ്രോജക്ട് തയ്യാറാക്കാൻ സർക്കാർ ആലോചിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ മുൻപ് പറഞ്ഞു. ഞങ്ങൾ എൻ. ഡി. ഡി. ബി. യുമായിട്ട് ആലോചിച്ചു. 13 ലക്ഷം ലിററർ കപ്പാസിററി വർദ്ധനവാണ് വരുന്നത്. പാൽ ഒഴുക്കിയത് എന്തൊക്കെ കാരണങ്ങളാണ് എന്ന് അറിഞ്ഞുകൂടാ. അതിൽ രാഷ്ട്രീയവുമുണ്ടായിരുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ: മിൽമ ഇപ്പോൾ, ട്രഡീഷണൽ സൊസൈററികൾ ക്ഷീര കർഷകരിൽ നിന്നും സംഭരിക്കുന്ന പാൽ എടുക്കുന്നില്ല. എടുക്കുകയില്ല എന്ന് തീരുമാനിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ലക്ഷക്കണക്കിന് ക്ഷീര കർഷകർ പട്ടിണിയിലേക്ക് നീങ്ങുകയാണ്. ഇതിന് എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അതാണ് ഞാൻ പറഞ്ഞത്. മിൽമയുടെ കപ്പാസിററി 7.45 ലക്ഷം ലിററർ ആണ്. ഇപ്പോൾ പാൽ എടുക്കാൻ 11 ലക്ഷം ലിററർ വരെ കപ്പാസിററി വേണം. എടുത്താൽ മിൽമ നഷ്ടത്തിലാകും. ഒക്കുകയില്ല. ആളുകളുടെയിടയിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയും മററു തൊഴിലവസരങ്ങൾ ഇല്ലാതെ വരികയും ചെയ്തപ്പോൾ പശു വളർത്തൽ ഒരു ജോലിയായി മാറിയിട്ടുണ്ട്. അതുകൊണ്ടാണ് ഇത്രയും പാൽ വന്നത് എന്നാണ് എനിക്ക് തോന്നുന്നത്. അത് പരിഹരിക്കാനാണ് കപ്പാസിററി വർദ്ധിപ്പിക്കാനും ഇടക്കാലത്ത് പ്രൈവററ് വ്യക്തികളെക്കൊണ്ട് എടുപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളത്. അവർ മുഴുവൻ എടുത്തിട്ടില്ല. എടുക്കുന്നതിനുള്ള പ്രോസസ്സിന് നെഗോഷ്യേഷൻ പിന്നേയും നടന്നുകൊണ്ടിരിക്കുകയാണ്. അൻപത്തി അയ്യായിരം ലിററർ പാലാണ് എടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ധാരണയായത്. അധികം എടുക്കേണ്ടിവരുന്ന പാൽ ഒരു ലക്ഷത്തി അറുപതിനായിരം ലിററർ ആണെന്നാണ് മിൽമ റിപ്പോർട്ട് ചെയ്തത്. ഒരു ലക്ഷം ലിററർ പാൽപ്പൊടിയായിട്ട് കൺവർട്ട് ചെയ്യുന്നുണ്ട്. ബാക്കി 55000 ലിററർ പ്രൈവററ് ഡയറികളെക്കൊണ്ട് എടുപ്പിക്കുന്നതിനുള്ള നടപടികളും തീരുമാനവുമാണ് വന്നിട്ടുള്ളത്. മുഴുവനും അവർ എടുത്തിട്ടില്ല. എടുക്കാനുള്ളനെഗോഷ്യേഷൻ പിന്നേയും നടന്നുവരികയാണ്. കുറെ എടുത്തു.

## നഗരവികസന നയം

*3 [63] ശ്രീ. വി. കെ. സി. മമ്മത് കോയ:

,, ടി. കെ. ബാലൻ:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരവികസനനയം ആവിഷ്കരിക്കേണ്ടത് സംബന്ധിച്ചും കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടത് സംബന്ധിച്ചും സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കെട്ടിട നികുതി അവസാനമായി പുതുക്കി നിശ്ചയിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്ത്രാജ് നിയമ ഭേദഗതി അനുസരിച്ച് പുതിയ നികുതി സമ്പ്രദായം ആവിഷ്കരിക്കേണ്ടി വന്നിട്ടുണ്ടോ;

(ഇ) കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് കെട്ടിട നികുതി പുതുക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധ സമിതിയുടെയും ധനകമ്മീഷന്റെയും ശുപാർശകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ജി) തദ്ദേശ സ്ഥാപനങ്ങളിലെ നികുതി പിരിവിന്റെ ചുമതല പ്രത്യേക ഉദ്യോഗസ്ഥരെ ഏൽപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇതിലേക്ക് ഊർജ്ജിത നികുതി പിരിവ് യജ്ഞം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) സർക്കാർ ലക്ഷ്യമിട്ടിട്ടുള്ള നഗരവികസന നയത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെ എന്നും പ്രസ്തുത നയം എപ്പോൾ പ്രാബല്യത്തിൽ വരും എന്നും വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സംസ്ഥാനത്ത് നഗരവികസനനയം ആവിഷ്കരിക്കുന്നതിനും കെട്ടിട നികുതി തറ വിസ്തീർണ്ണത്തിന് അനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) വിശദാംശങ്ങൾക്ക് രൂപം നൽകിവരുന്നു.

(സി) 1993-ലാണ് സംസ്ഥാനത്ത് കെട്ടിട നികുതി അവസാനമായി പുതുക്കി നിശ്ചയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്ത് കെട്ടിട നികുതി പുതുക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ആക്ടിലെ വ്യവസ്ഥകളുടെയും ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, അത് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത, കെട്ടിടത്തിന്റെ പഴക്കം എന്നിവ പ്രധാന മാനദണ്ഡമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) കെട്ടിടത്തിന്റെ വിസ്തീർണ്ണം, അത് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത, കെട്ടിടത്തിന്റെ നിർമ്മാണ രീതി/ഘടന, കെട്ടിടത്തിന്റെ പഴക്കം എന്നിവ പ്രധാന മാനദണ്ഡമായി, ലളിതമായ നികുതി ഘടനയ്ക്ക് രൂപം നൽകുവാനാണ് രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ. വിദഗ്ദ്ധ സമിതിയുടെ ശുപാർശ ലഭിച്ചിട്ടില്ല.

(ജി) തദ്ദേശ സ്ഥാപനങ്ങളിലെ നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജീവനക്കാരുടെ അഭാവം നേരിടുന്ന സ്ഥലങ്ങളിൽ നികുതി പിരിവ് ബാങ്ക് മുഖേനയോ മററു സംവിധാനങ്ങളോ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1-7-2001 മുതൽ 30-9-2001 വരെ ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(എച്ച്) സംസ്ഥാനത്തെ നഗരസഭകൾ ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും ശുചിത്വവും മനോഹാരിതയുമുള്ള നഗരങ്ങൾക്ക് രൂപം നൽകുന്നതിനും ആയി ഒരു വികസന നയം ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് നഗരവികസന നയം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറായിട്ടില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: നഗര വികസനത്തിന്റെ ഭാഗമായി മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലും മാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുക എന്ന ഗവൺമെൻറിന്റെ പൊതു നയത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പ്ലാൻറുകൾ സ്ഥാപിച്ചിട്ടുണ്ട്; അത് സ്ഥാപിച്ചതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ടോ?

ശ്രീ. ചെർക്കളം അബ്ദുള്ള: നഗരവികസന നയം വരുന്നതോടുകൂടി ആ കാര്യം പ്രധാനമായും പരിശോധിക്കുന്നതാണ്. മാലിന്യ സംസ്കരണം കൊണ്ട് പ്രയോജനമുണ്ടാകും എന്ന കാര്യത്തിൽ സംശയം വേണ്ട. അതുണ്ടാകണമെന്നുള്ളതാണ് ആഗ്രഹം.

ശ്രീ. വി. കെ. സി. മമ്മത് കോയ: നഗര വികസനത്തിന്റെ ഭാഗമായി ചേരി പ്രദേശങ്ങളിൽ കഴിയുന്ന ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ചേരി പരിഷ്കരണത്തിന് പരിപാടിയുണ്ടോ?

ശ്രീ. ചെർക്കളം അബ്ദുള്ള: നഗരവികസന നയം നടപ്പിലാക്കുന്നതോടുകൂടി അത്തരം കാര്യങ്ങൾ പരിശോധിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കെട്ടിട നികുതി ചുമത്താനുള്ള മാനദണ്ഡത്തിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം ബന്ധപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞു. മുനിസിപ്പൽ ആക്ട് 234-ാം വകുപ്പിന് 1999-ൽ വരുത്തിയ ഭേദഗതി പ്രകാരം പുതിയ ഒരു മാനദണ്ഡം, അതായത് നിർമ്മാണ രീതി, അതുപയോഗിക്കുന്ന രീതി ഇതൊക്കെ കണക്കിലെടുക്കണമെന്നാണ് ഈ സഭയിൽത്തന്നെ അഭിപ്രായവ്യത്യാസമെന്യേ പറഞ്ഞത്. വലിയ പണക്കാരായിട്ടുള്ള ആളുകൾ പോഷ് മോഡലിൽ ഇൻറീരിയർ ഡെക്കറേഷനും മററുമൊക്കെ നടത്തും. സാധാരണക്കാരനും ഒരു വീടുണ്ടാക്കും. അതിന്റെ വിസ്തീർണ്ണം ഒരേപോലെയായിരിക്കും. അതുകൊണ്ട് ഇതുകൂടി കണക്കിലെടുത്തുകൊണ്ടുവേണം കെട്ടിട നികുതി കണക്കാക്കേണ്ടത്. എനിക്ക് നല്ല ഓർമ്മയുണ്ട്, അങ്ങേഭാഗത്തിരിക്കുന്ന ശ്രീ. ആര്യാടൻ മുഹമ്മദൊക്കെ ശക്തമായി വാദിച്ച ഒരു കാര്യമാണ് ഉപയോഗിക്കുന്ന രീതിയും, നിർമ്മാണ രീതിയും കണക്കിലെടുക്കണമെന്നുള്ളത്. പക്ഷേ അതിപ്പോൾ മാററി Plinth Area-യിലേക്ക് മാറുകയാണ് എന്നു പറഞ്ഞാൽ വലിയ തോതിലുള്ള ഇൻജസ്ററീസ് ഉണ്ടാകും. അതുകൊണ്ട് ഗവൺമെൻറ് ഈ ഭേദഗതിയിൽത്തന്നെ ഉറച്ചുനിൽക്കും എന്നുള്ള ഉറപ്പ് സഭയ്ക്ക് നൽകാമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ഇൻജസ്ററീസ് ഒഴിവാക്കുന്നതിനുവേണ്ടി, വളരെ സുതാര്യമായ വ്യവസ്ഥിതിയിലാണ് പുതിയ ഘടന ആവിഷ്കരിച്ചിട്ടുള്ളത്. അത് 1999-ലെ പഞ്ചായത്ത് രാജ് ആക്ടിന്റെ ഭേദഗതി അനുസരിച്ച് തന്നെയാണ് നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. പക്ഷേ, 1999-ൽ ആ ആക്ട് ഭേദഗതി ചെയ്തുവെങ്കിലും, ഭേദഗതി ചെയ്തതനുസരിച്ച് കഴിഞ്ഞ ഗവൺമെൻറ് ഇതുവരെ റൂൾ തയ്യാറാക്കിയിട്ടില്ല. അതുകൊണ്ടാണ് അത് നടപ്പിലാക്കാത്തത്. ഉടൻതന്നെ റൂൾ ആവിഷ്കരിച്ച് ഇതുനടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. അപ്പോൾ ഇവിടെയിപ്പോൾ സൂചിപ്പിച്ച കാര്യങ്ങൾ സുതാര്യ വ്യവസ്ഥയിലാണെന്ന് മനസിലാക്കാൻ കഴിയും.

ശ്രീ. ടി. കെ. ബാലൻ: നഗരസഭയിലെ ടാക്സ് പിരിവ് ഇപ്പോഴത്തെ സമ്പ്രദായത്തിൽ നിന്നും മാററി ചില സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. ചെർക്കളം അബ്ദുള്ള: സർക്കാരിന് അത്തരത്തിലുള്ള ഒരു ആലോചനയില്ല. പ്ലാൻ ഫണ്ടിൽ നിന്നും കിട്ടുന്ന പണം കൊണ്ടുമാത്രം നമ്മുടെ സംസ്ഥാനത്ത് വികസനം ഏർപ്പെടുത്താൻ വേണ്ടത്ര സാധിക്കുകയില്ലാ എന്നുള്ളത് മനസിലാക്കിക്കൊണ്ടുതന്നെ സംസ്ഥാനത്ത് വൻകിട പദ്ധതികൾ, ജലസേചനമടക്കമുള്ള പദ്ധതികൾ, വൻകിട പാലങ്ങൾ, റോഡുകളടക്കമുള്ള പദ്ധതികളൊക്കെ സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടി നടത്താനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ: ടാക്സേഷൻ പിരിവ് ഇപ്പോൾ സ്വകാര്യ ഏജൻസിക്കാണോ നടത്തുന്നത്?

ശ്രീ. ചെർക്കളം അബ്ദുള്ള: നേരത്തെതന്നെ ഇതിന് ഉത്തരം പറഞ്ഞു. ഇതിൽ വളരെ വ്യക്തമായി ഉത്തരം പറഞ്ഞിട്ടുണ്ട്. അതിനനുസരിച്ച് നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ: പഞ്ചായത്ത് രാജ് നഗര പാലികാ നിയമം നടപ്പിലായതിനുശേഷം വ്യവസായ മേഖലയിലും അതുപോലെതന്നെ നെൽപ്പാടങ്ങളിലും കെട്ടിടം നിർമ്മിക്കാനുള്ള അനുവാദം കൊടുക്കാൻ മാത്രമാണ് സർക്കാരിന് അധികാരമുള്ളത്. ബാക്കി അധികാരങ്ങളെല്ലാം ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുകയാണ്. അങ്ങനെ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയ അധികാരങ്ങൾ തിരിച്ചുപിടിക്കാനുള്ള എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: അതു സംബന്ധിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: നഗര പ്രദേശങ്ങളിൽ ചേരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട് എന്നുള്ളത് വേണ്ടത്ര ഫലപ്രദമായി നടക്കുന്നില്ല. അത് ഏററവും ഫലപ്രദമായി നടപ്പിലാക്കുന്നതിനും സമയബന്ധിതമായി ചേരി നിർമ്മാർജ്ജനം തടയുന്നതിനും ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ചേരി നിർമ്മാർജ്ജന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നഗരങ്ങളെ കൂടുതൽ മനോഹരമാക്കുകയാണ് നഗര വികസന നയത്തിന്റെ ലക്ഷ്യമെന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഒരു കോർപ്പറേഷനായി അവസാനമായി രൂപീകരിക്കപ്പെട്ട തൃശ്ശൂരിൽ ഈ രീതിയിലുള്ള ചില പ്രവർത്തനങ്ങൾ നടത്തുന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ കാര്യം പരിഗണിച്ച് ഒരു 'മോഡൽ കോർപ്പറേഷൻ' എന്ന നിലയിൽ ഒരു നഗരവികസന നയം തൃശ്ശൂരിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: മോഡൽ കോർപ്പറേഷനാക്കാൻ തീരുമാനിച്ചിട്ടില്ലായെങ്കിലും തൃശ്ശൂർ നഗരത്തിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ചില പ്രവർത്തനങ്ങൾക്ക് പ്രാഥമിക പ്രവർത്തനം പൈലററ് പദ്ധതി എന്നുള്ള നിലയിൽ ആരംഭിച്ചിട്ടുണ്ട്. ആവർത്തനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതി എന്നുള്ള നിലയിൽ നിലവിലുള്ള പഴയ വാഹനങ്ങളെല്ലാം വിററ് വാടകയ്ക്ക് വണ്ടിയെടുക്കുക, ബിൽ കളക്ടർമാർ ഇല്ലാത്ത വാർഡുകളിൽ യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാത്ത തരത്തിൽ ടാക്സ് കളക്ഷനു വേണ്ടി ബാങ്കുകളെ ഏൽപ്പിക്കുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഒരു പൈലററ് പദ്ധതി എന്ന നിലയിൽ ആരംഭിച്ചതാണ്. അത് വളരെ വിജയകരമാണെന്നാണ് മനസ്സിലാകുന്നത്. ആ മാതൃക സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്ത് മുഴുവൻ അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബി. വിജയകുമാർ: ബഹുമാനപ്പെട്ട മന്ത്രി കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡം ഏർപ്പെടുത്തുമെന്നു പറഞ്ഞു. അങ്ങനെ മാനദണ്ഡം നിശ്ചയിക്കുമ്പോൾ കഴിഞ്ഞ ഗവൺമെന്റ് ഈ സഭയിൽ ഉറപ്പു നൽകിയിരുന്നതാണ് തിരുവനന്തപുരം നഗരത്തിൽ സർഫസ് ഡ്രെയിനായാലും ഡ്രെയിനേജായാലും, അവ രണ്ടുമില്ലാത്ത ആളുകളിൽനിന്ന് ഡ്രെയിനേജ് ടാക്സ് പിരിക്കുന്ന ഒരു സമ്പ്രദായം തിരുവനന്തപുരം



LIBRARY ARCHIVES Kerala Legislative Assembly

നഗരത്തിലുണ്ട്. സർഫസ് ഡ്രെയിനായാലും സിവറേജായാലും അതില്ലാത്ത ആളുകളിൽനിന്ന് ഡ്രെയിനേജ് ടാക്സ് പിരിക്കുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ തൊട്ടടുത്ത മററു സംസ്ഥാനങ്ങളിലൊക്കെ ഡ്രെയിനേജിനുവേണ്ടി പണം പിരിക്കുന്നുണ്ട്. ഈ സംസ്ഥാനത്ത് അത് നടപ്പിലാക്കി തുടങ്ങിയിട്ടില്ല. തീർച്ചയായും അത് വളരെ അത്യന്താപേക്ഷിതമാണ്. കെട്ടിട നികുതി പുതുക്കുന്നതിനെ സംബന്ധിച്ച് 1999-ൽ പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തിയതനുസരിച്ച് സോൺ അടിസ്ഥാനത്തിലും സബ്സോൺ അടിസ്ഥാനത്തിലും പ്ലിൻത് ഏര്യാ അടിസ്ഥാനത്തിലും Age of building-ൻെറ അടിസ്ഥാനത്തിലും പുതിയ റൂളുണ്ടാക്കി ഉടൻ ടാക്സേഷൻ അസസ്മെൻറ് നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് ഇപ്പോൾ നടത്തുന്നത് ഉദ്യോഗസ്ഥൻമാരാണ്. അത് ഉദ്യോഗസ്ഥൻമാരുടെ കൈയിൽ നിന്നും മാററി സ്വകാര്യ ഏജൻസികൾക്ക് ഏൽപ്പിക്കുമ്പോൾ, ഇപ്പോൾ ആ ജോലി ചെയ്തുകൊണ്ടുപോകുന്ന ആയിരക്കണക്കിന് ഉദ്യോഗസ്ഥൻമാർക്ക് ജോലിയില്ലാതെയാകും. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെ സർവീസിൽ നിന്ന് പിരിച്ചുവിടാനാണോ ഉദ്ദേശിക്കുന്നത്. ആ തസ്തിക എന്തു ചെയ്യാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ശ്രീ. കോടിയേരി ബാലകൃഷ്ണന് ഭയമൊന്നും വേണ്ട. ഞാൻ നേരത്തെ മറുപടിയിൽ പറഞ്ഞു. ഉദ്യോഗസ്ഥൻമാരെ യാതൊരു തരത്തിലും ബാധിക്കാത്ത തരത്തിൽ ആവർത്തനച്ചെലവ് കുറയ്ക്കുന്നതിൻെറ ഭാഗമായി മുനിസിപ്പാലിററികളിലെയും കോർപ്പറേഷനുകളിലെയും ടാക്സ് പിരിക്കുന്നതിന് ആളില്ലാത്ത വാർഡുകളിൽ ബാങ്കുകളെ ഏൽപ്പിക്കുക എന്നുള്ളതാണ് തീരുമാനം. ഒരു സദുദ്ദേശപരമായ സമീപനമാണത്. വളരെ എളുപ്പം പിരിച്ചെടുക്കാനുള്ള ഒരു ചെലവു കുറഞ്ഞ സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: നമ്മുടെ സംസ്ഥാനത്തെ പ്രധാന നഗരങ്ങളെല്ലാം കടൽത്തീരത്താണ് സ്ഥിതിചെയ്യുന്നത്. ഇപ്പോൾ നിലവിലുള്ള തീരദേശ പരിപാലന നിയമംമൂലം പ്രധാന നഗരങ്ങളുടെ വികസനത്തെ തടസപ്പെടുത്തുന്നുണ്ട്. അത് മറികടക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: തീരദേശ നിയമംമൂലം ധാരാളം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവരുന്നുണ്ട്. മുനിസിപ്പാലിററികൾക്കും പഞ്ചായത്തുകൾക്കും ചില നിർദ്ദേശങ്ങൾ നൽകി. അങ്ങനെ പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയതുകൊണ്ടുതന്നെ പ്രയാസങ്ങളുണ്ട്. തീരദേശ പരിപാലന നിയമം സംബന്ധിച്ച് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി പ്രയാസങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തിവരികയാണ്.

ശ്രീ. എ. സുജനപാൽ: പഞ്ചായത്ത് നഗരപാലികാ നിയമം നടപ്പിലാക്കിയതോടുകൂടി കോർപ്പറേഷൻെറ പരിധിയിലുണ്ടായിരുന്ന വികസന അതോറിററികളാണ് കഴിഞ്ഞ കാലങ്ങളിൽ ഡീറെറയിൽഡ് ടൗൺ പ്ലാനിംഗിനെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുള്ള കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. ആ ഏജൻസികളുടെ ഭാവിയെ സംബന്ധിച്ച് ധാരാളം ആശങ്കയുണ്ട്. ഡീറെറയിൽഡ് ടൗൺ പ്ലാനിംഗ് നടപ്പാക്കാൻ ഇന്ന് വേറെ സംവിധാനങ്ങളില്ല. അതുകൊണ്ട് വികസന അതോറിററികളെ നിലനിർത്താൻ വേണ്ടിയുള്ള എന്തെങ്കിലും നടപടികൾ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും സ്വീകരിക്കുന്നുണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ആർക്കും ആശങ്ക വേണ്ടതില്ല. കഴിഞ്ഞ കുറെ വർഷങ്ങൾക്ക് മുൻപാണ് കോർപ്പറേഷനുകൾക്ക് ഡീറെറയിൽഡ് ടൗൺ പ്ലാനിംഗ് ഉണ്ടാക്കിയത്. ഇപ്പോൾ നവീന രീതിയിലുള്ള ടൗൺ പ്ലാനിംഗിനെ സംബന്ധിച്ച് പദ്ധതികൾ എല്ലാ മുനിസിപ്പാലിററികളിലും നടപ്പിലാക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. കാസർകോഡ് മുനിസിപ്പാലിററിയിൽ ഇതുസംബന്ധിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ എല്ലാ മുനിസിപ്പാലിററികളിലും ഡീറെറയിൽഡ് ടൗൺ പ്ലാനിംഗ് ഏററവും ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തര സമയം കഴിഞ്ഞു.

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### 1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി

*4 [64] ശ്രീ. രാജു എബ്രഹാം:
,, പിരപ്പൻകോട് മുരളി:
,, ടി. പി. രാമകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ മുൻ സർക്കാർ വരുത്തിയ ഭേദഗതി റദ്ദു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മുൻ സർക്കാർ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ എന്തെല്ലാം മാററങ്ങളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഇളവുനൽകാൻ വകുപ്പുമന്ത്രിക്കുള്ള പ്രത്യേക അധികാരം പുനസ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കെട്ടിട നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അനുമതി റദ്ദ് ചെയ്ത് വകുപ്പുമന്ത്രിയിൽ അധികാരം പുനസ്ഥാപിക്കുന്നത് അഴിമതിക്കു വഴിതെളിക്കുമെന്ന വസ്തുത സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1999-ലെ 14-ാം ഭേദഗതി ആക്ട് എന്നിവയുടെ അടിസ്ഥാനത്തിൽ 1984-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ റദ്ദു ചെയ്തുകൊണ്ട് 1-10-1999-ൽ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2001-ൽ പ്രസ്തുത ചട്ടങ്ങൾക്ക് ഏതാനും ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

തെരുവിന്റെ മദ്ധ്യത്തിൽ നിന്നും കെട്ടിടത്തിലേക്കുള്ള അകലം, പിന്നിലും വശങ്ങളിലും വേണ്ട തുറന്നയിടത്തിന്റെ വിസ്തീർണ്ണം, നിലവിലെ കെട്ടിടങ്ങൾക്ക് മുകളിൽ പുതിയ നിർമ്മാണങ്ങൾ എന്നീ കാര്യങ്ങളിൽ ഇളവുകൾ, റോഡ് വികസനത്തിന് സ്ഥലം സൗജന്യമായി നൽകുന്നവർക്കും ടൂറിസം വികസനത്തിനുവേണ്ടി ഹോട്ടൽ/റിസോർട്ട്സ് നിർമ്മാണങ്ങൾക്കും ഇളവുകൾ, ഉയർന്ന എഫ്.എ.ആർ. എന്നിവ അനുവദിച്ചുകൊണ്ടാണ് പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവു നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് നിലവിൽ വരുന്നതിനുമുമ്പ് ഇളവുകൾ നൽകാൻ സർക്കാരിനുണ്ടായിരുന്ന അധികാരം പുനസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സി-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## വനംകൊള്ളയും വന്യജീവി വേട്ടയും തടയാൻ നടപടി

*5 [65] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംകൊള്ളയും വന്യജീവി വേട്ടയും ഫലപ്രദമായി തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) വനംവകുപ്പിന്റെ പ്രവർത്തനത്തിൽ പരിസ്ഥിതി വകുപ്പുകൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മലയോര കർഷകർ നേരിടുന്ന വിള നശീകരണത്തിന് പ്രതിവിധിയായി വനംവകുപ്പ് വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്ത് വനംകൊള്ളയും വന്യജീവി വേട്ടയും ഫലപ്രദമായി തടയുന്നതിന് സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ താഴെ പറയുന്നവയാണ്.

1. വനനിയമം, വന്യജീവി സംരക്ഷണനിയമം എന്നിവ കർക്കശമായി നടപ്പിലാക്കുന്നുണ്ട്. സംരക്ഷണം കൂടുതൽ ഫലപ്രദമാക്കാൻ വനനിയമത്തിൽ സമഗ്രമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

2. സംരക്ഷണവിഭാഗം ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയോപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

3. ബീററ് സമ്പ്രദായം പരിഷ്ക്കരിച്ച് ഫോറസ്ററ് സ്റേറഷനുകൾ രൂപീകരിച്ചു. ആകെ 88 ഫോറസ്ററ് സ്റേറഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ശേഷിക്കുന്ന പ്രശ്ന പ്രദേശങ്ങളിലും കൂടുതൽ ഫോറസ്ററ് സ്റേറഷനുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

4. പ്രശ്നപ്രദേശങ്ങളിലെ സംരക്ഷണപ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ ഡിവിഷൻ തലത്തിൽ 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചുകളും ആയുധ വാഹന വയർലസ് സംവിധാനങ്ങളോടുകൂടി പ്രവർത്തിക്കുന്നുണ്ട്.

5. അയൽസംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്ററ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

6. വനം-വന്യജീവി സംബന്ധമായ കുററകൃത്യങ്ങൾക്ക് കേസ്സുകൾ ബുക്കു ചെയ്ത് കോടതിയിൽ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

7. വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.

8. വനം-വന്യജീവി സംബന്ധമായ കുററകൃത്യങ്ങളിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മഞ്ചേരി, പുനലൂർ, തൊടുപുഴ എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നു.

9. മൃഗവേട്ട തടയുന്നതിന് കുററകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള പ്രശ്നപ്രദേശങ്ങളിൽ ആൻറി പോച്ചിംഗ് ക്യാംപുകൾ സംഘടിപ്പിക്കുന്നുണ്ട്.

10. പൊതുജന പങ്കാളിത്തത്തോടുകൂടിയുള്ള വനം-വന്യജീവി പരിപാലനം നടപ്പിലാക്കി വരുന്നുണ്ട്.

11. വനസംരക്ഷണം, വന്യജീവി സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## മദ്യനയം

* 6 [66] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനെ സമ്പൂർണ്ണ മദ്യവിമുക്തമാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് മദ്യനയത്തിൽ വരുത്തിയ മാററംമൂലം ഉണ്ടായിട്ടുള്ള പ്രത്യേകതകൾ ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കള്ളുവിൽപ്പന സഹകരണസംഘങ്ങൾ എന്ന പേരിൽ ഉണ്ടാക്കിയിട്ടുള്ള സംഘങ്ങളെ നിലനിർത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സംസ്ഥാനത്തെ ഘട്ടം ഘട്ടമായി സമ്പൂർണ്ണ മദ്യവിമുക്തമാക്കുന്നതാണ് സർക്കാരിന്റെ നയം. ഈ നയം ചാരായനിരോധനത്തോടെ തുടങ്ങി, ജനപങ്കാളിത്തത്തോടെ, ജനബോധവൽക്കരണം കൊണ്ട്, ജനങ്ങളെ തയ്യാറാക്കിക്കൊണ്ട് സമ്പൂർണ്ണ മദ്യവിമുക്ത കേരളം എന്ന ഉദ്ദേശത്തിലേക്ക് നീങ്ങുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിൻമേൽ പുനഃപരിശോധന നടത്തിവരുന്നുണ്ട്. മദ്യനയത്തിലെ മാററം ഉടനെ പ്രഖ്യാപിക്കുന്നതാണ്.

(സി) പരിശോധിച്ചുവരുന്നുണ്ട്.

## കടബാദ്ധ്യത

* 7 [67] ശ്രീ. സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഉണ്ടായിരുന്ന കടബാദ്ധ്യത എത്ര കോടി രൂപയാണ്;

(ബി) ഈ ഇനത്തിൽ വാർഷീക പലിശ എന്തു തുക വരും;

(സി) കടബാദ്ധ്യതകൾ തീർക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രഗവൺമെന്റിൽ നിന്നും എന്തു സഹായം ലഭിക്കും;

(ഇ) മററ് ഏജൻസികളിൽ നിന്നും സഹായം ലഭിക്കുമോ; എങ്കിൽ എവിടെ നിന്നെല്ലാം എത്ര വീതം ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് 31-3-2000-ലെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 23,274.62 കോടി രൂപയാണ്.

(ബി) 2001-2002 വർഷത്തിൽ ഈ ഇനത്തിൽ 2412.53 കോടി രൂപ നൽകേണ്ടിവരുമെന്നാണ് ഇപ്പോഴത്തെ കണക്ക്.

(സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യത രണ്ടു രീതിയിലുള്ളതാണ്. ഒന്ന് ദീർഘകാലാടിസ്ഥാനത്തിൽ തിരിച്ചടവിനു വ്യക്തമായ കാലാവധിയുള്ള വായ്പകൾ. ഇവ തിരിച്ചടയ്ക്കാൻ കാലാകാലങ്ങളിൽ ബഡ്ജററിൽ തുക വകയിരുത്തുകയും യഥാസമയം തിരിച്ചടയ്ക്കേണ്ടതുമാണ്. മറെറാന്ന് വരവിനേക്കാൾ ചെലവ് അധികരിക്കുന്ന അവസരങ്ങളിൽ നിത്യനിദാന ചെലവുകൾ നേരിടുന്നതിനും ട്രഷറി ഇടപാടുകൾ സ്തംഭിക്കാതിരിക്കുന്നതിനും ഹ്രസ്വകാലാടിസ്ഥാനത്തിൽ, സഹകരണ സ്ഥാപനങ്ങൾ, ക്ഷേമനിധികൾ മുതലായവയിൽനിന്നും സ്വരൂപിക്കുന്ന തുകയാണ്. ഇവയ്ക്ക് പ്രത്യേകിച്ച് തിരിച്ചടവ് കാലാവധിയില്ല. ഇവർ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. സാമ്പത്തിക അച്ചടക്കത്തിൽ അധിഷ്ഠിതമായ ചെലവുചുരുക്കലിലൂടെയും വരുമാന വർദ്ധനവിലൂടെയും അധിക വിഭവസമാഹരണം നടത്തിയും ഘട്ടം ഘട്ടമായി ഈ ബാദ്ധ്യതകൾ തീർക്കാൻ ശ്രമിക്കുന്നതാണ്.

(ഡി) നിലവിലുള്ള നിയമപ്രകാരം സഹായം ലഭിക്കുന്നതല്ല.

(ഇ) ലഭിക്കുകയില്ല.

## കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

* 8 [68] ശ്രീ. പിരപ്പൻകോട് മുരളി:
,, എം. വി. ഗോവിന്ദൻ മാസ്ററർ:
,, വി. കെ. ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ കയററിറക്കുമതി നയം സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇറക്കുമതിയെ തുടർന്ന് ഓരോ ഇനം കൃഷിക്കും കാർഷികോൽപ്പന്നങ്ങൾക്കും ഉണ്ടായിട്ടുള്ള തകർച്ചകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഓരോ ഇനം കാർഷികോൽപ്പന്നങ്ങൾക്കും ഇറക്കുമതിയെ തുടർന്ന് ഉണ്ടായിട്ടുള്ള വിലയിടിവും, ഇതുമൂലം ഓരോ ഇനത്തിലുമുണ്ടായ നഷ്ടം എത്ര വീതമെന്നും വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

(ഇ) തീരുവ കുറച്ച് കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും വില തകർച്ച നേരിടുകയും ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കാർഷികോൽപ്പന്നങ്ങളെ വിലയിടിവിൽനിന്നും രക്ഷിക്കാൻ പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനവേളയിൽ കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാർഷികോൽപ്പന്നങ്ങളായ നാളികേരം, കുരുമുളക്, തേയില, റബ്ബർ, കാപ്പി തുടങ്ങിയവയ്ക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട്. കൊപ്രയുടെ വിലയിടിവ് തടയാൻ താങ്ങുവില പ്രകാരം കൊപ്ര സംഭരണം കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾവഴി നടത്തിവരുന്നു. റബറിന്റെ വിലയിടിവ് തടുക്കാൻ റബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കാൻ നടപടികളെടുത്തുവരുന്നു. ഇതിനും പുറമേ റബർ താരിഫ് ഇല്ലാതെ ഇറക്കുമതി ചെയ്യില്ല എന്നു കേന്ദ്രഗവൺമെൻറിൽനിന്നും ഉറപ്പ് വാങ്ങിയിട്ടുണ്ട്. ഇതിനും പുറമേ വില അന്താരാഷ്ട്ര മാർക്കററിനേക്കാൾ കുറഞ്ഞാൽ ഗവൺമെൻറ് ഇടപെട്ട് സംഭരണം നടത്താനും ആലോചിക്കുന്നുണ്ട്. കുരുമുളകിന്റെ വിലയിടിവ് തടയുന്നതിനായി ലോക കമ്പോളത്തിൽ നമ്മുടെ കുരുമുളക് സംസ്കരിച്ച് എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും, വിദേശരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന തരംകുറഞ്ഞ കുരുമുളകിന്റെ ഇറക്കുമതി തടയുവാനും ഇറക്കുമതി ചെയ്യാൻ യോഗ്യമായ കുരുമുളകിന് അനുവദനീയമായ പരമാവധി ഇറക്കുമതി തീരുവ ചുമത്തുന്ന കാര്യം സംബന്ധിച്ചും പരിശോധിക്കുന്നതാണ്. കാപ്പിയുടെ വിലത്തകർച്ച തടയാൻ താങ്ങുവില പ്രഖ്യാപിച്ച് കേരളത്തിലെ കാപ്പിക്കൃഷിക്കാരിൽ നിന്നും കാപ്പിസംഭരണം നടത്താനും കാപ്പിയുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് തടയാനും നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പുത്തൻ കയററിറക്കുമതി നയം, സംസ്ഥാന കാർഷികമേഖലയിൽ റബർ, നാളികേര ഉൽപ്പന്നങ്ങൾ, കുരുമുളക്, കാപ്പി, തേയില, അടയ്ക്ക, ഏലം, ചുക്ക്, മഞ്ഞൾ മുതലായ വിളകൾക്ക് ഗണ്യമായ തോതിൽ വിലയിടിവ് സംഭവിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(സി ആൻറ് ഡി) ഇറക്കുമതിയെത്തുടർന്ന് ഓരോ ഇനം കൃഷിക്കും കാർഷികോൽപ്പന്നങ്ങൾക്കും ഉണ്ടായിട്ടുള്ള തകർച്ച സംബന്ധിച്ചും ഓരോ ഇനം

LIBRARY ARCHIVES Kerala Legislative Assembly

കാർഷികോൽപ്പന്നങ്ങൾക്കും ഇറക്കുമതിയെ തുടർന്ന് ഉണ്ടായിട്ടുള്ള വിലയിടിവിനെക്കുറിച്ചും വിശദമായ പഠനം നടത്തിയിട്ടില്ല. ഇതിനെ സംബന്ധിച്ചും, അതു തടയാനുള്ള മാർഗ്ഗത്തെ സംബന്ധിച്ചും, ഒരു സ്ഥിരം സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) 3906 കോടി രൂപയുടെ ഒരു ബൃഹത്പദ്ധതി കേരളത്തിലെ തെങ്ങുകൃഷിയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. റബർ, കയർ എന്നീ ഉൽപ്പന്നങ്ങളെ കാർഷിക ഉൽപ്പന്നങ്ങളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

(ജി) റബറിന്റെ നികുതിരഹിത ഇറക്കുമതിക്ക് അനുവാദം നൽകണമെന്ന ടയർ വ്യവസായികളുടെ ആവശ്യം അംഗീകരിക്കരുതെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന് അനുകൂലമായ മറുപടി ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യമന്ത്രിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

## ധവളപത്രം

* 9 [69] ശ്രീ. എ. കെ. ബാലൻ:
,, എം. വി. ജയരാജൻ:
,, സാജു പോൾ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധവളപത്രം സംസ്ഥാനത്തിന്റെ സാമ്പത്തികനില സത്യസന്ധമായി പ്രതിഫലിപ്പിക്കുന്നതാണോ ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികനില സംബന്ധിച്ച് ഏതെല്ലാം കണക്കുകൾ ഇതിൽ വന്നിട്ടില്ല എന്ന് വ്യക്തമാക്കാമോ ;

(സി) മുൻ സർക്കാർ ചെലവഴിച്ചതും കൊടുത്തുതീർത്തതുമായ പ്രധാനപ്പെട്ട കണക്കുകൾ ധവളപത്രത്തിൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ യഥാർത്ഥ ചിത്രം വ്യക്തമാക്കുന്ന പുതിയ ധവളപത്രം പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഇ) കേന്ദ്ര സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയംമൂലവും ഇറക്കുമതിനയംമൂലവും സംസ്ഥാനത്തിന് നാളികേരം, റബ്ബർ തുടങ്ങിയ നാണ്യവിളകളിലൂടെയുണ്ടായ വരുമാന നഷ്ടം പുതിയ ധവളപത്രത്തിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പതിനൊന്നാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച് സംസ്ഥാനത്തിന് എന്തു തുകയാണ് ലഭിച്ചത്; ഇത് 10-ാം ധനകാര്യ കമ്മീഷനവാർഡിനെക്കാൾ കുറവാണോ; എങ്കിൽ എത്ര ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ആണ്.

2/466/2001—5

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികനിലയുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും ഇതിൽ വന്നിട്ടുണ്ട്.

(സി) മുൻസർക്കാരുകളുടെ വരവുചെലവ് കണക്കുകൾ കാണിക്കുന്നതിനുള്ള രേഖയായി ധവളപത്രത്തെ കാണാൻ സാധിക്കുകയില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികനിലയെ സംബന്ധിച്ച വസ്തുതാ വിവരമാണ് ഇപ്പോൾ പുറത്തിറക്കിയ ധവളപത്രം.

(ഡി) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ധവളപത്രം സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ യഥാർത്ഥ ചിത്രം വ്യക്തമാക്കുന്നു. ആയതിനാൽ പുതിയ ധവളപത്രം പുറപ്പെടുവിക്കേണ്ടതില്ല.

(ഇ) 'ഡി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) 2000-2001 മുതൽ 2004-2005 വർഷം വരെ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിനു ലഭിക്കേണ്ട വിഭവവിഹിതത്തിന്റെ മാനദണ്ഡം നിശ്ചയിക്കുന്നത് 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമാണ്. ആയതിനാൽ 11-ാം ധനകാര്യ കമ്മീഷൻ അവാർഡ്പ്രകാരം എന്തു തുക ലഭിച്ചുവെന്ന് ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. 11-ാം ധനകാര്യ കമ്മീഷൻ അവാർഡ്പ്രകാരം കേന്ദ്രനികുതി വിഹിതത്തിലും ഗ്രാൻറിലും കുറഞ്ഞ നിരക്കായതിനാൽ 10-ാം ധനകാര്യ കമ്മീഷൻ മാനദണ്ഡം വച്ച് കണക്കാക്കുമ്പോൾ 2000-2005 കാലഘട്ടത്തിൽ സംസ്ഥാന സർക്കാരിനു ലഭിക്കുന്ന തുകയിൽ വരുന്ന കുറവ് ഇപ്പോൾ കണക്കാക്കാൻ പ്രയാസമാണ്.

## മണ്ണിരവളം നിർമ്മാണം

* 10 [70] പ്രൊഫസ്സർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിരയെ വളർത്തി വളമെടുക്കുന്ന വെർമികൾച്ചർ വ്യാപക മാക്കുന്നതിനു ഒരു സമഗ്ര പദ്ധതി സർക്കാർതലത്തിൽ ആവിഷ്കരിക്കുമോ;

(ബി) തോടുകളിലും ആറുകളിലും ശാപമായിക്കൊണ്ടിരിക്കുന്ന പായലുകൾ മണ്ണിരവളനിർമ്മാണത്തിനു പ്രയോജനപ്പെടുത്തുന്ന വിഷയത്തിൽ കാർഷിക സർവ്വകലാശാലയിൽ ഗവേഷണങ്ങൾ ആരംഭിക്കുന്നതിനു നിർദ്ദേശം നൽകുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) വെർമികൾച്ചർ വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.

(ബി) തോടുകളിലും ആറുകളിലും മററും കാണുന്ന നീർപ്പോളയെന്ന പായലിനം ഉപയോഗിച്ച് മണ്ണിരകമ്പോസ്ററ് ഉണ്ടാക്കുന്ന രീതി കേരള കാർഷിക സർവ്വകലാശാലയുടെ കുമരകത്തെ പ്രാദേശിക ഗവേഷണകേന്ദ്രം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കാർഷിക വിളകൾക്കുണ്ടായ വിലക്കുറവുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം

* 11 [71] ശ്രീ. കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ :
,, പി.കെ. അബ്ദുറബ്ബ് :
,, പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരം, റബ്ബർ തുടങ്ങിയ കാർഷിക വിളകൾക്കുണ്ടായ വിലക്കുറവുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) സാമ്പത്തിക ബുദ്ധിമുട്ടും തൊഴിൽമാന്ദ്യവും അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ;

(സി) വെളിച്ചെണ്ണയും പാമോയിലും റബ്ബർ ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നത് നിറുത്തിവെയ്ക്കാൻ വേണ്ടത്ര സമ്മർദ്ദം കേന്ദ്ര ഗവൺമെൻറിൽ ചെലുത്തുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. വിലക്കുറവുമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുവാൻ ഉതകുന്ന പദ്ധതികൾക്ക് സർക്കാർ രൂപം നൽകി വരികയാണ്. നാളികേരത്തിൻെറ വിലയിടിവ് നേരിടാൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയായ ക്വിൻറലിന് 3,300 രൂപ നിരക്കിൽ താങ്ങുവില നൽകി കൊപ്ര സംഭരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. ലോകവാണിജ്യക്കരാറുമൂലം കേരളത്തിലെ കാർഷികമേഖലയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പററി സമഗ്രമായി പഠിക്കുവാനും പരിഹാരം നിർദ്ദേശിക്കുവാനും വിദഗ്ധരടങ്ങുന്ന ഒരു ഡബ്ളിയു.ററി.ഒ. സെൽ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. റബ്ബറിൻെറ ഇറക്കുമതി നിരോധനം തുടരണമെന്നും പാമോയിലിൻെറ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരുവയില്ലാതെ റബ്ബർ ഇറക്കുമതി ചെയ്യുന്നതിനെതിരെയുള്ള നിരോധനം സംസ്ഥാന സർക്കാർ മുൻകൈ യെടുത്തു ദീർഘിപ്പിച്ചു.

(ബി) കൃഷിക്കാർക്ക് കടാശ്വാസം നൽകുന്ന കാര്യം ആലോചിച്ചു വരുന്നു.

(സി) കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു. കയറും ചകിരിയും റബ്ബറും കാർഷിക ഉൽപ്പന്നമായി കണക്കാക്കണമെന്ന് കേന്ദ്ര സർക്കാരിനോടപേക്ഷിച്ചിട്ടുണ്ട്. എം.പി.മാരുടെ സമ്മേളനത്തിലൂടെയും കേന്ദ്രമന്ത്രിമാരുടെ യോഗങ്ങളിലൂടെയും എഴുത്തുകുത്തുകളിലൂടെയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു. റബ്ബറിനെ സംബന്ധിച്ചിടത്തോളം ലോകവിപണിയിൽ റബ്ബർ വിലയും തീരുവയും കൂടി ചേരുമ്പോൾ അത് നമ്മുടെ സംസ്ഥാനത്തുള്ള റബ്ബർ വിലയേക്കാൾ കുറയുകയാണെങ്കിൽ സംസ്ഥാനസർക്കാർ ഇടപെട്ട് കേരളത്തിലെ മിച്ച റബ്ബർ കർഷകരിൽ നിന്നും വാങ്ങാൻ തയ്യാറാകുന്നതാണ്.

1991–96-ലെ പഞ്ചായത്തുകളുടെ വിഭജനം

* 12 [72] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991–96-ലെ സർക്കാർ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പഞ്ചായത്തുകൾ വിഭജിച്ചുകൊണ്ട് തീരുമാനം കൈക്കൊണ്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ;

(സി) പ്രസ്തുത പഞ്ചായത്തുകൾ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതു സംബന്ധിച്ചുള്ള നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സർക്കാരിന്റെ 16-8-1994-ലെ 2877/സി1/94/തഭവ. നമ്പർ വിജ്ഞാപനപ്രകാരം 1-10-1994 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം സംസ്ഥാനത്ത് 103 പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനുദ്ദേശിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഹൈക്കോടതിയിൽ നിലവിലിരുന്ന കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

(ബി) ഇല്ല.

(സി) 1994-ൽ രൂപീകരിക്കാൻ ഉദ്ദേശിച്ചിരുന്ന 103 പുതിയ പഞ്ചായത്തുകളിൽ 11 എണ്ണം പിന്നീട് 29–12–1999–ലെ വിജ്ഞാപനപ്രകാരം 1-10-2000 മുതൽ പ്രാബല്യത്തോടെ രൂപീകരിച്ചിട്ടുണ്ട്.

(ഡി) 1994–ലെ കേരള പഞ്ചായത്ത്രാജ് ആക്ടിൽ നിലവിലുള്ള വ്യവസ്ഥപ്രകാരം പഞ്ചായത്ത് കമ്മിററികളുടെ കാലാവധി തീരുന്ന മുറയ്ക്ക് മാത്രമേ ഇനി പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

വന സംരക്ഷണം

* 13 [73] ശ്രീ. ഷിബു ബേബിജോൺ :

,, ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങൾ പൊതുജന സഹകരണത്തോടുകൂടി സംരക്ഷിക്കുന്നതിനുള്ള പദ്ധതി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയ്ക്കുള്ള ജനകീയ സമിതികൾ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ജനകീയ സമിതികൾ കൂടുതൽ ഫലപ്രദമായ നിലയിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) ജനകീയ സമിതികളായ വനസംരക്ഷണസമിതികൾ പലയിടങ്ങളിലായി രൂപീകരിച്ചുവരുന്നു.

(സി) സ്വാഭാവിക വനങ്ങളുടെ പരിപാലനവും സംരക്ഷണവും പൂർണ്ണമായും പങ്കാളിത്ത വനപരിപാലന സംരംഭങ്ങളായി മാറേണ്ടതുണ്ട്. തടി ഇതര വനവിഭവങ്ങളുടെ പരിപാലനം, ജലസംരക്ഷണത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള വനപരിപാലനം, വന്യമൃഗങ്ങളിൽനിന്നുള്ള കൃഷിനാശം കുറച്ചുകൊണ്ടുവരൽ, കാട്ടുതീ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ വനത്തിലും വനത്തിനരികിലുമുള്ള ജനങ്ങളുമായി ചേർന്ന് വനംവകുപ്പ് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതാണ്.

## 'വനവികാസ ഏജൻസികളുടെ രൂപീകരണം'

* 14 [74] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, എം. വി. ജയരാജൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വനവികാസ ഏജൻസികൾ രൂപവൽക്കരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) വനവികാസ ഏജൻസികൾ രൂപീകരിക്കുന്നതിൽ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ;

(സി) വനവികാസ ഏജൻസികളുടെ രൂപീകരണം സംബന്ധിച്ച് ഈ സർക്കാർ അധികാരമേററ ശേഷം, എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര നിർദ്ദേശപ്രകാരമുള്ള വനവികാസ ഏജൻസികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

(ഇ) വനവികാസ ഏജൻസികളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ,

(എഫ്) വനവികാസ ഏജൻസികളുടെ ഘടന സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏജൻസികളുടെ ഘടന എന്തെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് വനവികാസ ഏജൻസികൾക്ക് രൂപം നൽകി കേന്ദ്ര ധനസഹായം നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്.

(ബി ആൻറ സി) വനവികാസ ഏജൻസികളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച ചർച്ചകൾ വനംവകുപ്പിന്റെ എല്ലാ തലങ്ങളിലും നടത്തി ക്കഴിഞ്ഞു. വിവിധ സ്ഥലങ്ങളിൽ ഏജൻസികൾക്ക് രൂപംകൊടുക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഡി) പരിശോധിച്ചിട്ടുണ്ട്. വനവിഭവങ്ങൾക്കുണ്ടാകുന്ന അമിത ശോഷണം തടയാൻ ഗ്രാമീണ ജനങ്ങളെ ചുമതലപ്പെടുത്തുക, സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ദാരിദ്ര്യം അനുഭവിക്കുന്ന ആദിവാസി/ഗ്രാമീണ ജനവിഭാഗങ്ങൾക്ക് സ്ഥിരമായി തൊഴിലവസരങ്ങൾ പ്രദാനം ചെയ്ത് അവരുടെ വിഭവശേഷി വർദ്ധിപ്പിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുതകുന്ന നടപടികൾ എടുക്കുക, മേൽപ്പറഞ്ഞ പ്രവർത്തനത്തിൽക്കൂടെ വനങ്ങൾക്ക് സംരക്ഷണം നൽകിക്കൊണ്ടുള്ള ഗ്രാമവികസനം സാദ്ധ്യമാക്കുക, ഗ്രാമീണ ജനതയെ പങ്കാളികളാക്കിക്കൊണ്ട് പ്രവർത്തിക്കുക, മററു സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വനവികാസ ഏജൻസി മുഖേന ഏകീകരിക്കുക എന്നിവയാണ് വനവികാസ ഏജൻസികളുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

(ഇ) കേന്ദ്രസഹായം സംസ്ഥാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം മുൻകൂട്ടി നീക്കിവെയ്ക്കില്ല. ഗ്രാമീണ വനമേഖലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഹരിത വനവൽക്കരണ പരിപാടികൾ അവിടത്തെ ആവശ്യങ്ങൾ അനുസരിച്ച് ജനങ്ങൾ ചർച്ചചെയ്ത് തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കിയ സൂക്ഷ്മാസൂത്രണ രേഖകളുടെ അടിസ്ഥാനത്തിൽ കൺസർവേററർ ശുപാർശചെയ്ത് സംസ്ഥാന സർക്കാർവഴി അയയ്ക്കുന്ന പദ്ധതികൾ കേന്ദ്രസർക്കാർ ധനസഹായത്തിന് പരിഗണിക്കുന്നതാണ്.

(എഫ്) ഉണ്ട്. ഓരോ വനം ഡിവിഷന്റെയും പരിധിയിൽ വരുന്ന ഏജൻസിയുടെ അദ്ധ്യക്ഷൻ വനം കൺസർവേറററും, കൺവീനർ ഡിവിഷണൽ ഫോറസ്ററ് ആഫീസറും ആയിരിക്കും. വനസംരക്ഷണസമിതി പ്രതിനിധികൾ, വനംവകുപ്പുദ്യോഗസ്ഥർ, കൃഷി, മൃഗസംരക്ഷണം, മണ്ണു സംരക്ഷണം, വ്യവസായം, പഞ്ചായത്ത്, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി–പട്ടികവർഗ്ഗ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥൻമാരെല്ലാം അടങ്ങുന്ന പൊതുസഭയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

(ജി) സ്വീകരിക്കുന്നതാണ്.

## കൊപ്ര സംഭരണം

* 15 [75] ശ്രീ. പി. നാരായണൻ:
,, പി. എസ്. സുപാൽ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ താങ്ങുവില പ്രഖ്യാപിച്ചതെന്നാണ്; താങ്ങുവില എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൊപ്ര സംഭരണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കൊപ്ര സംഭരണത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) സംസ്ഥാനത്ത് കൊപ്രസംഭരണം നടത്തുന്നതിന് ചുമതലയുള്ള ഏജൻസികൾ ഏതെല്ലാം;

(ഇ) കൊപ്രസംഭരണം നടത്താത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അവ പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്. കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ വർഷത്തെ താങ്ങുവില പ്രഖ്യാപിച്ചത് 2001 മാർച്ച് 28-നാണ്. മില്ലിംഗ് കൊപ്രയ്ക്ക് ക്വിൻറലിന് 3,300 രൂപയും, ഉണ്ട കൊപ്രയ്ക്ക് ക്വിൻറലിന് 3,550 രൂപയുമാണ് താങ്ങുവില നിശ്ചയിച്ചിരിക്കുന്നത്.

(ബി) 23-6-2001-ൽ സംസ്ഥാന സർക്കാർ താങ്ങുവില പദ്ധതി പ്രകാരം നാഫെഡിനു വേണ്ടി കൊപ്ര സംഭരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംഭരണം നടത്തേണ്ടതിന്റെ ചുമതല മാർക്കറ്റിംഗ് ഫെഡറേഷന്റെയും കേരഫെഡിന്റെയും കീഴിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കുമാണ് നൽകിയിട്ടുള്ളത്. സംഭരണം ഉടനടി തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെൻറ് ഏജൻസിയായ നാഫെഡിനുവേണ്ടിയാണ് സംസ്ഥാന ഏജൻസികളായ മാർക്കറ്റ്ഫെഡും, കേരഫെഡും കൊപ്ര സംഭരിക്കുന്നത്. കഴിഞ്ഞ സീസണിൽ 2000 മാർച്ച് 9 മുതൽ 2001 മാർച്ച് 31 വരെ 85139.286 മെട്രിക് ടൺ കൊപ്ര നാഫെഡിന്റെ ഗോഡൗണുകളിൽ സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വിലയായി ക്വിൻറലിനു 3,250 രൂപ നിരക്കിൽ മൊത്തം 27,443.32 ലക്ഷം രൂപ കേന്ദ്രസർക്കാർ നാഫെഡ് മുഖേന ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ സർവ്വീസ് ചാർജ് ഇനത്തിൽ മൊത്തം 712.49 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഡി) മാർക്കറ്റ്ഫെഡും കേരഫെഡും.

(ഇ) ഉണ്ട്.

(എഫ്) കൊപ്ര സംഭരണം സുഗമമായി നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് 2001 ജൂൺ 23-ന് പുറത്തിറക്കിയിട്ടുണ്ട്. അതനുസരിച്ച് സംഭരണ ഏജൻസികൾ കൊപ്ര വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റെഗുലേററഡ് അഗ്രികൾച്ചറൽ മാർക്കററുകൾ

* 16 [76] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
,, കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ യൂണിയൻ സ്പോൺസർ ചെയ്ത 'റഗുലേററഡ് അഗ്രികൾച്ചറൽ മാർക്കററുകൾ' എന്നുമുതൽക്കാണ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്; എവിടെയൊക്കെയാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) റഗുലേററഡ് അഗ്രികൾച്ചറൽ മാർക്കററുകളുടെ പ്രവർത്തനത്തെക്കുറിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഗ്രൂപ്പ് മാർക്കററിംഗ് എന്ന ആശയം കാർഷിക രംഗത്ത് വിജയപ്രദമായി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) യൂറോപ്യൻ യൂണിയൻ റഗുലേററഡ് അഗ്രികൾച്ചറൽ മാർക്കററുകൾ സ്പോൺസർ ചെയ്തിട്ടില്ല. എന്നാൽ യൂറോപ്യൻ യൂണിയനും സംസ്ഥാന സർക്കാരും സംയുക്തമായി 6 കാർഷിക മൊത്തവ്യാപാര വിപണികൾ കേരളത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഭാഗികമായെങ്കിലും പ്രവർത്തിച്ചുവരുന്നത് മൂവാററുപുഴയിലാണ്. അത് സെപ്ററംബർ 2000-ൽ പ്രവർത്തനം തുടങ്ങി.

(ബി) മൊത്തം 6 വ്യാപാര വിപണികളിൽ ഒരെണ്ണം മാത്രം ഭാഗികമായി പ്രവർത്തിച്ചുവരുന്നു.

(സി) ഈ സർക്കാർ വന്നശേഷം കാർഷിക മൊത്തവ്യാപാര വിപണിയെപ്പററി വിലയിരുത്തൽ നടത്തിയിട്ടില്ല. വേങ്ങേരി, സുൽത്താൻബത്തേരി ആനയറ, നെടുമങ്ങാട് എന്നിവിടങ്ങളിൽ ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ല. വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) ഈ ആശയത്തെപ്പററി ഈ സർക്കാർ ഇപ്പോൾ ആലോചിച്ചിട്ടില്ല.

ജനകീയാസൂത്രണ പ്രസ്ഥാനം ശക്തമാക്കാനുള്ള നടപടി

* 17 [77] ശ്രീ. സാജുപോൾ :
,, ഡോക്ടർ തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. ജയരാജൻ :
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കഴിഞ്ഞ ജനകീയാസൂത്രണം ശക്തമാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊണ്ടുവോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് 2001-2002 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കേണ്ട പദ്ധതികൾക്കുള്ള മാർഗ്ഗനിർദ്ദേശം ഇതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നടപടിമൂലം സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിനായുള്ള ആദ്യഗഡു പണം അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഉദ്യോഗസ്ഥ പുനർവിന്യാസം, പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങൾക്കുള്ള പരിശീലനം എന്നിവ എപ്പോൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ജി) സംസ്ഥാനത്ത് ജനകീയാസൂത്രണ പ്രസ്ഥാനം ശക്തമാക്കാനുള്ള നടപടി സമയബന്ധിതമായി ആരംഭിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ജനകീയാസൂത്രണം കൂടുതൽ കാര്യക്ഷമമായി തുടരണം എന്നതാണ് സർക്കാർ തീരുമാനം. പുറമെ നിന്നുള്ള ഇടപെടലുകൾ ഒഴിവാക്കി പദ്ധതിരൂപീകരണത്തിനും നിർവ്വഹണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകണമെന്നതാണ് സർക്കാരിന്റെ നയം.

(ബി) 2001-2002 സാമ്പത്തികവർഷത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കേണ്ട പദ്ധതികൾക്കുള്ള മാർഗ്ഗനിർദ്ദേശം 18-6-2001-ലെ സ. ഉ. (എം. എസ്.) നമ്പർ 17/2001/പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പദ്ധതി തയ്യാറാക്കൽ നടപടി നടന്നുവരുന്നു.

(ഡി) 2001-2002 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാർ എന്തെങ്കിലും മാർഗ്ഗരേഖ നിർദ്ദേശിച്ചിരുന്നതായി അറിവില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രേഖയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിനുശേഷമാണ് ആദ്യ ഗഡു വിഹിതം അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ പദ്ധതി രേഖയ്ക്കും പ്രോജക്ടുകൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിരിക്കേണ്ട അവസാന തീയതി 24-8-2001 ആണ്. അതുകൊണ്ട് ആദ്യഗഡു പണം അനുവദിക്കുവാൻ സമയമായിട്ടില്ല.

(എഫ്) ഉദ്യോഗസ്ഥ പുനർവിന്യാസ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ 19 വകുപ്പുകളിൽ നിന്ന് 1302 മിനിസ്റ്റീരിയൽ ജീവനക്കാരെയും പൊതുമരാമത്ത്, ജലസേചന വകുപ്പുകളിൽ നിന്ന് 2145 ടെക്നിക്കൽ ജീവനക്കാരെയും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കേണ്ടതിൽ 1075 മിനിസ്റ്റീരിയൽ ജീവനക്കാരെയും 919 ടെക്നിക്കൽ ജീവനക്കാരെയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ പുനർവിന്യാസത്തിനെതിരെ പതിനഞ്ചോളം കേസ്സുകൾ നിലവിലുള്ളതിനാലും ചില സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുള്ളതിനാലും ജീവനക്കാരുടെ പുനർവിന്യാസം പൂർണ്ണമാക്കാൻ സാധിച്ചിട്ടില്ല.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങൾക്ക് ജനകീയാസൂത്രണം, പഞ്ചായത്ത് ഭരണം തുടങ്ങിയ വിഷയങ്ങളിൽ കഴിഞ്ഞ വർഷം പരിശീലനം നൽകിയിട്ടുണ്ട്. 2001-2002-ലെ പദ്ധതി ആസൂത്രണത്തെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡൻറുമാരുമായി ചർച്ചചെയ്തു കഴിഞ്ഞു. മററ് ജനപ്രതിനിധികൾക്കുള്ള പരിശീലനം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധി

* 18 [78] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ബാലൻ :
,, പി. സി. ജോർജ്:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ യഥാർത്ഥ കാരണങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ;

(സി) പത്താം ധനകാര്യ കമ്മീഷൻ അവാർഡിനെ അപേക്ഷിച്ച് പതിനൊന്നാം ധനകാര്യ കമ്മിഷൻ അവാർഡിന് സംസ്ഥാനത്ത് എന്തുതുകയുടെ കുറവാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര ഗവൺമെൻറ് പിൻതുടരുന്ന പുത്തൻ സാമ്പത്തിക നയം സംസ്ഥാനത്തിൻെറ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ

(ഇ) ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; കേന്ദ്രത്തിൻെറ ഇറക്കുമതിനയത്തെ തുടർന്ന് സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിലത്തകർച്ചമൂലം വില്പന നികുതി ഇനത്തിൽ കുറവുവന്നിട്ടുണ്ടോ; എങ്കിൽ 2000-2001 വർഷത്തിൽ എന്തുതുകയുടെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ജി) ഇതിനായി അധിക വിഭവ സമാഹരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിൽനിന്നും എന്തുതുക അധികമായി കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(എച്ച്) വില്പന നികുതി, കാർഷികാദായ നികുതി ഇനങ്ങളിൽ കുടിശ്ശിക തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വില്പന നികുതിയിനത്തിൽ എന്തുതുകയാണ് പിരിഞ്ഞുകിട്ടാനുള്ളത്;

(ഐ) പദ്ധതി അടങ്കൽ വെട്ടിക്കുറയ്ക്കാതെ പദ്ധതിയേതര അനാവശ്യ ചെലവുകൾ വെട്ടിച്ചുരുക്കി സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ):

(എ) ഉണ്ട്.

(ബി) അനിയന്ത്രിതമായ റവന്യൂ ചെലവ്, റവന്യൂ കമ്മിയിലെ അനിയന്ത്രിതമായ വർദ്ധനവ്, മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിനനുപാതമായി നോക്കുമ്പോൾ പൊതുകടത്തിലുള്ള അസാധാരണമായ വളർച്ച, നിത്യനിദാന ചെലവുകൾക്കായുള്ള കടംവാങ്ങൽ, വരവുമായി പൊരുത്തപ്പെടാത്ത കൊല്ലംതോറും വർദ്ധിച്ചുവരുന്ന ശമ്പള, പെൻഷൻ ബാദ്ധ്യത, കടവും പലിശയും തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത, വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുക്കാതെ പദ്ധതി അടങ്കൽ നിശ്ചയിച്ചത്, കോളേജുകളിൽ ജോലി ഇല്ലാതെ അദ്ധ്യാപകർ തുടർന്നപ്പോൾ പ്ലസ് 2 കോഴ്സിന് അദ്ധ്യാപകരെ നിയമിച്ചത്, ബഡ്ജറ്റിൽ വകയിരുത്താത്ത പ്രവർത്തികൾ ഏറ്റെടുത്തതും, മൂലധനനിക്ഷേപത്തിനുവേണ്ടി കടം വാങ്ങിയ തുക വകമാററി ചെലവ് ചെയ്തത് മുതലായാവയാണ്.

(സി) പത്താം ധനകാര്യ കമ്മിഷൻ അവാർഡിനെ അപേക്ഷിച്ച് പതിനൊന്നാം ധനകാര്യ കമ്മിഷൻ അവാർഡിൽ സംസ്ഥാന വിഹിതത്തിന്റെ ശതമാനത്തിൽ കുറവുവന്നിട്ടുണ്ട്. ഇതനുസരിച്ച് 2000-2005 കാലഘട്ടത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന കുറവ് കൃത്യമായി കണക്കാക്കാൻ ഇപ്പോൾ പ്രയാസമാണ്.

(ഡി) കേന്ദ്ര സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഈ നയങ്ങളുടെ പ്രത്യാഘാതങ്ങളെ തരണം ചെയ്യുവാൻ, സംസ്ഥാന സർക്കാർ വ്യയനിയന്ത്രണങ്ങളിലൂടെയും, അധിക വിഭവസമാഹരണത്തിലൂടെയും പരിഹാര നടപടികൾ കൈക്കൊണ്ടിട്ടില്ല എന്നുള്ളത് സാമ്പത്തിക പ്രതിസന്ധിക്കുള്ള ഒരു കാരണമാണ്.

(ഇ) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തെ തുടർന്ന് സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളുടെ വില തകർച്ചമൂലം വില്പന നികുതിയിനത്തിൽ കുറവു വന്നിട്ടുണ്ട്. എത്രമാത്രം കുറഞ്ഞുവെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സാമ്പത്തിക അച്ചടക്കത്തിലധിഷ്ഠിതമായ ചെലവു ചുരുക്കലിലൂടെയും റവന്യു വരുമാനം വർദ്ധിപ്പിക്കാൻ നൂതനമായ സ്രോതസ്സുകൾ കണ്ടെത്തിയും കുടിശ്ശിക പിരിച്ചെടുത്തും അധിക വിഭവ സമാഹരണം നടത്തി പ്രതിസന്ധി നേരിടുന്നതാണ്.

(ജി) അധിക വിഭവ സമാഹരണം നടത്താനുള്ള വിവിധ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

(എച്ച്) വില്പന നികുതി, കാർഷികാദായ നികുതി ഇനങ്ങളിൽ കുടിശ്ശിക തുക പിരിച്ചെടുക്കാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. 31-3-2001-ൽ വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക 1,364.11 കോടി രൂപയാണ്.

(ഐ) വാർഷിക പദ്ധതിയുടെ വലിപ്പം, വിഭവശേഷിക്കനുസൃതമായിരിക്കണം. കഴിഞ്ഞ മൂന്നു വർഷത്തെ പദ്ധതിയടങ്കൽ പരിശോധിച്ചാൽ അവ വിഭവശേഷിക്കനുസൃതമായിരുന്നില്ല എന്നു കാണാവുന്നതാണ്. ഓരോ വർഷത്തെയും പദ്ധതി ചെലവിൽ 1000 കോടിയോളം രൂപ പബ്ലിക് അക്കൗണ്ടിലേക്ക് മാററിയതായാണ് കാണുന്നത്. ഇതു എക്കാലവും തുടരുവാൻ പ്രയാസമാണ്. പദ്ധതിയേതര ചെലവുകൾ വെട്ടിച്ചുരുക്കുന്നതിനും എല്ലാ പോംവഴികളും പരിഗണനയിലുണ്ട്.

## കൊപ്രസംഭരണം

* 19 [79] ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്രസംഭരണം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(സി) സ്വകാര്യ വ്യക്തികളിൽ നിന്നും കൊപ്ര സംഭരിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) കൊപ്ര സംഭരണത്തിൽ കർഷകരുടെ സംഘടനകൾക്ക് ധനസഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ആൻറ് (ബി) ഉണ്ട്. 23-6-2001-ലെ ജി. ഒ. (എം. എസ്.) 148/2001/ എ. ഡി. പ്രകാരം സംസ്ഥാന സർക്കാർ താങ്ങുവില പദ്ധതി അനുസരിച്ച് കൊപ്ര സംഭരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംഭരണം നടത്തേണ്ട ചുമതല കേരഫെഡിൻെറയും മാർക്കററിംഗ് ഫെഡറേഷൻെറയും തിരഞ്ഞെടുത്ത സഹകരണ സംഘം/ബാങ്കുകൾക്കാണ് നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്തെ സഹകരണ ഏജൻസികളായ കേരഫെഡും മാർക്കററിംഗ്ഫെഡും മുഖേന മാത്രമേ കൊപ്രസംഭരണം നടത്തുകയുള്ളൂ. സ്വകാര്യ വ്യക്തികൾ അവരുടെ കൃഷിസ്ഥലങ്ങളിൽ നിന്നും വിളവെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

നാളികേരത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന കൊപ്ര ടി ഏജൻസികളുടെ പ്രാഥമിക സഹകരണസംഘങ്ങൾ സംഭരിക്കുന്നതാണ്.

(ഡി) ആലോചിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## ജനകീയാസൂത്രണ പദ്ധതി

*20 [80] ശ്രീ. ബിനോയ് വിശ്വം :
,, എൻ. രാജൻ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും മാററം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ സ്വകാര്യ പങ്കാളിത്തം പരിഗണനയിലുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ നാലാം ഗഡു പദ്ധതി വിഹിതം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രധാനമാററങ്ങൾ ചുവടെ വിവരിക്കുന്നു:

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2001-2002 വാർഷിക പദ്ധതി രേഖയും പ്രോജക്ടുകളും എഴുതി തയ്യാറാക്കുന്നതിന് നിലവിലുള്ള കർമ്മ സമിതികൾക്ക് പകരം സെക്ടറൽ കമ്മിററികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതാണ്.

2. ത്രിതല പഞ്ചായത്തുകളുടെയും നഗര സഭാ സ്ഥാപനങ്ങളുടെയും പദ്ധതി രേഖകളും പ്രോജക്ടുകളും പരിശോധിക്കുന്നതിന് നിലവിലുള്ള വിദഗ്ദ്ധ സമിതികൾക്ക് പകരം ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ടെക്നിക്കൽ അഡ്വൈസറി കമ്മററി പ്രവർത്തിക്കുന്നതാണ്.

3. പൊതുമരാമത്ത് പണികൾ, ശുദ്ധജല വിതരണം, മണ്ണ് സംരക്ഷണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രം വിശദമായ സാങ്കേതികാനുവാദം വേണമെന്ന് നിഷ്കർഷിക്കുന്നതാണ്.

4. സാങ്കേതികാനുവാദം നൽകുന്നതിനുള്ള ടെക്നിക്കൽ കമ്മററിയിൽ എഞ്ചിനീയർമാരെ മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. പദ്ധതിവിഹിതത്തിൽ കുറവ് വരുത്തിയതിനാൽ പ്രസ്തുത തുക ഇനി നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

സംസ്ഥാനത്തിനെ സാമ്പത്തിക സ്വയംപര്യാപ്തതയിലെത്തിക്കാനായി നടപടി

* 21 [81] ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെയ്സ് ആൻറ് മീൻസ് അഡ്വാൻസും, ഓവർ ഡ്രാഫ്റ്റും എടുക്കേണ്ടിവരുന്നത് ഏതവസ്ഥയിലാണ്;

(ബി) 1991 മുതൽ 2001 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 1991 മുതൽ 1996 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും ഈ അഡ്വാൻസ് എടുക്കേണ്ടി വരുന്നത് കുറഞ്ഞു വരികയും 1996 മുതൽ 2001 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും ഈ അഡ്വാൻസ് എടുക്കേണ്ടി വരുന്നത് കൂടി വരികയും ചെയ്തത് എന്തു കൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ഒരവസ്ഥയുണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തായിരുന്നു;

(ഡി) സംസ്ഥാനത്തിനെ സാമ്പത്തിക സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സംസ്ഥാനത്തിൻെറ സാമ്പത്തിക നില റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മിനിമം ക്യാഷ് ബാലൻസിൽ താഴെ പോകുമ്പോൾ അത് പരിഹരിക്കുവാനായാണ് സംസ്ഥാനത്തിന് റിസർവ് ബാങ്ക് വെയ്സ് ആൻറ് മീൻസ് അഡ്വാൻസ് അനുവദിക്കുന്നത്. വെയസ് ആൻറ് മീൻസ് അഡ്വാൻസും അനുവദിക്കപ്പെട്ട പരിധി കടക്കുമ്പോഴാണ് ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവരുന്നത്.

(ബി) ആൻറ് (സി) റവന്യൂ കമ്മിയിലുണ്ടായ ഭീമമായ വർദ്ധനവ്, കടബാധ്യതയിലുണ്ടായ കുത്തനെയുള്ള ഉയർച്ച, പൊതുമേഖലാ സ്ഥാപനങ്ങൾ വരുത്തിവച്ച ഭീമമായ നഷ്ടം എന്നിവയാണ് ഇത്തരത്തിലൊരു അവസ്ഥ ഉണ്ടാകുന്നതിന് കാരണമായത്.

(ഡി) കർശനമായ ചെലവു ചുരുക്കൽ നടപടികൾ കൈക്കൊണ്ടും, ഊർജ്ജിതമായ വിഭവസമാഹരണം നടത്തിയും സംസ്ഥാനത്തെ സാമ്പത്തിക സ്വയംപര്യാപ്തതയിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി

* 22 [82] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ :
,, മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർ പ്രതിസന്ധിയിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും ഇവ പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വിശദമാക്കാമോ;

(സി) മററ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന് കേരളത്തിൽ പ്രവേശന നികുതി ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) പ്രതിസന്ധിയല്ല, അവർക്കു കുറെ പ്രശ്നങ്ങളുണ്ട്.

(ബി) കൂടുതൽ കർഷകർ ക്ഷീരോല്പാദന മേഖലയിലേക്ക് കടന്നു വന്നതും സ്വകാര്യ ഏജൻസികൾ മറുനാട്ടിൽ നിന്ന് പാൽ സംഭരിച്ച് വിപണിയിൽ മത്സരിക്കുന്നതും മിൽമയുടെ കപ്പാസിററിയും വിൽപ്പനയും വിചാരിച്ച വിധത്തിൽ വർദ്ധിക്കാതിരുന്നതും ആണ് ഇന്നത്തെ ബുദ്ധിമുട്ടിന് കാരണം. സഹകരണ മേഖലയിൽ പാൽ സംസ്കരണശേഷി ഗണ്യമായി വർദ്ധിപ്പിക്കുക, വിൽപ്പന വർദ്ധിപ്പിക്കുക എന്നതിനുള്ള തീരുമാനം നടത്താനുള്ള നടപടിയും സ്വകാര്യ ഏജൻസികളെക്കൊണ്ട് സംസ്ഥാനത്തിനകത്തുള്ള സഹകരണ മേഖലയിൽ നിന്നും പാൽ വാങ്ങാൻ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(സി) ജില്ലകൾതോറും കളക്ടറുടെ നേതൃത്വത്തിൽ ക്ഷീരവികസനം റവന്യൂ ആരോഗ്യ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാരടങ്ങുന്ന വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് കർശന ഗുണനിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിന് ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ആലോചിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## കൊപ്ര സംഭരണം

* 23 [83] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
,, വി. ചെന്താമരാക്ഷൻ :
,, കെ. രാധാകൃഷ്ണൻ :
,, വി. കെ. സി. മമ്മദ്കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സീസൺ കഴിഞ്ഞിട്ടും കൊപ്രസംഭരണം ആരംഭിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) കൊപ്രയ്ക്കു കേന്ദ്രഗവൺമെന്റ് താങ്ങുവില വർദ്ധിപ്പിച്ചത് എന്നാണ്;

(ഇ) കഴിഞ്ഞ വർഷത്തേക്കാൾ എന്തു തുകയുടെ വർദ്ധനവാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നു പറയാമോ;

(എഫ്) കേന്ദ്രസർക്കാരിന്റെ സംഭരണ ഏജൻസിയായ നാഫെഡ് സീസണിൽപോലും കൊപ്രസംഭരണം നടത്താത്തതുമൂലം കേരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംസ്ഥാനത്ത് കൊപ്രസംഭരണം ഏതെല്ലാം ഏജൻസികൾ മുഖേന നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ):

(എ), (ബി)ആന്റ് (സി) കേന്ദ്രസർക്കാർ കൊപ്രയുടെ 2001-ലെ താങ്ങുവില പ്രഖ്യാപിച്ചത് 2001 മാർച്ച് 28-നു ആയിരുന്നു. തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചതുമൂലം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനായില്ല. പുതിയ സർക്കാർ അധികാരമേററശേഷം ജൂൺ 23-ന് കൊപ്രസംഭരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 28-3-2001-ലാണ് 2001 സീസണിലേക്കുള്ള താങ്ങുവില പ്രഖ്യാപിച്ചത്.

(ഇ) കഴിഞ്ഞ വർഷത്തെ താങ്ങുവിലയേക്കാൾ ക്വിന്റലിനു 50 രൂപയുടെ വർദ്ധനവാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(എഫ്) ഉണ്ട്.

(ജി) കൊപ്രസംഭരണത്തിന്റെ സംസ്ഥാനതല ഏജൻസികളായി കേരഫെഡിനെയും മാർക്കററ്ഫെഡിനെയുമാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

## ജനകീയാസൂത്രണ പദ്ധതിക്കുവേണ്ടിയുള്ള ചെലവ്

* 24 [84] ശ്രീ. കെ. സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി എന്നാണ് സംസ്ഥനത്ത് നിലവിൽ വന്നത്;

(ബി) ഈ പദ്ധതിക്കുവേണ്ടി എത്ര കോടി രൂപ ഇതുവരെ ചെലവായിട്ടുണ്ട്;

(സി) ഈ പദ്ധതിയിൻ കീഴിൽ നടന്ന മുഖ്യ വികസന പ്രവർത്തനം ഏതാണ്;

(ഡി) ജനകീയാസൂത്രണ പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുകയ്ക്ക് ഓഡിററിംഗ് നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 1996 ആഗസ്റ്റ് മാസം 17-നാണ് പദ്ധതി ഉത്ഘാടനം ചെയ്തത്.

(ബി) ഈ പദ്ധതിക്കുവേണ്ടി 1997-98 മുതൽ 2000-2001 വരെ ഗ്രാമപഞ്ചായത്തുകൾ മുഖേന 1,723.83 കോടി രൂപയും നഗരസഭകൾ മുഖേന 401.77 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന 420.46 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ മുഖേന 427.02 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഭവനനിർമ്മാണം, വനിതാ വികസനം, മൃഗസംരക്ഷണം, കൃഷി, ക്ഷീരവികസനം, മത്സ്യബന്ധനം, മണ്ണു സംരക്ഷണം, ചെറുകിട ജലസേചനം, ചെറുകിട വ്യവസായങ്ങൾ, പാർപ്പിട നിർമ്മാണം, ചേരി നിവാസികളുടെ പുനരുദ്ധാരണം, കുടിവെള്ളം, റോഡ്, കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവയുടെ നിർമ്മാണം, സാനിട്ടേഷൻ യൂണിററുകൾ എന്നീ മേഖലകളിലാണ് ഈ പദ്ധതിയിൻ കീഴിൽ മുഖ്യമായും വികസന പ്രവർത്തനം നടന്നിട്ടുള്ളത്.

(ഡി) ഉണ്ട്. പെർഫോർമൻസ് ഓഡിററ്, സോഷ്യൽ ഓഡിററ്, ലോക്കൽ ഫണ്ട് ഓഡിററ്, അക്കൗണ്ടൻറ് ജനറലിൻെറ ഓഫീസിൽ നിന്നുള്ള ഓഡിററ് എന്നിവ നടത്തിയിട്ടുണ്ട്.

(ഇ) പ്രസക്തമല്ല.

## വന സംരക്ഷണ നിയമം

* 25 [85] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണ നിയമത്തിലെ പല വകുപ്പുകളും കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്ക് ദോഷകരമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിക്കാർക്ക് ദോഷകരമായ വകുപ്പുകൾ ഭേദഗതിചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനസംരക്ഷണ നിയമം [ഫോറസ്ററ് (കൺസർവേഷൻ) ആക്ട്, 1980] കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിൽ ഭേദഗതി വരുത്തുവാൻ അധികാരമില്ല.

## വ്യാജമദ്യവിതരണം തടയുവാൻ നടപടി

* 26 [86] ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലയിടങ്ങളിലും വ്യാജമദ്യ വിതരണം നടക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) വ്യാജമദ്യ വിതരണം തടയുന്നതിനായി പോലീസും എക്സൈസ് വകുപ്പും ചേർന്ന് തുടർച്ചയായ റെയിഡുകൾ നടത്തിവരുന്നു.

(സി) ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മദ്യനയത്തിൽ മാററം

* 27 [87] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മദ്യനയത്തിൽ മാററം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഇപ്പോൾ ഏതെല്ലാം ഏജൻസികളിലൂടെയാണ് വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ; എന്നുമുതലാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്;

(ഡി) ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിൽപ്പന നടത്തിയതിന്റെ ഫലമായി ബിവറേജസ് കോർപ്പറേഷന് 2001 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലുണ്ടായ വരുമാനം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ; സർക്കാർ ഏജൻസികൾ വഴിയുള്ള വിൽപ്പന തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കള്ള് സഹകരണ സംഘങ്ങൾ പിരിച്ചുവിട്ട് അബ്കാരി കോൺട്രാക്ടർമാരെ തിരികെ ഏൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) കള്ളുഷാപ്പ് സഹകരണസംഘങ്ങൾ പിരിച്ചുവിട്ട് അബ്കാരികളെ ഏൽപ്പിക്കുന്നത് സംസ്ഥാനത്ത് വീണ്ടും മദ്യദുരന്തത്തിന് കാരണമാകുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കള്ള് സഹകരണ സംഘങ്ങൾ പിരിച്ചുവിടുന്നതിനെ സംബന്ധിച്ച ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) മുൻസർക്കാർ നടപ്പിലാക്കിയ മദ്യനയം കുററമററതും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശരിവച്ചിട്ടുള്ളതുമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ഇപ്പോൾ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ എന്നീ ഏജൻസികളിലൂടെയാണ് വിതരണം ചെയ്യപ്പെടുന്നത്. 1-4-2001 മുതൽ ഈ സംവിധാനം നിലവിൽ വന്നു.

(ഡി) ഏപ്രിൽ മാസത്തിൽ 145 കോടി രൂപയും മേയ് മാസത്തിൽ 140 കോടിയുമാണ് വിററ്വരവ്—അററാദായം കണക്കാക്കിയിട്ടില്ല. സർക്കാർ ഏജൻസികൾ മുഖേനയുളള വിദേശ മദ്യ വിതരണം തുടരാൻ ഉദ്ദേശിക്കുന്നു.

(ഇ) തീരുമാനമെടുത്തിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(എച്ച്) കുററമററതാണെന്ന അഭിപ്രായമില്ല. അബ്കാരി നയത്തിന് എതിരെ നൽകിയ ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെടുന്നില്ലെന്നും നയപരമായ തീരുമാനമെടുക്കാൻ സർക്കാരിന് അധികാരം ഉണ്ടെന്നുമാണ് വിധി നൽകിയത്.

## ഓപ്പറേഷൻ ഒളിംപിയ

* 28 [88] ശ്രീ. കെ. പി. മോഹനൻ:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ ഒളിംപിയ' എന്ന സ്കീം എപ്പോഴാണ് കേരളത്തിൽ തയ്യാറാക്കിയത്; അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എപ്പോഴാണ് നടപ്പിലാക്കി തുടങ്ങിയത്;

(സി) ഇപ്പോൾ പ്രസ്തുത സ്കീം കേരളത്തിൽ എവിടെയെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ഡി) കേരളത്തിൽ ഉടനീളം 'ഓപ്പറേഷൻ ഒളിംപിയ' സ്കീം നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ സ്കീമിന്റെ വിശദാംശങ്ങൾ എന്തെല്ലാം?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) 1991-ലാണ് 'ഓപ്പറേഷൻ ഒളിംപിയ' സ്കീം കേരളത്തിൽ തയ്യാറാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അന്തർദേശീയ കായിക മൽസരങ്ങളിൽ ഭാരതത്തിന്റെ യശസ് ഉയർത്തിപ്പിടിക്കാൻ ഉതകുംവിധം കുരുന്നുപ്രതിഭകളെ പഞ്ചായത്ത് തലം മുതൽ

കണ്ടെത്താനും ശാസ്ത്രീയ പരിശീലനത്തിലൂടെ അവരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുമുള്ള ഒരു സമയബന്ധിത കായിക പദ്ധതി ആണിത്. ഈ പദ്ധതി മൂന്നു ഘട്ടങ്ങളിലായാണ് നടപ്പിൽ വരുത്തുക. 8 വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയാണിത്.

(ബി) 1991 ജൂലായ് മാസം.

(സി) മൂന്നു സ്ഥലങ്ങളിൽ നിലവിലുണ്ട്.

(1) മുട്ടം പഞ്ചായത്ത് (ഇടുക്കി ജില്ല)

(2) കരകുളം പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

(3) കണ്ണാടി പഞ്ചായത്ത് (പാലക്കാട് ജില്ല)

(ഡി) ഭേദഗതി ചെയ്ത പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിന് നടപടി സ്വീകരിക്കേണ്ടത്.

### കയർ വ്യവസായ മേഖലയെ സംരക്ഷിക്കാൻ നടപടി

* 29 [89] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, ടി. കെ. ദേവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മാർക്കററിലുണ്ടായിരിക്കുന്ന മാന്ദ്യം കയർ ഉൽപ്പാദന മേഖലയിൽ വൻ തകർച്ചയ്ക്ക് ഇടയാക്കിയിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ വ്യവസായ മേഖലയിൽ തൊഴിൽ സ്തംഭനം ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതിനയം സംസ്ഥാനത്തിന്റെ കയർ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ വിററഴിക്കാൻ സർക്കാർ പ്രത്യേകമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഇ) കയർ കോർപ്പറേഷൻ വഴി കയർ കയററുമതി ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കയറിന്റെ മിനിമം എക്സ്പോർട്ട് പ്രൈസ് (എം. ഇ. പി.) എടുത്തുകളയാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനം കയർ മേഖലയ്ക്ക് ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. കയറിന് റിബേററ് നൽകുന്നതിനുള്ള കേന്ദ്ര പദ്ധതി പിൻവലിക്കൽ, എം. ഇ. പി.-യിൽ വരുത്തിയ ഭേദഗതി, ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് ചകിരി, കയർ തുടങ്ങിയവയുടെ ഡിസൈനിലും ഗുണമേൻമയിലും ആവശ്യം വേണ്ടിയിരുന്ന പരിഷ്ക്കാരങ്ങളുടെ അഭാവം

LIBRARY ARCHIVES Kerala Legislative Assembly

വേൾഡ് ട്രേഡ് ഓർഗനൈസേഷൻ നടപടിയുടെ ഫലമായി മററു രാജ്യങ്ങളുടെ ഈ രംഗത്തേക്കുള്ള പ്രവേശനം, ഇന്ത്യയിലെതന്നെ മററു സംസ്ഥാനങ്ങളുടെ കുറഞ്ഞ വരവ് ചെലവിലുള്ള കയറുൽപ്പാദനം, ആഭ്യന്തര മാർക്കററിൽ കയറിനേററതുപോലെ തന്നെ വ്യവസായപ്രാധാന്യത്തോടെ ജ്യൂട്ട്, റബ്ബർ ഇവയുടെ ഉപയോഗം തുടങ്ങിയ കാരണങ്ങളാൽ കയറിൻെറ ഉൽപ്പാദനമേഖലയിൽ തകർച്ച വന്നിട്ടുണ്ട്.

(ബി) കയർ വ്യവസായ മേഖലയിൽ തൊഴിൽ സ്തംഭനമുണ്ടാകാതിരിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് വായ്പയും ഗ്രാൻറും നൽകുന്ന പീഡിത കയർ വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യം, ഷോറൂം അസിസ്ററൻസ്, സ്റേറാക്ക് ലിക്വിഡേഷൻ പദ്ധതി തുടങ്ങിയവ. പുനരുദ്ധാരണ പദ്ധതി, റിബേററ്, പ്രവർത്തനമൂലധന വായ്പയും അർഹതയ്ക്കനുസരിച്ച് സംഘങ്ങൾക്ക് ഇപ്പോൾ വിതരണം ചെയ്തുവരുന്നു. എന്നാൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് കയർ മേഖലയിൽ ഏതാണ്ട് 200 കോടി രൂപ ചെലവാക്കി എങ്കിലും ഇത് ഫലപ്രദമായി ഉപയോഗിക്കപ്പെട്ടിട്ടില്ലെന്ന് മനസ്സിലാക്കുന്നു. ഇക്കാര്യവും തൊഴിൽ സ്തംഭനമുണ്ടാക്കാനിടയാക്കിയ സാഹചര്യങ്ങളും വിശദമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനായി കയർ എക്സ്പോർട്ടേഴ്സ്, പ്രൊഡ്യൂസേഴ്സ്, കയർ വ്യവസായ സഹകരണ സംഘങ്ങൾ, കയർ ബോർഡ്, കയർ കോർപ്പറേഷൻ, കയർഫെഡ്, കയർ തൊഴിലാളികൾ, കയർ ഡെവലപ്മെൻറ് വകുപ്പുദ്യോഗസ്ഥർ, കയർ രംഗത്തെ വിദഗ്ദ്ധർ എന്നിവരുമായി ഒരു ചർച്ച ഉടനെതന്നെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

(സി) കേന്ദ്ര ഗവൺമെൻറിൻെറ ഇറക്കുമതി നയത്തിൻെറ ഭാഗമായി സിലോണിൽനിന്ന് കുറച്ച് കേംഡ് കയർ ഇറക്കുമതി ചെയ്തതായി അറിയുന്നു. എന്നാൽ സംസ്ഥാനത്തിൻെറ കയർ മേഖലയിൽ വൻതോതിലുള്ള ദോഷഫലങ്ങൾ നാളിതുവരെ ഇത് ഉണ്ടാക്കിയതായി കാണുന്നില്ല.

(ഡി) ഗവൺമെൻറിൻേറതായി കയറുൽപ്പന്നങ്ങൾ ഒന്നും തന്നെ കെട്ടിക്കിടക്കുന്നില്ല. 1999-2000 വരെ വർഷത്തിൽ 90 ദിവസവും 2000-2001-ൽ 70 ദിവസവും 20 ശതമാനം റിബേററ് കയറിനും കയറുൽപ്പന്നങ്ങൾക്കും അനുവദിച്ചുകൊടുത്തതായി കാണുന്നു. വിപണന വർദ്ധനവിനായി കൂടുതൽ ഷോറൂമുകൾ സ്ഥാപിക്കുന്നതിന് പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, കയർഫെഡ്, ഫോം മാററിംഗ്സ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ഷോറൂം ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ ഗ്രാൻറനുവദിക്കുക, ഒരു വർഷത്തിലേറെ പഴക്കമുള്ള കയറിനും, കയറുൽപ്പന്നങ്ങൾക്കും സ്റേറാക്ക് ലിക്വിഡേഷൻ പദ്ധതി പ്രകാരം വിൽപ്പന വിലയുടെ പരമാവധി 25 ശതമാനം പ്രത്യേക ഡിസ്കൗണ്ട് നൽകുക, വിദേശത്തും ഇന്ത്യയിലും കയറുൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിന് വ്യാപാരമേളകളിൽ പങ്കെടുക്കുക, ഡിസ്ട്രസ് പർച്ചേസ് സ്കീം, ഷെയർ ക്യാപ്പിററൽ കോൺട്രിബ്യൂഷൻ, റോമെററീരിയൽ ബാങ്ക് എന്നീ പദ്ധതികൾ വഴി ധനസഹായം നൽകുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കയറിൻെറ വിപണന വികസനത്തിനായി ഇന്ത്യയ്ക്ക് അകത്തും പുറത്തും കയർ ജിയോ ടെക്സ്ററയിൽസിൻെറ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി 2000-2001 വർഷം കയർ ഭൂവസ്ത്ര വർഷമായി ആചരിച്ചുകൊണ്ടും ഇതിൻെറ ഉൽപ്പാദനം, പ്രചരണം, വിപണനം എന്നിവ ലക്ഷ്യമാക്കി സെമിനാറുകൾ, പ്രദർശനമേളകൾ മുതലായ പരിപാടികൾ നടപ്പിലാക്കിവരുന്നു. കയർ ഭൂവസ്ത്രം ഒരു പ്രധാന കൺസ്ട്രക്ഷൻ മെററീരിയലായി മാററിയെടുക്കാനുള്ള ശ്രമവും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകൾ മുഖേന 25-ഓളവും പ്രൈവററ് എൻ. ജി. ഒ. മേഖല വഴി 10 പ്രോജക്ടുകളും നടപ്പിലാക്കി വരുന്നു. പുതിയ കയറുൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് സി-ഡോക്ട് എന്ന ഗവേഷണ സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

(ഇ) ഇപ്പോൾ ചെയ്തു വരുന്നുണ്ട്. എന്നാൽ ലക്ഷ്യമിട്ട രീതിയിൽ കോർപ്പറേഷന്റെ വികസനം വികസിപ്പിച്ചെടുക്കാനും കയററുമതി രംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) എം.ഇ.പി. നിർത്തലാക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം താഴെ സൂചിപ്പിക്കുന്ന പ്രശ്നങ്ങൾക്ക് വഴിതെളിയിക്കുമെന്ന് കരുതുന്നു.

എം. ഇ. പി. നീക്കം ചെയ്യുന്നതോടെ, വേതന രംഗത്ത് തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന പരിരക്ഷ ഇല്ലാതാകുന്നു.

കയററുമതിക്കാർ തമ്മിലുള്ള അനാരോഗ്യകരമായ മത്സരം ഒഴിവാക്കുന്നതിനും, അതുവഴി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം തകരാതിരിക്കുന്നതിനുമായി നടപ്പിലാക്കിയ എം. ഇ. പി. നിർത്തലാക്കുന്നതോടുകൂടി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം തകരുന്നതിനും വിദേശ വിപണനരംഗത്ത് കടുത്ത കിടമൽസരം നിലവിൽ വരുന്നതിനും അതിലൂടെ വിദേശ വിപണി നഷ്ടമാകുന്നതിനും ഇടയാക്കിയേക്കാം.

## സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച ധവളപത്രം

* 30 [90] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച ധവളപത്രം തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഈ സമിതിയിൽ അംഗങ്ങളായിരുന്നവർ ആരെല്ലാമാണ്;

(ബി) ധവളപത്രത്തിലെ നിർദ്ദേശങ്ങൾ മുൻപ് നിർദ്ദേശിച്ചിട്ടുള്ളതാണോ; എങ്കിൽ അത് സ്വീകരിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ പൊതുകടം ഇപ്പോൾ എത്ര കോടി രൂപയാണ്; ഇത് ആർക്കെല്ലാം എത്ര വീതം;

(ഡി) 1996 മേയ്മാസം വരെയുള്ള പൊതുകടം എത്ര രൂപയാണ്;

(ഇ) സംസ്ഥാന സർക്കാരിന്റെ കടം തീർക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഏതെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ധനകാര്യവകുപ്പുമന്ത്രി ചെയർമാനും ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായ ഒരു സമിതിയെയാണ് ധവളപത്രം

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നത്. ഇതിലെ മററംഗങ്ങൾ വ്യവസായവും ഐററി വകുപ്പും മന്ത്രി, റവന്യൂ നിയമ വകുപ്പ് മന്ത്രി, വൈദ്യുതി വകുപ്പ് മന്ത്രി എന്നിവരാണ്.

(ബി) അനിയന്ത്രിതമായി വർദ്ധിച്ച റവന്യൂ ചെലവും അതുമായി പൊരുത്തപ്പെടാത്ത റവന്യൂ വരുമാനവും താറുമാറാക്കിയ സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ വിഭവലഭ്യതയിലെ കമ്മി നികത്തുന്നതിനും ട്രഷറി പൂട്ടി പോകാതിരിക്കുന്നതിനുംവേണ്ടി സർക്കാരിന് സഹകരണസ്ഥാപനങ്ങൾ, ക്ഷേമനിധികൾ, മററു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ഹ്രസ്വകാലവായ്പ എടുക്കേണ്ടിയും പബ്ലിക് അക്കൗണ്ടിൽ വൻതുകകൾ മാററേണ്ടിയും വന്നു. ഇപ്രകാരം സംജാതമായ പ്രതിസന്ധി തുടരുന്ന അവസരത്തിലാണ് സംസ്ഥാനത്തെ ധനസ്ഥിതി വ്യക്തമാക്കുന്ന ധവളപത്രം പുറപ്പെടുവിക്കേണ്ടി വന്നത്. ഈ ധവളപത്രത്തിലെ നിർദ്ദേശങ്ങൾ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ ഉദ്ദേശത്തോടുകൂടിയുള്ള സമഗ്രമായ നിർദ്ദേശങ്ങൾ ഇതിനു മുൻപ് ഉണ്ടായിട്ടില്ല. എന്നാൽ നികുതി യേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുൻപ് സർക്കാർ തലത്തിൽ പരിഗണിച്ചിട്ടുണ്ടെങ്കിലും ആയതിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. തീരുമാനങ്ങൾ എടുക്കാത്ത കാരണങ്ങൾ വ്യക്തമാക്കിയിട്ടുമില്ല.

(സി) എ. ജി. യുടെ 31-3-2001-ലെ താത്കാലിക കണക്കനുസരിച്ച് 23274.62 കോടി രൂപയാണ് പൊതുകടം. ഇതിൽ ആഭ്യന്തര കടം 7260.63 കോടി രൂപയും ചെറുകിട സമ്പാദ്യ പി.എഫ്. നിക്ഷേപങ്ങൾ 9649.43 കോടി രൂപയും കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും 6364.56 കോടി രൂപയുമാണ്.

(ഡി) അതാത് വർഷം 31.3 വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിക്കുന്നത്. അതിനാൽ മേയ് മാസത്തെ കണക്കുകൾ ലഭ്യമല്ല. 1-4-1996-ലെ പൊതുകടം 10,113.54 കോടി രൂപയാണ്.

(ഇ) സംസ്ഥാന സർക്കാരിന്റെ കടം തീർക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക അച്ചടക്കത്തിലധിഷ്ഠിതമായ ചെലവു ചുരുക്കൽ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കുടിശികകൾ പിരിച്ചെടുത്തും നൂതനമായ മാർഗ്ഗങ്ങളിലൂടെ അധിക വിഭവസമാഹരണം നടത്തിയും വരുമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. വിൽപ്പനനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക, നോൺ ടാക്സ് വരുമാനം പുതുക്കി നിശ്ചയിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നു.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാനത്തിന്റെ കടബാദ്ധ്യത

1 [280] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻസർക്കാരിന്റെ സാമ്പത്തിക നയങ്ങൾമൂലം സർക്കാരിനുണ്ടായ കടബാദ്ധ്യത എത്ര;

(സി) 1991-96 കാലഘട്ടത്തിലെ സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു;

(ഡി) മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു?

ഉത്തരം

(എ) അനാവശ്യച്ചെലവുകൾ കർശനമായി വെട്ടിച്ചുരുക്കുക, കുടിശ്ശികകൾ കർശനമായും പിരിച്ചെടുക്കുക, നൂതനമായ വിഭവ സ്രോതസുകളിലൂടെ അധിക വിഭവ സമാഹരണം നടത്തുക എന്നീ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.

(ബി) കഴിഞ്ഞ നാലു വർഷത്തെ കടബാദ്ധ്യത 10062.52 കോടി രൂപയായി താൽക്കാലികമായി കണക്കാക്കിയിരിക്കുന്നു. 2000-2001-ലെ കണക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ച ശേഷമേ കടബാദ്ധ്യതയുടെ പൂർണ്ണ രൂപം ലഭിക്കുകയുള്ളൂ.

(സി) 1995-96 സാമ്പത്തിക വർഷാവസാനം ആകെ 10,113.54 കോടി രൂപ.

(ഡി) 2000 മാർച്ച് 31-ലെ കണക്കനുസരിച്ച് ആകെ 20,176.06 കോടി രൂപ. 2000-2001 വർഷത്തെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ പക്കൽനിന്നും ലഭിച്ചിട്ടില്ല.

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടികൾ

2 [281] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഈ ഗവൺമെന്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനം ഇത്തരത്തിലുള്ള ഒരു കടക്കെണിയിൽ അകപ്പെടാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനാവശ്യ ചെലവുകൾ കർശനമായി വെട്ടിച്ചുരുക്കുക, കുടിശ്ശികകൾ കർശനമായും പിരിച്ചെടുക്കുക, നൂതനമായ വിഭവ സ്രോതസുകളിലൂടെ അധിക വിഭവ സമാഹരണം നടത്തുക എന്നീ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനം കടക്കെണിയിൽ അകപ്പെടാനുള്ള കാരണങ്ങൾ വിലയിരുത്തിയശേഷം സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി സർക്കാർ ധവള പത്രം പുറപ്പെടുവിച്ചിട്ടുണ്ട്. അനിയന്ത്രിതമായ റവന്യൂ ചെലവ്, റവന്യൂ കമ്മിയിലെ വർദ്ധനവ്, പൊതു കടത്തിലുണ്ടായ അസാധാരണമായ വളർച്ച,

LIBRARY ARCHIVES Kerala Legislative Assembly

നിത്യദാനച്ചെലവുകൾക്കുവേണ്ടി കടം വാങ്ങൽ, വർദ്ധിച്ചുവരുന്ന ശമ്പള പെൻഷൻ ബാദ്ധ്യതകൾ, കടവും പലിശയും തിരിച്ചടയ്ക്കുന്നതിൽ വർദ്ധിച്ചുവരുന്ന ബാധ്യതകൾ എന്നിവയാണ് കടക്കെണിയിൽ അകപ്പെടാനുണ്ടായ കാരണങ്ങൾ.

സബ്സിഡി കുടിശ്ശിക

3 [282] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനും ട്രാൻസ്പോർട്ട് കോർപ്പറേഷനും സർക്കാർ സബ്സിഡി നൽകാനുണ്ടോ;

(ബി) എങ്കിൽ 31-3-2001-ലെ സബ്സിഡി കുടിശിക എത്ര രൂപ വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സബ്സിഡി കുടിശിക എന്ന് കൊടുത്തു തീരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൗവർ, ഗതാഗതം എന്നി ഡിമാൻറുകളിൽ നിന്നും സബ്സിഡി ഒന്നും തന്നെ നൽകാനില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശമ്പള പരിഷ്കരണംമൂലം സംസ്ഥാനത്തിനുണ്ടായ അധിക ചെലവ്

4 [283] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 മാർച്ചിൽ നടപ്പിലാക്കിയ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണംമൂലം സംസ്ഥാനത്തിനുണ്ടായ പ്രതിവർഷ അധിക ചെലവ് എത്ര;

(ബി) പ്ലസ് ടു പഠന സമ്പ്രദായം നടപ്പിലാക്കിയതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ അധിക ചെലവ് എത്ര;

(സി) സംസ്ഥാനത്തിന്റെ ശമ്പള ചെലവ് നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 460 കോടി രൂപ.

(ബി) പ്ലസ് ടു നടപ്പിലാക്കിയതുവഴിയുള്ള നടപ്പുവർഷ ബാദ്ധ്യത 210 കോടി രൂപയാണ്. കൂടാതെ 53 കോടി രൂപ മുൻകൊല്ലത്തെ ശമ്പള ഇനത്തിൽ കൊടുത്തുതീർക്കാനുണ്ട്.

(സി) സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ 32.58 ശതമാനമാണ് ശമ്പള ചെലവ്.



LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്ത് സമിതിക്കായി 2000-2001-ലെ ബഡ്ജററ് വിഹിതം

5 [284] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സമിതികൾക്കായി 2000-2001 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ എത്ര രൂപ നൽകാനാണ് ബഡ്ജററിൽ വകയിരുത്തിയതെന്ന് വെളിപ്പെടുത്താമോ; ഇതിൽ എത്ര രൂപ കഴിഞ്ഞ സാമ്പത്തികവർഷം നൽകി;

(ബി) നാലാം ഗഡു നൽകാതിരിക്കാൻ കാരണം എന്താണെന്നും ആ തുക നൽകാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജില്ലാ പഞ്ചായത്തുകൾക്കായി 15,306.47 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾക്കായി 14,879.09 ലക്ഷം രൂപയും, വില്ലേജ് പഞ്ചായത്തുകൾക്കായി 60,891.16 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ജില്ലാ പഞ്ചായത്തുകൾക്ക് മൂന്നു ഗഡുക്കളിലായി 11,488.55 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്കും വില്ലേജ് പഞ്ചായത്തുകൾക്കും നൽകിയ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 2000-2001 വർഷത്തെ പദ്ധതി ചെലവിൽ 25 ശതമാനം കുറവ് വരുത്തിയതുമൂലമാണ് നാലാം ഗഡു നൽകാതിരുന്നത്. അതിനാൽ പ്രസ്തുത തുക നൽകുന്ന കാര്യം ഉദിക്കുന്നില്ല.

സർക്കാരിന്റെ പൊതു കടം

6 [285] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര;

(ബി) പ്രസ്തുത കടം ഏതെല്ലാം സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 31-3-2001-ലെ താൽക്കാലിക കണക്കു പ്രകാരം സംസ്ഥാനത്തിന്റെ പൊതു കടം 23,274.62 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് ഇത്തരത്തിലാണ് തിരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## സർക്കാരിന്റെ പൊതു കടം

7 [286] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ലെ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ എത്ര കോടി രൂപയുടെ പൊതു കടം ഉണ്ടായിരുന്നു; വിവിധയിനങ്ങളിൽ നൽകേണ്ട കുടിശ്ശികകൾ എത്ര കോടി രൂപയാണ്; വിശദമായ സ്റ്റേററ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 1996-ൽ അന്നത്തെ ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ കരാറുകാരുടെ കുടിശ്ശിക, കർഷക തൊഴിലാളി പെൻഷൻ, കശുവണ്ടി തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിധവാ പെൻഷൻ, കയർ തൊഴിലാളി പെൻഷൻ, കൈത്തറി തൊഴിലാളി പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര കോടി രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നത് എന്ന സ്റ്റേററ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ?

### ഉത്തരം

(എ) 1996 മാർച്ച് 31-ലെ കണക്കു പ്രകാരം സംസ്ഥാനത്തിന്റെ പൊതു കടം 10,113.54 കോടി രൂപ. വിവിധ ഇനങ്ങളിൽ നൽകേണ്ട കുടിശ്ശിക 358.09 കോടി രൂപ. വിശദമായ സ്റ്റേററ്മെന്റ് †അനുബന്ധമായി ചേർക്കുന്നു.

(ബി) 1996-ൽ അന്നത്തെ സർക്കാർ അധികാരം ഒഴിയുമ്പോൾ വിവിധ പെൻഷൻ ഇനത്തിൽ 32.13 കോടി രൂപയും, കരാറുകാരുടെ കുടിശ്ശിക 325.96 കോടി രൂപയുമായിരുന്നു. വിശദമായ സ്റ്റേററ്മെന്റ് ‡അനുബന്ധമായി ചേർക്കുന്നു.

## സാമ്പത്തിക കുടിശ്ശിക

8 [287] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പൊതു കടം എത്ര കോടി രൂപയാണ്;

(ബി) കഴിഞ്ഞ 5 വർഷം മുൻപ് ഇത് എത്ര കോടി രൂപയായിരുന്നു;

(സി) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക കുടിശ്ശിക എത്ര കോടി രൂപ;

(ഡി) ഇത് ഏതെല്ലാം ഇനങ്ങളിൽ കൊടുക്കുവാനുള്ളതാണെന്ന് വിശദമാക്കുമോ?

---

†അനുബന്ധം I

‡അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-3-2001-ൽ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് 23,274.62 കോടി രൂപ.

(ബി) 1996 മാർച്ച് 31-ലെ കണക്കനുസരിച്ച് 10,113.54 കോടി രൂപ.

(സി) 3477 കോടി രൂപ.

(ഡി) സഹകരണ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, കേരള അടിസ്ഥാന സൗകര്യ വികസന നിധി, (ഖജനാവിലെ പൊതു കണക്ക് നിലനിർത്തിയത്) പ്ലസ് 2 ബാദ്ധ്യത, മരുന്ന് വിതരണക്കാർക്കും കോൺട്രാക്ടർമാർക്കും കൊടുക്കാനുള്ള തുക, ഉച്ചഭക്ഷണ പരിപാടി, ഡി. എ./ഡി. ആർ. പ്രഖ്യാപിച്ചത് മററു വക.

## എൽ. ഐ. സി./ജി. ഐ. സി. എന്നിവയിൽ നിന്നുള്ള സാമ്പത്തിക സഹായം

9 [288] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മുതൽ 2001 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എൽ. ഐ. സി., ജി. ഐ. സി. എന്നിവയിൽ നിന്നും ഹൗസിംഗിനുവേണ്ടി എത്ര രൂപ കടമെടുത്തിട്ടുണ്ട്; ഇപ്രകാരം ലഭിച്ച തുകയിൽ എന്തു തുക ഈ കാര്യത്തിനായി വിനിയോഗിച്ചിട്ടുണ്ട്; എത്ര രൂപ തിരിച്ചടച്ചിട്ടുണ്ട്;

(ബി) ഹൗസിംഗ് അല്ലാതെ മററ് എന്തെങ്കിലും ആവശ്യത്തിനായി ഈ തുക ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതിനെല്ലാം;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ എൽ. ഐ. സി., ജി. ഐ. സി. എന്നിവയിൽ നിന്നും എന്തു തുക പ്രതീക്ഷിച്ചു; എത്ര തുക ലഭിച്ചു?

ഉത്തരം

(എ) 901.77 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ തുക മൊത്തത്തിൽ ഭവന നിർമ്മാണത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. 50.37 കോടി രൂപ തിരിച്ചടച്ചു.

(ബി) ഇല്ല.

(സി) 223.26 കോടി രൂപ പ്രതീക്ഷിച്ചു. 191.58 കോടി രൂപ ലഭിച്ചു.

## പെൻഷനുകളുടെയും തൊഴിലില്ലായ്മ വേതനത്തിന്റെയും കുടിശ്ശിക

10 [289] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വിവിധ പെൻഷനുകളും തൊഴിലില്ലായ്മ വേതനവുമടക്കം എത്ര രൂപ കൊടുത്തുതീർക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോയിനത്തിലും എത്ര മാസത്തെവീതം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എപ്പോൾ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (1) വികലാംഗർക്കും മന്ദബുദ്ധികൾക്കും ആയുള്ള പെൻഷൻ—406.90 ലക്ഷം രൂപ.

(2) വിധവാ (അഗതി) പെൻഷൻ—659.98 ലക്ഷം രൂപ.

(3) വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം)—205.61 ലക്ഷം രൂപ.

(4) കർഷക തൊഴിലാളി പെൻഷൻ (31-3-2001 വരെ)—2900.45 ലക്ഷം രൂപ.

(5) തൊഴിൽരഹിത വേതനം(2000 ഏപ്രിൽ മുതൽ 2001 ഏപ്രിൽ വരെ)—6060.00 ലക്ഷം രൂപ.

(ബി) വകുപ്പു മേധാവികളിൽ നിന്നും ലഭ്യമായ വിവരം താഴെ ചേർക്കുന്നു:

(1) വികലാംഗർക്കും മന്ദബുദ്ധികൾക്കുമായുള്ള പെൻഷൻ

തിരുവനന്തപുരം ജില്ല—4 മാസം, കൊല്ലം—5 മാസം, പത്തനംതിട്ട—5 മാസം, ആലപ്പുഴ—5 മാസം, കോട്ടയം—5 മാസം, ഇടുക്കി—2 മാസം, എറണാകുളം—2 മാസം, തൃശ്ശൂർ—4 മാസം, പാലക്കാട്—5 മാസം, മലപ്പുറം—6 മാസം, കോഴിക്കോട്—5 മാസം, കണ്ണൂർ—4 മാസം, വയനാട്—2 മാസം, കാസർഗോഡ്—5 മാസം.

(2) വിധവാ (അഗതി) പെൻഷൻ പദ്ധതി

തിരുവനന്തപുരം ജില്ല—1 മാസം, കൊല്ലം—5 മാസം, പത്തനംതിട്ട—5 മാസം, ആലപ്പുഴ—6 മാസം, കോട്ടയം—5 മാസം, ഇടുക്കി—23 മാസം, എറണാകുളം 2 മാസം, തൃശ്ശൂർ—5 മാസം, പാലക്കാട്—5 മാസം, മലപ്പുറം—9 മാസം, കോഴിക്കോട്—5 മാസം, കണ്ണൂർ—5 മാസം, വയനാട്—3 മാസം, കാസർഗോഡ്—5 മാസം.

(3) ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

തിരുവനന്തപുരം—കുടിശ്ശിക ഇല്ല, കൊല്ലം—9 മാസം, പത്തനംതിട്ട—7 മാസം, ആലപ്പുഴ—7 മാസം, കോട്ടയം—6 മാസം, ഇടുക്കി—12 മാസം, എറണാകുളം—3 മാസം, തൃശ്ശൂർ—കുടിശ്ശിക ഇല്ല, പാലക്കാട്—6 മാസം, മലപ്പുറം—10 മാസം, കോഴിക്കോട്—6 മാസം, കണ്ണൂർ—12 മാസം, വയനാട്—10 മാസം, കാസർഗോഡ്—1 മാസം.

(4) കർഷക തൊഴിലാളി പെൻഷൻ

1-11-2000 മുതൽ 31-3-2001 വരെ—5 മാസം.

LIBRARY ARCHIVES Kerala Legislative Assembly

(5) തൊഴിൽരഹിത വേതനം

2000 ഏപ്രിൽ മുതൽ 2001 ഏപ്രിൽ വരെ—13 മാസം.

(സി ആൻറ് ഡി) സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശികകൾ കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കരാറുകാരുടെ കുടിശ്ശിക

11 [290] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്ര;

(ബി) കരാറുകാർക്ക് അവർ ചെലവഴിച്ച തുക തിരികെ ലഭിക്കാതെ വന്നതുകാരണം ഇപ്പോൾ പുതിയ കരാറുകൾ ഒന്നും ഏറ്റെടുക്കുന്നില്ലെന്നും അതു കാരണം വികസന പ്രവർത്തനങ്ങൾക്ക് മുടക്കം വന്നിരിക്കുകയാണെന്നും ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിശ്ശിക കൊടുത്തു തീർക്കാൻ എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

| | | | | |
|---|---|---|---|---|
| (എ) | (1) | റോഡുകളും പാലങ്ങളും | — | 687.15 കോടി രൂപ. |
| | (2) | കെട്ടിട വിഭാഗം | — | 76.19 ,, |
| | (3) | നാഷണൽ ഹൈവേ | — | 5.55 ,, |
| | (4) | ജലസേചനവും ഭരണവും | — | 54.90 ,, |
| | (5) | ജലസേചനം—പ്രോജക്ട്-1 | — | വിവരം ശേഖരിച്ചു വരുന്നു. |
| | (6) | ടി പ്രോജക്ട്-2 | — | 19 കോടി രൂപ. |
| | (7) | ടി പ്രോജക്ട്-3 | — | വിവരം ശേഖരിച്ചു വരുന്നു. |
| | (8) | ഇറിഗേഷൻ ഡിസൈൻ ആൻറ് റിസർച്ച് ബോർഡ് | — | 1.46 കോടി രൂപ. |
| | (9) | ഇറിഗേഷൻ (ഇൻവെസ്റ്റിഗേഷൻ) | — | 1.74 ,, |
| | | ആകെ | | 845.99 കോടി രൂപ. |

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയിൽ 1999 മാർച്ച് 31 വരെയുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്. തുടർന്നുള്ള കാലയളവിലെ കുടിശ്ശിക തുകകൾ കരാറുകാരുടെ ബിൽ തീയതി അനുസരിച്ച് മുൻഗണനാ ക്രമത്തിൽ ബഡ്ജററ് വിഹിതത്തിനനുസരിച്ച് കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## ആദായ നികുതി വിഹിതം

12 [291] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് 2001-2002 വർഷം ലഭിക്കേണ്ട ആദായ നികുതി വിഹിതം എത്രയാണ്;

(ബി) ഈ വർഷം ഈ ഇനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം പൂർണ്ണമായും ലഭിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം ഈ വർഷം മുതൽ സംസ്ഥാനത്തിന് ലഭിക്കുന്നത് ഇനം തിരിച്ചല്ല. ആദായ നികുതി, കേന്ദ്ര എക്സൈസ് തീരുവ എന്നീ ഇനങ്ങളിൽ 2001-2002-ൽ പ്രതീക്ഷിക്കുന്ന വരവ് 1,637.21 കോടി രൂപയാണ്.

(ബി) ഈ വർഷം കേന്ദ്ര നികുതി വിഹിതമായി ഇതുവരെ 406.17 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) നടപടികൾ ആവശ്യമില്ല. വിഹിതം യഥാസമയം ലഭിക്കുന്നുണ്ട്.

## നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

13 [292] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ലഭിക്കാനുള്ള നികുതി കുടിശ്ശിക എത്രയാണ്;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നികുതി കുടിശ്ശിക തടസ്സമില്ലാതെ പിരിച്ചെടുക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന് ലഭിക്കാനുള്ള നികുതി കുടിശ്ശികയുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു;

| | | |
|---|---|---|
| രജിസ്ട്രേഷൻ | .. | 1,613.80 ലക്ഷം രൂപ |
| മോട്ടോർ വാഹനം | .. | 3,861.00 ,, |
| അബ്കാരി | .. | 20,994.44 ,, |
| ലാൻറ് റവന്യൂ | . | 8,995.04 ,, |
| റവന്യൂ റിക്കവറി | .. | 89,881.56 ,, |
| വിൽപ്പന നികുതി<br>കാർഷികാദായ നികുതി | .. | 1,36,427 ,, |

(ബി) കോടതികളുടെ ഇടക്കാല സ്റ്റേ ഉത്തരവുകളും റവന്യൂ റിക്കവറി നടപടികളിലുണ്ടാകുന്ന കാലതാമസവും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(സി) കുടിശ്ശിക തടസ്സമില്ലാതെ പിരിച്ചെടുക്കുന്നതിലേക്കായി കോടതി മുഖാന്തിരമുള്ള സ്റ്റേ ഒഴിവാക്കിക്കിട്ടുന്നതിനും കേസ്സുകൾ തീർപ്പാക്കുന്നതിനും ഗവൺമെൻറ് പ്ലീഡർമാർ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുകൂട്ടി നടപടികൾ വിലയിരുത്തുകയും കുടിശ്ശിക പിരിവ് ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

വില്പന നികുതി കുടിശ്ശിക

14 [293] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് വില്പന നികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) വില്പന നികുതി സംബന്ധമായി എത്ര കേസ്സുകൾ വിവിധ കോടതികളിലും ട്രൈബ്യൂണലുകളിലുമായി തീർപ്പാകാതെ കിടക്കുന്നുണ്ട്;

(ഡി) പ്രസ്തുത കേസ്സുകളിൽ തീർപ്പുകൽപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷം മുതൽ 2000-2001 സാമ്പത്തിക വർഷം വരെയുള്ള വില്പന നികുതിയിനത്തിൽ 5886.06 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകം സ്റ്റേററ്മെൻറായി ചേർത്തിരിക്കുന്നു†.

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1995-96 സാമ്പത്തിക വർഷം മുതൽ 2000-2001 സാമ്പത്തിക വർഷം വരെയുള്ള വില്പന നികുതി പിരിവിന്റെ ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേക സ്റ്റേറ്റുമെന്റായി ചേർത്തിരിക്കുന്നു†.

(സി) 10-6-2001-ലെ കണക്കു പ്രകാരം 4129 കേസ്സുകൾ ഹൈക്കോടതിയിൽ തീർപ്പാകാതെ കിടക്കുന്നുണ്ട്. ട്രൈബ്യൂണലുകളിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഡെപ്യൂട്ടി കമ്മീഷണർ (നിയമം) അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, അസസിംഗ് ആഫീസർമാർ എന്നിവർ ചേർന്ന് ചർച്ച നടത്തി കഴിയുന്നത്ര വേഗത്തിൽ പ്രസ്തുത കേസ്സുകളിൽ തീർപ്പുകൽപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാപ്പിയുടെ വിലത്തകർച്ച

15 [294] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിലത്തകർച്ചമൂലം ഉളവായിട്ടുള്ള കാപ്പികൃഷിക്കാരുടെ ദുരിതങ്ങൾ പരിഗണിച്ച് കാപ്പിയുടെ പർച്ചേഴ്സ് ടാക്സ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഇപ്പോൾ ആലോചനയിലില്ല.

## വില്പന നികുതി വകുപ്പിലെ എൽ. ഡി. സി. മാരുടെ ഒഴിവ്

16 [295] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വില്പന നികുതി വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകൾ നികത്താൻ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) ഒഴിവുകൾ നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ഈടാക്കാത്ത വില്പന നികുതിയുടെ പേരിൽ ജപ്തി നടപടികൾ

17 [296] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നെൽകർഷകരെ സഹായിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ നെല്ല് സംഭരണ പദ്ധതിപ്രകാരം നെല്ല്

† അനുബന്ധം IV



LIBRARY ARCHIVES Kerala Legislative Assembly

സംഭരിച്ച് സഹകരണ സംഘങ്ങൾക്കെതിരെ അവർ ഈടാക്കാത്ത വില്പന നികുതിയുടെ പേരിൽ ജപ്തി നടപടികൾ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശികയുടെ ബാദ്ധ്യതയിൽ നിന്നും പ്രാഥമിക സംഘങ്ങളെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്ന്;

(ഡി) ഇതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഗവൺമെന്റിന്റെ പദ്ധതിയുമായി സഹകരിച്ച സംഘങ്ങൾ പീഡിപ്പിക്കപ്പെടുന്ന സ്ഥിതി ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

(എ) നെല്ല് സംഭരണ സഹകരണ സംഘങ്ങൾ സംഭരിച്ച നെല്ല് വില്പന നടത്തുമ്പോൾ വില്പന നികുതി നിയമ പ്രകാരം നികുതി ബാദ്ധ്യത വരുന്നുണ്ട്. അപ്രകാരമുള്ള നികുതി അവർ ഈടാക്കിയിട്ടില്ലെന്ന കാരണം കൊണ്ട് നികുതി ബാദ്ധ്യത ഒഴിവാകുന്നില്ല. വില്പന നികുതി നിയമ പ്രകാരം നികുതി ബാദ്ധ്യതയുള്ളവർ നികുതി യഥാസമയം അടയ്ക്കാതിരുന്നാൽ ആ തുക ഈടാക്കുന്നതിനുവേണ്ടി ജപ്തി നടപടികൾ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ നികുതി നിർണ്ണയാധികാരികൾ നിർദ്ദേശിക്കാറുണ്ട്.

(ബി) മുതൽ (ഇ) വരെ കുടിശ്ശിക ബാദ്ധ്യത ഒഴിവാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

## പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന് നൽകുവാനുള്ള കുടിശ്ശിക (ധവളപത്രം)

18 [297] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പുറപ്പെടുവിച്ച ധവളപത്രത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന് തിരിച്ചടയ്ക്കുവാനുള്ള ലോൺ, പലിശ എന്നീ ഇനങ്ങളിൽ എത്ര കോടി രൂപയുടെ ബാദ്ധ്യതയുണ്ട്;

(ബി) ധവളപത്രത്തിലെ നിർദ്ദേശങ്ങൾ പ്രകാരം വൈദ്യുതി ചാർജ്, യാത്രാക്കൂലി, വെള്ളക്കരം എന്നിവയിലെ വർദ്ധനവുമൂലം എത്ര കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു;

(സി) കെ. എസ്. ഇ. ബി., കെ. ഡബ്ല്യു. എ., കെ. എസ്. ആർ. ടി. സി. എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന് നൽകാനുള്ള കുടിശ്ശികയിൽ എത്ര കോടി രൂപ നടപ്പിലാക്കാനുദ്ദേശിക്കുന്ന നിരക്ക് വർദ്ധനവിനുശേഷം സർക്കാർ ഖജനാവിലേക്ക് പ്രതീക്ഷിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിരക്കു വർദ്ധനവിനോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളുടെ സർക്കാരിലേക്കുള്ള കുടിശ്ശിക തീർക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പരാമർശിച്ചിട്ടുള്ളതനുസരിച്ച് ധവളപത്രത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 1990-91 മുതൽ 1999-2000 വരെ 2087.57 കോടി രൂപ ലോൺ നൽകിയിട്ടുണ്ട്. പലിശയിനത്തിൽ ബാദ്ധ്യത പ്രത്യേകം കാണിച്ചിട്ടില്ല.

(ബി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) നിരക്കു വർദ്ധന നടപ്പിലാക്കാൻ ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ഡി) (സി)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ട്രഷറി പേയ്മെന്റിന് നിയന്ത്രണം

19 [298] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1990–1991 മുതൽ 2000–2001 വരെ ഓരോ വർഷവും എത്ര ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസും ഓവർഡ്രാഫ്റ്റും എടുക്കേണ്ടി വന്നുവെന്നും എന്തു തുക വീതമാണ് ഓരോ വർഷവും എടുക്കേണ്ടി വന്നതെന്നും വ്യക്തമാക്കുമോ;

(ബി) 1996–97 സാമ്പത്തിക വർഷം മുതൽ 2000–2001 വരെ ഏതെല്ലാം വർഷങ്ങളിൽ എത്ര ദിവസം വീതം ട്രഷറി പൂട്ടിയിടേണ്ടിവന്നിട്ടുണ്ട്; എത്ര ദിവസങ്ങളിൽ ട്രഷറി പേയ്മെന്റിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നു;

(സി) ട്രഷറി പേമെന്റിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുന്നത് ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി† ചേർത്തിരിക്കുന്നു.

(ബി) 1996–97 മുതൽ 2000–2001 വരെയുള്ള വർഷങ്ങളിൽ ട്രഷറി പൂട്ടിയിടേണ്ടിവന്നിട്ടില്ല. ട്രഷറി ഇടപാടുകൾക്ക് ചില സ്ഥിര നിയന്ത്രണങ്ങൾ എല്ലാ ദിവസവും ഉണ്ടായിരുന്നു.

(സി) അനാവശ്യ ചെലവുകൾ ചുരുക്കിയും റവന്യൂ വരുമാനം വർദ്ധിപ്പിച്ചും വിഭവസമാഹരണം നടത്തി ട്രഷറി നിയന്ത്രണങ്ങൾ ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ സഹകരണ ബാങ്കുകളുടെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ച നടപടി

20 [299] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഇതര സഹകരണ ബാങ്കുകളിൽനിന്നുമായി 2001 ഏപ്രിൽ 30 വരെ എന്തു തുക സർക്കാർ കടമെടുത്തിട്ടുണ്ട് ;

(ബി) ഏതെങ്കിലും സഹകരണ സ്ഥാപനത്തിന്റെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നോ ;

(സി) എങ്കിൽ ഈ നിർദ്ദേശം നിയമവിധേയമാണോ ;

(ഡി) ഇത്തരത്തിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പണം വാങ്ങി സർക്കാർ ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(ഇ) ട്രഷറിയിൽ നിക്ഷേപിച്ച പണം തിരികെ കിട്ടാത്തതുമൂലം സഹകരണ ബാങ്കുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളും ഇതര സഹകരണ ബാങ്കുകളും ട്രഷറിയിൽ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്. 2001 ഏപ്രിൽ 30 വരെയുള്ള കണക്കു പ്രകാരം 643.27 കോടി രൂപ തിരിച്ചുനൽകാനുണ്ട്.

(ബി) പൊതുവായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) അനിയന്ത്രിതമായ റവന്യൂ ചെലവ്, പൊതുകടത്തിലുണ്ടായ വർദ്ധന, ശമ്പള-പെൻഷൻ ബാദ്ധ്യത, കടവും പലിശയും തിരിച്ചടയ്ക്കാനുള്ള വക മുതലായ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായപ്പോൾ നിത്യനിദാന ചെലവുകൾ നേരിടുന്നതിനുവേണ്ടി ട്രഷറി നിക്ഷേപങ്ങൾ വിനിയോഗിക്കേണ്ടിവന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓഡിററ് കമ്മീഷൻ

21 [300] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഓഡിററ് കമ്മീഷൻ' രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഓഡിററ് കമ്മീഷൻ രൂപീകരണത്തിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഓഡിററ് കമ്മീഷൻ രൂപീകരിക്കുമ്പോൾ നിലവിലുള്ള ലോക്കൽ ഫണ്ട് ഓഡിററ് വകുപ്പിനെ കമ്മീഷനിൽ ലയിപ്പിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ഓഡിററ് കമ്മീഷന്റെ ഘടന എന്തായിരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിററിന് മാത്രമായി ഒരു സ്വതന്ത്ര കമ്മീഷൻ രൂപീകരിക്കണമെന്ന് സെൻ കമ്മിററി 23-12-1997-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നെങ്കിലും ഇത് സംബന്ധിച്ച ഒരു തീരുമാനവും സർക്കാർ എടുത്തിട്ടില്ല.

(ബി) ഓഡിററ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല.

(സി ആൻറ് ഡി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

ജനകീയ ആസൂത്രണ കണക്കുകളുടെ ഓഡിററ്

22 [301] ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിററ് വകുപ്പ് ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ ഓഡിററ് ചെയ്യുമ്പോൾ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ വരവു ചെലവു കണക്കുകൾ ഓഡിററ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നില്ല എന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഒരു സ്ഥാപനത്തിലെ വാർഷിക കണക്കുകൾ ഓഡിററു ചെയ്യുമ്പോൾ ആ സ്ഥാപനത്തിൽ ഒരു സാമ്പത്തികവർഷം ലഭ്യമായ മുഴുവൻ വരവു ചെലവു കണക്കുകളും ലഭ്യമാക്കി സ്ററാററ്യൂട്ടറി ഓഡിററ് ശക്തിപ്പെടുത്തുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരത്തിൽ സ്ററാററ്യൂട്ടറി ഓഡിററ് ശക്തിപ്പെടുത്തി ലോക്കൽ ഫണ്ട് ഓഡിററ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും ഓഡിററ് സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഓഡിററ് നടക്കുമ്പോൾ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിററ് വകുപ്പ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നില്ല എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) വാർഷിക കണക്കുകൾ ഓഡിററ് ചെയ്യുമ്പോൾ ആ സാമ്പത്തിക വർഷത്തിലെ മുഴുവൻ വരവുചെലവു കണക്കുകളും ഓഡിററിന് വിധേയമാക്കുകയാണ് ചെയ്യുന്നത്.

(സി) ഓഡിററിംഗ് പരമാവധി കാര്യക്ഷമമാക്കുവാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വായ്പ എഴുതിത്തള്ളിയ നടപടി

23 [302] ശ്രീ.റ്റി.യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1995–നും 2000–നും ഇടയ്ക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൊടുത്ത വായ്പ എഴുതി തള്ളിയിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം ; എത്ര തുക വീതം ഇപ്രകാരം എഴുതിത്തള്ളിയിട്ടുണ്ട് ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിക്കണമെന്ന ആവശ്യം

24 [303] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിൽ സ്ഥിരം ജീവനക്കാർക്ക് ശമ്പളമില്ലാത്ത ദീർഘകാല അവധി അനുവദിക്കാറില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിക്കുന്നതു പോലെ കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്കും അവധി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-1-1996–ലെ സർക്കാർ സർക്കുലർ 10432/ബി.പി.ഇ1/95/പ്ലാനിംഗ് അനുസരിച്ച് ദീർഘകാല അവധി അനുവദിക്കുമ്പോഴുണ്ടാകുന്ന ഒഴിവിൽ പകരം നിയമനം നടത്താതെ തന്നെ കമ്പനിക്ക് അതിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെങ്കിൽ മാത്രമേ അത്തരം അവധി അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.എഫ്.ഇ -യിൽ ശമ്പളമില്ലാത്ത ദീർഘകാല അവധി അനുവദിക്കുമ്പോഴുണ്ടാകുന്ന ഒഴിവ് പുതിയ നിയമനംവഴി നികത്താതെ അതിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇതാണ് കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ശമ്പളമില്ലാത്ത ദീർഘകാല അവധി അനുവദിക്കാത്തതിനു കാരണം.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

അബ്കാരികളുടെ കുടിശ്ശിക

25 [304] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ അബ്കാരികളുടെ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര തുകയാണ് എഴുതിത്തള്ളിയതെന്നും എത്ര വർഷത്തേക്കാണെന്നും; തുക എഴുതിത്തള്ളാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഖജനാവിന്റെ സ്ഥിതി മോശമായിരുന്നിട്ടും തുക എഴുതിതള്ളുവാൻ ഉണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആൻറ് (സി) മുതലും പലിശയുമടക്കം 29,83,127.85 രൂപ എഴുതിത്തള്ളിയിട്ടുണ്ട്. പിരിഞ്ഞു കിട്ടുവാൻ യാതൊരു സാദ്ധ്യതയും ഇല്ലാത്തതാണ് എഴുതിത്തള്ളാനുള്ള സാഹചര്യം.

## അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

26 [305] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി എക്സൈസ് റേഞ്ച് ഓഫീസിന് കീഴിൽ പിരിഞ്ഞു കിട്ടാനുള്ള അബ്കാരി കുടിശ്ശിക എത്രയാണ് ;

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുതലും പലിശയുമടക്കം 32,38,504.00 രൂപ.

(ബി) റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമായി തുടർന്നുവരുന്നു.

## കള്ളുവ്യവസായത്തിന്റെ നടത്തിപ്പിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ

27 [306] ശ്രീ. കെ. പി. രാജേന്ദ്രൻ:
" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് കള്ള് വ്യവസായത്തിന്റെ നടത്തിപ്പിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) നിലവിലുള്ള തൊഴിലാളി സഹകരണ സംഘങ്ങൾ പിരിച്ചുവിടുന്നതിനും കരാറുകാർക്ക് ലേലം ചെയ്ത് കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കള്ള് ഷാപ്പുകളുടെ ലേലസംഖ്യ നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ;

(ഡി) സർക്കാർ എത്ര കോടി രൂപയാണ് ഈ വ്യവസായത്തിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) 1995-96, 1996-97, 1997-98, 1998-99, 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ ലേലത്തിലൂടെ ലഭിച്ച സംഖ്യ എത്ര ; 2001-2002-ൽ സഹകരണസംഘം വഴി ലഭിക്കുന്ന സംഖ്യ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റേഞ്ച്/താലൂക്ക് തലങ്ങളിൽ കള്ള് ചെത്ത് തൊഴിലാളി സഹകരണസംഘങ്ങൾ രൂപീകരിച്ച് ടി സംഘങ്ങൾവഴി കള്ളുവിൽപ്പന നടത്തി വരുന്നു.

(ബി) സഹകരണസംഘങ്ങൾ പിരിച്ചുവിടുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

(സി) 1995-96 സാമ്പത്തികവർഷത്തെ കള്ളുഷാപ്പുകളുടെ ലേലത്തുകയാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

(ഡി) 25.48 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

1995-96-ൽ 22,51,18,212 രൂപ
1996-97-ൽ 57,22,43,450 ,,
1997-98-ൽ 1,24,78,57,663 ,,
1998-99-ൽ 83,37,39,563 ,,
1999-2000-ൽ 1,24,25,28,394 ,,
2000-2001-ൽ 1,46,44,07,079 ,,
2001-2002-ൽ 25,48,51,918 രൂപ സഹകരണസംഘംവഴി ലഭിക്കും.

കള്ള് സഹകരണസംഘങ്ങൾ

28 [307] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് എന്നാണ് നിലവിൽ വന്നത് ; ഇതനുസരിച്ച് സംസ്ഥാനത്ത് എത്ര കള്ള് സഹകരണസംഘങ്ങൾ നിലവിലുണ്ട് ;

(ബി) ഇതിൽ സി.ഐ.ടി.യു. അംഗങ്ങൾ ഭരണസമിതി ഭാരവാഹികളായി എത്ര സംഘങ്ങൾ ഉണ്ട് ; മററ് ട്രേഡ് യൂണിയൻ അംഗങ്ങൾ ഭാരവാഹികളായി എത്ര സംഘങ്ങൾ ഉണ്ട് ;

(സി) കള്ള് സഹകരണസംഘങ്ങൾ നിലവിൽ വന്നതിനുശേഷം ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള റവന്യൂ വരുമാനനഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) കള്ള് സഹകരണസംഘങ്ങൾ നടത്തിപ്പിനായി സ്വകാര്യവ്യക്തികൾക്ക് മറിച്ച് നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പാരമ്പര്യ ചെത്തു തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള രീതിയിൽ സംസ്ഥാനത്ത് കള്ള് വിൽപ്പന പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; നിലവിലുള്ള കള്ള് സഹകരണസംഘങ്ങൾ പിരിച്ചു വിടുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കള്ള് സഹകരണസംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചു കൊണ്ടുള്ള ഉത്തരവ് 26-2-2001-ലാണ് നിലവിൽ വന്നത്. ഇതനുസരിച്ച് സംസ്ഥാനത്ത് ആകെ 95 സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സഹകരണസംഘങ്ങൾ രൂപീകരിച്ചത് ട്രേഡ് യൂണിയൻ അടിസ്ഥാനത്തിലല്ല. കള്ള് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ അംഗീകരിക്കപ്പെട്ട തൊഴിലാളികളും കൂടി ചേർന്നാണ് സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ടി സംഘങ്ങളുടെ ഭാരവാഹികളെക്കുറിച്ചുള്ള (അവരുടെ ട്രേഡ് യൂണിയൻ സംബന്ധിച്ചുള്ള) വിവരങ്ങൾ എക്സൈസ് വകുപ്പിൽ ലഭ്യമല്ല.

(സി) കള്ള് ഷാപ്പുകളുടെ ഈ വർഷത്തെ റെൻറൽ നിശ്ചയിച്ചതിൽ കഴിഞ്ഞ വർഷത്തെ തുകയേക്കാൾ 121 കോടി രൂപ കുറവാണ്. നഷ്ടം പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരുന്നു.

(ഡി) ഇത്തരത്തിലുള്ള ആരോപണങ്ങൾ മാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരുന്നു.

(ഇ) ഇക്കാര്യത്തിൽ തൽക്കാലം തീരുമാനം എടുത്തിട്ടില്ല.

## കള്ള് സഹകരണ സംഘങ്ങളുടെ പിരിച്ചുവിടൽ

29 [308] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ :
,, മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കള്ളുഷാപ്പ് സഹകരണസംഘങ്ങൾ പിരിച്ചു വിടുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കള്ള് സഹകരണ സംഘങ്ങൾ പിരിച്ചുവിടുന്നതിന് സർക്കാർ ബദൽ സംവിധാനങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബാധകമല്ല.



LIBRARY ARCHIVES Kerala Legislative Assembly

കള്ളുചെത്ത് സഹകരണസംഘങ്ങളുടെ പിരിച്ചുവിടൽ

30 [309] ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുചെത്ത് സഹകരണസംഘങ്ങൾ പിരിച്ചുവിടാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ബദൽ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ പിരിച്ചുവിടാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചെത്തുതൊഴിലാളി സഹകരണസംഘങ്ങളെ പിരിച്ചുവിടുന്ന നടപടി

31 [310] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുഷാപ്പുകൾ നടത്തുന്ന ചെത്തുതൊഴിലാളി സഹകരണ സംഘങ്ങൾ പിരിച്ചുവിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പകരം എന്ത് സംവിധാനം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചാരായനിരോധനം ഫലപ്രദമാക്കുന്നതിന് നടപടി

32 [311] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ; പ്രസ്തുത ആവശ്യത്തിലേക്ക് ബഡ്ജററിൽ വകകൊള്ളിച്ചിരിക്കുന്ന തുക എപ്രകാരമാണ് ചെലവഴിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ചാരായനിരോധനം ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് (വിശദീകരിക്കാമോ;) വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് 2000 രൂപ വീതം ധനസഹായമായും 30,000 രൂപ വീതം കോമ്പൻസേഷനായും നൽകിയിട്ടുണ്ട്. കൂടാതെ അവരുടെ ക്ഷേമനിധി വിഹിതത്തിലുള്ള തുകയും ഇതോടൊപ്പം തിരിച്ചുനൽകി. ഇതിനായി 1996–97-ലെ ബജററിൽ സപ്ലിമെൻററി ഗ്രാൻറുവഴി 38,87,40,000 രൂപ ചെലവിടുകയും 1,70,70,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

(ബി) ചാരായനിരോധനം ഫലപ്രദമാക്കാൻ ഇപ്പോഴുള്ള നടപടികൾ തുടരുന്നതാണ്. ഇതിനു പുറമെ വ്യാജവാററും സ്പിരിററ് കള്ളക്കടത്തും തടയുന്നതിന് കൂടുതൽ ശക്തമായ നടപടികൾ എടുത്തുവരുന്നുണ്ട്.

## ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

33 [312] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് കള്ളുവ്യവസായത്തിലും വിദേശമദ്യ വ്യാപാരത്തിലും എത്ര തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് ;

(സി) ബിവറേജസ് കോർപ്പറേഷൻ എത്ര വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ നടത്തുന്നുണ്ട് ; ഇതിൽ ഏപ്രിൽ മുതൽ പുതിയതായി എത്ര വിൽപ്പനശാലകൾ ആരംഭിച്ചു ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ 2001 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ വിററുവരവ് എത്ര ?

ഉത്തരം

(എ) ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരിൽ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്ററർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് 2000 രൂപ വീതം സർക്കാർ ധനസഹായം നൽകി. കൂടാതെ 30,000 രൂപ വീതം കോമ്പൻസേഷനായി വിതരണം ചെയ്യുകയുണ്ടായി.

(ബി) കള്ള് വ്യവസായത്തിൽ 41,179 തൊഴിലാളികളും വിദേശമദ്യ വ്യാപാരത്തിൽ 2100 തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്.

(സി) ആകെ 186 ഷോപ്പുകൾ; ഇതിൽ 172 ഷോപ്പുകൾ 2001 ഏപ്രിൽ മുതൽ ആരംഭിച്ചവയാണ്.

(ഡി) ഏപ്രിൽ മാസത്തിൽ 145 കോടിയും മേയ് മാസത്തിൽ 140 കോടിയും വിററുവരവ് ലഭിച്ചു. ജൂൺ മാസത്തേത് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

### വ്യാജ ചാരായ കേസ്സുകൾ

34 [313] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 വർഷങ്ങളിൽ വ്യാജചാരായം സംബന്ധമായ എത്ര കേസ്സുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവങ്ങളോടനുബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്;

(സി) ചാരായനിരോധനം കർശനമായി നടപ്പിൽ വരുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) 45741 കേസുകൾ

| | | |
|---|---|---|
| തിരുവനന്തപുരം | .. | 10798 |
| കൊല്ലം | .. | 9242 |
| ആലപ്പുഴ | .. | 3807 |
| പത്തനംതിട്ട | .. | 3774 |
| കോട്ടയം | . | 1191 |
| ഇടുക്കി | .. | 1915 |
| എറണാകുളം | .. | 856 |
| തൃശ്ശൂർ | .. | 994 |
| പാലക്കാട് | .. | 2359 |
| മലപ്പുറം | .. | 829 |
| കോഴിക്കോട് | .. | 2226 |
| വയനാട് | .. | 1306 |
| കണ്ണൂർ | .. | 3430 |
| കാസർകോട് | .. | 3014 |

(ബി) കേസുകൾ അന്വേഷണം നടത്തി കോടതികളിൽ ചാർജ് ചെയ്യുകയും കുററകൃത്യങ്ങൾ റിപ്പോർട്ടു ചെയ്യുന്ന പ്രദേശങ്ങളിൽ നിരന്തരമായ റെയിഡുകൾ നടത്തുകയും ചെയ്യുന്നു.

(സി) വ്യാജവാററും വിൽപ്പനയും തടയുന്നതിന് പോലീസും എക്സൈസും നിരന്തരം റെയിഡുകൾ നടത്തി വരുന്നു. വാഹനങ്ങൾ പരിശോധിക്കുകയും പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെക്ക്പോസ്ററുകളിൽ പരിശോധന കർശനമാക്കുകയും കൂടാതെ സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള കമ്മിററികളിൽ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ റെയിഡുകൾ നടത്തുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കല്ലുവാതുക്കൽ മദ്യദുരന്തം

35 [314] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലുവാതുക്കൽ മദ്യദുരന്തവുമായി ബന്ധപ്പെട്ടിട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തു നടപടിയാണ് മുൻ സർക്കാർ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

കല്ലുവാതുക്കൽ മദ്യദുരന്തവുമായി ബന്ധപ്പെട്ട് ഒൻപത് (9) എക്സൈസ് ഉദ്യോഗസ്ഥൻമാരെ അന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന

36 [315] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന വഴി 2000-2001-ൽ എത്ര വരുമാനം സർക്കാരിനു ലഭിച്ചു;

(ബി) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുത്തതിനെ തുടർന്ന് 2001 ഏപ്രിൽ-മേയ് മാസങ്ങളിൽ ലഭിച്ച വരുമാനം എത്ര;

(സി) 2001-2002 സാമ്പത്തിക വർഷം ഈയിനത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരുമാനം എത്ര?

### ഉത്തരം

(എ) 2000-2001 സാമ്പത്തിക വർഷം ഈ ഇനത്തിൽ സർക്കാരിന് 1025.93 കോടി രൂപ (ആയിരത്തി ഇരുപത്തി അഞ്ചു കോടി തൊണ്ണൂററി മൂന്ന് ലക്ഷം) ലഭിച്ചു.

(ബി) ഏപ്രിൽ-മേയ് മാസങ്ങളിൽ കോർപ്പറേഷന്റെ വിററുവരവ് 285.14 കോടി രൂപയായിരുന്നു. അററാദായം കണക്കാക്കിയിട്ടില്ല.

(സി) 2001-2002 സാമ്പത്തിക വർഷം ഈയിനത്തിൽ സർക്കാരിന് 1735.52 കോടി രൂപ (ആയിരത്തി എഴുന്നൂററി മുപ്പത്തി അഞ്ചു കോടി അൻപത്തി രണ്ടു ലക്ഷം രൂപ) ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇന്ത്യൻ നിർമ്മിത വിദേശമദ്യ വ്യാപാരം

37 [316] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിതവിദേശമദ്യ വ്യാപാരം ബിവറേജസ് കോർപ്പറേഷൻ നേരിട്ടു നടത്തുന്നതിലൂടെ പ്രതിദിനം ശരാശരി എത്ര രൂപയാണ് സംസ്ഥാന ഖജനാവിൽ കിട്ടുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വ്യാപാരം സ്വകാര്യ കരാറുകാർ നടത്തിയിരുന്നപ്പോൾ പ്രതിദിന വരുമാനം ശരാശരി എത്ര രൂപയായിരുന്നു;

(സി) നിലവിലുള്ള വിപണന ശാലകൾ കൂടാതെ പുതിയതായി വിപണനശാലകൾ തുറക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 4.75 കോടി രൂപ.

(ബി) കഴിഞ്ഞ വർഷം സ്വകാര്യ കരാറുകാർ നടത്തിയിരുന്നപ്പോൾ ഇതേ കാലയളവിൽ 3.42 കോടി രൂപയാണ് സംസ്ഥാന ഖജനാവിൽ ലഭിച്ചിരുന്നത്

(സി) 249 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ നടത്തുവാൻ ബിവറേജസ് കോർപ്പറേഷന് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതിൽ, 186 എണ്ണം ആരംഭിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 63 എണ്ണം താമസംവിനാ തുടങ്ങുവാൻ നടപടി സ്വീകരിച്ചുവരുന്നു. പുതിയതായി 55 വിൽപ്പനശാലകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷന്റെ വിററുവരവ്

38 [317] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 സാമ്പത്തിക വർഷത്തെ മദ്യനയത്തിന്റെ ഫലമായ നാളിതുവരെ ബിവറേജസ് കോർപ്പറേഷന്റെ വിററുവരവ് എത്ര;

(ബി) കഴിഞ്ഞ പത്തുവർഷക്കാലം ബിവറേജസ് കോർപ്പറേഷന്റെ വിററുവരവ് എത്രയാണ്;

(സി) വിററുവരവ് വർദ്ധിച്ചിട്ടുണ്ടെങ്കിൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ സംസ്ഥാനത്തുടനീളം ബിവറേജസ് കോർപ്പറേഷന്റെ എത്ര ചില്ലറ മദ്യവിൽപ്പനശാലകളാണുള്ളത്;

(ഇ) ഇതിന്റെ എണ്ണം വർദ്ധിപ്പിച്ച് വിററുവരവ് വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏപ്രിൽ-മേയ് മാസങ്ങളിലായി ബിവറേജസ് കോർപ്പറേഷന്റെ വിററുവരവ് 285.14 കോടി (ഇരുന്നൂററി എൺപത്തിയഞ്ച് കോടി പതിനാല് ലക്ഷം രൂപ) രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ചുള്ള വിവരം ഇപ്രകാരമാണ്:

| | | |
|---|---|---|
| 1991-92 | .. | 174.67 കോടി രൂപ |
| 1992-93 | .. | 208.02 കോടി രൂപ |
| 1993-94 | .. | 287.15 കോടി രൂപ |
| 1994-95 | .. | 353.91 കോടി രൂപ |
| 1995-96 | .. | 477.60 കോടി രൂപ |
| 1996-97 | .. | 762.93 കോടി രൂപ |
| 1997-98 | .. | 1000.83 കോടി രൂപ |
| 1998-99 | .. | 1113.32 കോടി രൂപ |
| 1999-2000 | .. | 1189.89 കോടി രൂപ |
| 2000-2001 | .. | 1337.58 കോടി രൂപ |

(സി) ഈ വർഷം (2001-2002) വിററുവരവിൽ ഏതാണ്ട് 33 ശതമാനം വർദ്ധനവാണ് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നത്.

(ഡി) 194 വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾ അനുവദിച്ചതിൽ ഇപ്പോൾ 186 എണ്ണം തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 8 എണ്ണം കൂടി തുറക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടു വരികയാണ്.

(ഇ) 55 പുതിയ ഷോപ്പുകൾ കൂടി തുറക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

<u>പഞ്ചായത്ത്‌രാജ് സമ്പ്രദായത്തിലുള്ള മാററം</u>

39 [318] <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സമിതികളിലൂടെ നടപ്പിലാക്കിയ ജനകീയാസൂത്രണം എന്നറിയപ്പെട്ടിരുന്ന പഞ്ചായത്ത്‌രാജ് സമ്പ്രദായത്തിൽ എന്തെങ്കിലും മാററങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 2000-2001 സാമ്പത്തികവർഷം നാലാം ഗഡുവായി ത്രിതല പഞ്ചായത്ത് സമിതികൾക്ക് നൽകേണ്ടിയിരുന്ന തുക നൽകാതെയിരിക്കുവാൻ കാരണമെന്താണെന്നും എത്ര രൂപയാണ് നൽകേണ്ടിയിരുന്നതെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മാററങ്ങൾ വരുത്തിയിട്ടുണ്ട്. അവ ചുവടെ വിവരിക്കുന്നു.

1. കർമ്മ സമിതികൾക്ക് പകരം സെക്ടറൽ കമ്മിററികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2001-2002 വാർഷിക പദ്ധതി രേഖകളും പ്രോജക്ടുകളും എഴുതി തയ്യാറാക്കുന്നത്.

2. പദ്ധതി രേഖകളും പ്രോജക്ടുകളും പരിശോധിക്കുന്നത് വിദഗ്ദ്ധ സമിതികൾക്ക് പകരം ജില്ലാ ആസൂത്രണ സമിതി നിയോഗിക്കുന്ന ടെക്നിക്കൽ അഡ്വൈസറി കമ്മിററികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. പൊതുമരാമത്ത് പണികൾക്കും നിർമ്മാണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ടുകൾക്കും മാത്രമേ സാങ്കേതിക അനുവാദം നൽകേണ്ടതുള്ളൂ. സാങ്കേതിക അനുവാദം നൽകുവാൻ രൂപീകരിക്കുന്ന ടെക്നിക്കൽ കമ്മിററികളിൽ എഞ്ചിനീയർമാരെ മാത്രമേ ഉൾപ്പെടുത്തുകയുള്ളു.

(ബി) നിലവിലുണ്ടായിരുന്ന വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധി കാരണം 2000-01 വർഷത്തെ പദ്ധതി ചെലവിൽ 25 ശതമാനം കുറവ് വരുത്തിയതിനാലാണ് നാലാം ഗഡു നൽകാൻ കഴിയാതിരുന്നത്. 1045 കോടി രൂപ പദ്ധതി ചെലവിനത്തിൽ ബജററിൽ വകയിരുത്തിയിരുന്നതിൽ നാലാം ഗഡുവായി 261.25 കോടി രൂപ ആയിരുന്നു നൽകേണ്ടിയിരുന്നത്.

## തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എം. എൽ. എ.-മാരുടെ അംഗത്വം തുടരാൻ അനുമതി

40 [319] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്ത് അംഗമായിരിക്കെ നിയമസഭാ സാമാജികരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ജില്ലാ പഞ്ചായത്തംഗമായി തുടരാൻ മുൻപ് അർഹതയുണ്ടായിരുന്നോ;

(ബി) ഈ വ്യവസ്ഥ ഒഴിവാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) പഞ്ചായത്ത് രാജ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി തുടരുവാൻ എം. എൽ. എ.-മാരെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി, സി) ഒരു പഞ്ചായത്തംഗത്തിന്റെ ജോലി, മുഴുവൻസമയ പ്രവർത്തനമാകയാൽ എം. എൽ. എ.-മാർക്കും എം. പി.-മാർക്കും അവരുടെ നിയമസഭാ/ലോകസഭാ പ്രവർത്തനങ്ങൾക്കു പുറമെ പഞ്ചായത്ത് അംഗമെന്ന നിലയിലുള്ള കർത്തവ്യങ്ങൾ പൂർണ്ണമായും നിർവഹിക്കാൻ സാധിക്കുകയില്ല എന്നതിനാൽ നിയമസഭാ സാമാജികരെയും മററും പഞ്ചായത്തംഗമായി തുടരാൻ അനുവദിക്കേണ്ടതില്ലെന്ന് അധികാര വികേന്ദ്രീകരണ സമിതി ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശപ്രകാരമാണ് ഇത്തരത്തിൽ ഒരു വ്യവസ്ഥ പഞ്ചായത്ത് രാജ് ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സെക്ഷൻ 35 എ ഈ നിയമത്തിന് ഒരു ഭേദഗതി നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുകകൾ ഓഡിററ് ചെയ്യാൻ നടപടി

41 [320] ശ്രീമതി മേഴ്സി രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാർ നൽകിയ തുക ആഡിററ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതു വർഷം വരെയുള്ള കണക്കുകൾ ഓഡിററ് ചെയ്തിട്ടുണ്ട്;

(സി) ഓഡിററിംഗിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. പെർഫോമൻസ് ഓഡിററ്, ലോക്കൽ ഫണ്ട് ഓഡിററ് എ. ജി.-യുടെ ഓഡിററ് എന്നീ സംവിധാനങ്ങൾ ഓഡിററിനായി നിലവിലുണ്ട്.

(ബി) ഏകദേശം 2001 മാർച്ച് വരെയുള്ള കാലയളവിലെ കണക്കുകൾ പെർഫോമൻസ് ഓഡിററിന് വിധേയമാക്കിയിട്ടുണ്ട്.

(സി) ഓഡിററിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 2000-2001-ലെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ ലോക്കൽ ഫണ്ട് ഓഡിററ് വകുപ്പ് പൂർത്തീകരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിദഗ്ദ്ധ സമിതികൾ

42 [321] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വികേന്ദ്രീകൃത ആസൂത്രണ പദ്ധതികളുടെ ഭാഗമായി ആവിഷ്ക്കരിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് നിലവിലുള്ള വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പകരം എന്തു സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇനിമുതൽ പൊതുമരാമത്തു പണികൾക്കും ജലവിതരണ പ്രോജക്ടുകൾക്കും മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾക്കും മാത്രമേ ഔപചാരികമായ സാങ്കേതികാനുവാദം നൽകേണ്ടതുള്ളൂ. മററുള്ള പ്രോജക്ടുകൾക്ക് അവയുടെ സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കററ് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. പ്രോജക്ടുകൾക്ക് സാങ്കേതികാനുവാദം നൽകുന്ന ചുമതല എഞ്ചിനീയർമാർ മാത്രമുള്ള ടെക്നിക്കൽ കമ്മിററികളെ ഏൽപ്പിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതിവിഹിതം

43 [322] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ നാലു വർഷക്കാലത്ത് അനുവദിച്ച പദ്ധതി വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച രീതിയിൽ ഉണ്ടായ ആക്ഷേപങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇല്ലെങ്കിൽ ഇത് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ഓഡിററ് റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി ചെലവിൽ അനുവദനീയമല്ലാത്ത ചെലവുകൾ ഡിസ് അലവൻസായി കണക്കാക്കുകയും തുല്യമായ തുക പദ്ധതി വിഹിതത്തിൽ കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിററി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്പോസിററ് വർക്കിൽ ഏൽപ്പിച്ചിട്ടുള്ള തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചു. ക്രമക്കേടുകൾ അന്വേഷിച്ചു തീർപ്പു കൽപ്പിക്കുന്നതിന് ഓംബുഡ്സ്മാൻ സംവിധാനം ഏർപ്പെടുത്തി. ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയും നടപടി സ്വീകരിച്ചു വരുന്നു. ഓഡിററ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും നടപടി സ്വീകരിച്ചു.

(സി) പ്രസക്തമല്ല.

(ഡി) ലോക്കൽ ഫണ്ട് ആഡിററ് ഡയറക്ടറുടെ 2000-01-ലെ ഓഡിററ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ജനകീയ ആസൂത്രണ പദ്ധതി വിഹിതം

44 [323] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ ആസൂത്രണ പദ്ധതി നടത്തിപ്പിലേക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ജനകീയ ആസൂത്രണ പദ്ധതി നടത്തിപ്പിലേക്കായി എന്തു തുക സർക്കാർ വിഹിതമായി നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) ജനകീയ ആസൂത്രണ പദ്ധതി നടത്തിപ്പിലേക്കായി ഈ വർഷം എന്തു തുക ചെലവഴിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 8-6-2000-ലെ ജി. ഒ. (ആർ. റി.) 2273/2000/ത.സ്വ.ഭ.വ നമ്പർ ഉത്തരവു പ്രകാരം പദ്ധതി വിഹിതത്തിന്റെ ഒന്നാം ഗഡു അർഹതപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് ഉത്തരവായിരുന്നു.

(സി) 2001-2002 വർഷത്തെ ബജററിന്റെ ഭേദഗതി പത്രിക നിയമസഭയിൽ അവതരിപ്പിച്ചതിനു ശേഷമേ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകു.

ജനകീയാസൂത്രണ പദ്ധതികളിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി

45 [324] ശ്രീ. എം. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ജനകീയാസൂത്രണ പദ്ധതികളിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ബി) ഇതിനായി ഒരു നിയമസഭാ സമിതിയെ ചുമതലപ്പെടുത്തുവാൻ നിർദ്ദേശിക്കുമോ;

(സി) ജനകീയാസൂത്രണ പദ്ധതി അനുസരിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ആഡിററിംഗ് യഥാസമയങ്ങളിൽ നടത്തുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിൽ അഴിമതി ആരോപിച്ചു ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നടപടി കൈക്കൊണ്ടുവരുന്നുണ്ട്. കൂടാതെ കൂടുതൽ പരിശോധന ആവശ്യമുള്ള പരാതികൾ ഓംബുഡ്സ്മാന്റെ തീരുമാനത്തിനായി അയച്ചുകൊടുക്കാറുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഓഡിററുമായി ബന്ധപ്പെട്ടവർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജനകീയാസൂത്രണ പദ്ധതിയുടെ മാർഗ്ഗരേഖ

46 [325] ശ്രീ. മാമ്മൻ മത്തായി:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതികൾക്കായിട്ടുള്ള വിദഗ്ദ്ധ സമിതികൾ പിരിച്ചുവിട്ടുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ അവ പിരിച്ചുവിടാനുണ്ടായ കാരണങ്ങൾ അറിയിക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികൾ പരിശോധിക്കുന്നതിന്റെ ചുമതല ആർക്കാണെന്നും ഈ പദ്ധതികൾ തീരുമാനിക്കുന്നതിനുള്ള അന്തിമാധികാരം ആർക്കാണെന്നും വ്യക്തമാക്കാമോ;

(ഡി) 2001-2002 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർ രൂപവൽക്കരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ മാർഗ്ഗരേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെ മേൽ രാഷ്ട്രീയ വൽക്കരിക്കപ്പെട്ട വിദഗ്ദ്ധ സമിതികൾ ആധിപത്യം പുലർത്തുന്നത് ഒഴിവാക്കാനും തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുവാനും ഉദ്ദേശിച്ചുകൊണ്ടാണ് വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടുന്നത്. ഇത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

(സി) ജില്ലാ ആസൂത്രണ സമിതികൾ നിയോഗിക്കുന്ന ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളാണ് പദ്ധതി രേഖകളും പ്രോജക്ടുകളും പരിശോധിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തീരുമാനിക്കുന്നതിനുള്ള അന്തിമാധികാരം ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനത്തിനാണ്.

(ഡി) ഉണ്ട്.

(ഇ) 2001-2002-ലെ പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

1. നഗരസഭാ സ്ഥാപനങ്ങളിൽ ഉൽപ്പാദന മേഖലയ്ക്ക് കുറഞ്ഞത് 10 ശതമാനം തുകയും പശ്ചാത്തല മേഖലയ്ക്ക് 50 ശതമാനം വരെയും വകയിരുത്താവുന്നതാണ്. നഗരസഭാ സ്ഥാപനങ്ങൾ സേവന മേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതിയ്ക്ക് വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി ഉൽപ്പാദന മേഖലയിൽ കുറവ് വരുത്തുവാൻ അനുവദിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

2. ലോക ബാങ്കിന്റെ പ്രോജക്ട് പ്രകാരമുള്ള അംഗനവാടി കെട്ടിടങ്ങൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേശാനുസരണം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും തുക വകയിരുത്താവുന്നതാണ്.

3. ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും പരിശീലനത്തിനുള്ള ചെലവും കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ ഉപകരണങ്ങൾ മുതലായവ ഗവൺമെന്റ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് വാങ്ങുന്നതിനുള്ള ചെലവും പദ്ധതി വിഹിതത്തിൽനിന്ന് വഹിക്കാവുന്നതാണ്.

4. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുവാൻ പാടില്ലാത്തതാണ്.

5. സഹകരണ സംഘങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, ട്രസ്റ്റുകൾ എന്നിവയ്ക്ക് പദ്ധതി വിഹിതം അനുവദിക്കുവാൻ പാടില്ലാത്തതാണ്. അത്തരം പുതിയ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നത് താൽക്കാലികമായി നിരോധിച്ചിരിക്കുന്നു.

6. പദ്ധതി വിഹിതം പലിശ സബ്സിഡി നൽകുന്നതിന് വിനിയോഗിക്കുവാൻ പാടില്ല.

7. കേന്ദ്രാവിഷ്കൃത പരിപാടികളുടെ പദ്ധതി ചെലവിൽ ഉണ്ടാകുന്ന കുറവിന് തുല്യമായ തുക പദ്ധതി വിഹിതത്തിൽ നിന്നും കുറയ്ക്കുന്നതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖയും പ്രോജക്ടുകളും പരിശോധിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്.

9. പ്രോജക്ടുകൾക്ക് സാങ്കേതികാനുവാദം നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ട്. അതനുസരിച്ച് നിർമ്മാണ പ്രവർത്തികൾ ഉൾക്കൊള്ളുന്ന പ്രോജക്ടുകൾക്ക് മാത്രമേ സാങ്കേതികാനുവാദം നൽകേണ്ടതുള്ളു. സാങ്കേതിക അനുവാദം നൽകുന്നതിനുള്ള ടെക്നിക്കൽ കമ്മിറ്റിയിൽ എഞ്ചിനീയർമാരെ മാത്രമേ ഉൾപ്പെടുത്തുകയുള്ളു.

## ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അഴിമതി

47 [326] ശ്രീ. കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടികൾ തുടരുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ നടത്തിപ്പിൽ എന്തെങ്കിലും മാററങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മുൻവർഷങ്ങളിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി അഴിമതി ആരോപണങ്ങളുയർന്നു വന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് ആകെ എന്തു തുക ചെലവഴിച്ചു;

(ഇ) ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ വികസനം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ എന്ന് ഒരു വിദഗ്ദ്ധ സംഘത്തെക്കൊണ്ട് പരിശോധിപ്പിച്ച് വിലയിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001-2002 വാർഷിക പദ്ധതി തയ്യാറാക്കൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 18-6-2001-ലെ സ. ഉ. (എം. എസ്.) നം. 17/2001/ പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം താഴെ പറയുന്ന മാററങ്ങൾ ഉണ്ട്.

1. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ 2001-2002 വാർഷിക പദ്ധതി രേഖയും പ്രോജക്ടുകളും എഴുതി തയ്യാറാക്കുന്നതിന് നിലവിലുള്ള കർമ്മ സമിതികൾക്ക് പകരം സെക്ടറൽ കമ്മിററികൾ രൂപീകരിക്കും.

2. ത്രിതല പഞ്ചായത്തുകളുടെയും നഗരസഭാ സ്ഥാപനങ്ങളുടെയും പദ്ധതിരേഖകളും പ്രോജക്ടുകളും പരിശോധിക്കുന്നതിന് നിലവിലുള്ള വിദഗ്ദ്ധ സമിതികൾക്ക് പകരം ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ടെക്നിക്കൽ അഡ്വൈസറി കമ്മിററികൾ പ്രവർത്തിക്കും.

3. പൊതുമരാമത്തു പണികൾ, ശുദ്ധജല വിതരണം, മണ്ണ് സംരക്ഷണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രം വിശദമായ സാങ്കേതികാനുവാദം വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

4. സാങ്കേതികാനുവാദം നൽകുന്നതിനുള്ള ടെക്നിക്കൽ കമ്മിററിയിൽ എഞ്ചിനീയർമാരെ മാത്രമേ ഉൾപ്പെടുത്തുകയുള്ളു.

(സി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വ്യക്തമായ അഴിമതിയാരോപണങ്ങളെക്കുറിച്ച് ഓംബുഡ്സ്മാനും, സർക്കാർ തലത്തിലും അന്വേഷിച്ച് നടപടി കൈക്കൊള്ളുന്നുണ്ട്. പെർഫോമൻസ് ഓഡിററ്, എ. ജി. ലോക്കൽ ഫണ്ട് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന ഓഡിററ് റിപ്പോർട്ടിൻമേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് 1997-98 മുതൽ 2000-2001 വരെ 3445.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഗവൺമെൻറ് നയം

48 [327] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകൾക്ക് 2000-2001 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ നൽകേണ്ട മൂന്നാം ഗഡു വിഹിതം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) 2001-2002 വർഷത്തിൽ പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡു വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണവും പദ്ധതി നടത്തിപ്പും സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയ സമീപനമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2000-2001-ലെ മൂന്നാം ഗഡു നൽകിയിട്ടുണ്ട്.

(ബി) 2001-2002-ലെ ആദ്യ ഗഡു വിതരണം ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രേഖയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിനുശേഷം നൽകുന്നതാണ്.

(സി) ജനകീയാസൂത്രണവും പദ്ധതി നടത്തിപ്പും ഫലപ്രദമായി തുടർന്നും നടത്തുകയെന്നതാണ് സർക്കാർ സമീപനം.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന വിദഗ്ദ്ധ സമിതികൾ

49 [328] ശ്രീ. കെ. പി. മോഹനൻ:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടാൻ സർക്കാർ തീരുമാനം കൈക്കൊണ്ടത് എന്തു അടിസ്ഥാനത്തിലാണ്;

(ബി) ഇത്തരം വിദഗ്ദ്ധ സമിതികൾ പിരിച്ചു വിടണമെന്ന് ഔദ്യോഗികമായി എന്തെങ്കിലും ശുപാർശ ലഭിച്ചിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വിദഗ്ദ്ധ സമിതികൾ നിർവ്വഹിച്ചുപോന്നിരുന്ന ചുമതലകൾ ആര് നിർവ്വഹിക്കണം എന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെമേൽ രാഷ്ട്രീയ വത്കരിക്കപ്പെട്ട വിദഗ്ദ്ധ സമിതികൾ ആധിപത്യം പുലർത്തുന്നത് ഒഴിവാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടാണ് വിദഗ്ദ്ധ സമിതികൾ പിരിച്ചു വിടുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. വിദഗ്ദ്ധ സമിതികളുടെ ഘടനയിൽ മാററം ആവശ്യമാണെന്ന് സെൻ കമ്മിററി ശുപാർശ ചെയ്തിരുന്നു.

(സി) വിദഗ്ദ്ധ സമിതികൾ നിർവ്വഹിച്ചിരുന്ന ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്ന സെക്ടറൽ കമ്മിററികളാണ് മേലിൽ നിർവ്വഹിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണ നടത്തിപ്പിലെ ക്രമക്കേടുകൾ

50 [329] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിൽ ത്രിതല പഞ്ചായത്തുകൾ വഴി നടത്തിയ പ്രവർത്തനങ്ങളിൽ വളരെയധികം ക്രമക്കേടുകൾ നടന്നതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ട കാര്യങ്ങളിൽ അന്വേഷണം പൂർത്തിയായിട്ടും ശുപാർശ സമർപ്പിക്കാത്ത കാര്യവും ശുപാർശ സമർപ്പിച്ച കാര്യങ്ങളിൽ തന്നെ വളരെയധികം കേസുകളിൽ ശിക്ഷണ നടപടികൾ സ്വീകരിക്കാത്തതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ജനകീയാസൂത്രണ നടത്തിപ്പിൽ നടന്ന ക്രമക്കേടുകളെപ്പററി കാര്യക്ഷമമായ അന്വേഷണം നടത്താനും കുററക്കാരായവർക്കെതിരെ താമസംവിനാ നടപടികൾ സ്വീകരിക്കാനുമാവശ്യമായ നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ലഭിച്ച പരാതികളിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകൾക്ക് 4-ാം ഗഡു ഗ്രാൻറ് അനുവദിക്കാൻ നടപടി

51 [330] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിബന്ധനകൾക്കനുസൃതമായി ഗ്രാൻറ്-ഇൻ-എയ്ഡ് തുക ചെലവഴിച്ച ത്രിതല പഞ്ചായത്തുകൾക്ക് 4-ാം ഗഡു ഗ്രാൻറ് അനുവദിക്കുമോ;

(ബി) എങ്കിൽ തുക എപ്പോൾ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം 2000-2001 വർഷത്തെ പദ്ധതി ചെലവിനത്തിൽ 25 ശതമാനം കുറവു വരുത്തിയതിനാൽ നാലാം ഗഡു നൽകുവാൻ സാധിക്കുകയില്ല.

(ബി) പ്രസക്തമല്ല.

ഫോട്ടോകോപ്പിയർ വാങ്ങുന്നതിനുള്ള തീരുമാനം

52 [331] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോകോപ്പിയർ വാങ്ങി നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ സംസ്ഥാനത്തെ എത്ര സ്ഥാപനങ്ങളിൽ ഫോട്ടോ കോപ്പിയർ വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ തുകയുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ ഇതുവരെയും ഫോട്ടോകോപ്പിയർ വാങ്ങിയിട്ടില്ല. ആകയാൽ തുകയൊന്നും ചെലവഴിച്ചിട്ടുമില്ല.

(സി) 691 ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതം പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോകോപ്പിയർ വാങ്ങിയ നടപടി

53 [332] ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോകോപ്പിയർ വാങ്ങി നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്തെ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോകോപ്പിയറുകൾ വാങ്ങി നൽകുവാനാണ് തീരുമാനിച്ചിരുന്നത് എന്നും അവ ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളിൽ നിന്നും ഫോട്ടോകോപ്പിയറുകൾ വാങ്ങുന്നതിനായി എത്ര തുക സർക്കാരിൽ പ്രസ്തുത സ്ഥാപനങ്ങൾ നിക്ഷേപിച്ചിരുന്നുവെന്നും, എങ്കിൽ എന്നാണ് ഈ തുക നിക്ഷേപിച്ചിരുന്നത് എന്നും വെളിപ്പെടുത്താമോ;

(ഡി) ഫോട്ടോകോപ്പിയറുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം എന്തായിരുന്നു;

(ഇ) ഇതിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് ദർഘാസുകൾ നൽകിയിരുന്നത് എന്നും സ്റ്റോർ പർച്ചേസ്, ധനകാര്യം എന്നീ വകുപ്പുകളുടെ പരിശോധന, ഉപദേശം എന്നിവ പ്രകാരമാണോ വാങ്ങിയതെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 691 ഗ്രാമപഞ്ചായത്തുകൾക്കാണ് ഇത്തരത്തിൽ ഫോട്ടോകോപ്പിയർ വാങ്ങി നൽകാൻ തീരുമാനിച്ചിരുന്നത്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

†അനുബന്ധം—VI



LIBRARY ARCHIVES Kerala Legislative Assembly

(സി) 691 ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതം 691 ലക്ഷം രൂപ ഇതിനായി നിക്ഷേപിച്ചിരുന്നു. 20-6-1998 മുതൽ 3-2-2000 വരെ തുക നിക്ഷേപിച്ചിരുന്നു.

(ഡി) വലിയ പർച്ചേസ് ആയതിനാലും സാങ്കേതിക പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സമയം ആവശ്യമായതിനാലുമാണ് കാലതാമസമുണ്ടായത്.

(ഇ) ദർഘാസ് നൽകിയിരുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

1. ജസ്ററഗർ ഇൻഡ്യാ ലിമിററഡ്
2. കിർസേൺ റിപ്രോഗ്രാഫിക് ലിമിററഡ്
3. ലാർസൺ ആൻറ് ടൂബ്രോ ലിമിററഡ്
4. ഗോദ്റേജ്
5. മെത്തേഡക്സ് ഇൻഫ്രാസ് ലിമിററഡ്
6. കെൽട്രോൺ
7. എച്ച്. ബി. എൽ.
8. കാനൺ ഇൻഡ്യാ ലിമിററഡ്
9. തെററാപള്ളിൽ ആട്ടോമെഷീൻ സർവീസ്
10. മോഡി സിറോക്സ്

ഫോട്ടോ കോപ്പിയർ മെഷീൻ ഇതുവരെ വാങ്ങിയിട്ടില്ല.

**പഞ്ചായത്തുകളിൽ നിന്നും ഫോട്ടോസ്ററാററ് മെഷീൻ വാങ്ങാൻ ഈടാക്കിയ തുക**

54 [333] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ഫോട്ടോസ്ററാററ് മെഷീനുകൾ വാങ്ങാൻ പഞ്ചായത്തുകളിൽ നിന്നും ഓരോ ലക്ഷം രൂപ വീതം ഈടാക്കിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

**സംസ്ഥാന കെട്ടിട നികുതി പുതുക്കി നിശ്ചയിക്കൽ നടപടി**

55 [334] ശ്രീ. പി. നാരായണൻ:
,, എം. കുമാരൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഇതിലെ അംഗങ്ങൾ ആരെല്ലാം;

(സി) പുതുക്കിയ നികുതി നിശ്ചയിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വസ്തു നികുതി നിർണ്ണയം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ റിട്ടയേർഡ് മുനിസിപ്പൽ ഭരണ ഡയറക്ടർ, റിട്ടയേർഡ് ചീഫ് ടൗൺ പ്ലാനർ, റിട്ടയേർഡ് അക്കൗണ്ട്സ് ഓഫീസർ (മുനിസിപ്പൽ കോമൺ സർവീസ്) എന്നിവരടങ്ങിയ കമ്മിററിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കെട്ടിടത്തിന്റെ വിസ്തീർണ്ണം, അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, കെട്ടിടത്തിന്റെ പഴക്കം എന്നിവ പ്രധാന മാനദണ്ഡമാക്കി ലളിതമായ ഒരു നികുതി ഘടനയ്ക്ക് രൂപം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച ചട്ടങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

കെട്ടിട നമ്പർ നല്കാൻ നടപടി

56 [335] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം വഴി നിർമ്മിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ളതുമായ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കാത്തതുകാരണം വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനും നിഷേധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കെട്ടിടങ്ങൾക്ക് റഗുലറൈസേഷൻ വഴി വീട്ടുനമ്പർ നൽകുന്ന കാര്യം സർക്കാർ അടിയന്തിരമായി പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റേറ ഉത്തരവ് നിലനിൽക്കുന്നതിനാൽ റഗുലറൈസേഷൻ അപേക്ഷകളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുവാൻ ഇപ്പോൾ കഴിയുകയില്ല. ഈ സ്റേറ ഉത്തരവ് വെക്കേററ് ചെയ്യുന്ന മുറയ്ക്ക് റഗുലറൈസേഷൻ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

നിയമം ഇളവുചെയ്തുകൊണ്ടുള്ള കെട്ടിട നിർമ്മാണം

57 [336] ശ്രീ. സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കെട്ടിട നിർമ്മാണ നിയമത്തിലെ വ്യവസ്ഥകൾ ഇളവുചെയ്തുകൊണ്ട് മലപ്പുറം, കോഴിക്കോട്, എറണാകുളം

എന്നീ ജില്ലകളിൽ എത്ര കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഇതിൽ വ്യാപാരസ്ഥാപനങ്ങൾ, ഫ്ളാററുകൾ, വീടുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) അപേക്ഷകരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ), (ബി) ആൻറ് (സി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്ത്/മുനിസിപ്പൽ വകുപ്പുകളിലെ എൽ. ഡി. സി. നിയമനം

58 [337] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പൽ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പി. എസ്. സി. റാങ്കുലിസ്ററിൽ നിന്നും ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ 10 ഒഴിവുകളും മുനിസിപ്പൽ വകുപ്പിൽ 40 ഒഴിവുകളും നിലവിലുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

കൊടുമൺ ഗ്രാമപഞ്ചായത്തിൽ നടന്ന ജനകീയാസൂത്രണ നടപടികൾ

59 [338] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിൽ മുൻ ഭരണ സമിതിയുടെ കാലയളവിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് പരാതിയുള്ളത്;

(ബി) ഇവയിൽ ഏതെല്ലാം ക്രമക്കേടുകളെ കുറിച്ചാണ് വകുപ്പുതല അന്വേഷണം നടത്തിയിട്ടുള്ളത്; ഈ അന്വേഷണങ്ങളുടെ റിപ്പോർട്ട് പ്രകാരം എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഏതെല്ലാം ക്രമക്കേടുകളെപ്പററിയാണ് വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളത്; ഇവയിൽ ഏതെല്ലാം കേസുകളെപ്പററി ശുപാർശ സമർപ്പിച്ചു; തുടർന്ന് ഏതെല്ലാം കാര്യങ്ങളിൽ നടപടി സ്വീകരിച്ചു;

(ഡി) കുററക്കാരായ എത്രപേരുടെമേൽ നടപടി സ്വീകരിച്ചു എന്നും സ്വീകരിച്ച നടപടി എന്തായിരുന്നു എന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേന്നങ്കര കരമാളംതോടു് സൈഡുവാൾ നിർമ്മാണം, മുണ്ടക്കൽചിറ അമ്പലത്തിൽപടി തോടു നിർമ്മാണം, കോട്ടൂർപ്പടി റോഡ് വികസനം എന്നിവ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) ചേന്നങ്കര-കരമാളം ബണ്ട് നിർമ്മാണത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് സി. ടി. ഇ.-യുടെ അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടു്. മററു് ക്രമക്കേടുകളെപ്പററി പരിശോധിച്ചുവരുന്നു.

(സി, ആൻറ് (ഡി) വിജിലൻസ് അന്വേഷണം നടത്തിയതായി തദ്ദേശ സ്വയംഭരണ വകുപ്പിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബി. ഡി. ഒ.-മാരുടെ ഒഴിവുകൾ

60 [339] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസുകളിൽ എത്ര ബി. ഡി. ഒ.-മാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ബ്ലോക്ക് പഞ്ചായത്തുകളും ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ നിയമനങ്ങളിലും നടപടിക്രമങ്ങളുമായി എവിടെയെങ്കിലും അവകാശ അധികാര തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസറുടെ ഒരൊഴിവ് ഉണ്ട്.

(ബി) ആൻറ് (സി) തർക്കങ്ങൾ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

എംപ്ലോയ്മെൻറ് അഷ്വറൻസ് സ്കീം

61 [340] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് അഷ്വറൻസ് സ്കീം അനുസരിച്ച് കേരളത്തിലെ ഓരോ ബ്ലോക്കിനും അനുവദിക്കപ്പെട്ടിരുന്ന ഒരു കോടി രൂപ അഞ്ചു വർഷങ്ങൾക്കുശേഷം ഒട്ടും ചെലവഴിക്കാത്ത ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കേരളത്തിലുണ്ടോ; ഉണ്ടെങ്കിൽ ഏവ;

(ബി) ഈ പദ്ധതിയെ പുനരുജ്ജീവിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) തൊഴിലുറപ്പ് പദ്ധതി ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതാകയാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ നികത്താൻ നടപടി

62 [341] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പാലിററിയിലും ധർമ്മടം, കതിരൂർ, എരഞ്ഞോളി, ന്യൂ മാഹി പഞ്ചായത്തുകളിലും ആവശ്യമായ ജീവനക്കാർ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വിഭാഗത്തിനായി എത്ര ഒഴിവുകളാണുള്ളതെന്നും അവ എപ്പോൾ നികത്താൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ആൻറ് (ബി) കോടിയേരി ഗ്രാമ പഞ്ചായത്ത് തലശ്ശേരി നഗര സഭയോട് കൂട്ടിച്ചേർത്തതിനെ തുടർന്ന് അധിക ജോലിഭാരം കണക്കിലെടുത്ത് വിവിധ വിഭാഗങ്ങളിലായി ഏഴ് അധിക തസ്തികകൾ തലശ്ശേരി നഗര സഭയിൽ 22-1-2001-ലെ സ. ഉ. (എം. എസ്.) 17/2001/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഏഴ് തസ്തികകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ലെ ഒരു തസ്തിക ഒഴികെ ബാക്കി എല്ലാ തസ്തികകളിലും നിയമനം നടന്നുകഴിഞ്ഞിട്ടുണ്ട്.

ധർമ്മടം പഞ്ചായത്തിൽ ഒരു എൽ. ഡി. ക്ലാർക്കിന്റെ തസ്തികയിൽ മാത്രം ഒഴിവുണ്ട്. അത് താമസിയാതെ നികത്താൻ കഴിയുന്നതാണ്. കതിരൂർ, എരഞ്ഞോളി, ന്യൂ മാഹി പഞ്ചായത്തുകളിൽ ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം കോർപ്പറേഷനിൽ ലയിപ്പിക്കപ്പെട്ട പഞ്ചായത്തുകളുടെ പദ്ധതി വിഹിതം

63 [342] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ലയിപ്പിക്കപ്പെട്ട പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട പദ്ധതി വിഹിതം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) കോർപ്പറേഷനോട് ലയിപ്പിക്കുന്നതിന് മുൻപ് കടകംപള്ളിയും ഉള്ളൂരും പഞ്ചായത്തുകളായിരുന്നപ്പോൾ പഞ്ചായത്ത് വിഹിതമായും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും ജില്ലാ പഞ്ചായത്തു വിഹിതമായും അവസാന സാമ്പത്തിക വർഷം എന്തു തുക നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പഞ്ചായത്തുകൾ കോർപ്പറേഷനിൽ ഉൾപ്പെടുത്തിയശേഷം പ്രസ്തുത പ്രദേശങ്ങളിൽ വികസനത്തിനായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്ത് വിഹിതം എന്നിങ്ങനെ പ്രത്യേകം പ്രത്യേകം വിഹിതം അനുവദിക്കാറില്ല. കടകംപള്ളി, ഉള്ളൂർ ഗ്രാമ പഞ്ചായത്തുകൾക്ക് 2000-2001 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രകാരം പദ്ധതി വിഹിതം അനുവദിച്ചിരുന്നു.

| | | |
|---|---|---|
| കടകംപള്ളി | .. | 40,01,250 രൂപ |
| ഉള്ളൂർ | .. | 71,37,000 രൂപ |

(ഡി) ഈ പഞ്ചായത്തുകൾ കോർപ്പറേഷനായശേഷം കടകംപള്ളിയിൽ 2,51,339 രൂപയുടെയും ഉള്ളൂരിൽ 38,50,736 രൂപയുടെയും വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

## കാർഷിക മേഖല പുഷ്ടിപ്പെടുത്താൻ നടപടി

64 [343] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖല പുഷ്ടിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് സംസ്ഥാന സബ്സിഡി അനുവദിച്ചിട്ടുള്ളത്; എന്തെല്ലാം തരത്തിലുള്ള സബ്സിഡികളാണ് ഗവൺമെന്റ് നൽകുന്നത്;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാർഷിക മേഖലയിൽ പുരോഗതി ഉണ്ടാക്കുവാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനായി താഴെ പറയുന്ന പരിപാടികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

1. അഗ്രികൾച്ചർ ഓഫീസർമാരെ പൂർണ്ണമായും എക്സ്റ്റെൻഷൻ ജോലികൾക്കായി നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
2. തെങ്ങിനെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗത്തെ സംബന്ധിച്ച് സമഗ്രമായ ശാസ്ത്രീയ അന്വേഷണം 5 കേന്ദ്രങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഫലം ലഭിച്ചശേഷം സംസ്ഥാനത്തുടനീളം നടപടി വ്യാപിപ്പിക്കുന്നതാണ്.
3. 81 ലക്ഷം തെങ്ങുകൾക്ക് രാസവളപ്രയോഗം.
4. 3500 ഹെക്ടർ പ്രദേശത്ത് കശുമാവുതോട്ട പുനരുദ്ധാരണം.
5. 5500 ഹെക്ടർ സ്ഥലത്ത് കുരുമുളക്തോട്ട പുനരുദ്ധാരണം.
6. 205 ഹരിത സംഘങ്ങൾവഴി പച്ചക്കറി കൃഷി.

LIBRARY ARCHIVES Kerala Legislative Assembly

7. മണ്ണ് പരിശോധനയും മണ്ണ് സംരക്ഷണം, ജല സംരക്ഷണം എന്നിവയെ സംബന്ധിച്ച് ബൃഹത്തായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

8. പഴം, പച്ചക്കറി ഉൽപ്പാദകർക്ക് ന്യായമായ വില ഉറപ്പുവരുത്തുകയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് അവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

9. വിലനിലവാരത്തെ സംബന്ധിച്ച് കാലാകാലങ്ങളിൽ പഠനം നടത്തി ഗവൺമെന്റിന് ഉപദേശം നൽകുന്നതിനായി ഡബ്ല്യൂ. റ്റി. ഒ. സെൽ രൂപീകരിക്കുന്നതാണ്.

(ബി) നെല്ല്, തെങ്ങ്, കശുമാവ്, കുരുമുളക്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകൾക്ക് വിവിധ പദ്ധതികളിൽ കൂടി സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. താഴെ പറയുന്ന വിധത്തിലുള്ള സബ്സിഡികളാണ് സർക്കാർ കൃഷിക്കാർക്ക് നൽകിവരുന്നത്.

1. കാർഷിക ഉല്പാദനോപാധികളായ വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവയ്ക്കുള്ള ധനസഹായം.

2. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിണർ. പമ്പ്സെററ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ധനസഹായം,

3. 2 ഹെക്ടർ കരഭൂമിയുള്ള കൃഷിക്കാർക്കും, നെൽക്കൃഷിക്കാർക്ക് മുഴുവനുമായും വൈദ്യുതി സൗജന്യം.

4. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ധനസഹായം.

5. സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.

6. കാർഷിക യന്ത്രോപകരണങ്ങളായ ട്രാക്ടറുകൾ, ട്രില്ലറുകൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള ധനസഹായം.

7. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്.

8 വിത്തുല്പാദനത്തിനുള്ള ധനസഹായം.

9. നെല്ല് സംഭരണത്തിനുള്ള ധനസഹായം.

10. കശുമാവ്, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം.

(സി) വിലയിരുത്തിയിട്ടില്ല.

### കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി നടപ്പാക്കിയ പദ്ധതികൾ

65 [344] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. (1991–'96) സർക്കാർ കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ചെയ്തിരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണമൊഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 5 വർഷത്തേക്ക് ഇതിനായി നീക്കിവെച്ചിരുന്ന തുകയെത്ര; ചെലവാക്കിയത് എത്ര; ലാപ്സാക്കിയത് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തേക്ക് ഇതിനായി നീക്കിവച്ചിരുന്ന തുകയെത്ര; ചെലവാക്കിയത് എത്ര; ലാപ്സാക്കിയത് എത്ര എന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൃഷിവികസനത്തിനായി കേന്ദ്രഗവൺമെന്റ് എത്ര തുക നൽകി; വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുക എത്ര; കൃഷി വകുപ്പ് കടം വാങ്ങിയ തുകയെത്രയെന്ന് വിശദമാക്കുമോ;

(എഫ്) കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൃഷി വികസനത്തിനായി കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ച തുക എത്ര; വിവിധ ഏജൻസികളിൽനിന്നും ലഭിച്ചത് എത്ര; കൃഷി വകുപ്പ് കടം വാങ്ങിയ തുക എത്രയെന്ന് വിശദമാക്കുമോ ;

(ജി) കൃഷിയുടെ വികസനത്തിനും കർഷകരുടെ ക്ഷേമത്തിനുമായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തതിൽ വ്യത്യസ്തമായി എൽ.ഡി.എഫ്. ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് എന്നും ഇതിനായി എന്തു തുക ചെലവാക്കിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പ്രധാന പരിപാടികളും പദ്ധതികളും നടപ്പിലാക്കുകയുണ്ടായി.

1. സംസ്ഥാനത്തിനായി ഒരു കാർഷികനയം രൂപീകരിക്കുകയുണ്ടായി.

2. നെൽകൃഷി സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി, കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി ട്രാക്ടറുകൾ, ട്രില്ലറുകൾ, മെതിയന്ത്രങ്ങൾ തുടങ്ങിയവ സഹായനിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. കോൾ വികസന പദ്ധതിക്കായി കോൾ വികസന ഏജൻസിയും കരിനിലങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കരിനില വികസന ഏജൻസിയും രൂപീകരിച്ചു. നെല്ല് സംഭരണത്തിനും സംഭരിക്കുന്ന നെല്ല് അരിയാക്കി മാററി വിൽക്കുന്നതിനുംവേണ്ടി തൃശ്ശൂർ ജില്ലയിൽ മൂന്നു കോടി രൂപയിലധികം ചെലവുവരുന്ന മോഡേൺ റൈസ് മില്ല് സ്ഥാപിക്കുകയുണ്ടായി. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതിന് പദ്ധതി, നാളികേര വികസനത്തിനായി 215 കോടി രൂപയുടെ സമഗ്ര നാളികേര വികസന പദ്ധതി എന്നിവയും, ഇടുക്കി, വയനാട് ജില്ലകളെ സുഗന്ധദ്രവ്യവിള ജില്ലകളായി പ്രഖ്യാപിച്ച് വികസന പദ്ധതികളും നടപ്പിലാക്കി. പച്ചക്കറി വ്യാപിപ്പിക്കുന്നതിനായി പച്ചക്കറിവിത്ത് കിററുകൾ



LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തുകയുണ്ടായി. പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യമായ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി അംഗീകൃത നഴ്സറികൾ തുടങ്ങുന്നതിന് ഉള്ള ധനസഹായം ലഭ്യമാക്കി. ഓരോ കർഷക കുടുംബത്തേയും ഒരു യൂണിററായി കണക്കാക്കി കൃഷിക്കു പുറമേ പാൽ, മുട്ട, മാംസം, മൽസ്യം എന്നിവയുടെ ഉൽപാദനം കോർത്തിണക്കിയ "പഞ്ചക" പദ്ധതി നടപ്പിലാക്കി. 25 കാർഷിക വിളകൾക്ക് ഇൻഷുറൻസ് പദ് തി നടപ്പിലാക്കി. യുവാക്കളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിപ്പിക്കുന്നതിനായി ഒരു ലക്ഷം യുവാക്കൾക്കായി പ്രത്യേക തൊഴിൽദാന പദ്ധതി നടപ്പിലാക്കി. ഓരോ വർഷവും ചിങ്ങം 1 കർഷകദിനമായി ആചരിക്കുന്നതിനായി തീരുമാനിച്ചു. കാർഷിക മേഖലയിൽ പ്രഗൽഭമതികളെ കണ്ടെത്തി അവർക്കായി അവാർഡുകൾ ഏർപ്പെടുത്തി. കൂടാതെ എണ്ണക്കുരുക്കൾ, പയർ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കൊക്കൊ, കിഴങ്ങുവർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ തുടങ്ങിയ വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി.

(ബി) സ്ഥാനമൊഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ പ്രധാന പരിപാടികളും പദ്ധതികളും ചുവടെ ചേർക്കുന്നു.

1. നെൽകൃഷി പ്രദേശങ്ങളുടെ വികസനത്തിനായി നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചു.

2. നെൽകൃഷി ഉൽപാദന ബോണസ് ഹെക്ടറിന് 250 രൂപയിൽ നിന്നും 350 രൂപയായി വർദ്ധിപ്പിച്ചു.

3. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽകൃഷിമേഖലയിൽ ട്രാക്ടറുകളും ട്രില്ലറുകളും നൽകുന്നതിനു പുറമെ നെല്ല്, അനായാസം കൊയ്തു മെതിച്ചു നൽകുന്ന കൊയ്ത്തു മെതിയന്ത്രം കർഷകർക്ക് ലഭ്യമാക്കി.

4. നെൽ വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സീഡ് അതോറിററി രൂപീകരിച്ചു.

5. തെങ്ങുകൃഷിയെ ബാധിച്ച മണ്ഡരി കീടബാധ തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് പ്രത്യേക പദ്ധതി ആരംഭിച്ചു.

6. ഹരിതസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് അമ്യഗാപച്ചക്കറിവികസന പദ്ധതി നടപ്പിലാക്കി.

7. കർഷകന്റെ ജീവന് പരിരക്ഷ നൽകുന്നതിനായി കർഷക രക്ഷാ പദ്ധതി ആരംഭിച്ചു.

8. കാർഷിക മേഖലയിൽ ജൈവ സാങ്കേതികവിദ്യ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇക്കോ കൺട്രോൾ അതോറിററിയും മോഡൽ ഫ്ളോറി കൾച്ചറൽ സെന്ററും സ്ഥാപിച്ചു.

9. കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കശുമാവ് വികസന കൗൺസിൽ രൂപീകരിച്ചു.

10. 2 ഹെക്ടർ വരെ കരകൃഷിയുള്ള കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതിനുവേണ്ടി പദ്ധതി ആവിഷ്ക്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി)

| വർഷം | നീക്കിവച്ച തുക | ചെലവായ തുക | ലാപ്സായ തുക |
|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | |
| 1991–92 | 6497.93 | 6259.80 | 238.13 |
| 1992–93 | 9135.57 | 8995.12 | 140.45 |
| 1993–94 | 10651.04 | 10463.46 | 187.58 |
| 1994–95 | 13793.50 | 13625.48 | 168.02 |
| 1995–96 | 14501.09 | 14485.25 | 15.61 |

(ഡി)

| വർഷം | നീക്കിവച്ച തുക | ചെലവായ തുക | ലാപ്സായ തുക |
|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | |
| 1996–97 | 16576.24 | 16569.22 | 7.02 |
| 1997–98 | 10887.46 | 10301.72 | 585.74 |
| 1998–99 | 10600.77 | 10019.83 | 580.94 |
| 1999–2000 | 10022.84 | 9071.79 | 951.05 |
| 2000–2001 | 9325.83 | 8979.67 | 946.16 |

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക 10994.09 ലക്ഷം രൂപ, വിവിധ ഏജൻസികളിൽനിന്നും ലഭിച്ച തുക 1951.97 ലക്ഷം രൂപ, കൃഷി വകുപ്പ് തുകയൊന്നും കടം വാങ്ങിയിട്ടില്ല.

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക 15041.15 ലക്ഷം രൂപ, വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുക; (കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏജൻസികളിൽനിന്നും) 3725.28 ലക്ഷം രൂപ. കൃഷി വകുപ്പ് തുകയൊന്നും കടം വാങ്ങിയിട്ടില്ല.

(ജി) (1) നെൽകൃഷി വികസന മേഖലയിൽ 11 വികസന ഏജൻസികൾ രൂപീകരിച്ചു. ഈ വികസന ഏജൻസികൾക്കായി മൊത്തത്തിൽ 1882.87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(2) നെൽകൃഷിക്കാർക്ക് കൊയ്ത്തു മെതിയന്ത്രം (18 എണ്ണം) ലഭ്യമാക്കി. ഇതിനായി 287 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(3) ഗുണമേൻമയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി സീഡ് അതോറിററി രൂപീകരിച്ചു. ഇതുവഴി 181 ലക്ഷം രൂപ വിത്തുൽപ്പാദന പരിപാടിക്കായി സീഡ് അതോറിററിക്ക് നൽകിയിട്ടുണ്ട്.

(4) പച്ചക്കറി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഹരിത സംഘങ്ങൾ വഴി പച്ചക്കറി കൃഷി നടപ്പിലാക്കി. ഇതിനായി മൊത്തത്തിൽ 2450.52 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(5) കർഷകന്റെ ജീവന് പരിരക്ഷ നൽകുന്നതിനായി കർഷകരക്ഷാ പദ്ധതി നടപ്പിലാക്കി. ഇതിനായി 2 കോടി രൂപ ചെലവഴിക്കുകയുണ്ടായി

(6) കാർഷിക മേഖലയിൽ ജൈവ സാങ്കേതികവിദ്യ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 60 ലക്ഷം രൂപ ചെലവഴിച്ച് ബയോ കൺട്രോൾ ലബോറട്ടറിയും 250 ലക്ഷം രൂപ ചെലവഴിച്ച് മോഡൽ ഫ്ളോറി കൾച്ചറൽ സെൻററും സ്ഥാപിക്കുകയുണ്ടായി.

(7) കശുമാവ് കൃഷിയുടെ സമഗ്ര പുരോഗതി പ്രാവർത്തികമാക്കാനും ഫലവത്തായി മേൽനോട്ടം നടത്താനുമായി കശുമാവ് വികസന കൗൺസിൽ ക്രമീകരിക്കുകയുണ്ടായി.

## കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ

66 [345] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെൻറിന്റെ കാലത്ത് എത്ര ഹെക്ടർ വരെ ഭൂമിയുള്ള കൃഷിക്കാരെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇതിനായി കൃഷി വകുപ്പ് വൈദ്യുതി വകുപ്പിന് എത്ര തുക കഴിഞ്ഞ 5 വർഷമായി അടച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സിഡി ഇനത്തിൽ കൃഷിക്കാർക്ക് എന്ത് സഹായമാണ് ലഭ്യമാക്കിയിരുന്നത് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ ;

(ഡി) കൃഷിയുടെ പ്രോൽസാഹനത്തിനായി വിത്ത്, വളം, പണിയായുധങ്ങൾ തുടങ്ങിയവ സഹായമായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നൽകിയിരുന്നോ ; എങ്കിൽ കഴിഞ്ഞ 5 വർഷമായി വിവിധ ജില്ലകളിൽ ഇതിനായി എന്ത് തുക ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) നെൽകൃഷിക്ക് പരിധിയില്ലാത്ത വൈദ്യുതി സൗജന്യം അനുവദിച്ചിരുന്നു. കഴിഞ്ഞ സർക്കാർ 2 ഹെക്ടർ വരെയുള്ള മററു വിളകൾക്കും വൈദ്യുതി സൗജന്യം ഏർപ്പെടുത്തി.

(ബി) കഴിഞ്ഞ അഞ്ച് വർഷമായി വൈദ്യുതി സൗജന്യത്തിനായി 2,14,70,409 കോടി രൂപ നൽകിയിട്ടുണ്ട്. 1998 വരെ വൈദ്യുതി സൗജന്യത്തിനുള്ള തുക അഡ്വാൻസായി ഇലക്ട്രിസിററി ബോർഡിന് നേരിട്ടാണ് നൽകിയിരുന്നത്. അതിനുശേഷം നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് †അനുബന്ധമായി വെയ്ക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷിക ഉൽപ്പാദനോപാധികളായ വിത്ത്, വളം, കീടനാശിനി തുടങ്ങിയവയ്ക്കുള്ള ധനസഹായം, പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം കാർഷിക, യന്ത്രോപകരണങ്ങളായ ട്രാക്ടർ, ടില്ലർ തുടങ്ങിയവയ്ക്കുള്ള സഹായം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സഹായം തുടങ്ങിയവയ്ക്കാണ് കൊടുത്തിരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിത്ത്, വളം, പണിആയുധങ്ങൾ എന്നിവയ്ക്കായി എൽ.ഡി.എഫ്. സർക്കാർ സഹായം നൽകിയിരുന്നു. ഇതിനായി കഴിഞ്ഞ 5 വർഷങ്ങളിലായി വിവിധ ജില്ലകളിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

വിത്ത് : 1221.23 ലക്ഷം രൂപ

വളം : 1324.38 ലക്ഷം രൂപ

പണിയായുധങ്ങൾ : 32.90 ലക്ഷം രൂപ.

## കാർഷികനയവും കേരകർഷകരുടെ പ്രശ്ന പരിഹാരവും

67 [346] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികനയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ കേരകർഷകരുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ കേരകർഷകരുടെ പ്രധാന പ്രശ്നമായ വിലയിടിവ് തടയുന്നതിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവില അനുസരിച്ചുള്ള കൊപ്രസംഭരണം നടത്തുന്നതിനു നടപടികൾ തുടങ്ങിക്കഴിഞ്ഞു. തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി ബാധ തടയുന്നതിനു സമഗ്രമയ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനു പ്രാരംഭ നടപടിയെടുത്തുവരുന്നു. നാളികേര കൃഷിവികസനത്തിനായി ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## നാണ്യവിളകളുടെ വിലയിടിവു മൂലം കഷ്ടപ്പെടുന്ന കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം

68 [347] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ വിലയിടിവ് മൂലം കഷ്ടപ്പെടുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) എല്ലാ നാണ്യവിളകളുടേയും കഴിഞ്ഞ നാലുവർഷത്തെ ഉൽപ്പാദനം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) കാർഷിക കടത്തിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആൻറ് ബി) കേന്ദ്രസർക്കാരിന്റെ കയററിറക്കുമതി നയം മൂലം കാർഷികോൽപ്പന്നങ്ങൾ അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകവഴി കാർഷികോൽപ്പന്നങ്ങളായ നാളികേരം, കൊപ്ര, വെളിച്ചെണ്ണ, കുരുമുളക്, തേയില, റബർ, കാപ്പി തുടങ്ങിയവയ്ക്ക് വിലയിടിവ് ഉണ്ടായി. കൊപ്രയുടെ വിലയിടിവ് തടയാൻ താങ്ങുവില പ്രകാരം കൊപ്ര സംഭരണം, കേരഫെഡ്, മാർക്കററ് ഫെഡ് എന്നീ ഏജൻസികൾവഴി നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ട്. കുരുമുളകിന്റെ വിലയിടിവ് തടയുന്നതിനായി ലോക കമ്പോളത്തിൽ നമ്മുടെ കുരുമുളക് സംസ്കരിച്ച് എത്തിക്കാനും വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതും കുരുമുളകിന്റെ ഇറക്കുമതി തടയുവാനും ഇറക്കുമതി ചെയ്യുവാൻ യോഗ്യമായ കുരുമുളകിന് അനുവദനീയമായ പരമാവധി ഇറക്കുമതി തീരുവ ഏർപ്പെടുത്തുവാനും കാപ്പിയുടെ വിലത്തകർച്ച തടയാൻ താങ്ങുവില പ്രഖ്യാപിച്ച് കേരളത്തിലെ കാപ്പികൃഷിക്കാരിൽ നിന്നും കാപ്പി സംഭരണം നടത്തുവാനും കാപ്പി ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് തടയാനും നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) കാർഷിക കടാശ്വാസനിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

നെൽകൃഷി വികസനം

69 [348] ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നെൽകൃഷി വികസനം ലക്ഷ്യമിട്ടുകൊണ്ട് മുൻ സർക്കാർ രൂപീകരിച്ച വികസന ഏജൻസികളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചുവോ;

(സി) എങ്കിൽ പ്രസ്തുത വികസന ഏജൻസികളുടെ പ്രവർത്തനഫലമായി സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഫലപ്രദമായി നടന്നുവരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വികസന ഏജൻസികളുടെ പ്രവർത്തനഫലമായി സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി നടത്താൻ സാധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) വികസന ഏജൻസികളുടെ പ്രവർത്തനഫലമായി സംസ്ഥാനത്ത് നെല്ലിന്റെ ശരാശരി ഉൽപാദനക്ഷമതയിൽ വർദ്ധനവുണ്ടായിട്ടുള്ളതായി ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) വികസന ഏജൻസികളുടെ പ്രവർത്തനത്തിനായി മുൻസർക്കാർ എന്തു തുക ചെലവഴിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ വികസന ഏജൻസികളുടെ പ്രവർത്തനമേഖലകളിൽ നെൽകൃഷിക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) വികസന ഏജൻസികളുടെ ശ്രമഫലമായി മുൻ സർക്കാരിന്റെ കാലത്ത് നെല്ല് ഉൽപാദനത്തിലും അരി ഉൽപാദനത്തിലും കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

## ഉത്തരം

(എ) നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് ഗ്രൂപ്പടിസ്ഥാനത്തിൽ നെൽകൃഷിയുടെ സമഗ്രമായ പരിപോഷണം എന്ന പദ്ധതിക്ക് 1000 ലക്ഷം രൂപയ്ക്കും മാക്രോ മാനേജ്മെന്റ് വർക്ക് പ്ലാൻ പ്രകാരം 1400 ലക്ഷം രൂപയ്ക്കും വിത്തുൽപാദനത്തിന് 150 ലക്ഷം രൂപയ്ക്കും നെല്ല് മിനികിററ് സ്കീമിൽ 11 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപാദന ബോണസും വൈദ്യുതി സൗജന്യവും നൽകുന്നു.

(ബി) പരിശോധിച്ചു.

(സി) കണക്കാക്കിയിട്ടുണ്ട്. വികസന ഏജൻസികളുടെ പരിധിയിൽ വരുന്ന 171548 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നു. ഏജൻസികളുടെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥലത്തും നെൽകൃഷി നടത്തി തുടങ്ങിയിട്ടില്ല.

(ഡി) കണക്കാക്കിയിട്ടുണ്ട്. വിവിധ ഏജൻസികളുടെ പ്രവർത്തനഫലമായി സംസ്ഥാനത്ത് 5894 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. 1996–ൽ നെല്ലിന്റെ ഉൽപാദനക്ഷമത 2023 കിലോ/ഹെക്ടറിൽ നിന്നും 2203 കിലോ/ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്.

(എഫ്) കണക്കാക്കിയിട്ടുണ്ട്. 1996 മുതൽ 2000 വരെ വിവിധ ഏജൻസികൾക്കായി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഓണാട്ടുകര വികസന ഏജൻസി | 177 | ലക്ഷം | രൂപ |
| തുറവൂർ കരിനില ഏജൻസി | 77 | ,, | ,, |
| പുറക്കാട് ,, ,, | 142 | ,, | ,, |
| കുട്ടനാട് ,, ,, | 187 | ,, | ,, |
| വയനാട് ,, ,, | 77 | ,, | ,, |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| കാടാംപള്ളി കരിനില ഏജൻസി | 30 | ലക്ഷം രൂപ |
| പാലക്കാട് ,, ,, | 177 | ,, ,, |
| പൊന്നാനി ,, ,, | 142.1 | ,, ,, |
| പൊന്നാനി കോൾ ,, | 145 | ,, ,, |
| വൈക്കം കരിനിലം ,, | 162 | ,, ,, |
| തൃശ്ശൂർ കോൾ ,, | 506.77 | ,, ,, |

(ജി) വികസന ഏജൻസിക്ക് നൽകിയിട്ടുള്ള തുക മുഖ്യമായും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് ചെലവഴിക്കുക.

(എച്ച്) സ്റ്റേറ്റുമെൻറ് അനുബന്ധമായി വെച്ചിരിക്കുന്നു. †

## ബസുമതി നെൽകൃഷി

70 [349] ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസുമതി നെൽകൃഷി ചെയ്യുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് കൃഷിക്കാർക്ക് നൽകുന്നത് ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ ബസുമതി നെൽ കൃഷി ഇപ്പോൾ ഉണ്ട് ;

(സി) ബസുമതി നെല്ല് സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ഡി) നെല്ലിൻെറ വില എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ചേർപ്പ് നിയോജക മണ്ഡലത്തിൽ അകംപാടം കിഴക്കേമന്ദാര ത്തോപ്പ്, ആലപ്പ്—പുള്ള് പാടശേഖരങ്ങളിൽ ബസുമതി കൃഷി നടത്തിയത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവിടെ നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ബസുമതി നെൽവിത്തിൻെറ വിലയുടെ 50% സബ്സിഡി, ഉൽപാദനോപാധികൾക്കായി ഹെക്ടറിന് 1000 രൂപ, നെല്ല് സംഭരണ സംസ്കരണത്തിനായി ക്വിൻറലിന് 60 രൂപ എന്നിവയടക്കം മൊത്തത്തിൽ 2100 രൂപയുടെ ആനുകൂല്യങ്ങളാണ് ഹെക്ടറൊന്നിന് ബസുമതി കൃഷിക്കാർക്കായി നൽകിവരുന്നത്.

(ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിലാണ് ബസുമതി നെൽകൃഷി നിലവിലുള്ളത്.

(സി) സ്മാൾ ഫാർമേഴ്സ് അഗ്രികൾച്ചറൽ ബിസിനസ് കൺസോർഷ്യത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ഫണ്ടും അനുവദിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കിലോയ്ക്ക് 15 രൂപയായിട്ടാണ് ബസുമതി നെല്ലിന് വില നിശ്ചയിച്ചിട്ടുള്ളത്.

(ഇ) ഉണ്ട്.

(എഫ്) ഇവിടെ ഉൽപ്പാദിപ്പിച്ച 35.27 മെട്രിക് ടൺ ബസുമതി നെല്ലിൽ 17.5 മെട്രിക് ടൺ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ വഴിയും ബാക്കി ജില്ലാ പഞ്ചായത്തിന്റെ സ്കീം വഴിയും സംഭരിച്ചിട്ടുണ്ട്.

## വട്ടിയൂർക്കാവ് കൃഷിഭവൻ

71 [350] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിൽപ്പെട്ട വട്ടിയൂർക്കാവ് പഞ്ചായത്തിൽ പണി പൂർത്തിയായ കൃഷിഭവൻ പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കൃഷിഭവൻ എന്നേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) വട്ടിയൂർക്കാവ് കൃഷിഭവൻ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നിവയുടെ കണക്ഷൻ കിട്ടിയിട്ടില്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങൾ ഈ കെട്ടിടത്തിൽ ഉണ്ടാക്കിയിട്ടില്ല.

(ബി) പണി പൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പോളച്ചിറ ഏലാ വികസനപ്രദേശത്തെ നിലം നികത്തൽ

72 [351] ശ്രീ. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസനപ്രദേശത്ത് വ്യാപകമായി നിലം നികത്തുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ചാത്തന്നൂർ പോളച്ചിറ ഏലായിലെ അനധികൃത നിലം നികത്തൽ ചിറക്കര വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസർ സ്റ്റേ ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊപ്ര സംഭരണം

73 [352] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്ര സംഭരണം ആരംഭിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) 2000–2001 സാമ്പത്തിക വർഷം കൊപ്ര സംഭരണത്തിനായി നാഫെഡ് എത്ര രൂപ ചെലവഴിച്ചെന്നും ഈ കാലയളവിൽ എത്ര ടൺ കൊപ്ര സംഭരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) 2000–2001 സാമ്പത്തിക വർഷം പച്ചത്തേങ്ങ സംഭരിക്കുമെന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പിലായോ; നടപ്പിലായെങ്കിൽ എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 23-6-2001-ലെ ജി.ഒ. (എം.എസ്.) നം.148/2001/എ. ഡി. പ്രകാരം സർക്കാർ താങ്ങുവില പദ്ധതി അനുസരിച്ച് കൊപ്ര സംഭരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംഭരണം നടത്തേണ്ടതിന്റെ ചുമതല കേരഫെഡിന്റെയും മാർക്കറ്റിംഗ് ഫെഡറേഷന്റെയും കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് നൽകിയിയിട്ടുള്ളത്. ഇപ്രകാരം കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) 2000 സീസണിലെ കൊപ്ര സംഭരണം 2000 മാർച്ചു മാസം 8 മുതൽ 2001 മാർച്ച് 31 വരെയായിരുന്നു. ഈ കാലയളവിൽ 85,139.286 മെട്രിക് ടൺ കൊപ്ര സംഭരിക്കുകയുണ്ടായി. കൊപ്രയുടെ വിലയും സർവീസ് ചാർജുമായി മൊത്തം 28,195.81 ലക്ഷം രൂപ നാഫെഡ് ചെലവഴിച്ചിട്ടുണ്ട്.

(സി) നടപ്പിലാക്കി. 2000–2001 സാമ്പത്തികവർഷം 5825 ടൺ ഉടച്ച നാളികേരവും 18.64 ലക്ഷം പച്ച നാളികേരവും 62 സഹകരണ സംഘങ്ങൾവഴി സംഭരിക്കുകയുണ്ടായി.

കൊപ്ര സംഭരണം

74 [353] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണസംഘങ്ങൾവഴി കൊപ്ര സംഭരണം നടത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കൊപ്ര സംഭരണത്തിന് വിൽപ്പനനികുതി ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ-യും ബി-യും) ഉണ്ട്. 2001 സീസണിൽ കേന്ദ്രസർക്കാർ ഏജൻസിയായ നാഫെഡിനുവേണ്ടി കൊപ്ര സംഭരിക്കുന്നതിനായി സംസ്ഥാനതല ഏജൻസികളായി കേരള കേരകർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്), കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ (മാർക്കററ് ഫെഡ്) എന്നീ സംസ്ഥാനതല സഹകരണ സ്ഥാപനങ്ങളെയാണ് നിയമിച്ചിട്ടുള്ളത്. ഇവർക്ക് നിശ്ചയിച്ചിട്ടുള്ള ജില്ലകളിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴിയാണ് കൊപ്ര സംഭരിക്കുന്നത്.

(സി) ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

മണ്ഡരി രോഗവും കാർഷിക മേഖലയിലെ പ്രതിസന്ധികളും

75 [355] ശ്രീമതി മെഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽപ്പെട്ട സംസ്ഥാനത്തെ കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ ഗവൺമെൻറ് തയ്യാറാകുമോ;

(ബി) സംസ്ഥാനത്തെ കാർഷികവിളകൾ നേരിടുന്ന വിലത്തകർച്ച പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വ്യാപകമായി പടർന്നുപിടിച്ച മണ്ഡരിരോഗം ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കാൻ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാം എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(ബി) കൊപ്രയുടെ വിലയിടിവ് തടയാൻ താങ്ങുവിലപ്രകാരം ക്വിൻറലിനു 3,300 രൂപയ്ക്കു കൊപ്ര സംഭരണം നടത്തുവാൻ ഉത്തരവായിട്ടുണ്ട്. റബ്ബറിൻെറ ഇറക്കുമതി നിരോധനം തുടരണമെന്നും ഭക്ഷ്യ എണ്ണയായ പാമോയിൽ അടക്കമുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ പരമാവധി ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ 5 ഹെക്ടർ വീതം വരുന്ന സ്ഥലത്ത് കാർഷിക സർവ്വകലാശാല സി. പി. സി. ആർ. ഐ. കൃഷിവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ മണ്ഡരിബാധ തടയുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ ഫലം ലഭിച്ചശേഷം മററ് സ്ഥലങ്ങളിലെ മണ്ഡരിരോഗബാധ തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 354-ൻെറ ഉത്തരം എഡിററിംഗ് ബ്രാഞ്ചിൽ കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വെളിച്ചെണ്ണ വിപണന മേഖല

76 [356] ശ്രീ. സി. കെ. നാണു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വെളിച്ചെണ്ണയുടെ വില നിർണ്ണയിക്കുന്നത് പ്രധാനമായും ഏതെല്ലാം വ്യാപാര കേന്ദ്രങ്ങളിൽ നിന്നാണ്;

(ബി) ഇന്ത്യയിലെ ഇന്നത്തെ വെളിച്ചെണ്ണ ഉൽപ്പാദനത്തിന്റെ എത്ര ശതമാനം കേരളത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(സി) ഇന്ത്യയിലെ വെളിച്ചെണ്ണ വിപണനമേഖലയിൽ കേരളത്തിലെ പൊതു ഉടമസ്ഥതയിലോ, സ്വകാര്യ ഉടമസ്ഥതയിലോ ഉള്ള സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) കൊച്ചി, കോഴിക്കോട്, ആലപ്പുഴ, കൽക്കട്ട, കോൽഹാപ്പൂർ (മഹാരാഷ്ട്ര), ഡൽഹി, ചെന്നൈ, കാങ്കയം (തമിഴ്നാട്), ബാംഗ്ലൂർ, മുംബൈ, ബർസിക്കരെ (കർണ്ണാടക), ഗുഡ്ഡി (ഒറീസ), ഇൻഡോർ (മദ്ധ്യപ്രദേശ്) എന്നീ വ്യാപാരകേന്ദ്രങ്ങളിൽ നിന്നാണ്.

(ബി) 70 ശതമാനം.

(സി) കേരളത്തിന്റെ പൊതു ഉടമസ്ഥതയിലുള്ള സഹകരണ സ്ഥാപനമായ കേരഫെഡ് ഇന്ത്യയിലെ പൊതുവിപണിയിൽ വെളിച്ചെണ്ണ വിപണനം നടത്തുന്നുണ്ട്. ഇതിനും പുറമേ കേരളത്തിലുള്ള ഇരുപതിലേറെ മേൽത്തരം ഓയിൽ മില്ലുകൾ വെളിച്ചെണ്ണ പൊതു വിപണിയിൽ വിററു വരുന്നു.

## റബ്ബർ ഉൽപ്പാദനവും വിലയും

77 [357] ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റബ്ബർ കർഷകർക്ക് ന്യായവില ലഭിക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ ആകെ റബ്ബർ ഉൽപ്പാദനം എത്രയാണെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) താരിഫ് ഫ്രീയായ റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ഏർപ്പെടുത്തിയിരുന്ന നിരോധനം കേന്ദ്രഗവൺമെന്റ് നീട്ടിയിട്ടുണ്ട്. നിരോധനം നീക്കുന്നതിനുള്ള നിർദ്ദേശം നിലവിലില്ലെന്നും കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതി തീരുവ 300 ശതമാനം വർദ്ധിപ്പിക്കണമെന്നും റബ്ബർ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1998-99, 1999-2000 വർഷങ്ങളിലെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നായിംമേലി തോടിന്റെ ദുരവസ്ഥ

78 [358] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽ നിന്ന് ഉത്ഭവിച്ച് ചാലക്കുടി നിയോജക മണ്ഡലത്തിലെ കൊരട്ടി, മേലൂർ പഞ്ചായത്തുകളിൽപ്പെട്ട പാലിശ്ശേരി, ഇളഞ്ചേരി, പുത്തൻകര, പന്തലൂർ പാടം, പുലാനിപ്പാടം തുടങ്ങിയ പാടശേഖരങ്ങളിലൂടെ ചാലക്കുടി പുഴയിൽ എത്തുന്ന നായിംമേലി തോട് കഴിഞ്ഞ 30 വർഷമായി സംരക്ഷിക്കപ്പെടാതെ കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത പാടശേഖരങ്ങളിലും അടുത്തു കിടക്കുന്ന പറമ്പുകളിലും മഴയ്ക്കുമുൻപേ കൃഷിയിറക്കിയ കർഷകരുടെ നെല്ലും നേന്ത്രവാഴയും വെള്ളത്തിലായിപ്പോയതിനാൽ ഉണ്ടാകുന്ന കൃഷിനാശത്തിന് അടിയന്തിര സഹായം അനുവദിക്കുമോ;

(സി) കൃഷിയിറക്കുവാൻ കെ. എച്ച്. ഡി. പി.-യിൽ നിന്ന് ലോൺ എടുത്ത കർഷകർക്ക് നായിംമേലി തോടിന്റെ ഇപ്പോഴത്തെ അവസ്ഥമൂലം കൃഷിനാശം സംഭവിക്കുന്ന സാഹചര്യത്തിൽ വായ്പ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ ഇളവുകൾ അനുവദിക്കുമോ;

(ഡി) നായിംമേലി തോടിന്റെ ആഴം വർദ്ധിപ്പിച്ച് സൈഡ് കെട്ടി വെള്ളം ഒഴുകാനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയൂ.

(സി) കെ. എച്ച്. ഡി. പി. കൃഷിക്ക് നേരിട്ട് വായ്പയൊന്നും നൽകുന്നില്ല. പ്രോഗ്രാമുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ബാങ്കുകൾ കർഷകർക്ക് നേരിട്ടാണ് വായ്പകൾ നൽകുക. ആയതിനാൽ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം പ്രോഗ്രാമിന്റെ അധികാര പരിധിയിൽ വരുന്നില്ല.

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും കർഷകരുടെയും സഹകരണത്തോടെ മാത്രമേ തോട് നവീകരിക്കുവാൻ കഴിയുകയുള്ളൂ.

വെയർഹൗസിംഗ് കോർപ്പറേഷനുവേണ്ടി സ്ഥലമെടുത്തതിലെ അഴിമതി

79 [359] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെയർഹൗസിംഗ് കോർപ്പറേഷനുവേണ്ടി പറവൂരിൽ വാണിയക്കാട് സ്ഥലമെടുത്തതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ ആൻറ് ബി) ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയ വിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് വാങ്ങിയതെന്ന് റിക്കാർഡുകളിൽ കാണുന്നു. അഴിമതി നടന്നതായി ഗവൺമെൻറിന് അറിയില്ല. അതുകൊണ്ട് അന്വേഷണം നടത്തിയിട്ടില്ല. അഴിമതി നടന്നതായുള്ള തെളിവ് ഹാജരാക്കിയാൽ അന്വേഷണം നടത്തുന്നതാണ്.

ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫ്ളോറികൾച്ചറിസ്ററ് സംഘടനയുടെ പുഷ്പകൃഷി വ്യാപന പ്രവർത്തനങ്ങൾ

80 [360] ശ്രീ. പി. ററി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫ്ളോറികൾച്ചറിസ്ററ് എന്ന സംഘടനയുടെ പുഷ്പകൃഷി വ്യാപനത്തിനുവേണ്ടി സർക്കാരിൽനിന്ന് പണം കൈപ്പററിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുക കൈപ്പററിയെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക പ്രസ്തുത സംഘടന എന്തുപയോഗത്തിനാണ് വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഘടനയുടെ ഭാരവാഹികൾ ആരെല്ലാമാണ്; അവരുടെ മേൽവിലാസം വ്യക്തമാക്കുമോ;

(ഇ) ഈ സംഘടനയിൽ സർക്കാർ പ്രതിനിധികൾ ആരെല്ലാം;

(എഫ്) ഈ സംഘടന നടത്തിയ പണം ഇടപാടുകളെ സംബന്ധിച്ച് ആഡിററ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെ;

(ജി) ഈ സംഘടനയുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും പരാതി സർക്കാരിന് കിട്ടിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ആ പരാതിയെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഐ) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 45 ലക്ഷം രൂപ സർക്കാർ സഹായമായി നൽകിയിട്ടുണ്ട്.

(സി) താഴെ പറയുന്ന കാര്യങ്ങൾക്കാണ് പണം അനുവദിച്ചത്:

1. ചെടികൾ ടിഷ്യൂകൾച്ചർവഴി ഉൽപ്പാദിപ്പിക്കുന്നതിനും ചെടികൾ ഇറക്കുമതി ചെയ്യുന്നതിനും.

2. പൂക്കൃഷി ചെയ്യുന്ന കർഷകർക്ക് പരിശീലനം.

LIBRARY ARCHIVES Kerala Legislative Assembly

3. പൂക്കളുടെ വിപണനം.

4. കർഷകർക്ക് ചെടികൾ വാങ്ങുന്നതിനും ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനും സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം.

5. മാർക്കററ് സർവേ നടത്തുക, മേളകളിൽ പങ്കെടുക്കുക തുടങ്ങിയവയ്ക്ക്.

6. മററ് ഓഫീസ് ചെലവുകൾ.

(ഡി) 1. പ്രൊഫസർ നൈനാൻ തോമസ്, 'കൈതയിൽ', ചെഞ്ചേരി റോഡ്, നാലാഞ്ചിറ (പ്രസിഡൻറ്).

2. ശ്രീ. ററി. എ. ജോർജ്ജുകുട്ടി, പഴകുളം സോഷ്യൽ സർവീസ് സൊസൈററി, പഴകുളം പി.ഒ., അടൂർ (സെക്രട്ടറി)

3. ശ്രീ. വി.എം. മാത്യു, പുരാപ്പുഴ എസ്റേററ്, കദളിക്കാട് പി.ഒ. മൂവാററുപുഴ (വൈസ് പ്രസിഡൻറ്).

4. ശ്രീ. പി. എ. രാധാകൃഷ്ണപിള്ള, കൃഷ്ണകാന്തം, ലീല തീയേററർ റോഡ്, കോഴിക്കോട്.

5. പ്രൊഫസർ ഇ. എ. ജോർജ്ജ്, കൊല്ലം ഫ്ളോറികൾച്ചർ സൊസൈററി, കടപ്പാക്കട, കൊല്ലം.

6. ശ്രീ. എൻ. അബ്ദുൾ അസീസ്, തൊടുകയിൽ, റോജാ കോട്ടേജ്, റിവർ റോഡ്, കോതമംഗലം.

7. ശ്രീ. കേളു തുടങ്ങിയവർ, തൊടുപുഴ താലൂക്ക് അഗ്രിക്കൾച്ചർ സൊസൈററി, രാജഗിരി, മൂലകോണം പി. ഒ., തൊടുപുഴ.

8. ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, പാലോട്.

(ഇ) സർക്കാർ പ്രതിനിധിയായി ആരുമില്ല.

(എഫ്) സർക്കാർ തലത്തിൽ ആഡിററ് നടത്തിയിട്ടില്ല.

(ജി മുതൽ ഐ വരെ) വിവരം ശേഖരിച്ചുവരുന്നു.

## അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന് പ്രവേശന നികുതി

81 [361] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന് പ്രവേശന നികുതി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലോചിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ക്ഷീരകർഷകർക്കുവേണ്ടി ക്ഷേമനിധി

82 [362] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസനത്തിനായി കഴിഞ്ഞ യു. ഡി. എഫ്. സർക്കാർ എന്തെല്ലാം നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്; 5 വർഷത്തേക്ക് എന്തു തുക ചെലവാക്കി; വിശദാംശം വ്യക്തമാക്കാമോ;

(ബി) ക്ഷീരവികസനത്തിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; കഴിഞ്ഞ 5 വർഷത്തേക്ക് എന്തു തുക ഇതിനായി എൽ. ഡി. എഫ്. സർക്കാർ ചെലവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(സി) ക്ഷീരകർഷകർ സംസ്ഥാനവ്യാപകമായി എത്രയുണ്ടെന്ന് തിട്ടപ്പെടുത്താൻ സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ കാലങ്ങളിൽ ക്ഷീരകർഷകന് പാലിന് ലഭിച്ചിരുന്ന വിലയിൽ കുറവ് വന്നിട്ടുള്ളതും കന്നുകാലികൾക്ക് നൽകേണ്ടുന്ന പുല്ല്, പിണ്ണാക്ക് തുടങ്ങിയ ആഹാരസാധനങ്ങൾക്ക് വില വർദ്ധിച്ചിട്ടുള്ളതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിൽനിന്നും ക്ഷീരകർഷകരെ രക്ഷിക്കാൻ സബ്സിഡി നിരക്കിൽ കന്നുകാലികൾക്ക് നൽകേണ്ടുന്ന ആഹാരസാധനങ്ങൾ, മരുന്നുകൾ എന്നിവ നൽകുന്നതിന് നിയോജകമണ്ഡലങ്ങൾതോറും ഇവ വിൽക്കുന്നതിനുള്ള മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ യു. ഡി. എഫ് സർക്കാർ ഭരണകാലത്ത് ക്ഷീരവികസനത്തിനായി പുൽക്കൃഷി, പാലുൽപ്പന്ന നിർമ്മാണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കി. ക്ഷീരസഹകരണ സംഘങ്ങളുടെ ഭരണമേൽനോട്ടം കാര്യക്ഷമമാക്കുവാൻ ക്ഷീരവികസന വകുപ്പിനെ ഏൽപ്പിച്ചു. അഞ്ചു വർഷത്തേക്ക് 2,777·46 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി ക്ഷീരവികസനവകുപ്പ് വഴി ചെലവാക്കി.

(ബി) കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പച്ചപ്പുല്ല് നഴ്സറി സ്ഥാപിക്കുക, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പദ്ധതികൾ നടപ്പിലാക്കി. 'ഓപ്പറേഷൻഫ്ളഡ്‌' പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുതായി തുടങ്ങുന്ന പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് പ്രത്യേക ധനസഹായ പദ്ധതിയും നടപ്പിലാക്കി. പദ്ധതികളുടെ നടത്തിപ്പിനായി അഞ്ചുവർഷത്തേക്ക് 4044.43 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ക്ഷീരകർഷകരുടെ മാത്രം കണക്കെടുക്കുന്നതിനായി ഒരു സർവ്വെ നടത്തിയിട്ടില്ല. എങ്കിലും സംസ്ഥാനത്ത് ഏകദേശം 16 ലക്ഷത്തോളം ക്ഷീരകർഷകർ ഉള്ളതായിട്ട് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഴില്ല.

(ഇ) ഉണ്ട്.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

വെള്ളായണി കാർഷിക കോളേജിൽ വിഷബാധയേററ പശുക്കൾ

83 [363] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കാർഷിക കോളേജിൽ വിഷബാധയെത്തുടർന്ന് പശുക്കൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷബാധയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സംഭവം തിരുവല്ലം പോലീസ് സ്റേറഷനിൽ ഒരു കേസ് രജിസ്ററർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. പശുക്കിടാവിന്റെ ജഡം കല്ലിയൂരിലെ സർക്കാർ വെററിനറി സർജൻ പോലീസിന്റെ സാന്നിദ്ധ്യത്തിൽ പോസ്ററുമോർട്ടം നടത്തി, സാമ്പിളുകൾ ശേഖരിച്ച് ചീഫ് കെമിക്കൽ അനാലിസിസ് ലാബറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചു. ഫ്യൂറഡാൻ എന്ന വിഷം ഉള്ളിൽ ചെന്നാണ് പശുക്കുട്ടി മരണമടഞ്ഞതെന്ന് അവിടത്തെ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സി. ആർ. നമ്പർ 84/2000 ആയി പോലീസ് അന്വേഷണം തുടരുന്നു.

കയർഫെഡ് വാങ്ങിയ കയറിന്റെ വില

84 [364] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങിയ കയറിന്റെ വില നൽകാനുള്ളതുമൂലം സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിശ്ചലമായിരിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കയർ സഹകരണ സംഘങ്ങൾക്ക് കിട്ടാനുള്ള തുക ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില കയർ കോ-ഓപ്പറേററീവിന് സാമ്പത്തിക ഞെരുക്കം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2000-2001 വർഷത്തിൽ പ്രവർത്തന മൂലധന മാർജിൻ മണിയായി 200 ലക്ഷം രൂപയും ഡിസ്ട്രസ് പർച്ചേസ് പദ്ധതിയായി 180 ലക്ഷം രൂപയും റ മെററീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപയും റിബേററ് ഇനത്തിൽ 273 ലക്ഷം; ഗോഡൗണിന് 196 ലക്ഷം; ഓഹരിത്തുക



LIBRARY ARCHIVES Kerala Legislative Assembly

ഇനത്തിൽ 75 ലക്ഷം രൂപയും സാമ്പത്തിക സഹായമായി കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. കയർഫെഡിൽ നിന്നും കുടിശ്ശികകൾ വിതരണം ചെയ്യുന്നതിന് ഈ സാമ്പത്തിക സഹായം വിനിയോഗിക്കുന്നുണ്ട്.

## കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ നടപടി

85 [365] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ പരിഗണിച്ച് കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ബി) കടബാദ്ധ്യതകളിൽ ദുരിതമനുഭവിക്കുന്ന കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി കടാശ്വാസ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ, ബി ആൻഡ് സി) കടാശ്വാസം നൽകുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നു.

## പരിസ്ഥിതി ബോധവൽക്കരണത്തിനുള്ള നടപടി

86 [366] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ബോധവൽക്കരണത്തിന് വനം വകുപ്പ് എന്തൊക്കെ പരിപാടികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്;

(ബി) അത്തരത്തിൽ എന്തെങ്കിലും പരിപാടി ഇപ്പോൾ വിദ്യാലയങ്ങളിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാം; ഇല്ലെങ്കിൽ സ്കൂളുകളിൽ പരിസ്ഥിതി വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; എങ്ങനെയാണ് ആ പരിപാടികൾ ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഗ്രീൻ ആർമി സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പ്രകൃതി പഠന ക്യാമ്പുകൾ, ദൂരദർശൻ പരിപാടികൾ, ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, ലഘു ലേഖകളുടെ വിതരണം, സിനിമാ പ്രദർശനം, ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, ന്യൂസ് ലെറ്റർ വിതരണം, ഫോറസ്ട്രി ക്ലബ്ബുകൾ വഴിയുള്ള പരിപാടികൾ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ലൈബ്രറി കൗൺസിലിന്റെയും

സഹകരണത്തോടെ വായനശാലകളിൽ വനശാസ്ത്ര പുസ്തക കോർണറുകളുടെ രൂപീകരണം, മാസ്സ് മീഡിയകളിലൂടെയുള്ള തദ്ദേശ പ്രചരണം, മോഡൽ നഴ്സറികൾ, വിവിധ മരത്തൈകളുടെ ഉൽപ്പാദനം, മോഡൽ ഫാമുകളുടെ പ്രവർത്തന പ്രോൽസാഹനം, ഡിസ്ട്രിക്ട് ഫോറസ്ററ് ഇൻഫർമേഷൻ ആൻറ് എക്സ്ററൻഷൻ സെൻററുകളിലൂടെ വന ശാസ്ത്ര വിവരങ്ങളുടെ വിതരണവും പ്രായോഗിക പരിജ്ഞാനവും നൽകൽ, ഡമോൺസ്ട്രേഷൻഫ്ളോട്ടുകൾ എന്നീ പരിപാടികളാണ് നടപ്പിലാക്കി വരുന്നത്.

(ബി, സി) ഉണ്ട്. വനശാസ്ത്ര പുസ്തക കോർണറുകളുടെയും ഫോറസ്ട്രി ക്ലബ്ബുകളുടെയും പ്രവർത്തനം നടന്നു വരുന്നുണ്ട്. പരിസ്ഥിതി ബോധവൽക്കരണത്തിനായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് സ്കൂളുകളിൽ നാഷണൽ ഗ്രീൻ കോർപ്സ് (നാഷണൽ ഗ്രീൻ ആർമി) എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലും 100 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് ഓരോ സ്കൂളിനും 1000 രൂപ വീതം ധനസഹായം നൽകുന്ന പരിപാടിയാണിത്. ഈ പരിപാടി നടപ്പിലാക്കുന്നതിന് ശാസ്ത്ര സാങ്കേതിക വകുപ്പിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പരിപാടി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

## വന സംരക്ഷണം

87 [367] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം കയ്യേററം, വനസമ്പത്ത് കൊള്ളയടി ഇവ തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വനത്തിൽ നിന്നും ലഭ്യമാകുന്ന അമൂല്യമായ സമ്പത്ത് പൂർണ്ണമായും സംസ്ഥാനത്തിന് ഉതകുന്ന തരത്തിൽ സ്വരൂപിക്കാനും വന സംരക്ഷണത്തിനും ശക്തമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

## ഉത്തരം

(എ) വനം കയ്യേററം തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടയിട്ട് സംരക്ഷിച്ചുവരുന്നു. വനഭൂമി കയ്യേററവും കുററകൃത്യവും തടയുന്നതിനായി കൂടുതൽ ഫോറസ്ററ് സ്റേറഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വന സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും അവർക്ക് ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ എന്നിവ നൽകിയും അവരെ കൂടുതൽ സുസജ്ജരാക്കിയിട്ടുണ്ട്. കൂടാതെ കുററകൃത്യം തടയുന്നതിന് തക്കസമയത്ത് കണ്ടുപിടിച്ച് നടപടികൾ എടുക്കുന്നതിനും ഫ്ളയിംഗ് സ്ക്വാഡിൻെറ സഹായത്തോടുകൂടി അടിക്കടി റോന്തുചുററൽ നടത്തി വന കയ്യേററങ്ങളും വനകുററകൃത്യങ്ങളും പരമാവധി തടയുന്നതിനുള്ള ജാഗ്രത പുലർത്താൻ കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. കയ്യേററങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്തിയും, പോലീസിൻെറ സഹായത്തോടെ ഒഴിപ്പിക്കുകയും കയ്യേററഭൂമി വീണ്ടെടുക്കുകയും ചെയ്യുന്നുണ്ട്. വന നിയമങ്ങളിൽ കാലോചിത പരിഷ്ക്കാരം വരുത്തി, കുററകൃത്യങ്ങൾക്ക് തക്ക

ശിക്ഷ ഉറപ്പുവരുത്താൻ നടപടിയെടുത്തുവരുന്നു. വനം കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം കോടതികളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) വനത്തിൽനിന്നും ലഭ്യമാകുന്ന അമൂല്യസമ്പത്ത് പൂർണ്ണമായും സംസ്ഥാനത്തിന് ഉതകുന്ന തരത്തിൽ സ്വരൂപിക്കുന്നുണ്ട്. വനം സംരക്ഷിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വംശനാശ ഭീഷണി നേരിടുന്ന വന്യമൃഗങ്ങൾ

88 [368] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ:
,, കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന വന്യമൃഗങ്ങൾ ഏതെല്ലാം;

(ബി) അവയ്ക്ക് വംശനാശം സംഭവിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## ഉത്തരം

(എ) ആന, കടുവ, കരിംകുരങ്ങ്, സിംഹവാലൻകുരങ്ങ്, കരടി, കൂരമാൻ, വരയാട്, നീലഗിരി മാർട്ടിൻ, നീർനായ, കാട്ടുപൂച്ച, അളുങ്ക്, മലയണ്ണാൻ, ചാംപൻ മലയണ്ണാൻ, ചീങ്കണ്ണി, ഉടുമ്പ്, കടലാമകൾ, മലമ്പാമ്പ്, രാജവെമ്പാല എന്നിവയാണ് കേരളത്തിൽ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന വന്യമൃഗങ്ങൾ.

(ബി) ഉണ്ട്.

(സി) ആന, കടുവ എന്നീ വന്യമൃഗങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്രസഹായ പദ്ധതികളായ പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ എന്നിവ ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ പരിരക്ഷണത്തിനായി താഴെ ചേർക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, സംരക്ഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുക, ഇക്കോ ഡവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കുക, പ്രകൃതി സംരക്ഷണ-അവബോധന പ്രവർത്തനങ്ങൾ നടത്തുക, ഗവേഷണ പഠനങ്ങൾ നടത്തുക.

## കാട്ടാനകൾ ഷോക്കേറ്റ് ചരിഞ്ഞ സംഭവം

89 [369] ശ്രീ. കെ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂഴിയാർ-ഇടമൺ 220 കെ. വി. ലൈനിൽ നിന്നും ഷോക്കേറ്റ് ചോരകക്ഷിമലയിൽ വച്ച് നാല് കാട്ടാനകൾ ചത്തുപോയതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് വനം വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥകൊണ്ട് വന്യജീവികൾക്ക് ഭാവിയിൽ അപകടം ഉണ്ടാകാതിരിക്കാൻ വനം വകുപ്പ് എടുക്കാനുദ്ദേശിക്കുന്ന നടപടികൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) മൂഴിയാർ ഇടമൺ 220 കെ. വി. ലൈനിൽ നിന്നും ഷോക്കേറ്റ് എത്ര കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട് എന്ന് അറിവുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്വേഷണം നടത്തി വരുന്നുണ്ട്. ഇതു സംബന്ധിച്ച് വൈൽഡ്ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ 9, 52, 58 എന്നീ സെക്ഷനുകൾ പ്രകാരം വൈദ്യുതി ബോർഡ് അധികാരികളെ പ്രതിയാക്കി റാന്നി ഡിവിഷനിലെ ഗ്രൂബ്രിക്കർ റെയിഞ്ചിലെ ഒ. ആർ. 4/2001 ആയി കേസ് ബുക്ക് ചെയ്തിട്ടുണ്ട്. തുടർന്ന് അന്വേഷണം നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് 13-6-2001-ൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

വനത്തിലൂടെ കടന്നു പോകുന്ന ഹൈടെൻഷൻ വൈദ്യുതി ലൈനിന്റെ അടിവശമുളള കാട് ഉടൻതന്നെ വൈദ്യുതി ബോർഡ് വൃത്തിയാക്കുകയും തുടർന്ന് കാലാകാലങ്ങളിൽ അതേ നിലയിൽ സൂക്ഷിക്കുക, വൈദ്യുതി കമ്പി അപകടകരമാംവിധം താണ് കിടക്കുന്ന സ്ഥലങ്ങളിൽ കമ്പിവലിച്ച് ഉയർത്തി ഉയരം കൂട്ടുക, ഇത്തരത്തിൽ സാദ്ധ്യമല്ലാത്ത ഭാഗങ്ങളിൽ വനം വകുപ്പും വൈദ്യുതിബോർഡും സംയുക്തമായി പരിശോധിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതിബോർഡ് അധികമായി ടവ്വറുകൾ സ്ഥാപിക്കുകയും ചെയ്യുക. ഈ തീരുമാനങ്ങൾ അനുസരിച്ച് സംയുക്ത പരിശോധന 19-6-2001 മുതൽ നടന്നു വരുന്നു.

(സി) ഉണ്ട്. 2001-ൽ 4 കാട്ടാനകളാണ് ഷോക്കേറ്റ് മരിച്ചിട്ടുള്ളത്. 4 ആനകൾ 1997-ൽ ജൂലൈ 15-ന് താഴ്ന്നുകിടന്ന മൂഴിയാർ–ഇടമൺ 220 കെ. വി. ലൈനിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരിച്ചിട്ടുണ്ട്.

കാട്ടാന ശല്യം

90 [370] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കോട്ടത്തറ, അഗളി, താവളം (അട്ടപ്പാടി) പ്രദേശങ്ങളിൽ കാട്ടാനക്കൂട്ടം ലക്ഷക്കണക്കിന് രൂപയുടെ കൃഷിനാശം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിൽ കർഷകർക്കുണ്ടായ നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) നഷ്ടപരിഹാരം എന്ത് നൽകുമെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാട്ടാനശല്യം ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യും (സി) യും. നഷ്ടം തിട്ടപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം ഏറ്റവും വേഗത്തിൽ നൽകുന്നതാണ്.

(ഇ) കാട്ടാനശല്യം ഒഴിവാക്കാൻ വേണ്ടി ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കുക, കിടങ്ങ് കുഴിക്കുക, സംരക്ഷണ ഭിത്തികൾ കെട്ടുക എന്നിവ ചെയ്യുന്നുണ്ട്. വന്യ ജീവികളുടെ ഉപദ്രവം ശ്രദ്ധയിൽപ്പെടുമ്പോൾ വനം വകുപ്പ് നേരിട്ടും പൊതുജന പങ്കാളിത്തത്തോടെയും തകരപ്പാട്ടകൾ, ചെണ്ടകൾ മുതലായവ കൊട്ടി ശബ്ദമുണ്ടാക്കി അവയെ ഓടിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

കാട്ടാനയുണ്ടാക്കിയ നാശനഷ്ടം

91 [371] ശ്രീ. പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കണ്ണവം റിസർവ് വനത്തിലെയും കണിച്ചാർ പഞ്ചായത്തിലെ പെരിങ്ങമല പ്രദേശങ്ങളിലും കാട്ടാനക്കൂട്ടം അതിക്രമിച്ച് കയറിയതുമൂലം നാശനഷ്ടമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകുമോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അർഹമായ നഷ്ടപരിഹാരം നൽകുന്നതാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കണ്ണവം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന കോളയാട് വില്ലേജിലും കൊളിയൂർ വില്ലേജിലും 2001 മെയ് മാസം 25, 26, 28, 30 എന്നീ തീയതികളിലും 2001 ജൂൺ മാസം 3, 7, 8, 11, 12, 16 എന്നീ തീയതികളിലും കാട്ടാന ഇറങ്ങി കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരത്തിനായി 6.12 ലക്ഷം രൂപയ്ക്കുള്ള 30 അപേക്ഷകൾ റെയിഞ്ചാഫീസിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 20 അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 10 അപേക്ഷകളിൻമേൽ അന്വേഷണം നടത്തിവരുന്നു. അപേക്ഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കുന്നതാണ്.

വനഭൂമി-റവന്യൂഭൂമി തർക്കങ്ങൾ

92 [372] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി-റവന്യൂഭൂമി തർക്കങ്ങൾ സംസ്ഥാനത്ത് ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം പ്രസ്തുത തർക്കം നിലനിൽക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനഭൂമിയെ റവന്യൂ ഭൂമിയാക്കി മാററി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുക്കുന്നതിനും ആ ഭൂമിയിലുള്ള മരങ്ങൾ മുറിച്ചു മാററുന്നതിനും ഉള്ള ശ്രമങ്ങൾ നടന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വനഭൂമിയുടെ മേലുള്ള കൈയേററങ്ങൾ ഒഴിവാക്കുന്നതിന് ഗവൺമെൻറ് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) വനഭൂമിയുടെ സർവെ എങ്ങനെ നടത്താനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്; എന്നത്തേക്ക് സർവെ പൂർത്തിയാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്; സർവ്വെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഉണ്ട്. വിശദാംശം താഴെ കൊടുക്കുന്നു:

1. കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിൻെറ പരിധിയിൽ ഉൾപ്പെടുന്ന കോഴിക്കോട് താലൂക്ക് അതിർത്തിയിൽ ഗ്രീഷ്മം റിസോർട്ട് നിലകൊള്ളുന്ന സ്ഥലം.

2. സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിലെ വി. എഫ്. സി./22/സർവ്വെ നമ്പർ 929–ൽപ്പെട്ടതും ഗോൾഫ് ക്ലബ്ബിൽ നിന്നും പിടിച്ചെടുത്തതുമായ ഉദ്ദേശം 15 ഏക്കർ ഭൂമി.

3. വി. എഫ്. സി. 22–ൽ തന്നെ സർവ്വേ നമ്പർ 1110/5 A1/A1–ൽ പെടുന്ന ഉദ്ദേശം 40 ഏക്കർ സ്ഥലം.

4. നിലമ്പൂർ നോർത്ത് ഡിവിഷനിൽപ്പെട്ട ഇടവണ്ണ റെയിഞ്ചിൽ തോട്ടപ്പള്ളി, മൂവായിരം മലവാരം, പാലക്കാട് ഡിവിഷനിലെ ഒററപ്പാലം, വാളയാർ എന്നീ റെയിഞ്ചുകളിലെ ചില നിക്ഷിപ്ത ഭൂമികൾ.

5. മണ്ണാർക്കാട് ഡിവിഷനിൽപ്പെട്ട അഗളി റെയിഞ്ചിലെ ഷോളയാർ വില്ലേജിൽ ഉൾപ്പെടുന്ന മേൽത്തോട്ടം ഭാഗം, മണ്ണാർക്കാട് റെയിഞ്ചിലെ കോട്ടാർപ്പാടം വില്ലേജ്, നെന്മാറ ഡിവിഷനിലെ ആലത്തൂർ റെയിഞ്ചിലെ സ്ഥലങ്ങൾ.

6. പീരുമേട് താലൂക്കിൽ കൊക്കയാർ വില്ലേജിൽ 226.93 ഏക്കർ സ്ഥലം.

7. കുമളി റെയിഞ്ചിൽ പെരിയാർ വില്ലേജിൽ 9.4208 ഹെക്ടർ സ്ഥലവും ദേവസ്യ, ഷംസുദ്ദീൻ എന്നിവർക്ക് പതിച്ചുകൊടുത്ത 1 ഏക്കർ വീതമുള്ള സ്ഥലവും.

8. മറയൂർ റെയിഞ്ചിൽ 51 സാൻഡൽ റിസർവിനോടു ചേർന്നു കിടക്കുന്നതും സർവ്വേ നമ്പർ 277/1-ൽ പെട്ടതുമായ സ്ഥലം.

9. ദേവികുളം റെയിഞ്ചിൽ ചിന്നകനാൽ, കെ. ഡി. എച്ച്. പി. വില്ലേജുകളിൽ ഉൾപ്പെട്ട 50 വർഷങ്ങൾക്കു മുമ്പ് വനം വകുപ്പിന് കൈമാറിയ സ്ഥലം.

10. മാങ്കുളം പ്രദേശത്ത് വൃക്ഷ നിബിഡമായ ഭൂമി പതിച്ചു നൽകിയതും തർക്കങ്ങൾ നിലനിൽക്കുന്നതുമായ സ്ഥലം.

LIBRARY ARCHIVES Kerala Legislative Assembly

തർക്കങ്ങൾ പരിഹരിക്കാൻ കോടതിയിൽ കേസുകൾ നിലനിൽക്കുന്നതും അനധികൃത പട്ടയം പിൻവലിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൗത്ത് വയനാട് ഡിവിഷനിലെ കൽപ്പററ റെയിഞ്ചിൽപ്പെട്ട തരിയോട് വില്ലേജിലെ റീസർവ്വേ 686 നമ്പർ വനഭൂമി റവന്യൂ വകുപ്പ് പതിച്ചുകൊടുത്തിട്ടുണ്ട്. ഈ ഭൂമി പിടിച്ചെടുക്കുകയും അനധികൃത മരം മുറിക്ക് കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ സ്വകാര്യ വനങ്ങൾ 1971-ൽ സർക്കാരിൽ നിക്ഷിപ്തമാക്കിയതിനുശേഷം ഇത്തരം ഭൂമിയോട് സമീപസ്ഥമായ ചില സ്ഥലങ്ങളിൽ പട്ടയം നൽകിയതായി കണ്ടിട്ടുണ്ട്. താമരശ്ശേരി റെയിഞ്ചിൽ ഒ. ആർ. 30/99, 28/2000 എന്നീ കേസുകൾ ഇവയുമായി ബന്ധപ്പെട്ടവയാണ്.

മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയിഞ്ചിൽ മേൽത്തോട്ടം ഭാഗത്ത് 1998-ൽ വനം വകുപ്പ് വച്ചുപിടിപ്പിച്ച 20 ഹെക്ടർ തോട്ടത്തിലെ വൃക്ഷതൈകൾ നീക്കം ചെയ്ത് തേയില കൃഷി ആരംഭിക്കുകയുണ്ടായി. കൂടാതെ ഇതിനോട് സമീപസ്ഥമായ വന പ്രദേശത്തു നിന്നും ആദിവാസികൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഉത്തരവ് ഇറക്കിയതായും കാണുന്നു.

മാങ്കുളം ഡിവിഷനിൽ മരം മുറിച്ചു മാററുന്നതിനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽ പെടുകയും ആയതിന് കേസുകൾ രജിസ്ററർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രജിസ്ററർ ചെയ്തിട്ടുള്ള കേസുകളിൽ കേരള വന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വനഭൂമിയും സ്വകാര്യ ഭൂമിയും വേർതിരിച്ചുകൊണ്ട് അതിർത്തികളിൽ ജണ്ടകളും കല്ലു കയ്യാലകളും നിർമ്മിച്ചിട്ടുണ്ട്. പുതുതായി കയ്യേററം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണ വിഭാഗം ജീവനക്കാർ നിരന്തരം പെട്രോളിംഗ് നടത്തുന്നുണ്ട്. ഉണ്ടാകുന്ന കയ്യേററങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കുകയും ചെയ്യുന്നു.

(ഡി) വനഭൂമിയെ റിസർവ് വനഭൂമിയാക്കി നോട്ടിഫിക്കേഷൻ നടത്തിയ അവസരത്തിൽ അന്നത്തെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. കാലാകാലങ്ങളിൽ മററാവശ്യങ്ങൾക്കായി മാററം ചെയ്യുന്ന വനഭൂമിയുടെ വിസ്തീർണ്ണം കുറച്ചാണ് ഇപ്പോൾ മൊത്തം വനഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നത്. നോട്ടിഫിക്കേഷൻ നടത്തിയ നിക്ഷിപ്ത വന ഭൂമിയും റിസർവ്വ് വനത്തിനുള്ളിലെ പ്ലാൻേറഷനുകളും മററാവശ്യങ്ങൾക്കായി വിട്ടുകൊടുത്ത വനഭൂമികളും പ്രത്യേകം സർവ്വേ ചെയ്ത് വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. വനം കയ്യേററമുള്ള ഭാഗങ്ങളിൽ 1-1-1977-നു മുമ്പുള്ള കയ്യേററം തിട്ടപ്പെടുത്തി അതിർത്തി തർക്കങ്ങൾ പരിഹരിച്ച് കേന്ദ്രാനുമതിയോടുകൂടി റഗുലറൈസ് ചെയ്ത്, അതിർത്തിയിൽ സ്ഥിരം ജണ്ടകൾ നിർമ്മിച്ച് വനാതിർത്തി സംരക്ഷിക്കാനുള്ള ജോലികൾ നടന്നു വരുന്നു. അതോടൊപ്പം അതിർത്തി തിട്ടപ്പെടുത്തി വന ഭൂമിയുടെ സർവേ പരിശീലനം സിദ്ധിച്ച ഫോറസ്ററർ, ഫോറസ്ററ് ഗാർഡ് എന്നിവരെക്കൊണ്ട് നടത്തിക്കാനും സർവ്വേ ഡിപ്പാർട്ടുമെൻറിനെകൊണ്ട് ആയത് വെരിഫൈ ചെയ്യിക്കാനും റീജിയണൽ ചീഫ് ഫോറസ്ററ് കൺസർവേററർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ജോലി അഞ്ചു വർഷത്തിനുള്ളിൽ ചെയ്തുതീർക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മൃഗശാലകൾക്ക് സൂ അതോറിററി ഓഫ് ഇന്ത്യയുടെ അംഗീകാരം

93 [373] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള മൃഗശാലകൾക്ക് സൂ അതോറിററി ഓഫ് ഇന്ത്യയുടെ അംഗീകാരം നേടണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) പ്രസ്തുത അംഗീകാരം ലഭിക്കാതെ പ്രവർത്തിക്കുന്ന മൃഗശാലകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഇവയ്ക്ക് അംഗീകാരം ലഭിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സൂ അതോറിററിയുടെ അംഗീകാരമോ പരിശോധനയോ ഇല്ലാത്ത മൃഗശാലകൾ ഒന്നുംതന്നെ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

'മിനി കാഴ്ചബംഗ്ലാവുകളും സ്നേക്ക് പാർക്കുകളും'

94 [374] ശ്രീ. കളത്തിൽ അബ്ദുള്ള:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര മിനി കാഴ്ചബംഗ്ലാവുകൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) അവ സ്ഥിതിചെയ്യുന്നത് എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ അനുവാദം ലഭിക്കാത്ത ഏതെല്ലാം സ്നേക്ക് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്നേക്ക് പാർക്കുകൾ നടത്താൻ സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആൻറ് (ബി) വനം വകുപ്പിൻെറ കീഴിൽ നാല് മിനി കാഴ്ചബംഗ്ലാവുകളുണ്ട്. അവ താഴെ ചേർക്കുന്നവയാണ്:

| | | |
|---|---|---|
| ലയൺ സഫാരി പാർക്ക് | — | നെയ്യാർ |
| മാൻ പാർക്ക് | — | വാളയാർ |
| മാൻ പാർക്ക് | — | പൊൻമുടി |
| സ്നേക്ക് പാർക്ക് | — | മലമ്പുഴ |

(സി) സർക്കാർ അംഗീകാരമില്ലാത്ത പാർക്കുകൾ ഒന്നുംതന്നെ വനം വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്നില്ല.

(ഡി) ഉണ്ട്. മലമ്പുഴ സ്നേക്ക് പാർക്കിൻെറ തുടക്കം മുതലുള്ള ധനസഹായവും വരവും താഴെ ചേർക്കുന്നു:

| വർഷം | ധനസഹായം (രൂപ) | വരുമാനം (രൂപ) |
|---|---|---|
| 1984–85 | 15,882 | ഇല്ല |
| 1985–86 | 31,807 | 11,288 |
| 1986–87 | 63850 | 10,825 |
| 1987–88 | 23,037 | 17,826 |
| 1988–89 | 1,43,066 | 26,517 |
| 1989–90 | 35,195 | 46,802 |
| 1990–91 | 15,597 | 67,487 |
| 1991–92 | 64,158 | 95,000 |
| 1992–93 | 1,79 554 | 1,89,788 |
| 1993–94 | 2,26,871 | 3,82 995 |
| 1994–95 | 1,39,913 | 5,01,543 |
| 1995–96 | 1,42,666 | 6,00,000 |
| 1996–97 | 10,49,092 | 7,75,174 |
| 1997–98 | 1,03,877 | 6,80,697 |
| 1998–99 | 7,25,812 | 5,86,337 |
| 1999–2000 | 2,25,000 | 8,24,465 |
| 2000–01 | 2,25,000 | 9,30,611 |

## പാമ്പുവളർത്തൽ കേന്ദ്രം അടച്ചുപൂട്ടൽ

95 [375] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറശ്ശിനിക്കടവ് പാമ്പുവളർത്തൽ കേന്ദ്രം അടച്ചുപൂട്ടാൻ വനം വകുപ്പ് നിർദ്ദേശം നൽകാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) വനം വകുപ്പു മന്ത്രിയുടെയോ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൻെറയോ അനുമതിയോടെയാണോ കേന്ദ്രം അടച്ചുപൂട്ടാൻ നടപടികൾ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വേണ്ടത്ര മുൻകരുതലില്ലാതെ ധൃതഗതിയിൽ കേന്ദ്രം അടച്ചുപൂട്ടി മൃഗങ്ങളെ മാററാൻ ശ്രമിച്ചതുമൂലം മരണപ്പെട്ട മൃഗങ്ങൾ ഏതെല്ലാം ആണെന്നും അവയുടെ എണ്ണം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) നിരുത്തരവാദപരമായ രീതിയിൽ പ്രവർത്തിച്ച് മൃഗങ്ങൾക്കും വന്യജീവികൾക്കും നാശംവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാഴ്ചബംഗ്ലാവുകൾ പ്രവർത്തിക്കുന്നതിനുള്ള അംഗീകാരം നൽകേണ്ടത് കേന്ദ്ര സൂ അതോറിററിയാണ്. അതോറിററിയുടെ 23-47/94–സി. ഇസഡ്. എ. (369 തീയതി 27-4-1998) കത്ത് പ്രകാരം പറശ്ശിനിക്കടവ് പാമ്പുവളർത്തൽ കേന്ദ്രം അടച്ചുപൂട്ടുന്നതിന് ഉത്തരവാകുകയും, ഈ കേന്ദ്രത്തിലെ മൃഗങ്ങളെയെല്ലാം മാററി പാർപ്പിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകുകയും ചെയ്തു. പാർക്ക് അധികാരികൾ ഈ ഉത്തരവ് ലഭിച്ച ശേഷം (കേന്ദ്ര ഗവൺമെൻറിന്) അപ്പെലററ് അതോറിററിക്ക് അപ്പീൽ നൽകി ഒരു സ്റേറ സമ്പാദിച്ചെങ്കിലും 25-1-2000-ന് ടി സ്റേറയുടെ കാലാവധി അവസാനിച്ചു. അതിനുശേഷം പാമ്പുവളർത്തൽ കേന്ദ്രത്തിലെ മൃഗങ്ങളെ കണ്ടുകെട്ടാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പാർക്ക് അധികാരികൾക്ക് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതിനിടയ്ക്ക് പാമ്പുവളർത്തൽ കേന്ദ്ര അധികാരികൾ കേരള ഹൈക്കോടതിയിൽ ഒരു അന്യായം കൊടുക്കുകയുണ്ടായി (ഒ. പി നമ്പർ 15419/2000). 25-1-2000-നു ശേഷം പാമ്പു വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നതു തികച്ചും നിയമ വിരുദ്ധമാണെന്ന് കാണിച്ച് ജൂലൈ, 2000-ന് കേന്ദ്ര സൂ അതോറിററിയും ഈ കേസിൽ ഒരു സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ കേസിൽ ഹൈക്കോടതി യാതൊരു ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല. ഗൈഡ് ലൈൻസ് പ്രകാരം സൂ അതോറിററിയിലേയും, പീച്ചിയിലെ വന ഗവേഷണ കേന്ദ്രത്തിലെയും വിദഗ്ദ്ധൻമാരുമായും ചർച്ച ചെയ്ത് പാമ്പുവളർത്തൽ കേന്ദ്രത്തിലെ മൃഗങ്ങളെ മാററി പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കി കേന്ദ്ര സൂ അതോറിററിക്ക് സമർപ്പിച്ചു. ഇവയുടെ അടിസ്ഥാനത്തിലാണ് 1972-ലെ വന്യമൃഗ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പാർക്ക് അധികാരികൾ നിയമ വിരുദ്ധമായി മൃഗങ്ങളെ കൈവശം വച്ചതിൻെറ പേരിൽ ടി നിയമ പ്രകാരമുള്ള നടപടികൾ എടുക്കുന്നതിന് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകിയത്.

(ബി) 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള നടപടി എടുക്കുന്നതിനുള്ള അതോറിററി ചീഫ് വൈൽഡ് ലൈഫ് വാർഡനാണ്. ഈ നിയമ പ്രകാരം നടപടി എടുക്കുന്നതിന് മററു യാതൊരു ഓഫീസിൽ നിന്നും നിർദ്ദേശം വാങ്ങേണ്ടതായ വ്യവസ്ഥകൾ ഒന്നും ഈ നിയമത്തിലില്ല.

(സി) ഒരു മൂർഖൻ പാമ്പും, 3 പക്ഷികളും 22 മുതല കുഞ്ഞുങ്ങളും അടക്കം ആകെ 26 മൃഗങ്ങൾ ചത്തതായി ശ്രദ്ധയിൽപ്പെട്ടു.

(ഡി) വീഴ്ച ഉണ്ടെന്ന് കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻെറ പേരിൽ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

96 [376] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മലയോര പ്രദേശങ്ങളാൽ ഒറ്റപ്പെട്ടു കിടക്കുന്ന കൊക്കാത്തോട് പോകാനുള്ള കുമ്മണ്ണൂർ-കൊക്കാത്തോട് റോഡ് ഗതാഗതയോഗ്യമാക്കാനായി വനം വകുപ്പ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) വനം വകുപ്പിന്റെ അധീനതയിലുള്ള ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ കൂടുതൽ തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി റോഡിൽ കുമ്മണ്ണൂർ മുതൽ നെല്ലിടാപ്പാറ വരെയുള്ള ഉദ്ദേശം നാലര കിലോമീറ്റർ റോഡ് 1994-1995 കാലഘട്ടത്തിലും വയക്കര മുതൽ അള്ളുങ്കൽ വരെയുള്ള ഉദ്ദേശം നാലര കിലോമീറ്റർ റോഡ് 1999-2000 വർഷത്തിലും മെറ്റലിംഗ് നടത്തിയിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

'ഫോറസ്റ്റ് ഗാർഡിന്റെ നിയമനം'

97 [377] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. കെ. ബാവ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഫോറസ്റ്റ് ഗാർഡിന്റെ നിയമനത്തിനുവേണ്ടി പി. എസ്. സി. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ എത്രപേരുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് നിയമനം ലഭിച്ചു;

(സി) സംവരണാനുകൂല്യം നേടിയവർ എത്ര;

(ഡി) ഇനിയും എത്ര പേർക്ക് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) മറ്റ് ജില്ലകളിൽ നിന്നും ട്രാൻസ്ഫർമൂലം തിരുവനന്തപുരത്തേക്ക് ഫോറസ്റ്റ് ഗാർഡുകളെ നിയമിക്കുന്നതിനാൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത്തരത്തിൽ ട്രാൻസ്ഫർമൂലമുള്ള നിയമനം നിർത്തിവയ്ക്കാനും പി. എസ്. സി. ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭ്യമാക്കാനും സർക്കാർ നടപടി എടുക്കുമോ?

ഉത്തരം

(എ) 223 പേരുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പത്തു പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വനം വകുപ്പിൽ റിട്ടയർമെൻറുമൂലവും പ്രൊമോഷൻമൂലവും ഫോറസ്ററ് ഗാർഡുമാരുടെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി നിയമനം നൽകിവരുന്നുണ്ട്. നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്ററിന്റെ കാലാവധി തീരുന്നതിന് മുൻപായി എത്ര പേർക്ക് നിയമനം നൽകുവാൻ സാധിക്കുമെന്ന് കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

(ഇ) ആൻറ് (എഫ്) ഇല്ല.

## തിരുവനന്തപുരം ഒരു ഫോറസ്ററ് സ്റേറഷനാക്കി ഉയർത്താൻ ശുപാർശ

98 [378] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഒരു ഫോറസ്ററ് സ്റേറഷനാക്കി ഉയർത്താൻ എന്തെങ്കിലും ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ എന്നും അത് എന്നത്തേക്ക് നടപ്പിലാക്കും എന്നും വെളിപ്പെടുത്താമോ;

(സി) ഇതിനുവേണ്ടി ആവശ്യമായിരുന്ന കൂടുതൽ സ്ററാഫിന്റെ നിയമനം എന്ന് നടത്തുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം ഫോറസ്ററ് ഡിവിഷനിൽ മൂന്ന് ഫോറസ്ററ് സ്റേറഷനുകൾ സ്ഥാപിക്കുവാൻ ഒരു ശുപാർശ ലഭിച്ചിട്ടുണ്ട്.

(ബി) ഈ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഇക്കാര്യത്തിൽ ഒരു തീരുമാനമാകുന്ന മുറയ്ക്കേ സ്ററാഫിന്റെ നിയമനം വ്യക്തമാക്കാൻ കഴിയൂ.

## കേരള സ്പോർട്ട്സ് നിയമം

99 [379] ശ്രീമതി മെഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്ട്സ് നിയമം പാസായ ശേഷം സ്പോർട്ട്സ് കൗൺസിലിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ

(ഡി) പ്രായപരിധി കഴിഞ്ഞവർക്ക് നിയമനം നടന്നതായ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിയമ വിരുദ്ധമായി നടന്ന നിയമനങ്ങൾ പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുതൽ (ഇ) വരെ വിവരം ശേഖരിച്ചുവരുന്നു.

## സ്പോർട്സ് കൗൺസിലിൽ നിയമനം

100 [330] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പോർട്സ് കൗൺസിലിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിൽ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ താഴെ പറയുന്നു:

| | പരിശീലകർ | സ്ഥിരം തസ്തികകൾ |
|---|---|---|
| 1. | ഫുട്ബാൾ | 2 |
| 2. | സ്വിമ്മിംഗ് | 3 |
| 3. | സൈക്ലിംഗ് | 1 |
| 4. | ബോക്സിംഗ് | 2 |
| 5. | ഹാൻഡ്ബോൾ | 2 |
| 6. | ഹോക്കി | 1 |
| 7. | വോളിബോൾ | 5 |
| 8. | ടേബിൾടെന്നീസ് | 1 |
| 9. | ജൂഡോ | 1 |
| 10. | റെസ്ലിംഗ് | 2 |
| 11. | അത്ലറ്റിക്സ് | 4+1 (ലീവ് വേക്കൻസി) |
| 12. | ഖോഖോ-കബഡി | 2 |
| 13. | ബാസ്ക്കറ്റ് ബോൾ | 5 |

LIBRARY ARCHIVES Kerala Legislative Assembly

| കരാർ നിയമനം | സ്ഥിരം തസ്തികകൾ |
|---|---|
| 1. ബാഡ്മിൻറൺ | 1 (20-3-2001 വരെ) |
| 2. സൈക്കിൾപോളോ | 1 (20-3-2001 വരെ) |
| 3. ഫെൻസിംഗ് | 1 |
| 4. ചെസ് | 1 |
| 5. പവർലിഫ്ററിംഗ് | 1 |
| 6. തൈക്കൊണ്ടോ | 1 (30-6-2000 വരെ) |
| 7. സൈക്കിൾപോളോ | 1 (23-6-2001 വരെ) |

| മിനിസ്ററീരിയൽ സ്ററാഫ് | സ്ഥിരം തസ്തികകൾ |
|---|---|
| 1. ക്ലാർക്ക് ടൈപ്പിസ്ററ് | 1 |
| 2. ടൈപ്പിസ്ററ് കം സ്റെറനോഗ്രാഫർ | 1 |

| മററ് ഓഫീസ് സ്ററാഫ് | |
|---|---|
| 1. ഡ്രൈവർ | 1 |
| 2. പാർട്ട്ടൈം സ്വീപ്പർ | 1 |
| 3. പ്യൂൺ | 3 |

## സ്പോർട്ട്സ് കൗൺസിൽ വഴി നൽകുന്ന സഹായം

101 [381] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലം നിർമ്മിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പോർട്ട്സ് കൗൺസിൽ വഴി എന്തെല്ലാം സഹായങ്ങളാണ് ഇതുവരെ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തലശ്ശേരി കോണോർ വയലിൽ ഒരു സ്റേറഡിയം നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം സഹായമാണ് ചെയ്യാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾക്ക് മൂന്നുലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നിലവിലുള്ളത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്പോർട്സ് ക്വാട്ടയിൽനിന്നും നിയമനം

102 [382] ശ്രീമതി മെഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് സർവീസിലേക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്തുന്നുണ്ടോ;

(ബി) ഓരോ വർഷവും എത്ര പേരെ വീതമാണ് ഇങ്ങനെ തെരഞ്ഞെടുക്കുന്നത്;

(സി) കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ഇവരുടെ തിരഞ്ഞെടുപ്പുകൾ നടന്ന തീയതി വെളിപ്പെടുത്തുമോ;

(ഇ) ഓരോ വർഷവും തിരഞ്ഞെടുക്കണമെന്ന ചട്ടമനുസരിച്ചാണോ പ്രസ്തുത തിരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്; വിശദവിവരം വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ ചട്ടവിരുദ്ധ നിയമനം റദ്ദാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20.

(സി) സർക്കാർ സർവീസിൽ 108 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) 100 പേരുടെ തിരഞ്ഞെടുപ്പ് 17-3-2001-ലും മററ് എട്ടു പേരുടെ യഥാക്രമം 2-8-1996, 21-7-1997, 14-10-1997, 11-11-1997, 21-7-1998, 15-9-1999, 31-5-2000 എന്നീ തീയതികളിലുമാണ് നടന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർവീസിൽ കായികതാരങ്ങളെ റിക്രൂട്ട് ചെയ്യുന്നതിന് നടപടി

103 [383] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ കായികതാരങ്ങളെ റിക്രൂട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 1996-2001 കാലയളവിൽ എത്ര കായികതാരങ്ങൾക്ക് സർവീസിൽ നിയമനം നൽകിയിട്ടുണ്ട്; അവർ ആരെല്ലാം; ഏതൊക്കെ മേഖലകളിൽ എന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആൻറ് (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

പരിശീലനകേന്ദ്രം ആരംഭിക്കാൻ നടപടി

104 [384] പ്രൊഫസ്സർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ കാർമൽ ഹൈസ്ക്കൂളിൽ 'സായി' യുടെ ഒരു സ്ഥിരം പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഗവൺമെൻറിൻെറ പരിഗണനയിലില്ല.

വണ്ടൂർ സ്പോർട്ട്സ് സ്കൂളിൻെറ നിർമ്മാണം

105 [385] ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1995-96 കാലയളവിൽ ഭരണാനുമതി ലഭിച്ച വണ്ടൂർ സ്പോർട്ട്സ് സ്കൂളിൻെറ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിർമ്മാണം തുടങ്ങിയിട്ടില്ല. നിലവിലുള്ള സ്പോർട്ട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിനുശേഷം പുതുതായി സ്പോർട്ട്സ് സ്കൂളുകൾ തുടങ്ങുന്നതാണ് ഉത്തമം എന്ന് 24-12-1996-ൽ ഇത് സംബന്ധിച്ച് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി.

ഇടവെട്ടിച്ചിറ നീന്തൽക്കുളമായി പ്രഖ്യാപിക്കുന്നതിന് നടപടി

106 [386] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ഇടവെട്ടി പഞ്ചായത്തിലെ ഇടവെട്ടിച്ചിറ നീന്തൽക്കുളമായി പ്രഖ്യാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഷോളയൂർ പഞ്ചായത്തിലെ ഭൂമി വനഭൂമിയായി പ്രഖ്യാപിച്ച നടപടി

107 [387] പ്രൊഫസ്സർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ മാററി പാർപ്പിക്കാൻ ഒരു കോടി രൂപ ചെലവു ചെയ്ത് നിർമ്മിച്ച തേയില തോട്ടം ഉൾപ്പെടെയുള്ള ഷോളയൂർ പഞ്ചായത്തിലെ എത്ര ഹെക്ടർ ഭൂമി വനഭൂമിയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്; എങ്കിൽ എവിടെയെല്ലാം;

(ബി) ഇപ്രകാരം ഉണ്ടായ നഷ്ടം എത്ര രൂപയുടേതെന്നും നഷ്ടം നികത്താൻ എന്തു നടപടി സ്വീകരിച്ചെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാലക്കാട് ജില്ല, മണ്ണാർക്കാട് താലൂക്ക്, ഷോളയൂർ വില്ലേജിൽ പങ്കോക്കർ (26.71 ഹെക്ടർ), ചുണ്ടകുളം (36 ഹെക്ടർ), വട്ടലുക്കി ആനക്കററി (1300 ഹെക്ടർ), കുറുവൻപാടി (130 ഹെക്ടർ), വരടിമല (428.8 ഹെക്ടർ), വയലൂർ (3.5 ഹെക്ടർ), വേങ്ങക്കാട് (പോത്തുപാടി) (27.75 ഹെക്ടർ), മേൽത്തോട്ടം (മൂലഗംഗൽ) (വരടിമല) (1901 ഹെക്ടർ) എന്നീ സ്ഥലങ്ങളിൽ 3853. 76 ഹെക്ടർ ഭൂമി നിക്ഷിപ്ത വനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള "ഗ്രി ഗ്രോവേഴ്സ് കോ-ഓപ്പറേററീവ് സൊസൈററി" നമ്പർ പി. 1145, മേൽത്തോട്ടം ഭാഗത്ത് 1998-ൽ വനംവകുപ്പ് ഇൻഡസ്ട്രിയൽ റോ മെററീരിയൽ സ്കീമിൽ ഉൾപ്പെടുത്തി ഉണ്ടാക്കിയ 20 ഹെക്ടർ തോട്ടത്തിലാണ് തേയിലക്കൃഷി ആരംഭിച്ചത്. ആയതിനാൽ തേയില കൃഷിമൂലം വനംവകുപ്പ് നട്ടുപിടിപ്പിച്ച തോട്ടത്തിനാണ് നഷ്ടം സംഭവിച്ചിരിക്കുന്നത്. ഈ 20 ഹെക്ടർ തോട്ടം വച്ചുപിടിപ്പിക്കുന്നതിന് വനംവകുപ്പ് 2,55,378 രൂപ ചെലവാക്കിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

# II ചരമോപചാരം

## പി. രാമചന്ദ്രൻ, യു. എ. ബീരാൻ, വി. കെ. ഗോപിനാഥൻ, ടി. എം. മീതിയൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ.

9.30 AM. മുൻ കേരള ഗവർണർ പി. രാമചന്ദ്രൻ, മുൻ മന്ത്രി യു. എ. ബീരാൻ, മുൻ നിയമസഭാംഗങ്ങളായ വി. കെ. ഗോപിനാഥൻ, ടി. എം. മീതിയൻ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

### പി. രാമചന്ദ്രൻ

തിരുവണ്ണാമല ജില്ലയിലെ ഒരു സാധാരണ കർഷക കുടുംബത്തിലാണ് പി. രാമചന്ദ്രൻ ജനിച്ചത്. മദ്രാസ് സർവ്വകലാശാലയിൽനിന്ന് ബിരുദാനന്തര ബിരുദം നേടിയശേഷം അദ്ദേഹം ദേശീയ പ്രസ്ഥാനത്തിൽ അണിചേർന്നു. കരുത്തുററ ജനനേതാക്കളിൽ ഒരാളായിരുന്ന കാമരാജിന്റെ നേതൃത്വത്തിൽ ഒരു സ്വാതന്ത്ര്യസമര ഭടനായി അദ്ദേഹം രംഗത്തിറങ്ങുകയായിരുന്നു. ആദർശ നിഷ്ഠയിലും ലാളിത്യത്തിലും തന്റെ നേതാവിന്റെ കാലടിപ്പാടുകളെ പിന്തുടർന്നുകൊണ്ട് അദ്ദേഹം കോൺഗ്രസിന്റെ നേതൃനിരയിലേക്കുയർന്നു. കോൺഗ്രസ്സിലുണ്ടായ ഭിന്നിപ്പിനെത്തുടർന്ന് ജനതാ പാർട്ടിയിൽ ചേർന്ന രാമചന്ദ്രൻ 1977-ൽ മൊറാർജി ദേശായിയുടെ മന്ത്രിസഭയിൽ ഊർജ്ജ വകുപ്പു മന്ത്രിയായി സേവനമനുഷ്ഠിച്ചു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ചെയർമാൻ സ്ഥാനത്തിരിക്കുമ്പോഴാണ് അദ്ദേഹം കേരള ഗവർണറായി നിയമിതനായത്. 1982 മുതൽ 1988 വരെ സംസ്ഥാന ഗവർണറായിരുന്ന അദ്ദേഹം യാതൊരു വിവാദങ്ങൾക്കും ഇടകൊടുത്തിട്ടില്ലെന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. തികച്ചും ലളിതമായ ഒരു ജീവിതശൈലിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. ധരിച്ചിരുന്ന ഖദർ വസ്ത്രത്തിന്റെ വെണ്മ ആ വ്യക്തിജീവിതത്തിലും പ്രതിഫലിച്ചു കാണാമായിരുന്നു. പി. രാമചന്ദ്രന്റെ നിര്യാണത്തോടെ സ്വാതന്ത്ര്യസമര സേനാനികളുടെ അവസാനത്തെ കണ്ണികളിലൊന്നാണ് നഷ്ടമായിരിക്കുന്നത്, കേരളീയരെ സംബന്ധിച്ചിടത്തോളം പരിണതപ്രജ്ഞനായ ഒരു ഭരണതന്ത്രജ്ഞനും.

### യു. എ. ബീരാൻ

മുസ്ലീംലീഗിന്റെ മുൻനിര നേതാക്കളിൽ ഒരാളായിരുന്ന യു. എ. ബീരാൻ അടുത്തയിടെ നമ്മെ വിട്ടുപിരിഞ്ഞു. ഒന്നിലധികം തവണ നിയമസഭാംഗമെന്ന നിലയിലും മന്ത്രിയെന്ന നിലയിലും വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള ആളാണ് ബീരാൻ.

1925-ൽ കോട്ടയ്ക്കൽ എന്ന ഗ്രാമത്തിലാണ് ബീരാൻ ജനിച്ചത്. വിദ്യാഭ്യാസാനന്തരം സൈനിക സേവനമനുഷ്ഠിക്കുകയും ബോംബെയിൽ ഒരു വ്യവസായ സ്ഥാപനത്തിൽ ജോലി നോക്കുകയും ചെയ്തു. സാഹിത്യ വിഷയങ്ങളിൽ തൽപ്പരനായിരുന്ന ബീരാൻ 1956-ൽ 'ചന്ദ്രിക'യുടെ പത്രാധിപ സമിതിയിൽ അംഗമായി ചേർന്നു. അതേ വർഷംതന്നെ രാഷ്ട്രീയ

പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും തുടർന്ന് മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി എന്നീ പദവികൾ വഹിക്കുകയും ചെയ്തു.

1970-ൽ മലപ്പുറം നിയോജകമണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബീരാൻ 1977, 1980, 1982, 1991 എന്നീ വർഷങ്ങളിലും നിയമസഭാംഗമാകുകയുണ്ടായി. ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ 1977-78 കാലയളവിൽ വിദ്യാഭ്യാസ വകുപ്പിന്റെയും ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ 1982-87 കാലയളവിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെയും ചുമതലയുള്ള മന്ത്രിയായിരുന്നു അദ്ദേഹം. 1979-81 കാലയളവിൽ ഹൗസ് കമ്മിററി ചെയർമാനായി പ്രവർത്തിച്ച ബീരാൻ വിവിധ നിയമസഭാ കമ്മിററികളിൽ അംഗമായിരുന്നിട്ടുണ്ട്. സംഘാടകൻ, പത്രപ്രവർത്തകൻ, ഭരണകർത്താവ് എന്നിങ്ങനെ വിവിധ നിലകളിൽ പ്രശംസനീയമായ പ്രവർത്തനം കാഴ്ചവച്ച യു. എ. ബീരാന്റെ നിര്യാണം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

## വി. കെ. ഗോപിനാഥൻ

സ്ററുഡന്റ്സ് കോൺഗ്രസ്സിലൂടെ രാഷ്ട്രീയജീവിതം ആരംഭിച്ച വി. കെ. ഗോപിനാഥൻ 1947-ൽ കോൺഗ്രസ് സോഷ്യലിസ്ററ് പാർട്ടിയിൽ അംഗമായി. സംയുക്ത സോഷ്യലിസ്ററ് പാർട്ടി രൂപീകൃതമായപ്പോൾ ഭാരവാഹിയെന്ന നിലയിൽ വിവിധ പദവികൾ വഹിച്ചിരുന്ന ഗോപിനാഥൻ 1970-77 കാലയളവിൽ നാട്ടിക നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ അംഗമായി. എസ്. എസ്. പി. നിയമസഭാകക്ഷി ഉപനേതാവായിരുന്നു അദ്ദേഹം. ട്രേയിഡ് യൂണിയൻ രംഗത്തും അദ്ദേഹം സജീവമായി പ്രവർത്തിക്കുകയുണ്ടായി. കേരള എയിഡഡ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് യൂണിയൻ നേതാവും പ്രസ്തുത സംഘടനയുടെ മുഖപത്രമായ 'അദ്ധ്യാപക'ന്റെ പത്രാധിപരുമായിരുന്നു അദ്ദേഹം. രാഷ്ട്രീയ നേതാവ്, പത്രപ്രവർത്തകൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ മികവുററ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്. വി. കെ. ഗോപിനാഥന്റെ നിര്യാണം സോഷ്യലിസ്ററ് പ്രസ്ഥാനങ്ങൾക്ക് അനല്പമായ ഒരു നഷ്ടംതന്നെയാണ്.

## ടി. എം. മീതിയൻ

തൊഴിലാളി സംഘടനാ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയ രംഗത്ത് പ്രവേശിച്ച ടി. എം. മീതിയൻ 1954-ൽ കമ്മ്യൂണിസ്ററ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ചു. 1967-ൽ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം വിജയം വരിച്ചത്. ട്രേഡ് യൂണിയൻ രംഗത്തെ പ്രവർത്തന പരിചയം നിയമസഭാ സമാജികനെന്ന നിലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന് സഹായകമായി. സി. പി. എം. എറണാകുളം ജില്ലാ കമ്മിററിയംഗം, കർഷക സംഘം ജില്ലാ പ്രസിഡന്റ്, കാർഷിക വികസന ബാങ്ക് പ്രസിഡന്റ് തുടങ്ങി പല പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. രാഷ്ട്രീയ സാമൂഹ്യ രംഗത്ത് നിസ്വാർത്ഥ സേവനം കാഴ്ചവച്ച മീതിയന്റെ വേർപാട് ഇടതുപക്ഷ പ്രസ്ഥാനത്തിന് കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പ്പ സമയം എഴുന്നേററ് നിൽക്കാം.

(സഭാംഗങ്ങൾ അല്പ്പസമയം എഴുന്നേററുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇതുപോലുള്ള ഒരു സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കടലുണ്ടിയിൽ ഉണ്ടായ ട്രെയിൻ അപകടത്തിൽ 52 പേർ നിര്യാതരായി. അവരുടെ പേരിൽ ഇതുപോലുള്ള ഒരു അവസരം കണ്ടെത്താൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ? അത് നല്ലതല്ലേ?

മി. സ്പീക്കർ: അത് ഗവർണറുടെ പ്രസംഗത്തിൽത്തന്നെ ഉണ്ട്. അത് ആലോചിക്കാതിരുന്നില്ല.

മുഖ്യമന്ത്രി ശ്രീ. എ.കെ. ആൻറണി: ഗവർണറുടെ പ്രസംഗത്തിൽ ആദ്യത്തെ പാരഗ്രാഫിൽത്തന്നെ അത് ഉണ്ട്. പ്രസംഗം തുടങ്ങുന്നതുതന്നെ കടലുണ്ടി ദുരന്തത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ടാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പ്രസംഗത്തിൽ അതുണ്ട്. പ്രത്യേകമായി വരുന്നതല്ലേ നല്ലത് എന്നാണ് ഞാൻ ചോദിക്കുന്നത്.

## III അടിയന്തിരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ഷൊർണൂരിനും കോഴിക്കോടിനും ഇടയിൽ തീവണ്ടി ഗതാഗതം നിശ്ചലമായതിനെത്തുടർന്ന് യാത്രക്കാർക്കുവേണ്ടി ഗവൺമെൻറ് ഏർപ്പെടുത്തിയ ബദൽ സംവിധാനങ്ങൾ അപര്യാപ്തവും താറുമാറായതുമൂലം ഉളവായ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.സി. ഷൺമുഖദാസ്, എ.എ. അസീസ്, ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ, ഡോക്ടർ കെ.സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമായി എനിക്ക് തോന്നുന്നില്ല. എങ്കിലും ഇതിൻെറ പ്രാധാന്യം കണക്കിലെടുത്ത് ഇത് ഇന്ന് ആദ്യത്തെ സബ്മിഷനായി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# IV ശ്രദ്ധ ക്ഷണിക്കൽ

## (1) പരിയാരം മെഡിക്കൽ കോളേജ് സഹകരണ മേഖലയിലേക്ക് മാററാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ മുഖ്യമന്ത്രി ആദ്യമായി നടത്തിയ ഒരു പ്രഖ്യാപനം, പരിയാരത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജ് സഹകരണമേഖലയിലേക്ക് വിട്ടുകൊടുക്കും എന്നായിരുന്നു. അധികാരത്തിൽ വരുന്നതിനു മുൻപ് യു.ഡി.എഫ്. കേരളത്തിലെ ജനങ്ങളോട് നിരവധി വാഗ്ദാനങ്ങൾ നൽകിക്കൊണ്ടാണ് തിരഞ്ഞെടുപ്പിനെ നേരിട്ടതും അധികാരത്തിൽ വരുകയും ചെയ്തത്. എന്നാൽ അധികാരത്തിൽ വന്നതിനുശേഷം ജനകീയപ്രശ്നങ്ങൾ ഒന്നുപോലും പരിശോധിക്കാതെ, അതിനെ സംബന്ധിച്ച് ക്യാബിനററിൽ തീരുമാനം എടുക്കുന്നതിനു തയ്യാറാകുന്നതിനുപകരം ജനങ്ങളെ ആകെ അമ്പരപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഉടമയിൽ കൊണ്ടുവന്ന പരിയാരം മെഡിക്കൽ കോളേജിനെ വീണ്ടും പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരും എന്നൊരു പ്രഖ്യാപനമാണ് ഉണ്ടായത്. എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു വസ്തുത ഈ സന്ദർഭത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, 1996 മെയ് 20-ാം തീയതി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ആദ്യമായി ചേർന്ന ക്യാബിനററ് യോഗത്തിൽ വച്ചെടുത്ത തീരുമാനം, ഖജനാവ് കാലിയാക്കി വിട്ടുപോയ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിനുശേഷം ഖജനാവിൽ പണമുണ്ടോ എന്നു നോക്കിയില്ല, രണ്ടു കൊല്ലം കർഷകത്തൊഴിലാളികൾക്ക് കൊടുക്കാതെ പിടിച്ചുവച്ച പെൻഷൻ തുക കുടിശ്ശിക സഹിതം കൊടുക്കുമെന്നതായിരുന്നു. ഇതുകൂടാതെ റേഷനരിയുടെ വില വർദ്ധിച്ചുവരുന്ന ഒരു സാഹചര്യത്തിൽ.....

മി. സ്പീക്കർ : Come to your Subject.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : റേഷനരിയുടെ സബ്സിഡി അനുവദിക്കുമെന്നുള്ള നിലയിൽ കേരളത്തിലെ......

മി. സ്പീക്കർ : Come back to Pariyaram Medical College.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ അതിലേക്കു വരികയാണ്. കേരളത്തിലെ 62 ലക്ഷം കുടുംബങ്ങൾക്ക് ഓരോ മാസവും സൗജന്യനിരക്കിൽ അരി എത്തിക്കാനുള്ള തീരുമാനമായിരുന്നു അന്നത്തെ മറെറാരു തീരുമാനം. എന്നാൽ ഈ ഗവൺമെന്റിന്റെ ആദ്യത്തെ തീരുമാനം, ഗവൺമെന്റ് ഉടമയിൽ കൊണ്ടുവന്ന ഒരു കോളേജിനെ സഹകരണമേഖലയിലേക്ക് കൊണ്ടുവരുമെന്നതാണ്. ഇത് അങ്ങേയററം ദുരുപദിഷ്ടവും ജുഗുപ്സാവഹവുമാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, ഈ കോളേജിനെ സഹകരണമേഖലയിലേക്ക് കൊണ്ടുവരാൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ്. മാത്രമല്ല, കഴിഞ്ഞകാലത്ത് നമ്മുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണിയും അന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എം. സുധീരനും വളരെ വിവാദമായി ഉയർന്നുവന്ന പരിയാരം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി ആറംഗ കമ്മിററിയെ നിശ്ചയിക്കുകയുണ്ടായി. അന്നത്തെ ചീഫ് സെക്രട്ടറി ആർ.രാമചന്ദ്രൻ നായരുൾപ്പെടെ ആറ് ഗവൺമെന്റ് സെക്രട്ടറിമാർ അന്വേഷിച്ച്

തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നത് പരിയാരം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് വളരെയേറെ അവ്യക്തതയുണ്ട് എന്നാണ്. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് സഹകരണമേഖലയിൽ ഒരു പ്രത്യേക ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. ഇത് അങ്ങേയറ്റം ഉൽക്കണ്ഠയുണ്ടാക്കുന്ന ഒന്നായിരുന്നു. മാത്രമല്ല 35 ശതമാനം കുട്ടികളെ കോഴ വാങ്ങിയായിരുന്നു അവിടെ എടുക്കാൻ നിശ്ചയിച്ചത്.

മി. സ്പീക്കർ : പ്ലീസ്, കാളിംഗ് അറ്റൻഷൻ വളരെ ചുരുങ്ങിയ വാക്കുകളിൽ പറയണം.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : അന്ന് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത പരിയാരം മെഡിക്കൽ കോളേജിന്റെ ചെയർമാൻ അന്നത്തെ മുഖ്യമന്ത്രി ശ്രീ.കെ. കരുണാകരനായിരുന്നു. അത് മുഖ്യമന്ത്രി എന്ന പേരിലല്ല, വ്യക്തി എന്ന നിലയിലായിരുന്നു ചെയർമാനും വൈസ് ചെയർമാനും ഉണ്ടായിരുന്നത്. ഈ സഭയിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഒരു കാര്യം പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് കൊച്ചിയിൽ കൊണ്ടുവന്ന മെഡിക്കൽ കോളേജ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണെന്ന്. പക്ഷെ അതു നിങ്ങൾ പരിശോധിച്ചുനോക്കണം. ആ മെഡിക്കൽ കോളേജ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള ഒരു സംഘത്തിന്റെ നേതൃത്വത്തിലാണെങ്കിലും അതിന്റെ ഭാരവാഹി കേരള മുഖ്യമന്ത്രിയാണ്. മാറിമാറി വരുന്ന ഏതു ഗവൺമെന്റായാലും അതിന്റെ ചെയർമാൻ മുഖ്യമന്ത്രി ആയിരിക്കും. വൈസ് ചെയർമാൻ സഹകരണവകുപ്പുമന്ത്രിയായിരിക്കും. ഇപ്പോൾ കൊച്ചി മെഡിക്കൽ കോളേജിന്റെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ സഹകരണ വകുപ്പുമന്ത്രിയുമാണ്. പക്ഷെ പരിയാരം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് അങ്ങനെയല്ല. വ്യക്തിയെന്നുള്ള നിലയിലാണ് ചെയർമാൻഷിപ്പും വൈസ് ചെയർമാൻഷിപ്പും അവിടെ വന്നിട്ടുള്ളത്. ഇത് അങ്ങേയറ്റം തെറ്റാണെന്നും ജനവിരുദ്ധമായ തീരുമാനമാണെന്നും അന്നുതന്നെ പറഞ്ഞതായിരുന്നു. പക്ഷെ ഈ സന്ദർഭത്തിൽ ഗവൺമെന്റുടമയിൽ കൊണ്ടുവരാൻ വേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് 60 കോടി രൂപയും 'ഹഡ്കോ'യിൽ നിന്ന് ഗവൺമെന്റ് ഗ്യാരന്റി നിന്നുകൊണ്ട് 50 കോടി രൂപയുമുൾപ്പെടെ 110 കോടി രൂപ ചെലവഴിച്ചു കൊണ്ട് പരിയാരത്ത് എല്ലാ സംവിധാനവും ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. വളരെയേറെ പ്രതിസന്ധി നേരിടുന്ന ഒരു ഘട്ടത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഈ മെഡിക്കൽ കോളേജിനെ ഏറ്റെടുത്തത്. അത്തരമൊരു സാഹചര്യത്തിൽ സർക്കാർ ചെലവിൽ പണിതെടുത്ത 51 കെട്ടിടങ്ങളെയും 162 ഏക്കർ ഭൂമിയെയും കോടിക്കണക്കിന് രൂപ വരുന്ന സ്വത്തിനെയും സ്വന്തമാക്കിയെടുക്കുന്നതിനുവേണ്ടി വീണ്ടും സഹകരണ മേഖലയിലേക്ക് കൊണ്ടുവരുമെന്ന വ്യാജേന നടത്തുന്ന ശ്രമം അങ്ങേയറ്റം തെറ്റാണ്. ഈ സമീപനത്തിൽനിന്ന് പിൻതിരിയണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി : സർ, 1995–96-ലാണ് പരിയാരം മെഡിക്കൽ കോളേജിൽ ആദ്യബാച്ചിന്റെ അഡ്മിഷൻ നടന്നത്. അന്നു മുതൽ ഓരോ വർഷവും ഈ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും മാനസിക സംഘർഷത്തിലാണ്. കാരണം, ഈ കോളേജിന് ഇതുവരെ അന്തിമ അംഗീകാരം കിട്ടിയിട്ടില്ല. ഓരോ വർഷവും ഒരു വർഷത്തേക്ക് അംഗീകാരം നൽകും. അതിനിടയ്ക്ക് കുറെ പ്രതിസന്ധികളുണ്ടാകും. അത് പരിഹരിക്കാനുള്ള ശ്രമത്തിനിടയിൽ വിദ്യാർത്ഥികളാകെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അങ്കലാപ്പിലാകും. ഏററവുമൊടുവിൽ കൂടുതൽ പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചതും കേരള ഗവൺമെൻറ് സമ്മതിച്ചതുമായ റെക്ടിഫിക്കേഷൻ നടപടികൾ കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് നടപ്പാക്കാത്തതിൻെറ ഫലമായി ഇപ്പോൾ ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ പരിയാരം മെഡിക്കൽ കോളേജിന് വാർഷികാടിസ്ഥാനത്തിൽ നൽകുന്ന അംഗീകാരം നിർത്തൽ ചെയ്തിരിക്കുന്നു. ഈ വർഷം ആ കോളേജിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. പരിയാരം മെഡിക്കൽ കോളേജ് ആരംഭിച്ച വർഷം മുതൽ പ്രതിസന്ധി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രതിസന്ധി വളരെ രൂക്ഷമായിരിക്കുന്നു. താൽക്കാലിക അംഗീകാരംപോലും നഷ്ടപ്പെട്ടിരിക്കുന്നു. ഇത് ആ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും മാത്രമല്ല, ഉത്തരമലബാറിലുണ്ടായ ആ സ്ഥാപനം നശിച്ചുപോകരുത് എന്ന താൽപ്പര്യം മലബാർപ്രദേശത്തെ ജനങ്ങൾക്കൊട്ടാകെ ഉണ്ട്. ഈ സ്ഥാപനത്തിൽ നിരന്തരമായി ഉണ്ടാകുന്ന പ്രതിസന്ധിക്കും അഭിമുഖീകരിച്ചുപോകുന്ന ദുരവസ്ഥയ്ക്കും ശാശ്വതപരിഹാരമുണ്ടാകണമെന്ന് ഗവൺമെൻറിനും താൽപ്പര്യമുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ പരിയാരം മെഡിക്കൽകോളേജിൻെറ ഇന്നത്തെ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചുവരികയാണ്. ഈ ഘട്ടത്തിലാണ് പരിയാരം മെഡിക്കൽ കോളേജ് സഹകരണമേഖലയ്ക്ക് തിരിച്ചുനൽകണമെന്ന ഒരു നിർദ്ദേശം ഉയർന്നുവരികയുണ്ടായത്. ഇതിനെ സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. 27-6-2001-ൽ ചേർന്ന മന്ത്രിസഭായോഗം ഈ കാര്യം വിശദമായി പരിശോധിക്കുകയും അഡ്വക്കേററ് ജനറലിൻെറ നിയമോപദേശം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ ആരോഗ്യവകുപ്പുമന്ത്രി, സഹകരണവകുപ്പുമന്ത്രി, ധനകാര്യവകുപ്പുമന്ത്രി, നിയമവകുപ്പുമന്ത്രി, വനംവകുപ്പുമന്ത്രി എന്നിവരടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ഇതു സംബന്ധിച്ച് കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് മന്ത്രിസഭയ്ക്ക് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉപസമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷമേ ഈ കാര്യത്തിൽ ഗവൺമെൻറ് അന്തിമമായ ഒരു തീരുമാനം എടുക്കുകയുള്ളൂ. പക്ഷേ ഒരു കാര്യത്തിൽ ഗവൺമെൻറിന് നിർബന്ധമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കൃത്യവിലോപം നടത്തിയതിൻെറ ഫലമായി ഈ കോളേജിന് ഇന്ന് നേരിട്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന് ഗവൺമെൻറിന് നിർബന്ധമുണ്ട്. പരിയാരം മെഡിക്കൽകോളേജിൽ ഈ വർഷം തന്നെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് നിർബന്ധമുണ്ട്. പരിയാരം മെഡിക്കൽകോളേജിൻെറ അംഗീകാരം പുനഃസ്ഥാപിക്കണമെന്ന് ഗവൺമെൻറിന് നിർബന്ധമുണ്ട്. അതല്ലാതെ മററു താൽപ്പര്യങ്ങളൊന്നും ഗവൺമെൻറിനില്ല. അതാണ് എനിക്കു വിശദീകരിക്കാനുള്ളത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങനെ സഹകരണമേഖലയ്ക്ക് വിട്ടുകൊടുക്കാനാണ് തീരുമാനമെടുക്കുന്നതെങ്കിൽ അതിൻെറ ചെയർമാൻ സ്ഥാനം കേരള മുഖ്യമന്ത്രിക്കുതന്നെ ആയിരിക്കുമോ എന്നറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. എ.കെ. ആൻറണി: ബഹുമാനപ്പെട്ട മെമ്പർക്ക് ചെയർമാൻസ്ഥാനത്തിൽ മാത്രമേ തർക്കമുള്ളൂ. ഗവൺമെൻറ് മേഖലയിൽ നടത്തിക്കൊണ്ടുപോകാൻ കഴിയുമോ എന്ന കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിനുപോലും സംശയമുണ്ട്. ആ സംശയമാണ് ഗവൺമെൻറിനുമുള്ളത്. ആദ്യം ഇത് സഹകരണമേഖലയ്ക്ക് കൈമാറണമോ എന്നതിനെക്കുറിച്ച് അന്തിമമായ തീരുമാനം എടുത്തശേഷം അത്തരം കാര്യങ്ങൾ ആലോചിക്കാം.

## (2) കാപ്പി, കുരുമുളക്, തേയില എന്നിവയുടെ വിലയിടിവുമൂലം വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

മി. സ്പീക്കർ : ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, വളരെ ചുരുക്കി പറയണം.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ്......

മി. സ്പീക്കർ : എന്നാലും ചുരുക്കി പറയണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വയനാട് ജില്ലയിൽ കാപ്പി, കുരുമുളക്, തേയില എന്നിവയ്ക്ക് ഏറ്റവും മെച്ചപ്പെട്ട വില കിട്ടിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. കാപ്പിക്ക് കിലോഗ്രാമിന് 130 രൂപവരെ വന്നതാണ്. ഇപ്പോൾ 26.50 രൂപയായി കുറഞ്ഞിരിക്കുകയാണ്. അതുപോലെ കുരുമുളകിന് 250 രൂപവരെ വന്നതാണ്. ഇപ്പോൾ 80 രൂപയായി കുറഞ്ഞിരിക്കുകയാണ്. തേയിലയുടെ പച്ചക്കൊളുന്തിന് കിലോഗ്രാമിന് 18 രൂപവരെ ആയതാണ്. ഇപ്പോൾ 5 രൂപയായി കുറഞ്ഞിരിക്കുന്നു. ഏറ്റവും വലിയ വിലത്തകർച്ച കാരണം വയനാട് ജില്ലയിലെ കർഷകർ ഇന്ന് പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

അവരുടെ ദുരിതങ്ങളും പ്രയാസങ്ങളും പറഞ്ഞാൽ ഒടുങ്ങാത്തതാണ്. കാപ്പിക്ക് ഇപ്പോൾ പർച്ചേസ് ടാക്സ് 4% ഉണ്ട്. സി. എസ്. ടി.യും 4 ശതമാനം ഉണ്ട്. എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും അനുദിനം വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇനിയും കുറയാനാണ് സാദ്ധ്യത. അതോടൊപ്പം വയനാട്ടിലെ കൃഷിക്കാർ മൊത്തം കടക്കെണിയിലാണ്. കാർഷികോൽപ്പന്നങ്ങളുടെ വില കുറഞ്ഞതുകൊണ്ട് നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും എടുത്ത കടം അവർക്ക് മടക്കി അടയ്ക്കാൻ കഴിയാത്ത സ്ഥിതിയാണ്. കൃഷിക്കാരനെ രക്ഷിക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിച്ചില്ലായെങ്കിൽ, ദൗർഭാഗ്യവശാൽ സംഭവിക്കാതിരിക്കട്ടെ, പട്ടിണിമരണങ്ങൾവരെ നടക്കാനുള്ള സാഹചര്യത്തിലേക്കാണ് വയനാട് നീങ്ങിക്കൊണ്ടിരിക്കുന്നത്. കേരള ഗവൺമെന്റിന് ചെയ്യാവുന്ന ചില കാര്യങ്ങളുണ്ട്. കാപ്പിയുടെ പർച്ചേസ് ടാക്സും അതുപോലെ സി.എസ്.ടി.യും എടുത്തുകളയുക. ഇതിനുപുറമെ കാപ്പി ഇറക്കുമതി ഇപ്പോൾ അല്പം കുറഞ്ഞിട്ടുണ്ട്. പക്ഷേ കാപ്പിയുടെ ഇറക്കുമതി ഇനിയുമുണ്ടാകാൻ സാധ്യതയുണ്ട്. കാപ്പിയുടെ ഇറക്കുമതി ചുങ്കം കൂട്ടാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കാപ്പിയുടെ ഇറക്കുമതി ചുങ്കം ചുരുങ്ങിയത് 100 ശതമാനമെങ്കിലുമാക്കണം. ഇപ്പോൾ അടയ്ക്കായുടെ ഇറക്കുമതി ചുങ്കം 100 ശതമാനമായി മൂന്നുനാല് മാസങ്ങൾക്കുമുൻപ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെതന്നെ കേരള ഗവൺമെന്റ് മാർക്കറ്റ് ഇൻറർവെൻഷൻ നടത്താൻ തയ്യാറാകണം. ഇന്നുള്ള മാർക്കറ്റ് വില കൂട്ടി കാപ്പിയും കുരുമുളകും അതുപോലെ തേയിലയുമൊക്കെ എടുക്കാൻ ഗവൺമെന്റ് തയ്യാറായെങ്കിൽ മാത്രമേ കർഷകർ രക്ഷപ്പെടാൻ പോകുന്നുള്ളൂ. അതുപോലെതന്നെ കേരളത്തിൽ കർഷകർ എടുത്ത ലോണുകളുണ്ട്. ആ ലോണുകൾ റീഷെഡ്യൂൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. സഹകരണ ബാങ്കുകളിലെ ലോണുകൾ റീഷെഡ്യൂൾ ചെയ്യാൻ കേരള ഗവൺമെന്റ് വിചാരിച്ചാൽ കഴിയും. ഷോർട്ട് ടേം ലോൺ, മിഡ് ടേം ആക്കണം. മിഡ് ടേം ലോൺ



LIBRARY ARCHIVES Kerala Legislative Assembly

ലോങ് ടേമും ആക്കണം. അതോടൊപ്പം അങ്ങനെ റീഷെഡ്യൂൾ ചെയ്യുമ്പോൾ അവർക്ക് കടം കിട്ടാതിരിക്കരുത്, അവർക്ക് വീണ്ടും കടം കിട്ടാനുള്ള സാഹചര്യമുണ്ടാകണം. കർണ്ണാടക ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി നാഷണലൈസ്ഡ് ബാങ്കുകളിലെ ലോണുകൾ റീഷെഡ്യൂൾ ചെയ്തിരിക്കുകയാണ്. ഷോർട്ട് ടേം മിഡ് ടേമും മിഡ് ടേം ലോംഗ്ടേമുമാക്കാൻ നാഷണലൈസ്ഡ്ബാങ്കുകൾ കർണ്ണാടകയിൽ തയ്യാറായി കഴിഞ്ഞിരിക്കുകയാണ്. അവർക്ക് വീണ്ടും കടം കൊടുക്കാനുള്ള തീരുമാനവും അവിടെ വന്നിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് കർണ്ണാടക ഗവൺമെന്റിന് ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ നാഷണലൈസ്ഡ് ബാങ്കിൽനിന്നും കേരളത്തിലെ കാപ്പി, കുരുമുളക് അതുപോലെ ചെറുകിട തേയില കൃഷിക്കാർക്ക് കിട്ടാനുള്ള സാഹചര്യം കേരള ഗവൺമെന്റ് ഉണ്ടാക്കണം. ഐക്യജനാധിപത്യമുന്നണിയുടെ തിരഞ്ഞെടുപ്പ് വാഗ്ദാനമാണ് കാർഷിക കടാശ്വാസ നിയമം, ആ കാർഷിക കടാശ്വാസ നിയമം കൊണ്ടു വരാനും കേരള ഗവൺമെന്റ് തയ്യാറാകണം. എങ്കിൽ മാത്രമേ വയനാട്ടിലെ കൃഷിക്കാരെ രക്ഷിക്കാൻ കഴിയുകയുള്ളൂ. ഒരുകാലത്ത് സമ്പന്നമായ പ്രദേശമായിരുന്നു വയനാട്. ഇന്ന് വയനാട്ടിലെ ജനങ്ങൾ പട്ടിണിയിലേക്കും പരിവട്ടത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവരെ രക്ഷിക്കാനുള്ള അടിയന്തിര നടപടികൾ വേണം. ഇതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് കൃഷിക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യണം. അതുപോലെതന്നെ കാപ്പിക്ക് ഒരു ഇൻസ്റ്റന്റ് | കോഫി ഫാക്ടറിയുണ്ടാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. അത് ഏതുവിധത്തിലാകണമെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ബന്ധപ്പെട്ട കർഷകരുമായി ചർച്ച ചെയ്യണം. ഇന്ത്യയിൽ അങ്ങോളമിങ്ങോളം ഇൻസ്റ്റന്റ് കോഫി വിൽക്കാൻ വേണ്ടി അമൂൽപോലുള്ള, ഇന്ത്യയിൽ മുഴുവൻ വിപണന ശൃംഖലയുള്ള സ്ഥാപനങ്ങളുണ്ട്. അവരുമായി ബന്ധപ്പെട്ടാൽ ഇൻസ്റ്റന്റ് കോഫി വിററഴിക്കാൻ എളുപ്പമാണ്. അതുകൊണ്ട് ഗവൺമെന്റ് ഈ തരത്തിൽ കർഷകരെ രക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ കേരളത്തിലെ മുഖ്യ നാണ്യവിളകൾക്കെല്ലാം 2000 ഏപ്രിൽ മുതൽ കുത്തനെ വില ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകവാണിജ്യ കരാറിന്റെ ഭാഗമായി, ഇന്ത്യ ശ്രീലങ്ക കരാറിന്റെ ഭാഗമായി, നടപ്പിൽ വരുത്തിയ ഉദാരവൽക്കരണ ഇറക്കുമതി നയങ്ങളാണ് നാണ്യവിളകളുടെ വിലത്തകർച്ചയ്ക്ക് മുഖ്യകാരണമായിട്ടുള്ളത്. കാപ്പി, തേയില, കുരുമുളക് എന്നിവയ്ക്കെല്ലാം 1999-ലെ ശരാശരി വാർഷിക വിലയിൽനിന്നും നൂറുശതമാനത്തിലേറെ വിലയിടിവാണ് 2001 ജനുവരിയിലുണ്ടായിരിക്കുന്നത്. ഇതുമൂലം സംസ്ഥാനത്തിന്റെ കാപ്പി കർഷകർക്ക് രണ്ടായിരാമാണ്ടിൽ 388 കോടി രൂപയും തേയില കർഷകർക്ക് 178 കോടി രൂപയും കുരുമുളക് കർഷകർക്ക് 695 കോടി രൂപയും വാർഷിക നഷ്ടമുണ്ടായതായി സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് മേയ്മാസം 21-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ ഇവിടത്തെ മുഖ്യമന്ത്രി ഈ പ്രശ്നം ഉന്നയിക്കുകയുണ്ടായി. ആഗോളതലത്തിൽ കാപ്പിക്കൃഷി ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കാപ്പി ഉൽപ്പാദക രാജ്യങ്ങൾ ചേർന്ന് നടപ്പാക്കുന്ന Coffee Retention Plan കഴിഞ്ഞ രണ്ടുവർഷമായി ഇന്ത്യയിൽ നടപ്പാക്കാത്തതുമൂലവും കാപ്പി വിപണി തകർച്ചയെ നേരിടുകയാണ്. അസംസ്കൃത കാപ്പി ഗുരുതരമായ വിലത്തകർച്ച നേരിടുമ്പോൾ ബഹുരാഷ്ട്ര കുത്തകകൾ നിർമ്മി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ഇൻസ്റ്റൻറ് കോഫി പോലുള്ള കാപ്പി ഉൽപ്പന്നങ്ങൾ കുറഞ്ഞ താരിഫ് നിരക്കിൽ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവയ്ക്കെല്ലാം ഇന്ത്യൻ വിപണിയിൽ വലിയ വിലനിരക്കുകളാണ് നിലവിലുള്ളത്. തേയിലയുടെ കാര്യത്തിലും ഇതേ അവസ്ഥയാണ് നിലനിൽക്കുന്നത്. ഇന്ത്യ–ശ്രീലങ്ക കരാറിന്റെ ഫലമായി 7.5 ശതമാനം നികുതി നിരക്ക് ആയിരിക്കുകയാണ്. സിലോൺ തേയില ഇറക്കുമതി ചെയ്യുന്നത് ദക്ഷിണേന്ത്യയിലെ തേയിലത്തോട്ടങ്ങൾക്ക് ഭീഷണിയായി തീർന്നിട്ടുണ്ട്. ഇതുമൂലം തേയിലത്തോട്ടങ്ങൾ പലതും അടച്ചിട്ടിരിക്കുകയാണ്. പൂട്ടലിന്റെ ഭീഷണിയിലുമാണ്. ഇതുമൂലം തേയിലത്തോട്ടങ്ങൾ പലതും അപകടത്തിലാണെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുരുമുളകിന് ഒരുവർഷം മുൻപുവരെ റെക്കോർഡ് വില കിട്ടിയിരുന്നുവെങ്കിലും ഇന്ന് ക്വിന്റലിന് 8,000, 9,000 രൂപയായി താഴ്ന്നിരിക്കുകയാണ്. ഈ മൂന്ന് ഉൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രോൽസാഹിപ്പിക്കാൻ വേണ്ടുന്ന എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയുമാണ്. ഇന്ത്യയിലെ 24 ഇനം കാർഷിക വിളകൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ നിന്നുമുള്ള കൊപ്രയ്ക്ക് മാത്രമേ ഈ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളൂ. അതിരൂക്ഷമായ വിലയിടിവുണ്ടായിട്ടുള്ള ചുറ്റുപാടിൽ കാപ്പിക്ക് താങ്ങുവില ഏർപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ഈ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. ഈ മൂന്നു വിളകളും വാണിജ്യ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ വരുന്നതിനാൽ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾ, നികുതിയിളവുകൾ എന്നീ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. ഇൻസ്റ്റൻറ് കോഫി ഫാക്ടറിയെപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല. ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, വ്യക്തമായ ഒരു പരിഹാര നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി മാർക്കറ്റ് ഇൻറർവെൻഷൻ നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ? നാഫെഡിനെയോ മാർക്കറ്റിംഗ് ഫെഡറേഷനെയോ പോലുള്ള ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ച് വില കൂട്ടിയെടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ? എങ്കിൽ മാത്രമേ കർഷകരെ രക്ഷിക്കാൻ കഴിയൂ.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഗവൺമെൻറിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി വച്ച് ഇതിലൊക്കെ ഇൻറർവെൻഷൻ നടത്താൻ പററില്ല. കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും സമ്മർദ്ദം ചെലുത്താം. നാഫെഡ് കേന്ദ്രഗവൺമെൻറിന്റെ കീഴിലുള്ള സ്ഥാപനമാണ്. നാഫെഡ് എടുക്കുന്നതിൽ ഗവൺമെൻറിന് വിരോധമില്ല, സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഈ സർക്കാരിന് കടബാദ്ധ്യതകളെ സംബന്ധിച്ചും ഇവിടെ ഈടാക്കുന്ന ടാക്സിനെ സംബന്ധിച്ചും മാത്രമേ എന്തെങ്കിലും ചെയ്യാൻ പററുകയുള്ളൂ. അതുസംബന്ധിച്ച് ഗവൺമെൻറ് കടാശ്വാസനിയമം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. ടാക്സിന്റെ കാര്യവും പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

# V സബ്മിഷൻ

## (1) കോഴിക്കോടിനും ഷൊർണ്ണൂരിനും ഇടയിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടതുമൂലമുളവായ ബുദ്ധിമുട്ടുകൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഷൊർണ്ണൂരിനും കോഴിക്കോടിനുമിടയിൽ തീവണ്ടി ഗതാഗതം പൂർണ്ണമായും നിശ്ചലമായതിനെത്തുടർന്ന് ഏർപ്പെടുത്തിയിട്ടുള്ള ബദൽ സംവിധാനങ്ങളൊന്നും കാര്യക്ഷമമല്ല. ഇതിന്റെ ഫലമായി തൃശ്ശൂർ, കോഴിക്കോട്, ഷൊർണ്ണൂർ എന്നീ സ്റ്റേഷനുകളിൽ എത്തുന്ന ട്രെയിനുകളിൽനിന്നും ഇറങ്ങി വിവിധ സ്ഥലങ്ങളിൽ

10 A.M.] പോകേണ്ടവർ മണിക്കൂറുകളോളം സ്റ്റേഷനുകളിലും ബസ് സ്റ്റാൻറുകളിലും ലഗേജുകളുമായി കാത്തിരിക്കേണ്ടി വരുന്ന ദയനീയ രംഗങ്ങളാണ് ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. രോഗികളും വൃദ്ധരും കുട്ടികളുമായ യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. മെഡിക്കൽ കോളേജുകളിലും മററ് ആശുപത്രികളിലും രോഗികൾക്ക് എത്താൻ വളരെ പ്രയാസമായിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്താൻ ബസ്സിൽ പാസ് അനുവദിക്കുന്നില്ല. സീസൺ ടിക്കററിലും അല്ലാതെയും സ്ഥിരമായി യാത്രചെയ്തുകൊണ്ടിരുന്ന പതിനായിരത്തോളം വരുന്ന ജീവനക്കാർ, തൊഴിലാളികൾ, ആഫീസുകളിലും മററു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർ ഇവർക്കെല്ലാം കൃത്യമായി എത്തിച്ചേരാൻ കഴിയാതെ വന്നതിന്റെ ഫലമായി പല ഓഫീസുകളും തൊഴിൽ ശാലകളും ഇന്നു കൃത്യസമയത്ത് പ്രവർത്തിക്കാത്ത അവസ്ഥ വന്നിരിക്കുകയാണ്. നേരത്തെ ഓടിക്കൊണ്ടിരുന്ന ട്രെയിനുകൾ ഇപ്പോൾ ഇവിടെനിന്നു ഷൊർണ്ണൂർ വരെയും അപ്പുറത്തുനിന്നും മംഗലാപുരം വരേയും മാത്രമേ ഓടുന്നുള്ളൂ. ഇതു തിരൂർ വരെ ഓടിക്കാനുള്ള സംവിധാനമുണ്ടാക്കി, ട്രെയിനുകൾ ക്രമീകരണം നടത്തുന്നതിനുവേണ്ടിയുള്ള ഒരു ഇടപെടൽ നടത്താൻ സന്നദ്ധമായാൽ ഈ പ്രശ്നത്തിനു കുറച്ചു പരിഹാരമുണ്ടാക്കാൻ സാധിക്കും. അതുപോലെ ദിവസേന വാഗണുകൾ വഴി കൊണ്ടുവരുന്ന ഭക്ഷ്യ സാധനങ്ങൾ കോഴിക്കോടിനും തൃശ്ശൂരിനും ഇടയിൽ എത്തിക്കാൻ ബദൽ സംവിധാനമില്ല. ഇതിന്റെ ഫലമായി ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഈ സന്ദർഭം നോക്കി ബസ്സുകളിൽ അമിതമായി ടിക്കററ് ചാർജ് ഈടാക്കുന്നു. ആർ. ടി. എ. ആണെങ്കിൽ ഇക്കാര്യത്തിലൊന്നും ശ്രദ്ധിക്കുന്നില്ല. കോഴിക്കോട് ഞാൻ അന്വേഷിച്ചുനോക്കിയപ്പോൾ 30 ബസ്സുകളാണ് ഈ പുതിയ സ്ഥിതിവിശേഷത്തിന്റെ ഫലമായി ഓപ്പറേററ് ചെയ്യാൻ തുടങ്ങിയിരിക്കുന്നത്. ഈ 30 ബസ്സുകൾപ്രകാരം 74 ട്രിപ്പുകൾ നടത്തുന്നത് ഒട്ടുംതന്നെ പര്യാപ്തമല്ല. കെ. എസ്. ആർ. ടി. സി.-യുടെ സഹായത്തോടെ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് ആവശ്യമായ സൗകര്യം കിട്ടാതെ വരുമ്പോൾ അവർ പ്രൈവററ് ബസ്സിനെ ആശ്രയിക്കും. ഇപ്പോൾ പ്രൈവററ് ബസ് കുറെ ഓടുന്നുണ്ട്. പ്രൈവററ് ബസ്സുകാർ ഈടാക്കുന്ന കാശിന്റെ വ്യത്യാസം നോക്കുക. 35 രൂപ ഈടാക്കേണ്ട സ്ഥാനത്ത് അവർ 100 രൂപ ഈടാക്കുന്നുണ്ട്. ടാക്സി കാറാണെങ്കിൽ ഈ സന്ദർഭം മുതലാക്കി യാത്രക്കാരെ വലിയ രീതിയിൽ പിഴിയുന്നുണ്ട്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കണം. ക്രൈസിസ് മാനേജുമെൻറ് സെല്ലിന്റെ പ്രവർത്തനം തീരെ കാര്യക്ഷമമല്ല. അഡീഷണൽ ബസ്സുകളുടെ സമയമൊന്ന് ക്രമീകരിക്കുക. രാത്രികാലങ്ങളിൽ തീരെ ബസ്സില്ല. രാത്രികാലങ്ങളിൽ

സ്റേറഷനിലെത്തിപ്പെട്ടാൽ വീടുകളിൽ എത്താൻ യാതൊരു നിവൃത്തിയുമില്ല. കളക്ടർ യോഗം വിളിച്ചുകൂട്ടി വേണ്ട നിർദ്ദേശങ്ങൾ വച്ചതാണ്. 200 ബസ് എങ്കിലും ഓടിക്കണം എന്നു നിർദ്ദേശിച്ചു. കളക്ടറുടെ നിർദ്ദേശം പോലും നടപ്പിൽ വരുന്നതിനു സാധിച്ചിട്ടില്ല. ഇത്രയും ഗുരുതരമായ സാഹചര്യം വന്നതുകൊണ്ടുകൂടിയാണ് ബസ്സുകളിലും മററു വാഹനങ്ങളിലും യാത്രക്കാരെ കൊള്ളയടിക്കുന്ന പ്രവണതയുണ്ടായത്. പോലീസ് യാതൊന്നും ശ്രദ്ധിക്കുന്നില്ല. പോലീസിന് അതിൻെറ ഒരു വീതം കിട്ടിയാൽ മതി. ആർ. ടി. എ.-കാർക്ക് അതിൻെറ വീതം കിട്ടിയാൽ മതി. ഇതിൻെറയൊക്കെ ഫലമായി യാത്രക്കാർ കൊള്ളയ്ക്ക് വിധേയരായി തീരുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കുന്നതിന് അടിയന്തിരമായി സംസ്ഥാനഗവൺമെൻറ് ഇടപെടണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, കോഴിക്കോട് കടലുണ്ടിയിൽ ട്രെയിൻ അപകടമുണ്ടായതിനെത്തുടർന്ന് തെക്കൻ കേരളത്തിൽനിന്ന് മലബാറിലേക്കുള്ള യാത്രാക്ലേശം വർദ്ധിച്ചു. അതു പരിഹരിക്കാൻ ഗവൺമെൻറിൻെറ ഭാഗത്തു നിന്നും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിൻെറ തെക്കൻ ഭാഗത്തുനിന്നുള്ള കണ്ണൂർ, പരശുറാം എക്സ്പ്രസ്സുകൾ തൃശ്ശൂർ വരേയും മലബാർ എക്സ്പ്രസ് ഷൊർണ്ണൂർ വരേയും സർവ്വീസ് നടത്തുന്നുണ്ട്. ഇതു പരപ്പനങ്ങാടിവരെ സർവ്വീസ് നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മലബാർ ഭാഗത്തുനിന്നുള്ള ട്രെയിനുകൾ കോഴിക്കോടുവരെ സർവ്വീസ് നടത്തുന്നുണ്ട്. ട്രെയിൻ ഗതാഗതം മുറിഞ്ഞുപോയ ഭാഗത്തേക്ക് ആവശ്യമായ സർവ്വീസ് നടത്താൻ, കെ. എസ്. ആർ. ടി. സി.യുടെ ബന്ധപ്പെട്ട ഡിപ്പോ അധികൃതർക്ക് അപകടമുണ്ടായ ഉടനെ തന്നെ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് അപകട സ്ഥലത്തേക്ക് കോഴിക്കോട്, തൃശ്ശൂർ ഡിപ്പോകളിൽനിന്ന് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നടത്തിയിരുന്നു. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ അനുബന്ധ ഡിപ്പോകളിൽനിന്നും യാത്രാക്ലേശം പരിഹരിക്കുന്നതിനായി ആവശ്യാനുസരണം സർവ്വീസ് നടത്തുന്നുണ്ട്. നിലവിലുണ്ടായിരുന്ന 98 സർവ്വീസുകൾക്കുപുറമെ 43 സർവ്വീസുകൾ കൂടുതലായി ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ ഈ ഭാഗത്ത് പ്രൈവററ് ബസ് സർവീസുകളും ആവശ്യാനുസരണം നിലവിലുണ്ട്. ഇപ്പോഴുള്ള യാത്രാക്രമീകരണങ്ങൾ അപര്യാപ്തമാണെന്നുണ്ടെങ്കിൽ എവിടെയൊക്കെയാണ് കൂടുതൽ സർവ്വീസുകൾ വേണ്ടത് എന്നു ശ്രദ്ധയിൽ പെടുത്തിയാൽ അവയ്ക്ക് പരിഹാരമുണ്ടാക്കുന്നതാണ്. കേരളത്തിലെ റെയിൽ പാളങ്ങളുടെ സുരക്ഷ, റെയിൽവേ വികസനം, യാത്രാപ്രശ്നങ്ങൾ എന്നീ കാര്യങ്ങളിൽ അടിയന്തിരമായി ഇടപെടണമെന്ന് കടലുണ്ടി ട്രെയിൻ അപകടത്തെത്തുടർന്ന് കേരളത്തിലെത്തിയ കേന്ദ്ര റെയിൽവെ മന്ത്രി ശ്രീ. നിതീഷ് കുമാറിനോട് ഞാൻ നേരിട്ടാവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ജൂലായ് 14-ന് തിരുവനന്തപുരം ഗസ്ററ് ഹൗസിൽ വച്ച് കേന്ദ്രമന്ത്രി ശ്രീ. നിതീഷ് കുമാറിൻെറ സാന്നിദ്ധ്യത്തിൽ ഒരു അടിയന്തിര യോഗം ചേരുന്നുണ്ട്. കേരളത്തിൽ നിന്നുള്ള എല്ലാ എം. പി. മാരേയും യോഗത്തിലേക്കു ക്ഷണിച്ചിട്ടുണ്ട്. കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. ഒ. രാജഗോപാലും ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷനേതാവിനോടും ഞാൻ പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്. അവിടത്തെ യാത്രാക്ലേശം ഗവൺമെൻറിനെ കുറെയൊക്കെ ബോധ്യമുള്ളതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്തിട്ടുള്ളത്. എവിടെയെങ്കിലും അപാകതകളുണ്ടെങ്കിൽ അതു പരിഹരിക്കാനാ

LIBRARY ARCHIVES Kerala Legislative Assembly

വശുമായ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കാം. ഇനിയും ആവശ്യമുണ്ടെങ്കിൽ കെ. എസ്. ആർ. ടി. സി. യുടെയും സ്വകാര്യമേഖലയുടെയും സൗകര്യങ്ങ‍ൾ ഉപയോഗിച്ചുകൊണ്ട് പരമാവധി ബസ് സർവ്വീസ് നടത്തി ജനങ്ങളുടെ താൽക്കാലിക പ്രയാസങ്ങ‍ൾ പരിഹരിക്കാൻ ശ്രമിക്കാം. അതോടൊപ്പം തന്നെ യാത്രക്കാരുടെ ഏതു പ്രയാസങ്ങ‍ൾ ചൂണ്ടിക്കാണിച്ചാലും അതിനു പരിഹാരമുണ്ടാക്കുവാൻ ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കാമെന്ന് ഞാൻ വാക്കു തരുന്നു.

## (2) പുതിയ എഞ്ചിനീയറിംഗ് കോളേജുക‍ൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് കുട്ടിക‍ൾക്ക് എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടുന്നതിനുവേണ്ടി രക്ഷകർത്താക്ക‍ൾ പരക്കം പായുകയാണ്. 30,000-ത്തോളം കുട്ടിക‍ൾ നമ്മുടെ സംസ്ഥാനത്ത് എൻട്രൻസ് പരീക്ഷ എഴുതിയിട്ടുണ്ട്. അവർക്കു പഠിക്കുവാനുള്ള 2000 സീററുകളെ സംബന്ധിച്ച് ഒരു അസന്ദിഗ്ദ്ധാവസ്ഥ സംസ്ഥാനത്തു നിലനിൽക്കുന്നു എന്നാണ് പത്രവാർത്തക‍ൾ പറയുന്നത്. ഈ അസന്ദിഗ്ദ്ധാവസ്ഥ മാററി കുട്ടിക‍ൾക്ക് കൂടുതൽ എഞ്ചിനീയറിംഗ് സീററുക‍ൾ അനുവദിക്കുന്നതിനുള്ള നയപരമായ തീരുമാനം ഗവൺമെൻറ് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ആ‍ൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ വയബിലിററി സർട്ടിഫിക്കററ് കിട്ടിയ എട്ടു എഞ്ചിനീയറിംഗ് കോളേജുകളും എം. ബി. എ., എം. സി. എ. കോഴ്സുക‍ൾ ആരംഭിക്കാൻ വേണ്ടി നാലു കോളേജുകളും— അങ്ങനെ 12 കോളേജുക‍ൾ അനുവദിക്കാനുള്ള വയബിലിററി സർട്ടിഫിക്കററ് കിട്ടിയിട്ടുണ്ട്. അതിന്റെ നിയമപ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി. ഇനി ബാംഗ്ലൂരിലെ റീജിയണൽ കൗൺസിലിന്റെ recommendation വേണം. അതിനു എ. ഐ. സി. ടി. ഇ. അംഗീകാരം കൊടുത്തിട്ടുണ്ട്. ഇതിൽ ഒരു ഡിലേയും വരുത്താനുള്ള നീക്കം ഉണ്ടായിട്ടില്ല. ചില പത്രങ്ങളിൽ വാർത്ത വന്നിട്ടുള്ളത് വളരെ ഖേദകരമാണ്. ഗവൺമെൻറ് ഇക്കാര്യത്തിൽ ഒരു തുറന്ന സമീപനമാണ് സ്വീകരിക്കുന്നത്. സ്വാശ്രയ മേഖലയിലായാലും എയിഡഡ് മേഖലയിലായാലും കൂടുതൽ എഞ്ചിനീയറിംഗ് കോളേജുക‍ൾ അനുവദിക്കണമെന്നുതന്നെയാണ് ഗവൺമെൻറിന്റെ നയം. അതുപോലെ അൺ എയിഡഡ് മേഖലയിലും അനുവദിക്കണമെന്നാണ് ഗവൺമെൻറിന്റെ നയം. അതിനുവേണ്ടി വളരെ പെട്ടെന്ന് നടപടിക്രമം പൂർത്തീകരിക്കാൻ, യൂണിവേഴ്സിററിയുടെ അഫിലിയേഷൻ വേണമെന്നുള്ളതുകൊണ്ട് ഞാൻ തന്നെ യൂണിവേഴ്സിററികളുടെ വൈസ് ചാൻസലർമാരെ വിളിച്ചുകൂട്ടി അതിന്റെ ഡിസ്കഷൻ നടത്താനും ഡേററ് അഡ്വാൻസ് ചെയ്തുവയ്ക്കാനും ഉടനെതന്നെ അഫിലിയേഷൻ നൽകാനുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ തീരുമാനമായി. ഇനി എ. ഐ. സി. ടി. ഇ. യുടെ അംഗീകാരം കിട്ടിയതിനു ശേഷം മാത്രമേ യൂണിവേഴ്സിററിയുടെ അഫിലിയേഷൻ കിട്ടുകയുള്ളു. അതുകൊണ്ട് കോളേജുക‍ൾ തുറക്കാൻ അനുമതി നൽകുന്നതാണ്. അക്കാര്യത്തിൽ യാതൊരു തടസ്സവുമുണ്ടായിരിക്കുകയില്ല. ഐ. ടി. മേഖലകളിൽ പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സീററുകളുണ്ടാകണം. ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കുമെന്നു മാത്രമേ എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളു. വേറെ യാതൊരു ആശങ്കയ്ക്കും വകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

## (3) പേരാമ്പ്ര കൂരാച്ചുണ്ടിൽ സുജ, റോസ്മിൻ, റോസ്ന എന്നിവരുടെ സംശയാസ്പദമായ മരണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര അസംബ്ലി മണ്ഡലത്തിൽ കൂരാച്ചുണ്ട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ 2001 ജൂൺ 13-ന് 22 വയസ്സുള്ള സുജയെന്ന യുവതിയും അവരുടെ പിഞ്ചു മക്കളായ നാലു വയസ്സുള്ള റോസ്മിൻ, രണ്ടു വയസ്സുള്ള റോസ്ന എന്നീ കുട്ടികളും സംശയകരമായ സാഹചര്യത്തിൽ മരണപ്പെട്ടിരിക്കുന്നു. സുജയുടെ ഭർത്താവ് റോബർട്ടും റോബർട്ടിന്റെ സഹോദരൻ രാജുവും യുവതിയെ നിരന്തരമായി പീഡിപ്പിച്ചുകൊണ്ടിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. മൂന്നു പേരും കൊലചെയ്യപ്പെട്ടതാണെന്ന് ജനങ്ങൾക്ക് ബലമായ സംശയമുണ്ട്. പോലീസിന്റെ അന്വേഷണം ഇക്കാര്യത്തിൽ തൃപ്തികരമല്ല. മരണം സംഭവിച്ചു രണ്ടാഴ്ച കഴിഞ്ഞിട്ടും പോലീസ് ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. പരിസരവാസികളോട് വിവരം അന്വേഷിക്കുന്നതിനുപോലും പോലീസ് തയ്യാറായിട്ടില്ല. ജൂൺ 15-ാം തീയതി ഞാൻ മുഖ്യമന്ത്രിക്ക് ഇതു സംബന്ധിച്ച് പരാതി നൽകിയിരുന്നു. ജൂലായ് 3-ാം തീയതിയും ബന്ധുക്കളുടെ പരാതിയുൾപ്പെടെ അവിടെ ഈ പ്രശ്നത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി വീണ്ടും ഞാൻ മുഖ്യമന്ത്രിക്കു രേഖാമൂലം പരാതി സമർപ്പിച്ചിട്ടുണ്ട്. കൂരാച്ചുണ്ടിൽ സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം ജാഗ്രതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അലംഭാവം വെടിഞ്ഞ് യുവതിയുടെയും കുട്ടികളുടെയും മരണത്തിന്റെ കാരണം കണ്ടെത്താൻ അന്വേഷണം ഊർജ്ജിതപ്പെടുത്തണം. സത്യാവസ്ഥ പുറത്തുകൊണ്ടുവന്ന് കുറ്റവാളികളെ ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കോഴിക്കോട് കായണ്ണ ചപ്പാത്തിൽ റോബർട്ടിന്റെ ഭാര്യ സുജ, റോബർട്ടിന്റെ ജ്യേഷ്ഠൻ രാജുവിന്റെ വീട്ടിലെ അടുക്കള വരാന്തയിലുള്ള കഴുക്കോലിൽ 12-6-2001-ൽ രാത്രിയിൽ തൂങ്ങി മരിച്ചു നിൽക്കുന്നതായി കാണപ്പെട്ടു. കൂടാതെ അവരുടെ മക്കളായ നാല് വയസ്സുള്ള റോസ്മിൻ, രണ്ട് വയസ്സുള്ള റോസ്ന എന്നിവരുടെ മൃതശരീരം വീടിനടുത്ത് ആൾപ്പാർപ്പില്ലാത്ത പറമ്പിലെ കിണറ്റിൽ കിടക്കുന്നതായി കാണപ്പെട്ടു. അസ്വാഭാവികമായ മരണത്തിന് ക്രൈം 49/01-ാം നമ്പരായി കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് കൊയിലാണ്ടി തഹശീൽദാർ പ്രേത പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയശേഷം മൃതശരീരം പോസ്റ്റ്മോർട്ടം നടത്തപ്പെട്ടു. തുടർന്നുള്ള അന്വേഷണത്തിൽ സുജയുടെ ഭർത്താവ് റോബർട്ട് സുജയെ മാനസികമായും ശാരീരികമായും നിരന്തരമായി പീഡിപ്പിച്ചിരുന്നതായും ജ്യേഷ്ഠൻ രാജു ശാരീരികവേഴ്ചയ്ക്ക് നിർബന്ധിച്ച് പീഡിപ്പിച്ചതായും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 498 (എ) 306, 34 എന്നീ വകുപ്പുകൾ ചേർത്ത് ഭർത്താവിനെയും ജ്യേഷ്ഠനെയും 14-6-2001-ൽ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി. കോടതി അവരെ റിമാന്റ് ചെയ്തു. ഈ കേസ് വടകര ഡി. വൈ. എസ്. പി. ഏറ്റെടുത്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) കാസർഗോഡ് ജില്ലയിൽ കടലാക്രമണംമൂലം നാശനഷ്ടം സംഭവിച്ചവർക്ക് ദുരിതാശ്വാസം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാലവർഷം ആരംഭിച്ചതോടുകൂടി കാസർഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളിൽ ചേരങ്കൽ കടപ്പുറം, അടുക്കത്ത് വയൽ കടപ്പുറം, ആവോലി കടപ്പുറം, കോയിപ്പാടി കടപ്പുറം, കീഴൂർ കടപ്പുറം അതുപോലെ മററു പല ഭാഗങ്ങളിലും രൂക്ഷമായ കടലാക്രമണം ഉണ്ടായിരിക്കുകയാണ്. നിരവധി വീടുകളും തെങ്ങുകളടക്കമുള്ള ഫലവൃക്ഷങ്ങളും റോഡുകളും, മുനിസിപ്പൽ പാർക്ക് അടക്കമുള്ള ഒട്ടേറെ സ്ഥലങ്ങളും കടലാക്രമണത്തിൽപ്പെട്ട് മുങ്ങിക്കിടക്കുകയാണ്. ഇപ്പോഴും രൂക്ഷമായ കടലാക്രമണം തുടരുകയാണ്. അതുകൊണ്ട് അടിയന്തിരമായും കടലാക്രമണം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുവാനും, (ഇന്ന് നൽകുന്ന തുക വളരെ അപര്യാപ്തമാണ്) ആ തുക വർദ്ധിപ്പിക്കാനും സ്ഥലം നഷ്ടപ്പെട്ടവർക്ക് പകരം സ്ഥലം നൽകുവാനും നടപടി സ്വീകരിക്കണം. അതുപോലെ പ്രസ്തുത മേഖലയിലെ മുഴുവൻ മൽസ്യത്തൊഴിലാളികൾക്കും ജോലി ചെയ്യാൻ കഴിയാത്ത ഈ സാഹചര്യത്തിൽ ഒരു മാസമെങ്കിലും സൗജന്യ റേഷൻ അനുവദിക്കണം. ഏകദേശം 82 കിലോമീററർ കടൽത്തീരമുള്ള കാസർഗോഡ് ജില്ലയിൽ ആകെ 12 കിലോമീറററിനു മാത്രമേ കടൽഭിത്തിയുള്ളു കടലാക്രമണം നേരിടുന്ന എല്ലാ മേഖലയിലും കടൽഭിത്തി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും അതുപോലെതന്നെ താൽക്കാലികമായി മണൽച്ചാക്കുകൊണ്ട് കടലാക്രമണം തടയുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കടലാക്രമണത്തിന്റെ ഫലമായി ഏതാനും വീടുകൾക്ക് നാശനഷ്ടമുണ്ടായി. അതുപോലെതന്നെ തെങ്ങുകൾ മറിഞ്ഞുവീണ് കൃഷിനാശവും ഉണ്ടായിട്ടുണ്ട്. റോഡുകൾ കുറെ തകർന്നു. ഇങ്ങനെയുള്ള സംഭവങ്ങൾ വരുമ്പോൾ ജില്ലാ കളക്ടർ വഴി ഉടനെ തന്നെ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ജി. ഒ. നിലവിലുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുത്തുവരുന്നുവെന്നാണ് എനിക്ക് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. കടലാക്രമണത്തിന്റെ ഫലമായി 20 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ഇതിനാവശ്യമായ സാമ്പത്തിക സഹായം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വീട് മുഴുവൻ നഷ്ടപ്പെട്ടവർക്ക് 30,000 രൂപയാണ് കൊടുക്കുന്നത്. ഇതിൽ കൂടുതൽ കൊടുക്കുന്നതിന് ഇപ്പോൾ നിർവാഹമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിക്കാം.

(5) ആലപ്പുഴ ടൗണിലെ കണ്ണൻവർക്കി പാലം, വൈ. എം. സി. എ. പാലം, കൊച്ചുകടവ് പാലം എന്നിവ പുതുക്കി പണിയാൻ നടപടി

ശ്രീ. കെ. സി. വേണുഗോപാൽ: സർ, എന്റെ നിയോജകമണ്ഡലമായ ആലപ്പുഴ നഗരത്തിൽ കഴിഞ്ഞ ദിവസം ഒരു പാലം തകർന്നുവീണിരിക്കുകയാണ്. കണ്ണൻവർക്കി, വൈ. എം. സി. എ. പാലങ്ങളുടെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരിക്കുന്നതിനാൽ ഇതുവഴി വാഹനങ്ങൾ ഡൈവർട്ട് ചെയ്ത് വിടുന്നതുകൊണ്ട്, ഭാരം കൂടിയ വാഹനങ്ങൾ പോകുന്നതുകൊണ്ടാണ് ഈ പാലം തകർന്നത്. ഈ പാലം മാത്രമല്ല നഗരത്തിലെ പല പാലങ്ങളും അപകടാവസ്ഥയിലാണ്. കേരളത്തിൽ പല സ്ഥലങ്ങളിലും പാലങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. ആളുകളുടെ സുരക്ഷിതത്വംകൂടി ഇതിനു പിന്നിലുണ്ട്. അതുകൊണ്ട് നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും ഈ തകർന്ന പാലം പുനർ നിർമ്മിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):** സർ, ആലപ്പുഴ ടൗണിൽ കനാലുകളുടെ കുറുകെയുള്ള പാലങ്ങളിൽ വൈ. എം. സി. എ. പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എന്നാൽ അപ്രോച്ച് റോഡിന്റെ പണികൂടി പൂർത്തിയാക്കി ഉടൻതന്നെ ഗതാഗതയോഗ്യമാക്കുന്നതാണ്. കണ്ണൻവർക്കി പാലത്തിന്റെ പണി ഒരു വർഷമായി മുടങ്ങിക്കിടക്കുന്നതുകൊണ്ട് കരാറുകാരനെ ഒഴിവാക്കി ബാക്കി പണികൾ തീർക്കുന്നതിനുവേണ്ടി ടെൻഡർ വിളിച്ചിട്ടുണ്ട്. എന്നാൽ കണ്ണൻവർക്കി പാലത്തിനു സമീപമുള്ള കൊച്ചുകടവ് പാലം 30-6-2001-ൽ തകർന്നതുമൂലം ഉണ്ടായ ഗതാഗത തടസ്സമൊഴിവാക്കാൻ വേണ്ടി കണ്ണൻവർക്കി പാലത്തിന്റെ ബാക്കി ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. മൂന്നുമാസത്തിനുള്ളിൽ പണി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. കൊച്ചുകടവ് പാലത്തിന്റെ തകർന്ന ഭാഗത്തുകൂടി ഒരു നടപ്പാലം നിർമ്മിച്ച് കാൽനടയാത്രക്കാർക്ക് ഒരു താൽക്കാല സൗകര്യം ചെയ്തുകൊടുക്കുന്നതും പിന്നീട് കൊച്ചുകടവ് പാലം പുനർ നിർമ്മിക്കുന്നതുമാണ്. എം. എൽ. എ. ഇത് സംബന്ധിച്ച് വിളിച്ചയവസരത്തിൽ ഞാൻ അവിടെ പോയിരുന്നു. മൊത്തത്തിലുള്ള പാലങ്ങളുടെ പ്രശ്നത്തിൽ ആശങ്കയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. വർഷങ്ങളോളം പഴക്കമുള്ള പാലങ്ങളുടെ ബലക്ഷയം പരിശോധിച്ച് പുനർനിർമ്മാണത്തിനോ ബലപ്പെടുത്തുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് D.R.I.Q. ബോർഡ് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ടുമാസത്തിനകം അവരുടെ റിപ്പോർട്ട് ലഭിക്കുന്നതാണ്.

## (6) ഒററപ്പാലം മുനിസിപ്പാലിററിയിൽ ശുദ്ധജലവിതരണ പദ്ധതി

**ശ്രീ. വി. സി. കബീർ:** സർ, 28-3-1996-ൽ ഒററപ്പാലം വാട്ടർ സപ്ളൈ സ്കീമിനുവേണ്ടി 995 ലക്ഷം രൂപയുടെ എസ്ററിമേററിന് അന്നത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് അനുമതി നൽകി. ഒച്ചിന്റെ വേഗതയിലാണ് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിൽ ജനങ്ങൾക്ക് വലിയ സങ്കടമുണ്ട്. കഴിഞ്ഞ അഞ്ചു വർഷം കാര്യമായി ഒന്നും നടന്നിട്ടില്ല. ഈ വാട്ടർ സപ്ളൈ സ്കീം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും ജലവിതരണവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ശുദ്ധജല വിതരണ പദ്ധതിക്ക് 1996-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്തതാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ 995 ലക്ഷം രൂപയാണ് ഇതിന്റെ എസ്റ്റിമേറ്റ്. പക്ഷേ പല കാരണങ്ങളാൽ ആ വർക്ക് നടന്നതായി കാണുന്നില്ല. കിണറിന്റെ പണികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കാൻ സാധിക്കും. ശുദ്ധീകരണശാലയുടെ ടെൻഡർ വിളിക്കുന്ന നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. ജലസംഭരണിക്കുള്ള സ്ഥലം കിട്ടിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് അതു നൽകേണ്ടത്. ഈയൊരു സാഹചര്യത്തിൽ ഇതിന്റെ പണി എന്ന് തീരുമെന്ന് പറയാൻ നിവൃത്തി ഇല്ല. എന്നാലും മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നുള്ളതു കൊണ്ട് പ്രത്യേക താൽപ്പര്യമെടുത്ത് കഴിയുന്നതും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും.

## (7) എറണാകുളം ജില്ലയിലെ കൈത്തറി വ്യവസായവും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വി. ഡി. സതീശൻ : സർ, കേരളത്തിലെ കൈത്തറി വ്യവസായം ഇന്ന് കനത്ത പ്രതിസന്ധിയിലാണ്. എറണാകുളം ജില്ലയിൽ മാത്രം ഏഴ് കോടിയിൽപ്പരം രൂപയുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. അതിൽ അഞ്ച് കോടിയിൽപ്പരം രൂപയുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ പ്രസിദ്ധമായ ചേന്നമംഗലം കൈത്തറി സംഘത്തിലാണ്. ഇപ്പോൾ മൺസൂണിന്റെ കാഠിന്യംമൂലം തറികൾ മുഴുവൻ വെള്ളത്തിലാണ്. റിബേറ്റിനത്തിൽ കോടിക്കണക്കിന് രൂപ സംസ്ഥാന സർക്കാർ സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുണ്ട്. പട്ടിണിമൂലം കൈത്തറി തൊഴിലാളികൾ ആത്മഹത്യയിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. അവരെ രക്ഷിക്കാൻ, ഈ വ്യവസായത്തെ രക്ഷിക്കാൻ റിബേറ്റിനത്തിൽ കൊടുക്കാനുള്ള തുക മുഴുവൻ കൊടുത്ത് തീർക്കാനും പട്ടിണിയനുഭവിക്കുന്ന കൈത്തറി തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കൈത്തറി മേഖലയിൽ എല്ലാ കാലത്തേയും അപേക്ഷിച്ച് വലിയ ഒരു സ്റ്റോക്ക് അക്യുമിലേഷൻ ഉണ്ടായിട്ടുണ്ട്. ഏതാണ്ട് പത്ത് അൻപത് കോടി രൂപയുടെ സാധനം കെട്ടിക്കിടക്കുകയാണ്. റിബേറ്റ് ഇനത്തിൽ തന്നെ വൻപിച്ച കുടിശ്ശിക വന്നിരിക്കുകയാണ്. ഇത് കൈത്തറി മേഖലയിൽ വൻപിച്ച പ്രതിസന്ധി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നുള്ള മെമ്പറുടെ പരാമർശം ശരിയാണ്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കുടിശ്ശിക ഉള്ളത്. ഈ രംഗത്തുള്ള സംഘടനകൾ വളരെ വിശദമായ മെമ്മോറാണ്ടം തന്നിട്ടുണ്ട്. ഗുരുതരമായ ഈ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് ആകുന്നത്ര എല്ലാം ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

# VI റിപ്പോർട്ട് സമർപ്പണം

## കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII റിപ്പോർട്ട് പരിഗണന

## കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

# VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗ്രീക്ക് ഇതിഹാസത്തിൽ ഒരു കഥാപാത്രമുണ്ട്, ഹെർക്കുലിസ്. അദ്ദേഹത്തിന് ഒരു വലിയ ചുമതലയേൽക്കേണ്ടി വന്നു. ഈജിയൻ തൊഴുത്ത് നന്നാക്കുകയെന്ന വലിയ ചുമതല. അതുപോലെതന്നെ നമ്മുടെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം, താറുമാറായ നമ്മുടെ സംസ്ഥാനത്തെ എല്ലാ നിലയിലും നന്നാക്കുകയെന്ന ഒരു വലിയ ദൗത്യമാണ് കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് ജനങ്ങളുടെ അംഗീകാരം പ്രതിഫലിപ്പിക്കുന്ന, ഫലിക്കുന്ന ഒരു ഗവൺമെന്റായി മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഇടതുപക്ഷം എങ്ങനെ പരാജയപ്പെട്ടുവെന്ന് അന്വേഷിച്ച് നടക്കുന്ന ഒരു കാലഘട്ടമാണ്. അന്വേഷണ കമ്മീഷനുകളെ വച്ചുകഴിഞ്ഞു. പ്രതിപക്ഷ നേതാവ് ജയിച്ച മലമ്പുഴയിലും അതുപോലെ മുൻമന്ത്രിമാർ തോററ എല്ലാ മണ്ഡലങ്ങളിലും അവർ എങ്ങനെയാണ് പരാജയപ്പെട്ടതെന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് നടത്തുന്നത്. യു. ഡി. എഫ്. ജയിച്ചത് ബി. ജെ. പി.-യെ കൂട്ടുപിടിച്ചാണ് എന്നാണ് വലിയ പ്രചരണം. ബി. ജെ. പി.-ക്കാർ ഉൾപ്പെടെ, ഇടതുപക്ഷക്കാരുൾപ്പെടെ വോട്ട് ചെയ്തതുകൊണ്ടാണ് ഞങ്ങൾ ജയിച്ചത്, സംശയം വേണ്ട.

[അദ്ധ്യക്ഷവേദിയിൽ മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ]

നിങ്ങൾ തോററതിന്റെ യഥാർത്ഥ കാരണങ്ങളിലേക്ക് നിങ്ങൾ ഇതുവരെ പോയിട്ടില്ല. ഇത് പഞ്ഞ കർക്കിടക മാസമാണ്. നമ്മുടെ തീരപ്രദേശത്തുള്ള മത്സ്യ തൊഴിലാളികൾക്ക് സമ്പാദ്യ ആശ്വാസ പദ്ധതിയിൻകീഴിൽ പണം കൊടുക്കേണ്ട മാസമാണ്. പണം കൊടുക്കാൻ കഴിയുന്നില്ല. ഏഴു കോടി രൂപയാണ് കൊടുക്കേണ്ടത്. കഴിഞ്ഞ സർക്കാരിന് ആ കാശ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അവർ നിങ്ങൾക്ക് വോട്ട് ചെയ്യുമോ? ചെയ്തിട്ടില്ല. അതുപോലെ പെൻഷനുകൾ കൊടുത്തിട്ട് 17 മാസമായി. വാർദ്ധക്യകാല പെൻഷൻ, ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം, കയർ തൊഴിലാളി പെൻഷൻ തുടങ്ങിയുള്ള പെൻഷനുകളൊന്നും കഴിഞ്ഞ ഗവൺമെന്റ് കൊടുത്തിട്ടില്ല. പിന്നെ ജനങ്ങൾ എങ്ങനെയാണ് വോട്ട് ചെയ്യുന്നത്? സാധാരണക്കാരന്റെ വീട് പൊളിച്ചിട്ടിട്ട് മാസമെത്രയായി? അടുത്ത കാലവർഷം കഴിഞ്ഞാലെങ്കിലും പൂർത്തിയാക്കാൻ കഴിയുമോ? ഖജനാവിൽ പണമില്ലാത്തതുകൊണ്ടുതന്നെ. ഹൗസിംഗ് ബോർഡിന്റെ സ്ഥിതി എന്താണ്? ഹൗസിംഗ് ബോർഡിൽ നിന്നും ഹഡ്കോയ്ക്ക് കൊടുക്കേണ്ട ഒരു രൂപ പോലും കൊടുക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. 210 കോടി രൂപയാണ് ഹഡ്കോയ്ക്ക് ഉടനെ കൊടുത്തു തീർക്കേണ്ടത്. എങ്ങനെ കൊടുക്കും? അതിനു പണമുണ്ടോ? നിങ്ങളുടെ ധന ദുർവിനിയോഗമാണ് നിങ്ങളെ പരാജയത്തിലേക്ക് നയിച്ചതെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കണം. കുടി വെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടോ? ശ്രീ. ടി. എം. ജേക്കബ് നേരത്തെ മന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ച കുടിവെള്ള പദ്ധതിപോലും അഞ്ച് കൊല്ലമായി എങ്ങും എത്തിയിട്ടില്ല എന്നാണ് മുൻ മന്ത്രിയായിരുന്ന കബീർമാഷ് പറഞ്ഞത്. അതിനു ആരാണ് ഉത്തരവാദി? കൊച്ചി മേഖലയിൽ ഈ വർഷകാലത്തു പോലും ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി നെട്ടോട്ടം ഓടുകയാണ്. ഹഡ്കോ പദ്ധതി 54 കോടി രൂപയ്ക്ക് ആരംഭിച്ചത് ഇപ്പോൾ 128 കോടി രൂപ കൊണ്ടുപോലും പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. കേരളത്തിലെ സാധാരണക്കാരെ ബാധിക്കുന്ന ഒരു പ്രശ്നത്തിനും പരിഹാരം കാണാൻ നിങ്ങൾ തുനിയാത്തതുകൊണ്ടല്ലേ പരാജയം ഉണ്ടായത്? സാധാരണ ആരാണ് ലോട്ടറി എടുക്കാറുള്ളത്? പണ്ട് അടൂർഭാസി പാടിയ ഒരു പാട്ടുണ്ട്. 'ഒരു രൂപ നോട്ട് കൊടുത്താൽ ഒരു ലക്ഷം കൂടെപ്പോരും' ഇപ്പോൾ 10 രൂപ മുടക്കിയാൽ 10 ലക്ഷം കിട്ടും. സാധാരണക്കാരൻ പോയി ഒരു ലോട്ടറി എടുത്തു. ആ ലോട്ടറി അടിച്ചപ്പോൾ വണ്ടിച്ചെക്ക് കൊടുത്ത സർക്കാരല്ലേ കടന്നുപോയത്? ലോട്ടറി അടിച്ചവന് വണ്ടിച്ചെക്ക് കൊടുക്കുന്നു. മുൻ മന്ത്രിമാർ അപ്പുറത്ത് ഉണ്ടല്ലോ. ശരിയല്ലേ? അതാണ് നിങ്ങൾ പരാജയപ്പെടാൻ പ്രധാന കാരണം. അതൊക്കെ അന്വേഷിക്കാതെ നടന്നിട്ട് കാര്യമുണ്ടോ? ധനകാര്യകമ്മിഷന്റെ തീരുമാനപ്രകാരം ഒരു വർഷം 700 കോടി രൂപയോളം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് കുറവു വരുന്നു എന്നാണ് ഡോക്ടർ കെ. സി. ജോസഫ് ഇന്നു സൂചിപ്പിച്ചത്. കേരളത്തിനു മാത്രം കുറയ്ക്കാൻ എന്താണ് കാരണം? ത്രിപുരയ്ക്കും വെസ്റ്റ് ബംഗാളിനും കൂട്ടിക്കൊടുത്തില്ലേ? അപ്പോഴും രാഷ്ട്രീയ വിരോധമല്ലല്ലോ. ധനകാര്യ കമ്മീഷന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ വന്നപ്പോൾ അവരോട് മര്യാദയായിട്ട് പെരുമാറാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞോ? അതിന്റെ ചെയർമാൻ ഖുസ്റുവിനെ അത്താഴവിരുന്നിന് വിളിച്ചപ്പോൾ അര മണിക്കൂർ താമസിച്ചു എന്നതിന്റെ പേരിൽ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മേൽ തട്ടിക്കയറിയില്ലായിരുന്നോ? അന്ന് "ഓൻ ആരാ" എന്നാണ് ചോദിച്ചത്. This old man spoiled the State of Kerala. എന്ന് അന്നവർ പോകുമ്പോൾ പറഞ്ഞു. അപ്പോൾ ധനകാര്യ കമ്മീഷൻ വരുമ്പോൾ അവരോട് മര്യാദയായിട്ടുപോലും പെരുമാറാൻ കഴിയാത്ത ഒരു സർക്കാരാണ് കഴിഞ്ഞുപോയത്. നിങ്ങൾ വരുത്തിവച്ച ദുരന്തം എന്ന് അവസാനിക്കുമെന്ന് പറയാൻ കഴിയുകയില്ല. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചാണ് ഇവിടെ വലിയ തർക്കങ്ങൾ നടക്കുന്നത്. കെ. എസ്. ഇ. ബി. യുടെ നഷ്ടത്തെക്കുറിച്ചുള്ള പ്രശ്നങ്ങൾ ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. കായംകുളം താപവൈദ്യുതനിലയത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിക്ക് കൊടുക്കേണ്ടി വരുന്ന അധിക പണമാണ് കെ. എസ്. ഇ. ബി.-യെ നഷ്ടത്തിലാക്കിയതെന്നാണ് നിങ്ങളുടെ അവകാശവാദം. അതു മാത്രമാണോ? നമ്മുടെ സംസ്ഥാനത്തെ വീടുകളിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള വൈദ്യുതി മീറ്ററുകളിൽ 75%-ഉം കേടല്ലേ? വൈദ്യുതി മീറ്റർ മാറ്റിവയ്ക്കാനുള്ള ഒരു സംരംഭം ഉണ്ടാക്കിയാൽത്തന്നെ 25%-ത്തിലധികം കെ. എസ്. ഇ. ബി.-ക്കു വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയില്ലേ? 28,000 തൊഴിലാളികളും 16,000 പെൻഷൻ പറ്റുന്നവരുമുള്ള കെ. എസ്. ഇ. ബി. ശരിക്കും വലിയൊരു ശമ്പള ഭാരം പേറേണ്ട ഒന്നായി മാറിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ പണിയെടുക്കുന്നത് ആരാണ്? പത്തു കൊല്ലം മുമ്പ് ലൈൻമാനായി കയറിയവരുടെ ഇപ്പോഴത്തെ തസ്തിക എന്താണ്? സബ് എഞ്ചിനീയർ. പിന്നെ പണി എടുക്കുകയില്ല. ശമ്പളം 12,000 രൂപ. സ്വകാര്യ കണക്ഷന് വിളിച്ചാൽ പോകും, ചില്ലറ മേടിക്കും, അതോടെ കഴിഞ്ഞു. നമ്മുടെ വൈദ്യുതി രംഗത്തെ പണി മുഴുവൻ ചെയ്യുന്നത് എണ്ണായിരത്തോളം വരുന്ന കോൺട്രാക്ട് ലേബറേഴ്സാണ്. അവർ ലൈനിൽനിന്നും ഷോക്കേറ്റ് കത്തി മരിച്ചാലും ബോർഡ് ഒന്നും കൊടുക്കുന്നില്ല. ജൂൺ ആറാം തീയതി എറണാകുളം നഗരത്തിൽ ഒരു ഹരിജൻ തൊഴിലാളി കത്തിമരിച്ചു. ബോർഡ് തിരിഞ്ഞു നോക്കിയില്ല. 8,000-ത്തോളം വരുന്ന കോൺട്രാക്ട് വർക്കേഴ്സിനെ കൊണ്ടാണ് നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി മേഖലയിലെ മെയിന്റനൻസ് വർക്ക് മുഴുവൻ നടത്തുന്നതെന്നുള്ള യാഥാർത്ഥ്യം മറച്ചുവച്ചിട്ട് കാര്യമുണ്ടോ? തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കാൻ തയ്യാറുണ്ടോ? 80% തൊഴിലാളികളും സി. ഐ. ടി. യു.-വിലും മറ്റും ഉള്ളവരല്ലേ? അവിടെ ഞങ്ങളുടെ ആളുകൾ കുറവല്ലേ. തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കണം. അതുപോലെ കളവ് അവസാനിപ്പിക്കണ്ടേ? നമ്മുടെ പല ആശുപത്രികളിലും എം. ആർ. സ്കാനും സി. ടി. സ്കാനുമൊക്കെയുണ്ട്. വളരെയേറെ വൈദ്യുതി കൺസ്യൂം ചെയ്യുന്ന മെഷീൻ ആണ്. ഈ സംസ്ഥാനത്ത ഈ മേഖലയിലുള്ള എത്രപേർ പൈസ കൊടുക്കുന്നുണ്ടെന്ന് ഒന്ന് അന്വേഷിക്കാമോ? ഇത്തരത്തിലുള്ള ഒരു കാര്യവും അന്വേഷിക്കാതെ കുത്തഴിഞ്ഞ സ്ഥാപനമായ കെ. എസ്. ഇ. ബി.-ക്കുവേണ്ടി ഇനിയിപ്പോൾ 60% ചാർജ്ജ് കൂട്ടണമെന്ന പുതിയ നിർദ്ദേശം അംഗീകരിക്കാൻ പാടില്ലയെന്നാണ്

എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഗവൺമെൻറ് ഹൈടെൻഷനും എക്സ്ട്രാ ഹൈടെൻഷനും 76% ചാർജ്ജ് കൂട്ടി. ആ യാഥാർത്ഥ്യം മറക്കുന്നില്ല. സാധാരണക്കാരുടെ മേൽ 56% ചാർജ്ജ് വർദ്ധിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, ചാർജ്ജ് വർദ്ധനവുകൊണ്ടുമാത്രം ഇലക്ട്രിസിററി ബോർഡിനെ ലാഭത്തിലും നഷ്ടത്തിലുമല്ലാത്ത രീതിയിൽ കൊണ്ടുവരാൻ കഴിയുമോ? അതിനു കഴിയണമെങ്കിൽ നേരെ ചൊവ്വേ ജോലി ചെയ്യണം. അതിനുള്ള ഇച്ഛാശക്തി ഗവൺമെൻറിന് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സാമ്പത്തിക ലാഭം ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ച് പറയുകയുണ്ടായി. 25,000 രൂപയിൽ കൂടുതൽ ശമ്പളം പററുന്ന ഡസൻ കണക്കിന് ഉദ്യോഗസ്ഥൻമാർ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. അങ്ങനെയുള്ള ഒരു ചീഫ് എഞ്ചിനീയർ ഉണ്ടായിരുന്ന സ്ഥാനത്ത് 16-ഉം 18-ഉം ചീഫ് എഞ്ചിനീയർമാരാണ് ഇപ്പോഴുള്ളത്. ഒരു ഐ. ജി. ഉണ്ടായിരുന്ന സ്ഥാനത്ത് എട്ടും പത്തും ഐ. ജി. മാരാണുള്ളത്. അങ്ങനെ 25,000 രൂപയിൽ കൂടുതൽ ശമ്പളം പററുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇത് കുറയ്ക്കുകയല്ലേ ആദ്യം ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് മെമ്പറുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഡൊമിനിക് പ്രസൻേറഷൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വസ്തുതയാണ്. ഇപ്പോൾ 20 ചീഫ് എഞ്ചിനീയർമാരാണ് ബോർഡിലുള്ളത്. നമ്മുടെ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ ചീഫ് എഞ്ചിനീയർമാർ എത്രയാണുള്ളത്? ആദ്യം ചെയ്യേണ്ടത് ഭരണപരമായ ചെലവുചുരുക്കൽ അല്ലേ? അതിന് ഈ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കെ. എസ്. ആർ. ടി. സി. യുടെ സ്ഥിതിയും അതല്ലേ? തമിഴ്നാട്ടിലും കർണ്ണാടകയിലും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ നഷ്ടമില്ലാതെ പോകുന്നുണ്ട്. ഇവിടെ എന്തിനാണ് ഒററ കോർപ്പറേഷൻ? നമുക്ക് എന്തുകൊണ്ട് അതിനെ മൂന്നോ നാലോ ആയി വിഭജിച്ചുകൂടാ? തിരുവനന്തപുരത്ത് നിന്നുകൊണ്ട് കാസർഗോഡ് ബസ് ഓടിക്കുന്ന സംവിധാനം മാററുന്നതിന് എന്തുകൊണ്ട് ആലോചിക്കുന്നില്ല. അതിനുള്ള സമയം ആയില്ലേ? അതുപോലെ അദർ ഡ്യൂട്ടി. ഡ്രൈവറായി കയറിയാൽ നെഞ്ചുവേദന, ഡോക്ടർ സർട്ടിഫിക്കററ് വാങ്ങും, ഉടൻ അദർ ഡ്യൂട്ടി. കണ്ടക്ടറായി കയറിയാൽ ചെവിയിൽ കാററടിക്കും, തലകറക്കം വരും, ഡോക്ടർ സർട്ടിഫിക്കററ് വാങ്ങും, ഉടൻ അദർ ഡ്യൂട്ടി. ഇങ്ങനെ ഈ സ്ഥാപനത്തെ നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനത്തെ നിയന്ത്രിക്കാൻ ഗവൺമെൻറിന് കഴിയണ്ടേ? കെ. എസ്. ആർ. ടി. സി. ചാർജ്ജ് വർദ്ധനവ് ആവശ്യപ്പെടുന്നു. ആവശ്യപ്പെടുന്ന ചാർജ്ജ് വർദ്ധനവ് ഉണ്ടാക്കിക്കൊടുത്താൽപ്പോലും നഷ്ടമില്ലാത്ത സ്ഥാപനമായി കെ. എസ്. ആർ. ടി. സി. യെ കൊണ്ടുപോകാൻ കഴിയുമോ? അതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് മാറേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് ഗവൺമെൻറ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ നമ്മുടെ ഒരു സാമ്പത്തിക വിദഗ്ധൻ, അദ്ദേഹം ഈ സഭയിൽ ഒരു അംഗമാണല്ലോ. ഡോ. തോമസ് ഐസക്, അദ്ദേഹം ഉൾപ്പെട്ട കഴിഞ്ഞ പ്ലാനിംഗ് ബോർഡ് 2001-2002-ലെ പദ്ധതി 3600 കോടി രൂപയ്ക്കാണ് ഫിക്സ് ചെയ്തത്. അന്നുതന്നെ ധനകാര്യവകുപ്പിലെ പ്രധാന ഉദ്യോഗസ്ഥൻമാർ മന്ത്രിക്ക് മുന്നറിയിപ്പ് കൊടുത്തു. ആയിരം കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

അധിക റിസോഴ്സ് കണ്ടുപിടിക്കേണ്ടി വരും. അത് അസാദ്ധ്യമാണ്. അന്നത്തെ മന്ത്രിസഭ സമ്മതിച്ചില്ല. അവർ പറഞ്ഞു 3,600 കോടി രൂപ തന്നെ വേണമെന്ന്. എന്താ കാര്യം? തെരഞ്ഞെടുപ്പിലേക്ക് പോകുന്നു. അതുകൊണ്ട് പ്ലാൻ സൈസ് വെട്ടിക്കുറയ്ക്കാൻ പാടില്ല എന്നുള്ള തീരുമാനമാണ് എടുത്തത്. ഇന്ന് എന്താണ് സ്ഥിതി? അങ്ങനെ കഴിഞ്ഞ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതകൊണ്ടും സത്യത്തെ ജനങ്ങളുടെ മുമ്പിൽ കാണിക്കാനുള്ള ധൈര്യം ഇല്ലാതെ മുൻ സർക്കാർ യഥാർത്ഥ സാമ്പത്തിക ചിത്രം മറച്ചുവച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോയതുകൊണ്ടുമാണ് പുതിയ ഗവൺമെന്റ് പല കാര്യങ്ങളിലും ഇന്ന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നത് എന്ന യാഥാർത്ഥ്യം ഈ സഭയും ഗവൺമെന്റും മനസിലാക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. സമയക്കുറവുകൊണ്ട് ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. യു. ഡി. എഫ്.-ന്റെ പ്രകടന പത്രികയിൽ മദ്യനയവുമായി ബന്ധപ്പെട്ട് പറയുന്നത് കള്ള് ഷാപ്പുകളെ സഹകരണ സംഘങ്ങളുടെ ചുമതലയിലാക്കാനുള്ള എൽ. ഡി. എഫ്. ഗവൺമെന്റിന്റെ തീരുമാനം റദ്ദാക്കും എന്നാണ്. മുൻപ് പരീക്ഷിച്ച് പരാജയപ്പെട്ട ഈ പരിഷ്കാരങ്ങൾ റദ്ദാക്കുമെന്ന് യു. ഡി. എഫ്.-ന്റെ പ്രകടനപത്രികയിൽ വ്യക്തമായി പറയുന്നുണ്ട്. അതോടൊപ്പം പറയുന്നുണ്ട്, കള്ള് വ്യവസായത്തിന്റെ ഗുണപരമായ നിലനില്പ്പിന് ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും എന്ന്. ഇത് തയ്യാറാക്കിയ യു. ഡി. എഫ്.-ന്റെ നേതാക്കൻമാർ ഇത് കേൾക്കുന്നുണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. എന്താണ് ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട്? ഈ കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശ മദ്യ വ്യവസായ ഘടനയിൽ വരുത്തേണ്ട മാററങ്ങൾ— മദ്യവില്പനയ്ക്കുള്ള അവകാശം ലേലത്തിൽ വിളിച്ച് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്ന സമ്പ്രദായം ഉടനടി നിർത്തണം, ഇൻഡ്യൻ നിർമ്മിത വിദേശമദ്യം, ചാരായം എന്നിവയുടെ ഉല്പാദനവും വിതരണവും സർക്കാരിന്റെ നിയന്ത്രണത്തിലായിരിക്കണം, ഇത് സ്റേററ് ബിവറേജസ് കോർപ്പറേഷനെ ഏൽപ്പിക്കാവുന്നതാണ് എന്നതാണ് കഴിഞ്ഞ സമ്മേളന കാലത്ത് ഞാൻ ഈ വിഷയം ഇവിടെ അവതരിപ്പിച്ചിരുന്നതാണ്. അതുകൊണ്ട് ഞാൻ ഈ വിഷയം ആവർത്തിക്കുന്നില്ല. ഏതായാലും ഇത് യു. ഡി. എഫ്.-ന്റെ ഇരട്ടത്താപ്പ് നയമാണ്. ഇത് എഴുതിയ ആളുകൾ വായിച്ചു നോക്കിയിട്ടാണോ പ്രഖ്യാപിച്ചത് എന്നറിയില്ല. ഇതിനെ സംബന്ധിച്ച് നടക്കുന്ന വിവാദങ്ങൾ ഒരുപാടുണ്ട്. ഏററവും അവസാനമായി കോൺഗ്രസിന്റെ ഏററവും സീനിയറായ ലീഡർ ശ്രീ. കെ. കരുണാകരൻ നടത്തിയ പ്രസ്താവന, ശ്രീ. വി. എം. സുധീരൻ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്താവന, ബിഷപ്പ് കൗൺസിൽ ഉൾപ്പെടെയുള്ള കേരളത്തിലെ കത്തോലിക്കാ ബിഷപ്പുമാരും അതുപോലെ ബന്ധപ്പെട്ട സംഘടനകളുമൊക്കെ നടത്തുന്ന പ്രസ്താവനകൾ ഇതൊക്കെ നമ്മുടെ മുൻപിൽ ഉണ്ട്. എന്താണ് ഇതിന്റെ പിന്നിലുള്ള ഉദ്ദേശം? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ, ചേർത്തലയിലുള്ള 119 കള്ള് ഷാപ്പുകൾ നടത്തുന്നതിനായി സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. ആ ഷാപ്പുകൾക്ക് ഇതുവരെ ലൈസൻസ് കൊടുത്ത് നിയമാനുസൃതമായി പ്രവർത്തിക്കാൻ അനുവദിച്ചില്ല എന്നു മാത്രമല്ല, ഇന്ന് നിലവിലുള്ള അബ്കാരി നിയമമനുസരിച്ച് കുററം ചെയ്യുന്ന മദ്യരാജാക്കൻമാരെ, കള്ളക്കച്ചവടക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വകുപ്പുകൾ ഉപയോഗിച്ച് ഇവിടെ തൊഴിലാളികളെ അറസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീമതി ഗൗരിയമ്മയ്ക്ക് ഇത് അറിയാം. 119 കള്ള് ഷാപ്പുകളിൽ 20 എണ്ണത്തിന് മാത്രമാണ് ഇതുവരെ പ്രവർത്തിക്കാനുള്ള അനുമതി കൊടുത്തിട്ടുള്ളത്. കേസ് ചാർജ് ചെയ്ത് ഈ തൊഴിലാളികളെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 55 പുതിയ ഷാപ്പുകൾ തുടങ്ങാൻ നിങ്ങൾ തീരുമാനിച്ചു. അതിനെ എതിർത്തുകൊണ്ട് ശ്രീ. വി. എം. സുധീരന്റെ ഒരു പ്രസ്താവന വന്നു. 55 എണ്ണം ബിവറേജസ് കോർപ്പറേഷന് അനുവദിച്ചത് ഹൈക്കോടതി എതിർത്തു. ശ്രീ. തോമസ് ഇവിടെ ഹൈക്കോടതിയുടെ വിധിയൊക്കെ പറഞ്ഞല്ലോ? എന്താണ് ഇതിന്റെ പിന്നിലുള്ള ഉദ്ദേശം? രണ്ടായിരത്തി അഞ്ഞൂറോളം കോടി രൂപ ഈ മേഖലയിൽക്കൂടി അധിക വരുമാനമായി നമ്മുടെ സംസ്ഥാനത്തിന് കിട്ടുന്നുണ്ട്. ഈ സാമ്പത്തിക രേഖയിൽ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ധവള പത്രത്തിൽ, നിങ്ങളുടെ വൈറ്റ് പേപ്പറിൽ അതില്ല. ബോധപൂർവ്വം മറച്ചുവച്ചിരിക്കുകയാണ്. ഈ 2,500-ഓളം കോടി രൂപ സംസ്ഥാന ഗവൺമെന്റിന് കിട്ടുന്ന പണം ധവള പത്രത്തിൽ അത് മറച്ചുവച്ചതിന്റെ പിന്നിലുള്ള ഉദ്ദേശം എന്താണ്? ഇപ്പോൾ നിങ്ങൾ 55 ഷാപ്പുകൾ ബിവറേജസ് കോർപ്പറേഷന് അനുവദിക്കാൻ തീരുമാനിച്ചു. ഹൈക്കോടതി തൽക്കാലം അത് നിർത്തി. കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒരു ഷാപ്പ് വച്ച് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം വിൽക്കാനുള്ള ഔട്ട് ലെററുകൾ കൊടുക്കാനുള്ള തീരുമാനമെടുത്തു. ഈ മാർച്ച് മാസത്തോടുകൂടി ബിവറേജസ് കോർപ്പറേഷനെ പഴയ സ്ഥിതിയിലേക്ക് ആക്കി കുറച്ച് ബിവറേജസ് കോർപ്പറേഷൻ നടത്തുക, കുറച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുക, ബാക്കി 450-ഓളം പുതിയ ഔട്ട് ലെററുകൾ സ്വകാര്യ വ്യക്തികൾക്ക് ലേലം ചെയ്ത് കൊടുക്കുക. അതിന്റെ ഫലമായി രണ്ടായിരത്തി അഞ്ഞൂറു കോടിയിൽപ്പരം രൂപ സംസ്ഥാന ഗവൺമെന്റിന് റവന്യൂ വരുമാനമായി കിട്ടേണ്ടത്, ഉദയഭാനു കമ്മീഷന്റെ അടിസ്ഥാനത്തിൽ എൽ. ഡി. എഫ്. സർക്കാർ നടപ്പിലാക്കിയത് അട്ടിമറിച്ചുകൊണ്ട്, രണ്ടായിരത്തി അഞ്ഞൂറോളം കോടി രൂപ ഈ രാജ്യത്തെ സ്വകാര്യ മദ്യ രാജാക്കൻമാർക്ക്, മദ്യ മാഫിയകൾക്ക് കയ്യടക്കാനുള്ള അവസരം ഉണ്ടാക്കി. അതിന്റെ പിന്നിൽ അഴിമതിയുണ്ട്. അതുകൊണ്ടുതന്നെയാണ് ഭരണം മുഖ്യമന്ത്രിയുടെ സെക്രട്ടേറിയററിൽ അല്ല മററു ചില കേന്ദ്രങ്ങളിലാണ് നടക്കുന്നത് എന്നു പറയുന്നത്. ഞാൻ അതിലേക്ക് കൂടുതലായി കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായിട്ട് ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട് ഒന്ന് വായിക്കണം. യു. ഡി. എഫ്.-ന്റെ പ്രകടന പത്രികയിൽ ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കുമെന്നു പറഞ്ഞു. പക്ഷേ റിപ്പോർട്ടിൽ പറയുന്നതിന്റെ നേരെ വിപരീതമായി ചെയ്യുന്നു. അതുകൊണ്ട് കേരളത്തിൽ മദ്യ രാജാക്കൻമാരും മദ്യ മാഫിയകളും കോടിക്കണക്കിന് രൂപയുടെ അഴിമതി ഇടപാടുകളാണ് ഇതിന്റെ പിന്നിൽ നടത്താൻ പോകുന്നത്. അതുകൊണ്ട് ഗവൺമെന്റിലേക്ക് കിട്ടേണ്ട റവന്യൂ വരുമാനം നഷ്ടപ്പെടുത്തുക മാത്രമല്ല, മദ്യ രാജാക്കൻമാരെ ഇഷ്ടം പോലെ അവരുടെ പഴയ സ്ഥിതിയിലേക്ക് കൊണ്ടു പോകാനുള്ള അവസരം ഒരുക്കുകയാണ്. ഞാൻ എന്റെ രണ്ടാമത്തെ പോയിന്റിലേക്ക് വരുകയാണ്. അത് ടൂറിസത്തെ സംബന്ധിച്ചാണ്. കേരള ഗവൺമെന്റിന്റെ ഉടമയിലുള്ള വളരെ പ്രശസ്തവും പുരാതനവുമായ കെ. ടി. ഡി. സി.-യുടെ ഹോട്ടലുകൾ ഇന്ന് ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്. അതുപോലെ തൃശ്ശൂരിലെ രാമനിലയം, ആലുവായിലുള്ള ഗസ്ററ് ഹൗസ് അതുപോലെ മൂന്നാറിലെ പ്രശസ്തമായ കെ. ടി. ഡി. സി. ഹോട്ടലുകൾ, എറണാകുളത്തെ ബോൾഗാട്ടി പാലസ്, തിരുവനന്തപുരത്തെ മസ്ക്കററ് ഹോട്ടൽ ഇങ്ങനെ ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാം തന്നെ വിൽക്കാനുള്ള തീരുമാനങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

അണിയറയിൽ നടക്കുന്നത്. ടാജ് ഗ്രൂപ്പുമായിട്ടുള്ള കച്ചവടചർച്ചകളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം പത്രങ്ങളിലൊക്കെ റിപ്പോർട്ട് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭായോഗത്തിനുശേഷം അത് നിഷേധിച്ചു. പക്ഷേ ടാജ് ഗ്രൂപ്പിന്റെ ഏററവും ഉന്നതരായ ആാക്കാർ ഇവിടെ വന്ന് ഇവിടത്തെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ താവളമടിച്ച് ചർച്ച നടത്തുകയാണ്. ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഇതിന്റെ ഇടനിലക്കാരാണ്. ആ ചർച്ചകളൊക്കെ വ്യക്തമായി പുറത്തുവരാൻ പോവുകയാണ്. കേരളത്തിലെ കോടിക്കണക്കിന് രൂപ വില വരുന്ന പ്രശസ്തമായ സ്ഥാപനങ്ങളും, പൊതുവെ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറിന്റെ കയ്യിലും കെ. ടി. ഡി. സി.-യുടെ കയ്യിലുമുള്ള സ്ഥാപനങ്ങളും വിൽക്കുന്നുവെന്ന് പറഞ്ഞാൽ നിങ്ങളും നിഷേധിക്കരുത്. കെ. ടി. ഡി. സി. യുടെ ആസ്ഥാനം ഹോട്ടൽ ചൈത്രത്തിൽ ആണ് കഴിഞ്ഞ മൂന്ന് കൊല്ലമായി പ്രവർത്തിക്കുന്നത്. ഇവിടെ മസ്ക്കററ് കോമ്പൗണ്ടിൽ കെ. ടി. ഡി. സി. ഓഫീസിനായി അഞ്ചുനില കെട്ടിടത്തിന്റെ പണി പൂർത്തിയായി. കെ. ടി. ഡി. സി.-യുടെ ഓഫീസുകൾ അവിടേക്ക് മാററണം. ഇപ്പോൾ നടക്കുന്ന നീക്കം എന്താണ്? ബഹുമാനപ്പെട്ട മിനിസ്ററർ അറിഞ്ഞുകാണും, 90,000 രൂപ പ്രതിമാസ വാടക കൊടുത്ത് കെ. ടി. ഡി. സി. യുടെ ആസ്ഥാനം ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്ക് മാററാൻ നീക്കം നടക്കുന്നു. മാററിക്കൊണ്ടിരിക്കുകയാണ്. ഈ അഞ്ചുനില കെട്ടിടത്തിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ ഓഫീസ് അവിടേക്ക് മാററുന്നതിനു പകരം വിൽപ്പനയ്ക്കുള്ള നീക്കമാണ് നടക്കുന്നത്. പത്തു കൊല്ലം, പന്ത്രണ്ട് കൊല്ലം, ഇരുപത്തിയഞ്ച് കൊല്ലം, തൊണ്ണൂറ് കൊല്ലം എന്നിങ്ങനെ ലീസിന് ഈ സ്ഥാപനങ്ങൾ കൊടുക്കുന്നതിനാണ് ചർച്ച നടക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ വസ്തുതകൾ മറച്ചുപിടിച്ചു പറഞ്ഞു എൽ. ഡി. എഫ്. ഗവൺമെൻറിന്റെ കാലത്ത് ഇതൊക്കെ ചെയ്തുവെന്ന്. എൽ. ഡി. എഫ്. ഗവൺമെൻറിന്റെ കാലത്ത് ഒരു വിൽപ്പനയും നടന്നിട്ടില്ല. ജോയിൻറ് വെഞ്ചർ കമ്പനി വന്നു. വ്യക്തമായി ക്യാബിനററ് തീരുമാനിച്ച്, സുതാര്യമായി ചർച്ചകൾ നടത്തിയാണ് ചെയ്തത്. അതിന്റെ 20 ശതമാനം ഷെയർ കെ. ടി. ഡി. സി.-ക്കാണ്. ആ കമ്പനിയുടെ റിപ്പോർട്ട് ഇവിടെയുണ്ട്. ആ കമ്പനിയുടെ ഏററവും അവസാനത്തെ ആനുവൽ റിപ്പോർട്ടുണ്ട്. അത് ഷെയർ ഹോൾഡേഴ്സിന് കൊടുത്തിട്ടുള്ളതാണ്. ഈ കമ്പനി ലാഭകരമായി പ്രവർത്തിക്കുന്നു. 40 ശതമാനം ടാജ് ഗ്രൂപ്പിന് കൊടുത്തു. ഒബ്റോയ് ഗ്രൂപ്പുമായിട്ടും ഉണ്ടാക്കിയ കമ്പനിക്ക് ഒരു നിശ്ചിത ശതമാനം ഷെയർ ഉണ്ട്. ബാക്കി പബ്ലിക്കിന്റേതാണ്. സുതാര്യമായി നടത്തിയതാണ്. ഇപ്പോൾ നടക്കുന്നത് അതല്ല. ടാജ് ഗ്രൂപ്പിന് തൃശ്ശൂരിലെ രാമനിലയം, ആലുവാ ഗസ്ററ് ഹൗസ്, ബോൾഗാട്ടി പാലസ്, മൂന്നാറിലെ കെ. ടി. ഡി. സി. ഹോട്ടൽ, മസ്ക്കററ് ഹോട്ടൽ അതുപോലുള്ള പ്രശസ്തമായ ഹോട്ടലുകൾ കൊടുക്കാൻ പോവുകയാണ്. ഞാൻ പഴയ രേഖകളൊക്കെ നോക്കി. 1982–83 മുതലുള്ള പീരിയഡിൽ മൻമോഹൻ ബംഗ്ലാവ് വില്പന നടത്താൻ ധാരണയായതാണ്. അവിടെ താമസിച്ചിരുന്ന സഹകരണ മന്ത്രിക്ക് താമസിക്കാൻ വേറെ സ്ഥലം നോക്കാൻ നീക്കമുണ്ടായി. അന്ന് മൻമോഹൻ ബംഗ്ലാവ് ഉൾപ്പെടെ വിൽക്കാൻ തീരുമാനിച്ചു. കേരളത്തിലെ ഹോട്ടലുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗസ്ററ് ഹൗസുകൾ ഇവയൊക്കെ ടാജ് ഗ്രൂപ്പിന് വിൽക്കാനുള്ള, കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടത്താനുള്ള ഈ ഗവൺമെൻറിന്റെ നടപടിയെ അംഗീകരിക്കാൻ പോകുന്നില്ല എന്ന സൂചനമാത്രം ഞാൻ ഇവിടെ നടത്തുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത്തെ പോയിൻറ്, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നതിന് പറയുകയാണ്. കാർഷിക സർവ്വകലാശാല ഈ രാജ്യത്ത് പ്രശസ്തമായി പ്രവർത്തിക്കുന്ന നമ്മുടെ ഒരു ശാസ്ത്ര ഗവേഷണ സ്ഥാപനമാണ്. ശ്രീ. പി. പി. ജോർജ്ജ്, ഒല്ലൂർ എം. എൽ. എ. ആ സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിററി മെമ്പറാണ്. വരുന്ന ജൂലായ് മാസം 28-ാം തീയതി സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിററിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കണം. അവിടെ ഭരണം നടക്കാൻ, ജനുവരി മാസത്തിൽ നിലവിലുള്ള സ്ററാററ്യൂട്ടും ചട്ടങ്ങളുമൊക്കെ അനുസരിച്ച് അതിൻെറ ജനറൽ കൗൺസിൽ കോൺസ്ററിററ്യൂട്ട് ചെയ്തു. ഞങ്ങൾ എം. എൽ. എ. മാർ നാലുപേർ—ശ്രീ. ജോണി നെല്ലൂരും, ശ്രീ. ബാലറാമും ഞാനും ശ്രീ. ചന്ദ്രനും നിയമസഭയെ പ്രതിനിധീകരിച്ചുകൊണ്ട് അതിൽ മെമ്പർമാരാണ്. ഇലക്ടറോൾ പ്രസിദ്ധീകരിച്ചു, തിരഞ്ഞെടുപ്പിൻെറ എല്ലാ നടപടികളും ആയി. നോട്ടീസ് ഇഷ്യൂ ചെയ്തു. അജണ്ട പ്രസിദ്ധീകരിച്ചു. ജൂലായ് മാസം 28-ാം തീയതി ഇലക്ഷൻ നടക്കണമെങ്കിൽ ജൂൺ മാസം 28-ാം തീയതി തിരഞ്ഞെടുപ്പിൻെറ നോട്ടിഫിക്കേഷൻ രജിസ്ട്രാർ പബ്ലിഷ് ചെയ്യണം. റിട്ടേണിംഗ് ഓഫീസർ രജിസ്ട്രാർ ആണ്. സർവ്വകലാശാല ചട്ടത്തിൽ വ്യവസ്ഥകൾ ഉള്ളതാണ്. എന്നാൽ കൃഷി വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് സെക്രട്ടറിയും ഉദ്യോഗസ്ഥൻമാരും വൈസ് ചാൻസിലർക്ക് നിർദ്ദേശം കൊടുത്ത് അവരെ ഭീഷണിപ്പെടുത്തി ആ ഇലക്ഷൻ ഇപ്പോൾ അട്ടിമറിച്ചിരിക്കുകയാണ്. ഞാൻ ഗൗരവമായി ഈ സഭയിൽ ഇക്കാര്യം ഉന്നയിക്കുകയാണ്, കാർഷിക സർവ്വകലാശാലയുടെ സ്വയംഭരണത്തിൽ കൈകടത്താനുള്ള ഈ നടപടിയെ അത്ര എളുപ്പത്തിൽ അംഗീകരിച്ചു കിട്ടും എന്ന് ധരിക്കണ്ട. ഒരു സർവ്വകലാശാലയുടെ സ്വയംഭരണത്തിൽ കൈകടത്താൻ ആരെയും അനുവദിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഒരു സർവ്വകലാശാലയുടെ തെരഞ്ഞെടുക്കപ്പെട്ട ജനറൽ കൗൺസിൽ കോൺസ്ററിററ്യൂട്ട് ചെയ്ത് പ്രസിദ്ധീകരിച്ച് നടപടികൾ എല്ലാം പൂർത്തിയായപ്പോൾ വൈസ് ചാൻസലറെ വിളിച്ച് നിർദ്ദേശം കൊടുത്തിരിക്കുകയാണ് തിരഞ്ഞെടുപ്പ് നടത്തരുതെന്ന്. ആ ഇലക്ഷൻെറ നടപടിക്രമം (നോട്ടിഫിക്കേഷൻ) പ്രസിദ്ധീകരിക്കണ്ട, ഇലക്ഷൻ നടക്കണ്ട എന്ന്. ഈ മൂന്ന് ഗൗരവപ്പെട്ട പ്രശ്നങ്ങളും ഞാൻ പറയുകയാണ്, സമയക്കുറവുകൊണ്ട് വിശദീകരിക്കാൻ പററിയിട്ടില്ല. പലരും ചോദിച്ചതിനൊക്കെ മറുപടി പറയണമെന്നുണ്ട്, പക്ഷേ സമയം ഇല്ലാത്തതുകൊണ്ട് പറയുന്നില്ല. ഇന്ന് മന്ത്രിമാർക്ക് മറുപടി പറയാൻ 90 മിനിട്ട് അനുവദിച്ചിരിക്കുകയാണ്, ഞങ്ങൾക്കൊക്കെ പ്രസംഗിക്കാനുള്ള സമയം എട്ടു മിനിട്ട്, പത്തു മിനിട്ട് ഉണ്ടായിരുന്നത് വെട്ടിച്ചുരുക്കി ഇന്ന് എല്ലാം മന്ത്രിമാർക്ക് അനുവദിച്ചിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടു മിനിട്ടും മൂന്നു മിനിട്ടുമേ അനുവദിച്ചിട്ടുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഈ സമയം മുഴുവൻ ഇന്ന് മന്ത്രിമാർക്കാണ്. അതുകൊണ്ട് മന്ത്രിമാർ വ്യക്തമായി ഇതിനെക്കുറിച്ച് മറുപടി പറയാൻവേണ്ടി ഈ മൂന്ന് പ്രശ്നങ്ങൾ ഞാൻ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു മൂന്നു പ്രാവശ്യം ആവർത്തിച്ചു പറഞ്ഞു. "ജനങ്ങൾ കയ്പ് കഷായം കുടിക്കണമെന്ന്". അതിന് തയ്യാറായിക്കോളാൻ ആവർത്തിച്ച് പറയുന്നുണ്ട്, ഈ കയ്പ് കഷായം എത്രത്തോളം, എത്ര കാലം കുടിക്കണം. മുഖ്യമന്ത്രിയുടെ രണ്ടു മൂന്നു പ്രസ്താവന ടി. വി. യിലൊക്കെ കണ്ടു, കയ്പു കഷായം കുടിച്ചോളാൻ, പിന്നെ ഒന്നുകൂടി പറഞ്ഞു, മുണ്ട് മുറുക്കി ഉടുത്തോളാൻ. പ്രധാനമന്ത്രി ശ്രീ. വാജ്പേയ് ഇന്ത്യൻ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് നടത്തിയ ആദ്യത്തെ പത്ര സമ്മേളനത്തിൽ ഇൻഡ്യാക്കാ

രോട് പറഞ്ഞു മുണ്ട് മുറുക്കി ഉടുത്തോളാൻ. ഇതുതന്നെ മുഖ്യമന്ത്രിയും പറഞ്ഞു. അങ്ങനെ മുണ്ട് മുറുക്കി ഉടുത്തും കയ്പ് കഷായം കുടിപ്പിച്ചും ഈ സർക്കാർ അനധികൃതമായ വിധത്തിൽ ജനങ്ങളെ തെററിദ്ധരിപ്പിച്ച് വൈററ് പേപ്പറും, ബ്ലാക്ക് പേപ്പറുകളും ഇറക്കി അധിക സാമ്പത്തിക ബാദ്ധ്യത ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചാൽ അതിനെതിരായി ശക്തമായ തിരിച്ചടി........

(ബഹളം......ബഹളം......)

ശ്രീ. ചന്ദ്രമോഹൻ ഐ. എൻ. ടി. യു. സി.-യുടെ പ്രസിഡൻറാണ്, ഞങ്ങൾ ഐ. എൻ. ടി. യു. സി.-യും, സി. ഐ. ടി. യു.-ഉം, എ. ഐ. ടി. യു. സി.-യും എസ്. ടി. യു.-ഉം ഒന്നിച്ച് ഇത്തരം നീക്കങ്ങൾക്ക് എതിരായി ശക്തമായ സമരം തുടങ്ങുകയാണ്. ഈ സംസ്ഥാനത്തെ ജനങ്ങളുടെമേൽ അധിക സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കാനുള്ള നീക്കമാണ് ഈ പ്രഖ്യാപനത്തിലും ഗവർണ്ണറുടെ പ്രസംഗത്തിലും ധവള പത്രത്തിലും ഒക്കെയുള്ളത്. അതുകൊണ്ട് ഞാൻ ശക്തിയായി ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഇന്ന് പ്രതിപക്ഷത്തുനിന്ന് നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിച്ച ആളുകളുടെ പ്രസംഗം ഞാൻ കേൾക്കുകയുണ്ടായി. അവസാനം പ്രസംഗിച്ച ശ്രീ. രാജേന്ദ്രൻ പറയുകയുണ്ടായി കാർഷിക സർവ്വകലാശാലയുടെ ആട്ടോണമിയിൽ ഗവൺമെൻറ് ഇടപെടുന്നു എന്ന്. ശ്രീ. രാജേന്ദ്രന് ഓർമ്മയുണ്ടോ, സി.പി. ഐ.-ലെ കൃഷി വകുപ്പുമന്ത്രിയുമായി അലോഹ്യമായതിന്റെ ഒററ പേരിൽ കാർഷിക സർവ്വകലാശാലയിലെ വൈസ് ചാൻസലറെ പിരിച്ചുവിടാൻ ഓർഡിനൻസ് കൊണ്ടുവന്ന പാർട്ടിയാണ് നിങ്ങളുടേതെന്ന്. കേരളത്തിന്റെ ചരിത്രത്തിൽ അത് ആദ്യമാണ്. കാർഷിക സർവ്വകലാശാലയിലെ ആട്ടോണമി, വിദ്യാഭ്യാസ, ലാ ആൻറ് ഓർഡർ ഇതിനെപ്പററിയൊക്കെ നിങ്ങൾ സംസാരിക്കുന്ന സമയത്ത് സത്യത്തിൽ ദുഃഖമാണ്. ഈ ബുദ്ധിയൊക്കെ നിങ്ങൾക്ക് ഒരു ആറു മാസമോ, ഒരു കൊല്ലമോ മുൻപ് ഉണ്ടായിരുന്നുവെങ്കിൽ ഈ നാട് എത്ര നന്നാകുമായിരുന്നു. നിങ്ങൾക്ക് ഇപ്പോൾ നല്ല ബുദ്ധി വന്നിട്ടുണ്ട്, നല്ല കാര്യം. നിങ്ങൾ ക്ഷോഭിച്ച് കലിതുള്ളി ഈ ബഹളമൊക്കെ വയ്ക്കുന്നതിന്റെ കാരണമെന്താണ്? ഞാൻ സി. പി. എം.-ലെ സ്നേഹിതൻമാരോട് പ്രത്യേകം പറയുന്നു—തോൽവിയിൽ നിങ്ങൾ അങ്ങനെ ബേജാറാകേണ്ട കാര്യമൊന്നുമില്ല. സത്യത്തിൽ നിങ്ങളെ സാന്ത്വനപ്പെടുത്താൻ ഞാൻ പറയുകയല്ല. ലോകത്തിലാകെയും ഇൻഡ്യൻ സാഹചര്യത്തിലും കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന് സംഭവിച്ച അപചയത്തെ വിലയിരുത്തുന്ന സമയത്ത് നിങ്ങളുടെ തോൽവി ഒരു തോൽവിയല്ല. അതുകൊണ്ട് നിങ്ങളോട് എനിക്ക് പറയാനുള്ള കാര്യം, കേരളത്തിൽ എന്താണ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണം തിരിച്ചുവരാത്തത് എന്നതിനെക്കുറിച്ച് അന്വേഷിക്കുന്നത് 'ആന പാറിപ്പോകുന്ന കാററിൽ ആടിനെ തപ്പുന്നതിന്' തുല്യമാണ്. ഇവിടെ ഇന്നലെ നിങ്ങൾ പ്രസംഗിച്ച സമയത്ത്, പ്രത്യേകിച്ച് ശ്രീ. ഗോവിന്ദൻ മാസ്ററൊക്കെ ലീഗിനെ വളരെ ആക്ഷേപിച്ച് സംസാരിച്ചു, സാരമില്ല. നിങ്ങൾ പറഞ്ഞ വാക്ക് പലതും സ്പീക്കർ എടുത്തു കളഞ്ഞു. നിങ്ങൾ എന്തു മുദ്ര കുത്തിയാലും ശരി ലീഗിന് ഒരു ഭീകര രാഷ്ട്രീയത്തിന്റെ മുഖം നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിയില്ല. ഞങ്ങൾ വളർന്നു വന്നിട്ടുള്ള ഒരു പശ്ചാത്തലം ഉണ്ട്,—നാദാപുരത്ത് ആകട്ടെ, കാസർഗോഡ് ആകട്ടെ. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളെടുക്കുന്ന ശൈലിയും, നിങ്ങളെടുക്കുന്ന ശൈലിയും തമ്മിലുള്ള വ്യത്യാസം എന്താണെന്നറിയാമോ? ഞാൻ ചോദിക്കട്ടെ, നിങ്ങൾ വലിയ സമാധാന പ്രേമികളും ഞങ്ങൾ വലിയ ഗുണ്ടകളും, കുഴപ്പക്കാരും ആണെങ്കിൽ ഞങ്ങൾക്ക് ഭൂരിപക്ഷം ഉള്ളിടത്ത് എന്താ നിങ്ങൾക്ക് അസൗകര്യം ഇല്ലാത്തത്? നിങ്ങൾക്ക് ഭൂരിപക്ഷം ഉള്ളിടത്ത് നിന്നെന്താ ഞങ്ങൾക്ക് തല്ലുകിട്ടുന്നത്? കണ്ണൂർ ജില്ലയിൽ മാർക്സിസ്റ്റ് പാർട്ടിക്ക് രാഷ്ട്രീയമായി ഭൂരിപക്ഷം ഉള്ളിടത്ത് മറ്റ് പാർട്ടിക്കാർ പീഡിപ്പിക്കപ്പെടുന്ന സമയത്ത് മുസ്ലീം ലീഗിന് വമ്പിച്ച രാഷ്ട്രീയ സ്വാധീനം ഉള്ള മലപ്പുറം ജില്ലയിൽ ഒരു ഉറുമ്പിനെ പോലും ചവിട്ടി നോവിക്കാത്ത ഒരു രാഷ്ട്രീയ സംസ്കാരം ഞങ്ങൾ അവിടെ നിലനിർത്തുന്നുണ്ട് എന്ന കാര്യം നിങ്ങൾ ഓർക്കുക. ദേശാഭിമാനിയിൽ ഇപ്പോൾ ലേഖനം വരുന്നുണ്ട്.—ലീഗിന്റെ തീവ്രവാദ രാഷ്ട്രീയം എന്ന് പറഞ്ഞ്, ഓർക്കുക നിങ്ങൾ, ഞങ്ങൾക്ക് തീവ്രവാദ രാഷ്ട്രീയം ഇല്ല എന്നതാണ് ഞങ്ങളുടെ ഗുണം എന്ന് നിങ്ങളുടെ നേതാവ് പിണറായി വിജയൻ തന്ന സർട്ടിഫിക്കറ്റിലെ മഷി ഉണങ്ങിയിട്ടില്ല. അതിന് മുൻപാണ് നിങ്ങൾ ഈ വർത്തമാനം പറയുന്നത്. പക്ഷേ നിങ്ങളോട് ഞാൻ വേറെ ഒരു കാര്യം ചോദിച്ചോട്ടെ, ഞങ്ങൾക്ക് ബുദ്ധി ഉപദേശിക്കുന്ന നിങ്ങൾ നിങ്ങളുടെ കാര്യം വല്ലതും പരിശോധിച്ചിട്ടുണ്ടോ? നിങ്ങൾ പറയുന്നുണ്ടല്ലോ സി. പി.എം.-ന്റെ വളർച്ചയും, അതിന്റെ പുരോഗതിയും ഒക്കെ. ഞാൻ പറയുന്നത് നിങ്ങളുടെ വളർച്ച എന്നു പറയുന്നത് കുടപ്പന പോലെയാണ്. മേലോട്ടല്ല, താഴോട്ടാണ് സി. പി. എം.-ന്റെ വളർച്ച. ഒരു കാലത്ത് ഇന്ത്യയുടെ പ്രമുഖ പ്രതിപക്ഷമായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി, ജവഹർലാൽ നെഹ്റുവിനോട് എന്റെ മണ്ഡലത്തിൽ വന്ന് മൽസരിക്കാൻ ധൈര്യമുണ്ടോ എന്ന് വെല്ലുവിളിച്ച എ. കെ. ജി. യുടെ പാർട്ടി, നടന്നാലും നടന്നിട്ടില്ലെങ്കിലും ഇന്ത്യക്ക് ഒരു പ്രധാനമന്ത്രിയായി ശ്രീ. ജോതിബാസുവിനെ തരാൻ ഞങ്ങളുടെ കൈയിൽ സ്റ്റോക്കുണ്ട് എന്നു പറഞ്ഞ മാർക്സിസ്റ്റ് പാർട്ടി, ആ മാർക്സിസ്റ്റ് പാർട്ടി ഇന്ന് ഇന്ത്യയിൽ അവസാനം അവശേഷിച്ച രണ്ട് മുഖ്യമന്ത്രി സ്ഥാനങ്ങളിൽ ഒരു സ്ഥാനം നഷ്ടപ്പെട്ട് മറ്റൊരു സ്ഥാനത്തിൽ ഒറ്റക്കമ്പിയിൽ പിടിച്ച് ഇടതു കൈകൊണ്ട് തൂങ്ങി നിൽക്കുകയാണ്. ആ സ്വഭാവത്തിലേക്ക് മാർക്സിസ്റ്റ് പാർട്ടി പോയി. ഇപ്പോൾ നിങ്ങൾ എന്താ പറയുന്നത്, ജാതി മത വർഗ്ഗീയ ചിന്തകൾക്ക് എതിരായ പുരോഗമന പാർട്ടി എന്നു പറയുന്ന നിങ്ങളോട് ഞാൻ ചോദിക്കട്ടെ, വല്ല ആത്മാർത്ഥതയും നിങ്ങൾ പറയുന്നതിൽ ഉണ്ടോ? പണ്ട് ഒരു മാർക്സിസ്റ്റ് പാർട്ടി ഉണ്ടായിരുന്നു, പള്ളിയെ തള്ളിപ്പറഞ്ഞ സ്കൂൾ മാനേജർമാരെ കിടുകിടാ വിറപ്പിച്ച ജോസഫ് മുണ്ടശ്ശേരിയെ സ്വതന്ത്ര സ്ഥാനാർത്ഥിയാക്കി നിർത്തി മന്ത്രിയാക്കിയ മാർക്സിസ്റ്റ് പാർട്ടി. അതായിരുന്നു മാർക്സിസ്റ്റ് പാർട്ടി എങ്കിൽ ഇന്നോ, കേരളത്തിലെ സ്വകാര്യ കോളേജ് ഉടമസ്ഥൻമാരുടെ അദ്ധ്യക്ഷനും അതോടൊപ്പം തന്നെ വന്ദ്യ വൈദികനുമായ ഫാദർ മത്തായി നൂറാനെ സ്ഥാനാർത്ഥിയാക്കിയ മാർക്സിസ്റ്റ് പാർട്ടി. ജോസഫ് മുണ്ടശ്ശേരിയിൽ നിന്ന് ഫാദർ മത്തായിയിലേക്കുള്ള ദൂരം പുരോഗതിയാണോ അധോഗതിയാണോ എന്നു പരിശോധിക്കാൻ മാർക്സിസ്റ്റ് പാർട്ടിയിലെ ബുദ്ധിജീവികളുടെ ആവശ്യമില്ല, അത് മാർക്സിസ്റ്റ് പാർട്ടിയിലെ മന്ദബുദ്ധികൾക്കുപോലും സാധിക്കും എന്നാണെന്റെ വിശ്വാസം. നിങ്ങൾ അഞ്ചു കൊല്ലം ഈ രാജ്യം ഭരിച്ചു, എന്താ നിങ്ങളുടെ ബാലൻസ് ഷീറ്റ്. 1945-ൽ രണ്ടാം ലോക മഹായുദ്ധത്തിന്റെ ഭാഗമായി ഹിരോഷിമയിലും, നാഗസാക്കിയിലും ആറ്റംബോംബു വർഷിച്ചു. അമ്പത ദശാബ്ദക്കാലം കഴിഞ്ഞിട്ടു പോലും ഇന്ന് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വൈകല്യം ഉണ്ട്. കണ്ണില്ല, കാലില്ല വൈകല്യം ഉണ്ട്. അതിന്റെ ദോഷഫലങ്ങൾ ഇന്നും നിലനിൽക്കുന്നു. അതു പോലെ അഞ്ചു കൊല്ലം നിങ്ങൾ ഈ രാജ്യം ഭരിച്ചതിന്റെ അണുബാധ വർഷങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളോളം ഈ രാജ്യത്ത് നിലനിൽക്കും എന്നതാണ് വസ്തുത. സാമ്പത്തിക രംഗത്തെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞല്ലോ, ഞങ്ങൾ ഒരു ധവളപത്രം ഇറക്കി, ഞങ്ങൾ ധവളപത്രം ഇറക്കിയപ്പോൾ നിങ്ങളുടെ വക ഒരു ധവളപത്രം ഇറക്കി എന്നു പറഞ്ഞാൽ ഒരു പാരഡി. ഞാൻ ചോദിക്കുന്നത്, നിങ്ങൾക്ക് ഞങ്ങളുടെ ധവളപത്രവും നിങ്ങളുടെ ഈ പാരഡിയും ഉണ്ടല്ലോ, ഉപ്പൊന്ന്, ഉപ്പിലിട്ടത് വേറൊന്ന്. ഉപ്പിന്റെകൂടെ ഉപ്പിലിട്ടതുമായിട്ട് നടക്കുന്ന നിങ്ങളോട് ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇനി ഇപ്പോൾ എന്താ ചെയ്യാൻ പോകുന്നത്? സി. എ. ജി. യുടെ റിപ്പോർട്ട് എന്റെ കൈയിൽ ഉണ്ട്, സമയം ഇല്ലാത്തതുകൊണ്ട് ഞാൻ ഉദ്ധരിക്കുന്നില്ല. സി. എ. ജി. യുടെ റിപ്പോർട്ടിൽ നിങ്ങളുടെ കൊള്ളരുതായ്മയെപ്പററി പറഞ്ഞിട്ടുണ്ട്. അതിനുപകരം നിങ്ങൾ ഇനി എ. കെ. ജി. സെന്ററിൽ നിന്ന് വേറെ ഒരു റിപ്പോർട്ട് ഇറക്കാൻ പോകുന്നുണ്ടോ, എന്താണ് നിങ്ങൾ ചെയ്യാൻ പോകുന്നത്. നിങ്ങൾ ചെയ്ത തെററിനെ സംബന്ധിച്ച് നിങ്ങൾ പശ്ചാത്തപിക്കുന്നു. ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങൾക്ക് ചർച്ച ചെയ്യാനായി ധവളപത്രം തുറന്നിട്ടുതന്നിട്ടുണ്ടല്ലോ, ധവളപത്രം രാജ്യത്ത് ചർച്ച ചെയ്യട്ടെ. എന്നിട്ട് അഭിപ്രായവുമായിട്ട് വരട്ടെ. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ഗവൺമെന്റ് ഫൈനാൻഷ്യൽ പൊസിഷനെ സംബന്ധിച്ച് നാട്ടിലുടനീളം ചർച്ച ചെയ്യാൻവേണ്ടി, പാർലമെന്ററി അഫയേഴ്സ് മിനിസ്ററർ അടക്കം ഇരുന്നിട്ട് ചർച്ച ചെയ്യാൻ അവസരം ഒരുക്കുന്നത്. ഞാൻ അഭിനന്ദിക്കുകയാണ്. ഗവൺമെന്റിന്റെ കാര്യം എടുക്കുകയാണെങ്കിലോ, അപ്പുറത്തിരിക്കുന്നവർക്ക് വർത്തമാനം പറയാൻ ലജ്ജയില്ലല്ലോ. ജീവരക്ഷാ മരുന്നു വാങ്ങിച്ച വകയിൽ 31 കോടി ഉറുപ്പിക കൊടുക്കാൻ ബാക്കി ഇട്ടിട്ടാണ് നിങ്ങൾ സ്ഥാനം ഒഴിഞ്ഞത്. Overdues—Academy for Professional Education എന്ന പേരിൽ നിങ്ങൾ 636 കോടി രൂപ പിരിപ്പിച്ചു. അതിൽ 150 കോടി രൂപ ഗ്രാൻറ് കൊടുക്കേണ്ടതിനു പകരം നിങ്ങൾ 5 കോടി രൂപ ഗ്രാൻറ് കൊടുത്തു, എന്നിട്ട് നിങ്ങൾ അവരെ പററിച്ചു.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിനുവേണ്ടി 507 കോടി രൂപ പിരിച്ചു, 70 കോടി രൂപ പലിശ കൊടുത്തു, 2004 ഫെബ്രുവരി ആകുമ്പോൾ ബാക്കി ഒരുമിച്ചു കൊടുക്കണം. സർക്കാരിന്റെ കയ്യിൽ ഫണ്ടില്ല. നിങ്ങൾ ഖജനാവ് കാലിയാക്കി പോയി. ഞങ്ങൾ ആ പണം കൊടുക്കണം. ഉച്ചക്കഞ്ഞിക്ക് അരിയും പയറും കൊടുത്ത വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നിങ്ങൾ 100 കോടി ഉറുപ്പികയാണ് കൊടുക്കാൻ ബാക്കിയുള്ളത്. പ്ലസ് ടുവിന് 210 കോടി ഉറുപ്പിക കൊടുക്കേണ്ടിടത്ത് 35 കോടി രൂപയാണ് നിങ്ങൾ ബഡ്ജററിൽ വച്ചിട്ടുള്ളത്. പോകട്ടെ, ഇതൊന്നും നിങ്ങൾ കൊടുത്തില്ല, ഞാൻ ഒന്നു ചോദിക്കട്ടെ, മിനിമം നിങ്ങൾ കുടിച്ച ചായയുടെ പണമെങ്കിലും കൊടുത്തിട്ട് വേണ്ടേ പോകാൻ. അതു കൊടുക്കാതെയാണ് നിങ്ങൾ പോയത്. എവിടെ നിന്നെല്ലാമാണ് നിങ്ങൾ കടം വാങ്ങിച്ചത്. സ്ഥാപനത്തിന്റെ പേരിൽ, മോട്ടോർ വെഹിക്കിളിന്റെ പേരിൽ, അങ്ങനെ കിട്ടാവുന്നിടത്തുനിന്നെല്ലാം നിങ്ങൾ കടം വാങ്ങിച്ചു. ഞാൻ മുഖ്യമന്ത്രിയോടും മററ് മന്ത്രിമാരോടും പറയുന്നതെന്താണെന്നുവച്ചാൽ നിങ്ങൾ ഫയൽ ശരിക്കും എടുത്ത് പരിശോധിക്കണം. എന്താണെന്നു വച്ചാൽ സെക്രട്ടേറിയററിന്റെ ഒഴിഞ്ഞ മൂലയിലെല്ലാം ജ്യൂസ് കട നടത്താമെന്ന് പറഞ്ഞിട്ട് ഇവർ ചില്ലറക്കാശ് വാങ്ങിച്ചുപോയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കണം. കിട്ടുന്നിടത്തുനിന്നെല്ലാം നിങ്ങൾ പൈസ വാങ്ങിയിട്ടുണ്ട്. ഒരു തരിമ്പ് സ്നേഹം നിങ്ങൾക്ക് ഈ രാജ്യത്തോടുണ്ടോ? നിങ്ങൾ സത്യത്തിൽ ചെയ്യേണ്ടത് എന്താണെന്ന് അറിയാമോ, എ. കെ. ജി സെന്ററിൽനിന്ന് ഓരോ മാസവും ഞങ്ങൾക്ക് ഇങ്ങോട്ട് ഒരു ഗ്രാൻറ് തരണം.

കാരണം നിങ്ങൾ വളർത്താൻ സമ്മതിക്കാതെ പൊട്ടക്കിണററിൽ വലിച്ചെറിഞ്ഞു പോയ കുഞ്ഞിനെ അവിടെനിന്നും കണ്ടെടുത്തു പോററുന്ന ജോലിയാണ് ശ്രീ. എ. കെ. ആൻറണി ഈ രാജ്യത്ത് ഏറെറടുത്തിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾ ഇങ്ങോട്ട് ഗ്രാൻറ് നൽകുകയാണ് വേണ്ടത്. (......ബഹളം......) അതു പറയാം. മ്അദനിയിലേക്ക് ഞാൻ വരുന്നുണ്ട്. മ്അദനിയെ നിങ്ങൾ കൊണ്ടുനടന്ന കാര്യം ഞങ്ങൾക്ക് അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയട്ടെ, അങ്ങയുടെ നേതൃത്വത്തിൽ കാസർകോട്ടുനിന്ന് തിരുവനന്തപുരത്തേക്ക് വന്ന ജാഥ ഗാന്ധിപാർക്ക് മൈതാനിയിൽ അവസാനിച്ച സമയത്ത് അങ്ങു പറഞ്ഞ ഒരു കാര്യമുണ്ട്. ഈ യാത്ര ഇവിടെ സമാപിക്കുന്നു എന്നത് സാങ്കേതികം മാത്രം, യഥാർത്ഥത്തിൽ ഈ നാടിനെ നശിപ്പിച്ച നായനാർ ഗവൺമെൻറിൻെറ അന്ത്യം കുറിച്ചുകൊണ്ടു മാത്രമേ ഈ യാത്ര അവസാനിപ്പിക്കുകയുള്ളൂ, എന്ന് അങ്ങ് പറഞ്ഞു. അങ്ങയുടെ ശപഥം നിറവേററാൻ പ്രബുദ്ധമായ കേരളത്തിലെ ജനങ്ങൾ അങ്ങയുടെ കൂടെ നിൽക്കുകയുണ്ടായി. ഒരു പുതിയ പ്രയാണത്തിന് നേതൃത്വം കൊടുക്കുവാനുള്ള ബാദ്ധ്യതയും കേരളത്തിലെ ജനങ്ങൾ അങ്ങയെ ഏൽപ്പിച്ചു. നമുക്ക് പരിമിതികൾ ഉണ്ട്, ഒഴിഞ്ഞ ഖജനാവാണ്, ധനസ്ഥിതിയില്ല. പക്ഷെ അങ്ങേക്ക് സാധിക്കുമെന്ന് എനിക്ക് ഉത്തമവിശ്വാസമുണ്ട്. എന്തു കൊണ്ടെന്നാൽ അങ്ങയുടെ ഗവൺമെൻറിന് സാധിക്കും, ധനസ്ഥിതി ഇല്ലെങ്കിലും നല്ല ഒരു മനസ്ഥിതി നമുക്ക് ഉണ്ട്. യു. ഡി. എഫ്-ന് ഉണ്ട്. അതുകൊണ്ടുതന്നെ എനിക്ക് ആദ്യമായിട്ട് പറയാനുള്ളത് ചില്ലിക്കാശിൻെറ ചെലവില്ലാതെ ഈ രാജ്യത്ത് നൻമ ചെയ്യാൻ നമുക്ക് സാധിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രാജ്യത്ത് സകല സംവിധാനങ്ങളും രാഷ്ട്രീയ വൽക്കരിച്ചു. കലയെ, സാഹിത്യത്തെ, ചരിത്രത്തെ, ഭരണ സംവിധാനത്തെ മുഴുവനും രാഷ്ട്രീയവൽക്കരിച്ചു. കുടിക്കുന്ന പച്ചവെള്ളത്തിനുപോലും ഇടതുപക്ഷ ചുവയുണ്ടാകണമെന്ന് നിഷ്കർഷിച്ചവരാണ് അവർ. ഈ രാജ്യത്തെ ഈ രാഷ്ട്രീയ അതിപ്രസരത്തിൽനിന്ന് മോചിപ്പിക്കാനുള്ള ആദ്യ ദൗത്യം ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഏറെറടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്ത് എല്ലാവേർക്കും നീതി ലഭിക്കണം. വിവിധ സ്ഥാപനങ്ങളിൽനിന്ന് പിരിച്ചുവിട്ട കുറെ തൊഴിലാളികൾ ഈ രാജ്യത്ത് ഉണ്ട്. ഇവർ തൊഴിലാളി സ്നേഹികളാണല്ലോ, ഞാൻ പല യൂണിയൻെറയും പ്രസിഡൻറായിരുന്ന ആളാണ്. യു. ഡി. എഫ്. ആയിപ്പോയി, ലീഗായിപ്പോയി, കോൺഗ്രസ് ആയിപ്പോയി എന്നത് കണക്കിലെടുക്കാതെ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്ന് പിരിച്ചുവിട്ട ജീവനക്കാരെ അങ്ങും ബഹുമാനപ്പെട്ട വ്യവസായമന്ത്രിയും തൊഴിൽവകുപ്പു മന്ത്രിയും യോജിച്ച് ആലോചിച്ച് തിരിച്ചെടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ പണച്ചെലവില്ലാതെ ചെയ്യാനുള്ള മറെറാരു കാര്യമുണ്ട്. നമുക്ക് പരസ്യം വേണ്ട, ഞാൻ എം. എൽ. എ. ക്വാർട്ടേഴ്സിലെ എൻെറ മുറിയിൽ ചെല്ലുന്ന ഓരോ ദിവസവും മാർട്ടി കളറിലുള്ള മഹാഗ്രന്ഥങ്ങളും അതുപോലെതന്നെ ചെറുപുസ്തകങ്ങളും മലപോലെ വന്നു വീഴുകയായിരുന്നു. ഞാൻ ചോദിക്കട്ടെ, അതിൽ വായിക്കാൻ എന്തുണ്ട്. നായനാരുടെ "കാലത്തിൻെറ കണ്ണാടി" വായിച്ചിട്ട് ആര് നന്നാവാനാണ്. അതുപോകട്ടെ, അത് വേറെ കാര്യം. ഇടതുപക്ഷ മുന്നണി പരസ്യത്തിനുവേണ്ടി കോടിക്കണക്കിന് ഉറുപ്പിക ചെലവാക്കി. അവർക്ക് അതുവേണം. ഗുണമേൻമയില്ലാത്ത ചരക്കുകൾ വർണ്ണപ്പൊലിമയുള്ള പരസ്യങ്ങളിലൂടെ വിററഴിക്കുന്ന കമ്പോള സംസ്കാരമാണ് അവരെ നയിക്കുന്നതെങ്കിൽ നമുക്കത് വേണ്ട, പൊന്നിൻകുടത്തിന് പൊട്ടുവേണ്ട എന്നാണ് എനിക്ക് പറയാനുള്ളത്. ഈ പരസ്യത്തിനുവേണ്ടി ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിൽനിന്ന് പിന്തിരിയണമെന്നാണ് ഞാൻ പറയുന്നത്. മറ്റൊരു കാര്യം എനിക്കു പറയാനുള്ളത്, ഇവിടെ മാൻപവർ റിക്വയർമെന്റ് പുനഃസംവിധാനം ചെയ്യണമെന്നുള്ളതാണ്. സെക്രട്ടേറിയറ്റ് തൊട്ട് പഞ്ചായത്ത് തലം വരെയുള്ള സ്ഥലങ്ങളിലെ മാൻപവർ റിക്വയർമെന്റ് പുനഃസംവിധാനം ചെയ്യണം. പ്രത്യേകിച്ചും ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ കീഴിൽ ഓരോ ഓഫീസിലും എത്രപേർ വേണമെന്നതിനെ സംബന്ധിച്ച് സയന്റിഫിക് സ്റ്റഡി നടത്തി ആവശ്യമില്ലാത്ത ബാദ്ധ്യതകൾ ഒഴിവാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വേറൊരു കാര്യം ഞാൻ പറയുന്നത്, ഇത്രയും ബോർഡും കോർപ്പറേഷനും നമുക്ക് വേണമോ എന്ന കാര്യവും ഗവൺമെന്റ് പരിശോധിക്കണം. യു. ഡി. എഫി.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം പ്രായോഗികമാകാൻ കേരളം സന്തോഷപൂർവ്വം കാത്തിരിക്കുകയാണ്. അത് എന്താണെന്നുവച്ചാൽ, കേരളത്തിൽനിന്നുള്ള ഒരു കുട്ടിപോലും വിദ്യാഭ്യാസം തേടി കേരളത്തിന്റെ പുറത്തേക്ക് പോകുന്നത് അവസാനിപ്പിക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. അത് പാലിക്കണം, കേരളം കാത്തുനിൽക്കുകയാണ്, അതുകൊണ്ട് ആ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ളതുപോലെ, അറച്ചുനിൽക്കാതെ, കേരളത്തിൽ സ്വാശ്രയ മേഖലയിലാണെങ്കിലും മറ്റേതുമേഖലയിലാണെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരണം. വിദ്യാഭ്യാസരംഗത്തെപ്പറ്റി മറ്റൊരു കാര്യം പറയാനുള്ളത്, വിദ്യാഭ്യാസ സെസ് ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കണമെന്നുള്ളതാണ്. വെസ്റ്റ് ബംഗാളിൽ അശോക് മിത്രാ കമ്മീഷൻ ശുപാർശ ചെയ്തതാണ് ആ കാര്യം. അതുപോലെ ഈ ഭരണത്തെ സംബന്ധിച്ചിടത്തോളം, വികസനത്തെ സംബന്ധിച്ചിടത്തോളം അതിന് ഒരു പുതിയ മാനം ഉണ്ടാകണം, ശരിക്കുപറഞ്ഞാൽ ഈ ഭരണകൂടത്തിൽ ഒരു 'ആന്റണിടച്ച്' ഉണ്ടാകണമെന്ന് ഞാൻ പ്രത്യേകം പറയുകയാണ്. പിന്നെ മറ്റൊരു കാര്യം, കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്രയോ തവണ അവിടിരുന്ന് പറയുന്നതു കേട്ടു, നിങ്ങൾക്ക് ഈ പ്രതിപക്ഷത്തെ ഒന്നു വിശ്വാസത്തിൽ എടുത്തുകൂടെയെന്ന്. അവർ എടുത്തില്ല, 'കണ്ടുകൂടാത്തവർ, തൊട്ടുകൂടാത്തവർ, ദൃഷ്ടിയിൽ പെട്ടാലോ ദോഷമുള്ളോർ' എന്നാണ് അവർ പ്രതിപക്ഷത്തെപ്പറ്റി പറഞ്ഞതെങ്കിൽ പ്രതിപക്ഷത്തെ വിശ്വാസത്തിൽ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതൊക്കെ പറയുകയാണെങ്കിലും എനിക്ക് നിങ്ങളോട് യാതൊരു വിരോധവുമില്ല. എന്റെ ഒരു വിലയിരുത്തൽ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ ഒരു വിലയിരുത്തൽ പ്രതിപക്ഷം നന്നാവാനുള്ള സാദ്ധ്യതയുണ്ടെന്നാണ്, ഞാൻ ഇതു പറയാൻ കാരണം, ഏതാനും ദിവസം മുൻപ് ടി. വി.-യിൽ ശ്രീ. നായനാരുടെ ഒരു പത്രസമ്മേളനം ഞാൻ കാണുകയുണ്ടായി. എനിക്ക് വളരെ സന്തോഷം തോന്നി, നായനാർ പറയുകയാണ്. 'എന്തെങ്കിലും ഒരു കാര്യം ചെയ്യുമ്പോൾ മുകളിൽ ഒരാൾ ഉണ്ടെന്നുള്ള ഒരു ബോധം വേണമെന്ന്' സർ, മുകളിൽ ഒരാൾ ഉണ്ടെന്നുള്ള ബോധമില്ലാതെയും ഈ സംസ്ഥാനം താഴെ മൂന്നുകോടി മനുഷ്യരുണ്ടെന്നുള്ള ബോധമില്ലാതെയും ഈ സംസ്ഥാനം അഞ്ചുവർഷം ഭരിച്ചതിന്റെ പാപഭാരം പേറിയിട്ടാണ് നിങ്ങൾ അപ്പുറത്തിരിക്കുന്നത്. നിങ്ങൾക്ക് ഇപ്പോഴെങ്കിലും മുകളിൽ ഒരാളുണ്ടെന്നും താഴെ കുറെ മനുഷ്യരുണ്ടെന്നുമുള്ള ബോധമുണ്ടായെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചു വന്നിട്ടില്ലായെങ്കിലും നിങ്ങൾ ചെയ്ത പാപത്തിന് അതു പശ്ചാത്താപമായിത്തീരുമെന്നാണ് പറയാനുള്ളത്. അതുകൊണ്ട് തീർച്ചയായിട്ടും കേരളത്തിലെ ജനങ്ങൾ നൽകിയിട്ടുള്ള വിധേയത്വത്തെ മാനിച്ചുകൊണ്ട് ആ വിധേയത്വം മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ നിങ്ങൾക്കു സാധിക്കണം. അതിനുപകരം ഇതുപോലുള്ള നിഷേധാത്മകമായ

LIBRARY ARCHIVES Kerala Legislative Assembly

ശൈലിയെടുക്കുന്നതിൽനിന്ന് പിന്തിരിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ അർപ്പിച്ച വിശ്വാസം പരിരക്ഷിച്ചുകൊണ്ട് നൻമയുടെ മാർഗത്തിലൂടെ മുന്നോട്ടുപോകാനുള്ള ആൻറണി ഗവൺമെൻറിൻെറ പ്രയാണത്തിന് നൻമ നേർന്നുകൊണ്ട്, അതോടൊപ്പംതന്നെ ഈ നന്ദിപ്രമേയത്തെ ശക്തിയുക്തം പിന്താങ്ങിക്കൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ സംസ്ഥാനത്ത് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നു. അഞ്ചുകൊല്ലം ഭരിക്കാനുള്ള ആരംഭമെന്ന നിലയിൽ ഗവൺമെൻറിനു വേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്ത പ്രസംഗത്തിൽ പ്രധാനമായി കേരളത്തിലെ സമ്പദ്ഘടന തകർത്ത കേന്ദ്ര ഗവൺമെൻറിൻെറ ഉദാരവൽക്കരണ നയത്തിൻെറ ഫലമായിട്ടുള്ള ഇറക്കുമതി നയം, അതിൻെറ ഫലമായി കേരളത്തിലെ കാർഷിക വിളകൾക്കുണ്ടായ വിലയിടിവ്, കേരളത്തിലെ ജനങ്ങൾ പട്ടിണി മരണത്തിലേക്കുപോലും നീങ്ങുന്ന ഭീതിജനകമായ സാഹചര്യം ഉണ്ടായത്, ഇന്നും അതു നിലനിൽക്കുന്ന സാഹചര്യം, അതിൻെറ ഗൗരവം, കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കൃഷിക്കാരുടെ താൽപ്പര്യം ഇവ ഇന്ത്യാ ഗവൺമെൻറിൻെറ മുൻപാകെ കൊണ്ടുവരുന്നതിന് ഫലപ്രദമായ രീതിയിൽ ഒരു വാക്കു പറയിപ്പിക്കാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് സന്നദ്ധമായില്ല. ഇവിടെ കടത്തിൻെറ കാര്യങ്ങൾ പറഞ്ഞു, കേരളത്തിൽ ഇടതുപക്ഷമുന്നണി അധികാരത്തിൽ വന്നപ്പോഴും മുൻ ഗവൺമെൻറിൻെറ കടം കൊടുത്തു തീർക്കേണ്ടിവന്നില്ലേ. അന്നും കോൺട്രാക്ടർമാർക്ക് പണം കൊടുക്കാനുണ്ടായിരുന്നില്ലേ, പാവപ്പെട്ട അനേകം ആളുകൾക്ക് സംസ്ഥാന ഗവൺമെൻറ് കൊടുത്തുവന്നിരുന്ന പെൻഷൻ കുടിശ്ശിക കൊടുത്തിരുന്നോ, സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുണ്ടായിരുന്ന ക്ഷാമബത്ത അടക്കമുള്ളത് കൊടുത്തിരുന്നോ, അതുപോലെ പല മേഖലകളിലും ഉണ്ടായിരുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ അന്ന് ഉണ്ടായിരുന്ന ഇത്തരം പ്രശ്നങ്ങളെ ഊതി വീർപ്പിച്ച് ഇന്ന് ഐക്യജനാധിപത്യമുന്നണി ചെയ്യുന്നതുപോലെ പ്രചരണം നടത്തിയിട്ടുണ്ടോ. അതുപോലെ ഇന്ന് സംസ്ഥാനത്തുള്ള പ്രധാനപ്പെട്ട ഒരു അപകടമെന്നുള്ള നിലയ്ക്ക് അധികാരത്തിലുള്ള മന്ത്രിമാരും ഐക്യജനാധിപത്യമുന്നണിയുടെ നേതൃത്വവും പറയുന്നത് നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി മേഖലയിലുണ്ടാക്കിയ നഷ്ടത്തെ സംബന്ധിച്ചാണ്. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ ഇരുന്നപ്പോൾ ഇവിടെ വൈദ്യുതി കട്ട് ഉണ്ടായിരുന്നു. എസ്. എസ്. എൽ. സി. പരീക്ഷ നടക്കുന്ന അവസരത്തിലെങ്കിലും
11.00 A. M. വൈദ്യുതി കട്ട് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളിൽ മുഖപ്രസംഗം എഴുതിയ സാഹചര്യം ഉണ്ടായിരുന്നു. അഞ്ചു കൊല്ലം കേരളം ഭരിച്ച ഐക്യമുന്നണിക്ക് പതിനേഴ് മെഗാവാട്ട് വൈദ്യുതി മാത്രമേ കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. അതേ അവസരത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ അഞ്ചു കൊല്ലം കേരളം ഭരിച്ചതിൻെറ ഫലമായി ഇന്ന് കേരളത്തിൽ പവർ കട്ടില്ല. വ്യവസായങ്ങൾക്കില്ല, ഗൃഹാവശ്യങ്ങൾക്കില്ല, ഒന്നിനും പവർ കട്ടില്ലാതെ ഇന്ന് കേരളത്തെ ഈ നിലയിൽ എത്തിച്ചു. കോടിക്കണക്കിന് ഉറുപ്പിക മുതൽമുടക്കി കേരളത്തിൻെറ എല്ലാ സൗകര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട്, ഏത് ഗവൺമെൻറ് അധികാരത്തിൽ വന്നാലും കേരളത്തെ വ്യവസായവൽക്കരണത്തിലേക്ക് നയിക്കാൻ സഹായകരമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. വൈദ്യുതിയുടെ ഉൽപ്പാദനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിൽ ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തവിധം പുരോഗതി പ്രാപിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് സാധിച്ചു. ഒന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കർണ്ണാടകയിലും ആന്ധ്രയിലുമൊക്കെ ഉദാരവൽക്കരണത്തിന്റെ ഫലമായി അവിടത്തെ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വില ഇടിഞ്ഞു. അതിന്റെ ഫലമായി ആ സംസ്ഥാനങ്ങളിലെ ചില കൃഷിക്കാർ പട്ടിണികൊണ്ട് ആത്മഹത്യ ചെയ്തതു സംബന്ധിച്ചുള്ള വാർത്തകൾ പത്രത്തിൽ വന്നു. എന്നാൽ നാലായിരത്തി അറുന്നൂറുകോടി ഉറുപ്പിക ഇവിടത്തെ ത്രിതല പഞ്ചായത്തുകൾ മുഖേന കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വിതരണം ചെയ്തു. അതിലൂടെ ഈ സംസ്ഥാനത്തിലെ കർഷകത്തൊഴിലാളികൾക്കും മററു തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും വികസന പ്രവർത്തനങ്ങളിൽ ജോലി ലഭിച്ചതിന്റെ ഫലമായി അവരെ പട്ടിണി മരണത്തിൽനിന്നും രക്ഷപ്പെടുത്താൻ സാധിച്ചു. ആ ജനകീയാസൂത്രണ പദ്ധതിയെ അഭിമാനകരമായ രൂപത്തിൽ വിലയിരുത്തിക്കൊണ്ട് നിങ്ങൾ എന്തെങ്കിലും ഒരു വാക്ക് പറഞ്ഞോ? ഇന്ത്യയിൽ ഗവൺമെന്റുടമസ്ഥതയിലുള്ള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് ലാഭം മാത്രം ഉദ്ദേശിച്ചുകൊണ്ട് പ്രവർത്തിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് ഗുജറാത്ത്, ബംഗാൾ, തമിഴ്നാട് തുടങ്ങിയ സർക്കാരുകൾ പൊതു താൽപ്പര്യത്തിന്, ലാഭം ഇല്ലാത്ത റൂട്ടുകളിൽ ബസുകൾ ഓടിക്കുന്നത്. ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം അശരണരായ ആളുകൾക്ക് ഗവൺമെന്റ് നൽകുന്ന സൗജന്യമാണ് അത്. അതുകൊണ്ടുണ്ടാകുന്ന നഷ്ടത്തിന് അനുസരിച്ചുള്ള സംഖ്യ ഓരോ വർഷവും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് സർക്കാർ ഗ്രാന്റ് നൽകുന്നു. കേരളത്തിൽ കഴിഞ്ഞ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അതിനു മുൻപുള്ള ഗവൺമെന്റുകളേക്കാൾ കുറച്ചു കൂടുതൽ സംഖ്യ ബഡ്ജററിൽ വകയിരുത്തിയെങ്കിലും കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അടക്കം കേരളത്തിൽ അധികാരത്തിലിരുന്ന ഒരു ഗവൺമെന്റും, ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് കെ. എസ്. ആർ. ടി. സി. പ്രവർത്തിച്ചിട്ടും, അർഹമായ സാമ്പത്തിക സഹായം നൽകിയില്ല. അതിന്റെ ഫലമായിട്ടാണ് കെ. എസ്. ആർ. ടി. സി.-യിൽ പ്രതിസന്ധി ഉണ്ടായത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, വൈദ്യുതിയെയും അതുപോലെതന്നെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെയും വിലയിരുത്തുന്ന അവസരത്തിൽ അവ ഈ സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ അടിസ്ഥാന ഘടകങ്ങളാണെന്ന കാര്യം പരിഗണിക്കണമെന്നാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ ഉണ്ടായിരുന്ന അവസരത്തിൽ വൈദ്യുതിയുടെ കാര്യത്തിൽ ഗുണപരമായ, നാളെ ഏതു സാഹചര്യം വന്നാലും തരണം ചെയ്യാൻ കഴിയുന്നവിധം, ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്ന ബഹുമാനപ്പെട്ട ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനും വ്യവസായവൽക്കരണത്തിലേക്ക് കേരളത്തെ നയിക്കാൻ വൈദ്യുതി കുറവുകൊണ്ട് ബുദ്ധിമുട്ട് ഇല്ലാത്തവിധം, വൈദ്യുതി തടസ്സമായി എന്നു പറയാത്തവിധം, കേരളത്തെ മുന്നോട്ടു നയിച്ചില്ലേ? അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, കേരളത്തിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് പറയാതെ, കേരളത്തിലെയും ഇന്ത്യയിലെയും കർഷകരെ തകർത്ത ഇന്ത്യാഗവൺമെന്റിന്റെ സാമ്പത്തികനയത്തെക്കുറിച്ച് പറയാതെ, ആ സാമ്പത്തിക നയത്തിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ പോകുന്ന കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി കഴിഞ്ഞ അഞ്ചുവർഷം അധികാരത്തിലിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റ് പ്രതിപക്ഷത്തുണ്ടാ



LIBRARY ARCHIVES Kerala Legislative Assembly

യിരുന്ന ഐക്യജനാധിപത്യമുന്നണിയെ അടക്കം സഹകരിപ്പിച്ചുകൊണ്ട് ഭക്ഷ്യ വിതരണ രംഗത്തും മററും സ്വീകരിച്ച നടപടികളെ വിസ്മരിച്ചുകൊണ്ട്, ഗവർണ്ണറെക്കൊണ്ട് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ സഭയിൽ ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനം ഇന്ന് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം പ്രതിപക്ഷത്തും ഭരണ കക്ഷിയിലുമുള്ള എല്ലാ അംഗങ്ങളും അംഗീകരിക്കുന്ന ഒരു സത്യമാണ്. ഇതാരുണ്ടാക്കി, എങ്ങനെയുണ്ടായി എന്നുള്ള രാഷ്ട്രീയ ചർച്ചയിലേക്കൊന്നും കടക്കാൻ എനിക്ക് സമയമില്ല. ഞാൻ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനം ഒരു വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. മററു പല സംസ്ഥാനങ്ങളും സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്നുള്ളത് സത്യമാണ്. ഇതിന്റെ കാരണങ്ങളിലേക്ക് പോകുമ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നയം തീർച്ചയായും വളരെ വേദനയോടു കൂടി എതിർക്കപ്പെടേണ്ട നയം ആണ്. അതിനെപ്പററി എനിക്ക് സംശയമില്ല. അതിനെപ്പററി ശ്രീമതി കെ. ആർ. ഗൗരിയമ്മ ചോദ്യത്തിന് മറുപടിയായി പറഞ്ഞു, നമ്മുടെ എല്ലാ രംഗങ്ങളിലും ഇന്ന് വളരെയധികം സൂക്ഷ്മതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ചങ്കിലേ നമുക്ക് ഈ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി രക്ഷപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. പരസ്പരം കുററം പറഞ്ഞിട്ട് കാര്യമില്ല. വേല ചെയ്യാൻ കഴിവുള്ള, വിശക്കുന്ന വയറുകളുള്ള ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന പശ്ചാത്തലം കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ നമുക്ക് ആർക്കാണെങ്കിലും കഴിയണം. അല്ലാതെ നമുക്കിവിടെ രക്ഷപ്പെടാൻ കഴിയില്ല. പൊതുപ്രവർത്തകർക്ക് വഴിനടക്കാൻ കഴിയാത്ത സ്ഥിതി ഈ രാജ്യത്തും ഉണ്ടാകും. അതിന് പ്രതിപക്ഷഭരണകക്ഷി എന്നുള്ള ഭേദം വെച്ചുകൊണ്ട് പ്രവർത്തിക്കാൻ നമുക്ക് സാദ്ധ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇവിടെ വളരെ പ്രധാനമായും നമുക്കുണ്ടായ കുഴപ്പം ആവശ്യമില്ലാത്ത ചെലവുകൾ ചെയ്തുകൊണ്ട് ചില രാഷ്ട്രീയ കക്ഷികളെ പ്രീണിപ്പിക്കാനും ഭരണം നിലനിർത്താനും ശ്രമിച്ചതാണ്. ദയവായി പ്രതിപക്ഷ അംഗങ്ങൾ ഇത് മനസ്സാക്ഷിയോട് കൂടി ആലോചിക്കണം. കരുണാകരൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിൽ പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നു. അന്ന് രാഷ്ട്രീയമായി എതിർക്കാതിരുന്നുവെങ്കിൽ ഇന്ന് ഇത്രയും സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമായിരുന്നില്ലാ എന്നാണ് എന്റെ വിശ്വാസം. കോളേജുകളിൽ ആയിരക്കണക്കിന് അദ്ധ്യാപകൻമാർ ജോലിചെയ്യാതെ ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്നു. അവിടത്തെ സൗകര്യങ്ങളും, ലാബോറട്ടറികളും, ലൈബ്രറികളും, ക്ലാസ് റൂമുകളും എല്ലാം നിലനിൽക്കുമ്പോൾ, ആ ചെലവുകൾ വഹിച്ചുകൊണ്ടിരിക്കുമ്പോൾ, അധിക ചെലവ് വഹിക്കത്തക്കരീതിയിൽ ആ കുട്ടികളെ പ്ലസ് ടു സ്കൂളുകളിൽ പഠിപ്പിച്ചതിന്റെ ഫലമായി, ആ നയത്തിന്റെ ഫലമായി ഒരേ കുട്ടികളെ പഠിപ്പിക്കുന്നതിന് രണ്ടു ശമ്പളവും രണ്ടു ചെലവും വഹിക്കേണ്ട ബാദ്ധ്യത ഈ സംസ്ഥാനം കഴിഞ്ഞ മൂന്നു കൊല്ലം നേരിടേണ്ടിവന്നു. ആർക്കെങ്കിലും അത് നിഷേധിക്കാൻ കഴിയുമോ? കോളേജുകളിലെല്ലാം ആവശ്യംപോലെ സ്ഥലമാണ്, സ്ററാഫാണ്. എന്റെ നാട്ടിലുള്ള ഒരു കോളേജിൽ 63 അദ്ധ്യാപകരും സ്ററാഫും കഴിഞ്ഞ മൂന്നു വർഷമായി വെറുതെ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുന്നു. അവരെ പ്ലസ് ടുവിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിടാൻ കഴിഞ്ഞിട്ടില്ല. അന്ന് പ്രീഡിഗ്രി ബോർഡ് എന്നു പറഞ്ഞ്, കലാലയങ്ങളിൽ കോഴ്സുകരം നടത്തിയിട്ട് പരീക്ഷ മാത്രം ബോർഡ് നടത്തട്ടേ എന്ന് തീരുമാനിച്ചതിനെ കക്ഷി രാഷ്ട്രീയ ചിന്തകളുടെ പേരിൽ എതിർത്തു. അന്ന് ഞങ്ങളോടൊപ്പം നിന്ന ആളുകളും എതിർത്തതിന്റെ ഫലമായി ആ തീരുമാനം മാററി, അതിന്റെ ഫലമായി ഉണ്ടായ ദുരന്തം ഇന്ന് നമ്മരം പ്ലസ് ടൂവിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ പ്ലസ് ടൂ എന്തിനുവേണ്ടിയാണ് ഉണ്ടാക്കിയത് എന്നുള്ള കാര്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇതിനുവേണ്ടി ചെലവഴിച്ച പണം ഇരട്ടിയായി നമ്മുടെ ബഡ്ജററിനെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. സർ, ഇവിടെ നമ്മരം ഒരു കാര്യം ആലോചിക്കണം. പ്രതിപക്ഷം ഉരംപ്പെടെ അംഗീകരിക്കുന്ന ഒരു കാര്യം ആണ്. അടുത്ത കാലത്ത് ബംഗാരം മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയുടേതായിവന്ന പ്രസ്താവന പത്രങ്ങളിലെല്ലാം വന്നു, തീരുമാനം ആയോ എന്ന് എനിക്കറിയില്ല. എന്താ അദ്ദേഹം പറഞ്ഞത്. വിദ്യാഭ്യാസം നല്ല നിലയിൽ ആകണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസ രീതി മാറണം. ബംഗാളിൽ ഒന്നാം ക്ലാസ് മുതൽ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ പോകുന്നു. നിങ്ങരം എന്നെ ശ്രദ്ധിക്കണം. ഡി. പി. ഇ. പി. പഠിപ്പിക്കുമെന്നല്ല അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഒന്നു കൂടി പറഞ്ഞു. യൂണിവേഴ്സിററി ഫീസുകരം കുത്തനെ ഉയർത്താൻ പോകുകയാണ്. സ്ററീപ് ഇൻക്രീസ്, ഒന്നുകൂടി അദ്ദേഹം പറഞ്ഞു. 25 ശതമാനം വരുന്ന സാമ്പത്തികമായി കഴിവില്ലാത്തവർക്ക് മാത്രം സൗജന്യം വിദ്യാഭ്യാസം കൊടുക്കാൻ ബംഗാളിൽ തീരുമാനിക്കാൻ പോകുന്നു. 75 ശതമാനം ഫീസ് കൊടുക്കാമെന്നുള്ളവരിൽ നിന്നും ഈടാക്കാൻ പോകുന്നു. എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, പ്രസംഗം നടക്കുമ്പോരം ദയവായി മുഖ്യമന്ത്രി ശ്രദ്ധിക്കണം, അദ്ദേഹം കേരംക്കാനാണ് പറയുന്നത്. ഞങ്ങരംക്ക് വല്ലപ്പോഴുമേ സംസാരിക്കാൻ പററുകയുള്ളൂ. മുഖ്യമന്ത്രി ശ്രദ്ധിക്കണം. ശ്രീ. ആര്യാടന് എപ്പോഴും സംസാരിക്കാവുന്നതാണ്, അദ്ദേഹം അപ്പോരം സംസാരിച്ചാൽമതി. ഇവിടത്തെ സ്കൂളുകളിലും കോളേജുകളിലും കഴിവുള്ളവരിൽ നിന്ന് ഫീസ് ഈടാക്കിയാൽ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താം. വേദനയോടുകൂടി ഞാൻ ചോദിക്കട്ടെ, അൻപത് ലക്ഷം രൂപ ചെലവാക്കിയല്ലേ നമ്മരം ഒരു ഡോക്ടറെ സൃഷ്ടിച്ചെടുക്കുന്നത്? അൻപത് ലക്ഷം രൂപ ചെലവാക്കി നാം വാർത്തെടുക്കുന്ന ഒരു ഡോക്ടർ തന്റെ ജോലിയിൽ പ്രവേശിച്ചാൽ, 50 ലക്ഷം രൂപ കൊടുത്ത നികുതിദായകനോട് സ്നേഹവും നീതിയും പുലർത്തുന്ന എത്ര ഡോക്ടർമാരുണ്ട് ഈ കേരളത്തിൽ. നികുതിദായകൻ നല്കുന്ന നികുതിയിൽ നിന്നും ഖജനാവിൽ നിന്നും, പണം കൊടുത്താണ് ഇവിടെ ഡോക്ടമാരാകാൻ കുട്ടികളെ പഠിപ്പിച്ച് പ്രാപ്തരാക്കുന്നത്. സർ, സേലത്ത് പോയി 25 ലക്ഷം കൊടുത്തിട്ട് ഡോക്ടറായി വരുന്നവരല്ല നമ്മുടെ മെഡിക്കൽ കോളേജുകളിൽ പഠിച്ചു വരുന്ന ഡോക്ടർമാർ. നമ്മുടെ നികുതിദായകന്റെ പണം കൊടുത്ത് ഡോക്ടർമാരായി വരുന്നവരാണ്. എന്നാൽ പണക്കാരുടെ മക്കരം, പ്രമാണിമാരുടെ മക്കരം, അവർക്ക് ഫീസ് കൊടുത്ത് പഠിച്ചുകൂടെ. നല്ല ഫീസ് സർക്കാരിന് വരുമാനമായി കിട്ടുകില്ലേ? 25ലക്ഷം 35 ലക്ഷം വരെ അവർ തമിഴ്നാട്ടിലും കർണ്ണാടകയിലും ദാവൺഗെരെയിലും പോയി കൊടുക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവരിൽ നിന്ന് എന്തുകൊണ്ട് ഈ സംസ്ഥാനത്തിലെ സർക്കാർ കോളേജുകരം, മെഡിക്കൽ കോളേജുകരം, എൻജിനീയറിംഗ് കോളേജുകരം എന്നിവിടങ്ങളിൽ ഫീസ് വാങ്ങിച്ചു പഠിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുകൂടാ? എം. ബി. ബി. എസ്.-നോ എൻജിനീയറിംഗിനോ ഇവിടെ കിട്ടി യില്ലെങ്കിൽ എന്റെ മകനും മകൾക്കും മംഗലാപുരത്ത് 25 ലക്ഷം രൂപ കൊടുത്ത് സീററ് ഞാൻ ബുക്ക് ചെയ്തിട്ടുണ്ട് എന്നാണ് പ്രമാണിമാർ പറഞ്ഞുനടക്കുന്നത്. ഇത്തരക്കാരിൽ നിന്നും ഫീസ് പിരിച്ച് ഈ രാജ്യത്തെ പാവപ്പെട്ടവരെ കൂടി നമുക്ക് പഠിപ്പിച്ചുകൂടേ? കഴിവുള്ളവരിൽ നിന്നും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടെ കുട്ടികളിൽ നിന്നും ഫീസ് ഈടാക്കാൻ സർക്കാർ ആലോചിക്കണം. ബംഗാൾ എടുക്കുന്ന മാതൃക അംഗീ കരിക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറാകും എന്നാണ് എന്റെ വിശ്വാസം. അതുപോലെ തന്നെ തസ്തികകൾ, വേണ്ടാത്തവ abolish ചെയ്യുന്നതിനെ കുറിച്ച് നമ്മൾ ആലോചിക്കണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്ലാൻ സ്കീമിൽ തസ്തികകൾ അനുവദിക്കണോ? കഴിഞ്ഞ 41 കൊല്ലമായി ഈ നിയമസഭയിൽ ഞാൻ ബഡ്ജററ് കാണുന്നു. ഈ പ്ലാൻ സ്കീമിൽ അഞ്ച് കൊല്ലത്തേക്ക് കേന്ദ്ര ഗവൺമെന്റ് പണം തന്ന് പ്ലാൻ നടപ്പിലാക്കാൻ തരുന്ന തസ്തികകൾ പ്ലാൻ തീർന്നതിന് ശേഷം, 35 വർഷങ്ങൾക്ക് ശേഷം കേരളത്തിൽ ഇപ്പോഴും തുടരുകയാണ്. ഗ്യാലറിയിൽ ഇരിക്കുന്ന ഉദ്യോഗ സ്ഥൻമാർ ഉൾപ്പെടെ ആലോചിക്കണം. പ്ലാൻ സ്കീമിൽ അനുവദിക്കുന്ന പോസ്ററുകൾ, ഉദാഹരണത്തിന് പാഡി ഡെവലപ്പ്മെന്റ് എന്നു പറഞ്ഞ് പ്ലാൻ സ്കീമിൽ അനുവദിച്ച പോസ്ററ്, 1960-ൽ അനുവദിച്ച പോസ്ററുകൾ ഇപ്പോഴും തുടരുന്നു. ഇവിടെ പാഡിയുമില്ല, ഇവിടെ നെൽകൃഷി യുമില്ല, നിലങ്ങൾ മുഴുവൻ നികന്നു കഴിഞ്ഞു. അഗ്രികൾച്ചർ വകുപ്പിൽ ഈ പോസ്ററുകൾ ഇന്നും നിലനിൽക്കുകയാണ്. റിട്ടയർ ചെയ്താലും പിന്നെയും ആളുകളെ റിക്രൂട്ട് ചെയ്യുകയാണ്, റിട്ടയർമെൻറാടുകൂടി പോലും അവസാനിക്കുന്നില്ല. പ്ലാൻ സ്കീമിൽ വകുപ്പില്ല. ഇറിഗേഷൻ വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും അനുവദിച്ച പഴയ തസ്തികകൾ അതുപോലെ നിലനില്ക്കുന്നു. സർ, എന്റെ ഒരു പഞ്ചായത്തിൽ സെൻസസ് എടുത്തപ്പോൾ 41 പശുക്കളാണ് ഉള്ളത്. അവിടെ രണ്ടു മൃഗഡോക്ടർമാരുടെ പോസ്ററുണ്ട്. ഒരു പഞ്ചായത്തിൽ 41 പശുക്കൾ, രണ്ട് മൃഗാശുപത്രികൾ; എന്തിനാ സർ ഇത്? പണ്ട് കാലത്ത് അനുവദിച്ച പ്ലാൻ സ്കീമിൽ വരുന്ന പോസ്ററുകളാണ്, ഇതെല്ലാം തന്നെ ഇന്നും തുടരുകയാണ്. പ്ലാൻ സ്കീം അനുസരിച്ച് അഞ്ച് കൊല്ലക്കാലം കേന്ദ്ര ഗവൺമെൻറ് അനുവദിച്ച പണം വിനിയോഗിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച പോസ്ററുകൾ ഇന്നും ഒരാവശ്യ വുമില്ലാതെ തുടരുകയാണ്. നെൽകൃഷിക്കുവേണ്ടി ഉണ്ടാക്കിയ പോസ്ററുകൾ, തെങ്ങ് കൃഷിക്ക് വേണ്ടി ഉണ്ടാക്കിയ പോസ്ററുകൾ, ഇതെല്ലാം തുടരുകയാണ്. ഇതൊക്കെ ഒന്ന് പുനഃപരിശോധിക്കണം. ഇറിഗേഷൻ പദ്ധ തികൾ പലതും തീർന്നു. ബഡ്ജററിൽ പണമില്ല. തീർന്ന പദ്ധതികളിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കാൻ വേണ്ടിയാണ് ബഡ്ജററിൽ പണം വച്ചിരിക്കുന്നത്. ഇതൊന്നു പരിഹരിക്കണ്ടേ? വളരെ വ്യക്തമായിട്ട് പരിഹരിക്കേണ്ടത് ആവശ്യമല്ലേ? അതുകൊണ്ട്, വളരെ വ്യക്തമായി കാര്യങ്ങൾ ചെയ്യണം. ഇവിടെ ശ്രീ. മുഹമ്മദ് ബഷീർ പറഞ്ഞ ഒരു കാര്യം ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. എന്താ അദ്ദേഹം പറഞ്ഞത്? ശ്രീ. ബഷീർ പറഞ്ഞു സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കാര്യങ്ങൾ മാററിവയ്ക്കണമെന്ന്. ഇവിടെ ഡി. പി. ഇ. പി. യുടെ കാര്യം നിങ്ങൾ മനസ്സാക്ഷിയോടുകൂടി ആലോചിക്കണം. ഈ ഡി. പി. ഇ. പി. ജനങ്ങൾക്ക് ഇഷ്ടമല്ലല്ലോ. ശ്രീ. വി. ആർ. കൃഷ്ണ അയ്യർ വിവരമില്ലാത്ത ആളാണോ? ശ്രീ. എസ്. ഗുപ്തൻനായർ വിവരമില്ലാത്ത ആളാണോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അങ്ങ് ഒന്ന് ചുരുക്കിപ്പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ അവരെല്ലാം......ഞാൻ ശ്രീ. ബഷീറിനോടല്ല പറയുന്നത്, സഭയോടാണ് പറയുന്നത്.........(ബഹളം).....സർ, ഡി. പി. ഇ. പിയുടെ കാര്യം പ്രകടന പത്രികയിൽ പറഞ്ഞതാണ്. ഡി. പി. ഇ. പി. ഈ രാജ്യത്തെ ജനങ്ങൾക്ക് ഇഷ്ടമല്ല, രക്ഷാകർത്താക്കൾക്ക് ഇഷ്ടമല്ല, വിദ്യാർത്ഥികൾക്കും ഇഷ്ടമില്ല, ആ വിദ്യാഭ്യാസ രീതി കേരളത്തിൽ തുടരുന്നത് മാന്യതയല്ല. പ്രമാണിമാരുടെ മക്കൾക്ക് ഡി. പി. ഇ. പി. യുടെ ആവശ്യമില്ല. അവർ Unaided School കളിലാണ് പഠിക്കുന്നത് ....(ബഹളം)...... എന്തിനാ അതിലേക്ക് കടക്കുന്നത്, അത് എന്റെ കാലത്തല്ല ഞാൻ വിദ്യാഭ്യാസ മന്ത്രി ആയിരുന്നില്ലല്ലോ.........(ബഹളം)... ......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബാലകൃഷ്ണപിള്ള സംസാരിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അന്നത്തെ ഡി. പി. ഇ. പി. അല്ല നിങ്ങൾ ഇപ്പോൾ കുളമാക്കിയത്. അന്നത്തെ ഡി. പി. ഇ. പി. ഇതല്ല. അത് കുളമാക്കി നിങ്ങൾ അതാണ് കുഴപ്പം. അന്ന് ഞാൻ മന്ത്രിസഭയിൽ ഇല്ല........ നിങ്ങൾ......(ബഹളം)......ഞാൻ അന്ന് മന്ത്രിസഭയിൽ ഇല്ല സ്നേഹിതാ. വെറുതെ എന്തിനാ ആവശ്യമില്ലാതെ ഇടയ്ക്കുകയറി തടസ്സപ്പെടുത്തുന്നത്? അതുകൊണ്ട് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഡി. പി. ഇ. പി. ഈ സംസ്ഥാനത്ത് നിർത്തണം. എനിക്കറിയാം അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഡി. പി. ഇ. പി. വേണമെന്ന് ആരെങ്കിലും പറയുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല, പറയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അപ്പോൾ ഡെപ്യൂട്ടി സ്പീക്കറും എന്റെ കൂടെ കൂടി. അപ്പോൾ ഡി. പി. ഇ. പി. ഈ രാജ്യത്ത് അവസാനിപ്പിക്കണം. ജനങ്ങൾക്ക് ആവശ്യമില്ലാത്ത ഡി. പി. ഇ. പി. ഇവിടെ തുടരേണ്ട ആവശ്യമില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം ഈ സഭയിൽ വാക്കൗട്ട് നടത്തുന്നതിന് മുമ്പായി പ്രസംഗിച്ചപ്പോൾ സഭയെ തെററിദ്ധരിപ്പിക്കുന്ന വളരെ ഗൗരവമുള്ള ഒരു കാര്യം പറഞ്ഞു. 8-ാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ നെൽസൺ മണ്ഡേലയെക്കുറിച്ച്......(ബഹളം)......

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നിയമസഭാ ചട്ടം അനുസരിച്ച് ഒരംഗം വഴങ്ങിയാൽ മററാരംഗത്തിന് ചോദ്യം ചോദിക്കാനുള്ള അവകാശമുണ്ട്.

ശ്രീ. നാലകത്ത് സൂപ്പി: നെൽസൺ മണ്ഡേലയെക്കുറിച്ച് 8-ാം ക്ലാസ്സിലെ ഡി. പി. ഇ. പി. പാഠപുസ്തകത്തിൽ ഉണ്ടെന്ന് പറഞ്ഞു. അത് തെററാണ്, 10-ാം ക്ലാസ്സിലെ പുസ്തകത്തിലാണത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അത് റിവൈസ് ചെയ്യണം. റിവൈസ് ചെയ്യേണ്ട കാലത്ത് റിവൈസ് ചെയ്യേണ്ടതാണ്, അതിനാണ് അദ്ധ്യാപകർക്ക് ട്രെയിനിംഗ് കൊടുക്കുന്നത്. അങ്ങനെ ട്രെയിനിംഗ് കൊടുത്ത് അതാത് കാലത്ത് നീക്കം ചെയ്യണം. അതിന് വേണ്ടിയാണ് പരിഷ്കാരം വേണമെന്ന് ഞങ്ങൾ പറയുന്നത്. തെററിദ്ധരിപ്പിക്കുന്ന പ്രസ്താവന ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം നടത്തി. അത് ഖേദകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: I am on my legs. ഞാൻ സംസാരിക്കുകയാണ്. നമുക്ക് ആവശ്യമുള്ള കാര്യമാണ് ഞാൻ പറയുന്നത്. രാഷ്ട്രീയമൊന്നും ഞാൻ പറയുന്നില്ല. ഇവിടെ ഒന്നാം ക്ലാസ്സിലും അഞ്ചാം ക്ലാസ്സിലും ഡി. പി. ഇ. പി. ഇക്കൊല്ലം തന്നെ നിർത്തണം. എന്റെ നിയോജകമണ്ഡലത്തിൽ 21 സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ അഞ്ചു കുട്ടികളിൽ താഴെയാണ്. പാവപ്പെട്ടവന്റെ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ ഡി. പി. ഇ. പി. നിർത്തണം. ഞങ്ങൾക്ക് കശുവണ്ടി ഫാക്ടറിയുടെ വാതിൽക്കൽ സ്ത്രീകളെ പോയി കാണാനുള്ളതാണ്, ഞങ്ങൾക്ക് അങ്ങോട്ട് ചെല്ലണം. അതുകൊണ്ട് ഈ ഡി. പി. ഇ. പി. നിർത്തണം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട സി. കെ. നാണു ചോദിച്ചു ഏതെങ്കിലും കാലഘട്ടത്തിൽ കേരളത്തിൽ കെ. എസ്. ഇ. ബി. യും കെ. എസ്. ആർ. ടി. സി. യും ലാഭം ഉണ്ടാക്കിയിട്ടുണ്ടോ എന്ന്. എനിക്ക് അദ്ദേഹത്തിനോട് ഒന്നേ പറയാനുള്ളു, 1983-ലെയും 1984-ലെയും 1985-ലെയും Comptroller and Auditor ജനറലിന്റെ വിദ്യുച്ഛക്തി ബോർഡിനെപ്പറ്റിയുള്ള Audit Report ഒന്നു വായിച്ചുനോക്കണം. 1983-85 കാലഘട്ടങ്ങളിൽ വിദ്യുച്ഛക്തി ബോർഡ് ലാഭം ഉണ്ടാക്കിയിട്ടുണ്ട്. ഇനി ഒന്നു കൂടി പറയാം, ..........(ബഹളം)..........ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമല്ലോ, അക്കൗണ്ടന്റ് ജനറൽ അഡ്ജസ്റ്റ്മെന്റ്സ് ഒന്നും സമ്മതിക്കുകയില്ലെന്ന്. കോൺസ്റ്റിറ്റ്യൂഷണലായി സ്റ്റാറ്റ്യൂട്ടറി ഒബ്ളിഗേഷൻ നടത്തുന്നത് അക്കൗണ്ടന്റ് ജനറലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: കെ. എസ്. ആർ. റ്റി. സി. പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഞാൻ പറയാൻ പോവുകയാണ്. അങ്ങയുടെ കാര്യം കൂടി ചേർത്ത് പറയാൻ പോവുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്റെ കാര്യം പറയണ്ട, ഞാൻ ഇവിടെ ചെയറിൽ ഇരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 1993-94 കാലഘട്ടത്തിലെ ഓഡിറ്റർ ജനലറിന്റെ റിപ്പോർട്ട് ഒന്ന് വായിക്കണം. കെ. എസ്. ആർ. റ്റി. സി. ലാഭം ഉണ്ടാക്കി എന്നുമാത്രമല്ല, ഇൻഡ്യയിലെ പ്ലാനിംഗ് കമ്മീഷൻ അന്ന് സംസ്ഥാനങ്ങൾക്ക് ഒരു സർക്കുലർ അയച്ചു, ഇങ്ങനെയൊരു കെ. എസ്. ആർ. റ്റി. സി. യുണ്ട്, നിങ്ങൾ അവിടെപ്പോയി അതിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കണം. 1993, 1994 ഈ രണ്ടു വർഷവും, ഐക്യജനാധിപത്യ മുന്നണിയുടെ കാലത്ത് കെ. എസ്. ആർ. റ്റി. സി. ലാഭമായിരുന്നു. നമ്മൾ കണ്ണ് തുറന്ന് കാര്യങ്ങൾ കാണണം. ഇനിയും ഈ സംസ്ഥാനത്ത് Public Utility Services ലാഭകരമാക്കാൻ കഴിയും. അതുകൊണ്ട് നമ്മൾ വസ്തുതകൾ പറയുമ്പോൾ അന്ന് അതിന്റെ ചുമതല വഹിച്ച ആളെന്നുള്ള നിലയിൽ ഞാനിവിടെയിരുന്ന് അതിനൊരു മറുപടി പറയാതെ പോകുന്നത് ശരിയല്ല. അതുകൊണ്ട് മാത്രം ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞതാണ്. നിങ്ങൾ എന്ത് വേണമെങ്കിലും പറഞ്ഞോളു, പക്ഷേ സത്യം ഇതാണ്. അതുകൊണ്ട് ഈ സംസ്ഥാനത്ത് പണച്ചെലവ് ഇല്ലാതെ ശ്രീ. ബഷീർ നേരത്തെ ഇവിടെ പറഞ്ഞതുപോലെ നടത്താൻ കഴിയുന്ന കാര്യങ്ങൾ ഈ ഗവൺമെന്റ് നടത്തണം എന്ന് വീണ്ടും അഭ്യർത്ഥിച്ചുകൊണ്ട് ഗവർണ്ണർ പ്രസംഗിക്കാത്തതിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന് ഒന്നുകൂടി പിൻതുണ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ കെ. സി. ജോസഫ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ മുൻപിൽ വച്ച് ഒരു പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ മൽസരിച്ച് ഭരണത്തിലേറിയ യു.ഡി.എഫ്. ആ യു. ഡി. എഫ്. ഗവൺമെൻറിനുവേണ്ടി ഗവർണ്ണറെക്കൊണ്ട് ഒരു നയ പ്രഖ്യാപന പ്രസംഗം നടത്തി. ആ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രകടന പത്രികയോട് നീതി പുലർത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആദ്യം മുതിരുന്നത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥിതിയാകെ തകർന്നിരിക്കുന്നു. അതുകൊണ്ട് പുതുതായി ഒന്നും ഞങ്ങൾക്ക് ചെയ്യാൻ നിവൃത്തിയില്ല, ജനങ്ങളെ ശിക്ഷിക്കാൻ മാത്രമേ തുടക്കത്തിൽ കഴിയുകയുള്ളു വെന്നുള്ള നിലയിൽ നമ്മുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താനുള്ള കാതലായ ഒരു പരിശ്രമവും ഈ നയപ്രഖ്യാപനത്തിൽ ഇല്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വച്ച് പ്രകടന പത്രികയിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് അവർക്ക് വലിയ ബോദ്ധ്യമുണ്ടായിരുന്നു. ആ പ്രകടന പത്രികയിൽ അവർ പറഞ്ഞത് എന്താണ്? 27,000 കോടി രൂപയുടെ പൊതുകടവും 4,000 കോടി രൂപയുടെ കമ്മിയും നമ്മുടെ സംസ്ഥാനത്തിനുണ്ട്. അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗങ്ങൾ സാമ്പത്തിക വിദഗ്ധൻമാരുമായി ചർച്ച ചെയ്ത് യു ഡി. എഫ്. കണ്ടെത്തിയിട്ടുണ്ട്, ആ പരിപാടികളെല്ലാം ഞങ്ങൾ ചെയ്യും, അതനുസരിച്ച് ഇവിടത്തെ വികസന പ്രവർത്തനങ്ങൾ നടത്തുമെന്നാണ് പ്രകടന പത്രികയിൽ പറഞ്ഞത്. പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ മറന്നുകൊണ്ടാണ് നയപ്രഖ്യാപനം നടത്തിയിട്ടുള്ളത്. നിങ്ങൾ സാമ്പത്തിക വിദഗ്ധൻമാരുമായി നടത്തിയ ചർച്ചകളിലൂടെയുള്ള പരിഹാരമാർഗ്ഗങ്ങളൊന്നും ഇതിൽ കാണുന്നില്ല. കൃഷിക്കാരെ, റബ്ബർ കൃഷിക്കാരെ സഹായിക്കാൻവേണ്ടി എന്താണ് നിങ്ങൾ പ്രകടന പത്രികയിൽ പറഞ്ഞത്? മിച്ചമുള്ള റബ്ബർ മുഴുവൻ ബഞ്ച് മാർക്ക് പ്രൈസിന് നിങ്ങൾ പ്രൊക്യൂർ ചെയ്യുമെന്ന് പറഞ്ഞു. പക്ഷേ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്, റബ്ബറിന്റെ വില കൃഷിക്കാരന് ലാഭകരമല്ലാത്ത ഒരു വിലയിലേക്ക് പോയാൽ ലാഭകരമായ വിലയിൽ ഞങ്ങൾ സംഭരിക്കുമെന്നാണ്. നിങ്ങൾ സംഭരണം തുടങ്ങിയിട്ടുണ്ടോ? ഇപ്പോൾ കൃഷിക്കാരന് കിട്ടുന്ന തുക ലാഭകരമാണെന്ന നിലപാടാണോ യു.ഡി.എഫ്.-ന് കേരളാ കോൺഗ്രസ്സിന് (കേരളാ കോൺഗ്രസ് മൂന്ന് വിഭാഗമുണ്ടല്ലോ) ഉള്ളത്. ഇവിടെ സാമ്പത്തിക ബുദ്ധിമുട്ടിനെ സംബന്ധിച്ച് പ്രകടന പത്രികയിൽ പറയുമ്പോഴും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ എൽ. ഡി. എഫ്. ഗവൺമെൻറിന്റെ ഭരണത്തിന് കീഴിൽ ഈ നാട്ടിൽ നടന്ന വികസനത്തെ സംബന്ധിച്ച് ഒരക്ഷരം പറയാൻ നിങ്ങൾക്ക് തോന്നിയോ? ഇല്ലല്ലോ? ഈ എൽ. ഡി. എഫ്. ഗവൺമെൻറിന് മുൻപുണ്ടായിരുന്ന കഴിഞ്ഞ അഞ്ചുവർഷക്കാലം യു. ഡി. എഫ്. ഭരിച്ചപ്പോൾ ആകെ പദ്ധതിയിനത്തിൽ 5815 കോടി രൂപ ചെലവാക്കിയപ്പോൾ എൽ. ഡി. എഫ്. ഗവൺമെന്റ് ഭരിച്ച അഞ്ച് വർഷത്തിനിടയിൽ ഇപ്പോൾ നിങ്ങൾ മാററി വച്ചിരിക്കുന്ന ജനകീയാസൂത്രണത്തിന്റെ നാലാം ഗഡു ഒഴിവാക്കിയാൽ പോലും 15,401 കോടി രൂപ പദ്ധതിയിനത്തിൽത്തന്നെ ചെലവഴിച്ചുകഴിഞ്ഞു വെന്നുള്ളതാണ് ഇവിടത്തെ കണക്ക്. ആരും നിഷേധിക്കാത്ത കണക്കാണ്. പദ്ധതിയിനത്തിൽ ഏതാണ്ട് മൂന്നിരട്ടിയോളം ചെലവ് വരുത്തിയതിനു ശേഷവും, അതിനനുസരിച്ച് ഇവിടെ വികസന പ്രവർത്തനങ്ങൾ നടത്തി അസററ് വർദ്ധിപ്പിച്ചതിനുശേഷവും നമ്മുടെ കമ്മി നിങ്ങൾ ഉണ്ടാക്കിയ

1,000 കോടിയിൽ നിന്നും 4,000 കോടിയായി മാത്രമേ വർദ്ധിച്ചുള്ളൂ. എല്ലാ മേഖലയിലും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിനാൽ ആ വികസന പ്രവർത്തനങ്ങളുടെ വലിപ്പത്തിന് അനുസരണമായ കമ്മി മാത്രമാണ് ഇവിടെ ഉണ്ടായിട്ടുള്ളതെന്ന് കാണാൻ കഴിയും. ഏത് മേഖലയിലാണ് വികസനം നടക്കാത്തത്? ഇവിടെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ അഭിനന്ദിച്ചല്ലോ; എന്തിന്? വിദേശ മലയാളികളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രത്യേകമായി ഒരു മന്ത്രിയെ വച്ചു. ആരാണ് വിദേശ മലയാളികൾക്കുവേണ്ടി, കേരളത്തിനു പുറത്തുള്ള ആളുകൾക്കുവേണ്ടി, അവരുടെ സംരക്ഷണത്തിനുവേണ്ടി പ്രവാസി വകുപ്പ് രൂപീകരിച്ചത്? ആദ്യമായിട്ട് എൽ. ഡി. എഫ്. ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേതൃത്വം കൊടുത്തുകൊണ്ട് ആ വകുപ്പ് കൈകാര്യം ചെയ്തു. വിദേശ മലയാളികളുടെ, കേരളത്തിന് പുറത്തുള്ള മലയാളികളുടെ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിച്ചു.

സർ, അതുപോലെതന്നെ ഐ. ടി. വികസനം. വിവര സാങ്കേതികവിദ്യയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അതിന് മുൻതൂക്കം നൽകാൻ വേണ്ടി ഐ. ടി. വകുപ്പിന് രൂപം കൊടുത്തു. മുഖ്യമന്ത്രിയുടെ തന്നെ നേരിട്ടുള്ള മേൽനോട്ടത്തിൽ ആ വകുപ്പ് രൂപീകരിച്ചത് കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റാണ്. നിങ്ങൾ ഭരിച്ച് അവസാനം പോകുമ്പോൾ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് 3900 കുട്ടികൾക്കാണ് എഞ്ചിനീയറിംഗ് പഠിക്കാൻ അവസരമുണ്ടായിരുന്നതെങ്കിൽ എൽ. ഡി. എഫ്. ഗവൺമെന്റ് ഭരിച്ച് പോകുമ്പോൾ അത് 9300 ആയി വർദ്ധിച്ചു. മാത്രമല്ല, ഇനിയും 2500 കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം എ. ഐ. സി. റ്റി. ഇ.-യിൽ നിന്ന് വാങ്ങി നിങ്ങളെ ഏൽപ്പിച്ചുകൊണ്ടാണ് ഞങ്ങൾ പോയത്. ഇവിടെ പറഞ്ഞല്ലോ ഹഡ്കോയ്ക്ക് പണം മടക്കി കൊടുക്കാനുള്ളത് ഹൗസിംഗ് ബോർഡാണെന്ന്. ആണോ? ഈ 202 കോടി രൂപ ഹൗസിംഗ് ബോർഡ് അല്ല ഹഡ്കോയ്ക്ക് കൊടുക്കാനുള്ളത്. ഹൗസിംഗ് ബോർഡ് നൽകാനുള്ളത് വെറും 59 കോടി രൂപ മാത്രമേയുള്ളൂ. മൈത്രി ഭവന നിർമ്മാണ പദ്ധതിയുടേതുൾപ്പെടെ കൊടുക്കാനുള്ളത് വെറും 59 കോടി രൂപയേയുള്ളൂ. അത് 202 കോടി രൂപയുണ്ടെന്ന് വരുത്തി. അപ്പോൾ വീട് എത്രയാണ്? നിങ്ങൾ ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി 8500 വീട് അഞ്ചുകൊല്ലംകൊണ്ട് പൂർത്തിയാക്കിയപ്പോൾ ഞങ്ങൾ ഹൗസിംഗ് ബോർഡ് മുഖേന മൂന്നേകാൽ ലക്ഷം വീടുകളാണ് തീർത്തത്. കേരളത്തിലാകെ ആറരലക്ഷം വീടുകളാണ് പാവപ്പെട്ടവർക്കുവേണ്ടി, ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി നിർമ്മിച്ചത്. അങ്ങനെ ഓരോ രംഗത്തും വികസനം ഉറപ്പുവരുത്തി. ഇവിടെ ഞങ്ങൾ സ്വീകരിച്ച ഒരു സമീപനം, ജനങ്ങൾക്ക് എന്താണ് ആവശ്യമെന്ന് നോക്കി ചെയ്തു. നിങ്ങൾ ഇപ്പോൾ എന്താണ് പറയുന്നത്? പദ്ധതി കട്ട് ചെയ്യുമെന്നാണ് നിങ്ങൾ പറയുന്നത്. ചെരുപ്പിന്റെ അളവിന് അനുസരിച്ച് കാൽ മുറിക്കുന്ന സമീപനമല്ലേ നിങ്ങൾ സ്വീകരിക്കുന്നത്? കേരളത്തിലെ ജനങ്ങൾക്ക് എന്താണ് ആവശ്യം, കേരളത്തിന്റെ വികസനത്തിന് എന്താണ് ആവശ്യമെന്ന് നോക്കി പദ്ധതികൾ തയ്യാറാക്കാൻ, അതിനാവശ്യമായ ധനസമാഹരണം നടത്താൻ ശ്രമിക്കുന്നതിനു പകരം ഞങ്ങൾക്ക് പണമില്ല, ഞങ്ങൾക്ക് കിട്ടിയ ചെരുപ്പിന്റെ വലിപ്പം കുറഞ്ഞുപോയി, അതുകൊണ്ട് കാൽ മുറിക്കുമെന്നുള്ള നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ഉത്തമ ഭാവിയെ സംബന്ധിച്ച്, കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ഭാവിയെ സംബന്ധിച്ച് തെല്ലെങ്കിലും ആകാംക്ഷയുള്ള ഒരു ഭരണകക്ഷി സ്വീകരിക്കുന്ന സമീപനമല്ല ഇത്. ഇത് വികസന വിരുദ്ധ സമീപനമാണ്, കേരളത്തിലെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്കുനേരെ മുഖം തിരിഞ്ഞുനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിഷേധാത്മകമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ആ നിലയിൽ കേരളത്തിലെ ജനങ്ങളെ മറന്നുകൊണ്ട്, കേരളത്തിന്റെ പ്രശ്നങ്ങളെ മറന്നുകൊണ്ട് അവ പരിഹരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ ഒരു പരിപാടിയുമില്ലാത്ത ഈ നയപ്രഖ്യാപനത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. അനുകൂലിക്കാൻ പല കാരണങ്ങളുണ്ട്. നിങ്ങൾ ഇതിനെ എതിർക്കുന്നുവെന്നുള്ളതാണ് ഒന്നാമതായി ഞാൻ ഇതിനെ അനുകൂലിക്കാൻ കാരണം. ഒരു ഭരണമൊക്കെ കഴിഞ്ഞ്, സദ്യ ഉണ്ടിട്ട് ഏമ്പക്കം വിട്ട രീതിയിൽ ചാരിയിരുന്ന് സുഖിക്കുകയാണ് ഒരു ഭാഗത്തുള്ള ആളുകൾ. കഴിഞ്ഞ ഭരണകാലത്ത് ചെയ്തത് എന്താണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, പാട്ടം പിടിച്ച ഭൂമി മടക്കിക്കൊടുക്കുമ്പോൾ മൂപ്പിറക്കുക എന്നുള്ള ഒരു ഏർപ്പാട് പണ്ട് ഉണ്ടായിരുന്നു. വെള്ളയ്ക്ക വരെ അറിഞ്ഞ് അത് മുടിക്കാൻ വേണ്ടി ഒരു മൂപ്പിറക്ക് പദ്ധതി പണ്ട് ഉണ്ടായിരുന്നത് ഇപ്പോൾ നടപ്പാക്കിയത് നിങ്ങളാണ്. എന്നിട്ട് ഇപ്പോൾ ഇവിടെ ഇരുന്ന് മൂപ്പ് അളക്കുകയാണ്. കഴിഞ്ഞ ഭരണം എങ്ങനെയായിരുന്നു, നിങ്ങൾക്ക് അനുകൂലമാണോയെന്ന് നമുക്ക് ഇവിടെ റോഡിൽ ഇറങ്ങി ആളുകളോട് ചോദിക്കാം. പത്ത് കിലോമീറ്റർ നടന്ന് പത്ത് ആളുകളെക്കൊണ്ട് അനുകൂലമാണെന്ന് പറയിക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങളുടെ കൂടെ ചേരാൻ ഞാൻ തയ്യാറാണ്. പക്ഷെ ഇവിടെ വന്നിരുന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. നാട്ടിൽ പറയണം. ഈ നാട്ടിൽ എല്ലാവരും മിടുക്കൻമാരായി നിയമസഭയിൽ വന്ന് വലിയ വാചകമടിക്കും. പക്ഷെ ഇതിനൊന്നിനും നാട്ടിലുള്ള ആളുകൾക്ക് പ്രതികരിക്കാനോ അത് അനുഭവിക്കാനോ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട ഡോക്ടർ കെ. സി. ജോസഫ് ഉഗ്രനായി ഇവിടെ കത്തിക്കയറിയപ്പോൾ ഞാൻ ഓർത്തുപോയി, കഴിഞ്ഞ അഞ്ചുവർഷമായി ഒരു പൈസപോലും എന്റെ നിയോജകമണ്ഡലത്തിലെ റോഡുകൾക്കുവേണ്ടി ചെലവാക്കിയിട്ടില്ല എന്നുള്ളത്. മുട്ടൻ കുഴികളാണ് റോഡിൽ. അതിൽ ആന വീണാലും കാണുകയില്ല. വളരെ സമഗ്രമായ രീതിയിൽ ഈ നാടിനുവേണ്ടി അടിസ്ഥാനപരമായ കാര്യങ്ങൾ ചെയ്തുവെന്നാണ് അവകാശപ്പെടുന്നത്. എന്ത് അടിസ്ഥാനം? മണ്ണുമില്ല, കല്ലുമില്ല. ഒന്നുമില്ല. പ്രതിപക്ഷാംഗങ്ങളുടെ ഒരു നിയോജകമണ്ഡലത്തിലും വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു പൈസപോലും ചെലവഴിക്കാതെ ആളുകളെക്കൊണ്ട് പുലഭ്യം പറയിപ്പിക്കുന്ന രീതിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. മറ്റൊന്നും ഞാൻ പറയുന്നില്ല. അടിസ്ഥാനപരമായി ഒരുപാട് വികസനമുണ്ടായി എന്ന് ഇവിടെ ശ്രീ. നാണു പറഞ്ഞു. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ ട്രാൻസ്പോർട്ടിൽ ലാഭമുണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് ബാലകൃഷ്ണപിള്ളയും നാരായണക്കുറുപ്പും മന്ത്രിമാരായിരുന്ന കാലത്ത് മാത്രമാണ്. അത് നിങ്ങൾ പരിശോധിച്ചു നോക്കിയാൽ മാത്രം മതി. ഞങ്ങൾ ഭരിച്ചിരുന്ന കാലത്തെപ്പറ്റി, പ്രത്യേകിച്ച് എന്റെ കാലത്തെപ്പറ്റി എനിക്കറിയാം. അന്നുണ്ടായിരുന്ന ട്രാൻസ്പോർട്ട് ജീവനക്കാരിൽ ആരോടെങ്കിലും നാരായണക്കുറുപ്പിന്റെ ഭരണം എങ്ങനെയായിരുന്നുവെന്ന് ചോദിച്ചാൽ അവൻ എതിര് പറഞ്ഞാൽ ഞാൻ സമ്മതിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കുറുപ്പ് സാർ, ഒന്ന് മനസിലാക്കണം. ട്രാൻസ്പോർട്ട് ജീവനക്കാർക്ക് പെൻഷൻ കൊടുത്തത് എപ്പോഴാണെന്നുള്ളത് അങ്ങ് മറന്നാണോ സംസാരിക്കുന്നത്; അങ്ങ് ട്രാൻസ്പോർട്ട് മന്ത്രിയായിരുന്ന ആളല്ലേ: അങ്ങയുടെ കാലത്ത് അത് നടന്നില്ലല്ലോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: തലയിൽ കെട്ടിയ തുണികൊണ്ട് നാണം മറയ്ക്കാൻ കഴിയാത്തതുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അഭിപ്രായത്തെപ്പററി ഒന്നും പറയുന്നില്ല. തലയിൽ കെട്ടിയതുകൊണ്ട് നാണം മറയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് മന്ത്രിയായിരുന്ന കാലത്ത് ധാരാളം ഉറപ്പുകൾ കൊടുത്തപ്പോൾ അത് കുറുപ്പിന്റെ ഉറപ്പുപോലയായി എന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉറപ്പുള്ള കുറുപ്പിന്റെ ഉറപ്പുപോലെയായി. 1979 വരെയുള്ള, ഞാൻ ഭരിച്ച, മൂന്നു വർഷക്കാലം ഏതെങ്കിലും ഒരൊററ ജീവനക്കാരനെക്കൊണ്ട് ഭരണം മോശമായിരുന്നുവെന്നോ ഞങ്ങൾക്ക് ആനുകൂല്യങ്ങൾ തന്നില്ലെന്നോ ഞങ്ങളെ കഷ്ടപ്പെടുത്തിയെന്നോ പറയാൻ കഴിയുമെങ്കിൽ അങ്ങയോടൊപ്പം ഞാൻ അവിടെ വന്നിരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇവിടെ വന്ന് വീമ്പിളക്കും. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന മെമ്പർമാർ ഞാൻ ഭരിച്ചപ്പോൾ, ഞാൻ ഭരിച്ചപ്പോൾ എന്നു പറയുന്നു. പാവപ്പെട്ടവന്റെ വയറ് ഇപ്പോഴും ഒട്ടിയാണ് കിടക്കുന്നത്. ആർക്കും ഒരു കൊച്ചു കാശ് ഉണ്ടാക്കി കൊടുക്കാൻ അവർക്ക് കഴിഞ്ഞില്ല. വിദ്യാഭ്യാസത്തെപ്പററി ഇവിടെ പറഞ്ഞു. വിവരമില്ലാത്ത ആളുകൾ വിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ പുച്ഛം തോന്നുകയാണ്. ഈ രാജ്യത്ത് ഒരിഞ്ചു പോലും വിദ്യാഭ്യാസത്തെ വളർത്താൻ കഴിഞ്ഞ അഞ്ചുകൊല്ലത്തെ ഭരണംകൊണ്ട് ബഹുമാനപ്പെട്ട ജോസഫിന്റെ പാർട്ടിക്കാർക്ക് കഴിഞ്ഞില്ല. വിദ്യാഭ്യാസത്തെ പററി ഇവിടെ ഊററം കൊള്ളുന്നത് കണ്ടു. എവിടെയാണ് വിദ്യാഭ്യാസം നന്നായത്. ഒരിടത്തും നന്നായിട്ടില്ല. പക്ഷേ അവനവൻ ചെയ്തത് ഇവിടെ പറയാം. നാട്ടിൽ ഇറങ്ങി പറയാൻ കഴിയില്ല. എല്ലാവരും, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന മെമ്പർമാർ ഭരണ നേട്ടത്തെപ്പററി പറയുമ്പോൾ പാവപ്പെട്ടവന്റെ വയറിനെപ്പററി ഓർക്കുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. ഇവിടെ ഒരുപാട് കുഴപ്പങ്ങളുണ്ട്. എല്ലാ കുഴപ്പങ്ങളും മുൻ ഗവൺമെന്റ് വരുത്തിയതാണെന്ന് ഞാൻ പറയുന്നില്ല. എങ്കിലും അതിൽ ഭീമമായിട്ടുള്ള ഉത്തരവാദിത്വം മുൻഗവൺമെന്റ് വഹിക്കേണ്ടതുണ്ട്. അതൊക്കെ മൂടിവച്ചുകൊണ്ട് ഒരു നേര്യത് ഇട്ട് പുതപ്പിക്കുകയാണ്. നേര്യത് ഇട്ട് പുതപ്പിച്ചാൽ ഇതൊക്കെ മറയ്ക്കാൻ കഴിയുമോ? പിന്നെ മുകളിൽ ഇത് കിടക്കുന്നു എന്നുപറയാം. അല്ലാതെ വേണ്ടപ്പെട്ടതൊന്നും മറയ്ക്കാൻ കഴിയില്ല. ആ രീതിയിൽ ഈ രാജ്യത്തുള്ള ആളുകളുടെ കഷ്ടപ്പാടുകൾ ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതിപക്ഷത്തുള്ള ആളുകൾ പറയേണ്ട കാര്യമില്ല. ഇവിടെ ധവളപത്രം ഇറക്കിയതിനെപ്പററി ഘോരഘോരം എതിർത്തത് കേട്ടു. എന്താണ് കുഴപ്പം? ഞങ്ങൾ ചെയ്യാൻ പോകുന്നതും ഇന്ന് രാജ്യത്തുള്ള സ്ഥിതിയും ഇതാണ് എന്നു പറഞ്ഞത് മാത്രമേയുള്ളു. അതിനെതിരായി നിങ്ങൾ പറയുന്നതിനോട് ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ ഇതൊക്കെ കൈവശമുണ്ടായിരുന്നുവെങ്കിൽ അതങ്ങ് പ്രയോഗിച്ചാൽ മതിയായിരുന്നു. ഇങ്ങനെ ഇങ്ങനെയൊക്കെ അന്ന് ചെയ്യാമായിരുന്നുവെന്ന് ഇപ്പോൾ പറയുന്നതിനേക്കാൾ ഭേദം ഭരണത്തിലുണ്ടായിരുന്നപ്പോൾ അത് പ്രയോഗിച്ചിരുന്നെങ്കിൽ സംഗതി എത്ര ക്ലീനായിരുന്നേനെ എന്നോർത്തുപോകുകയാണ്. അതൊന്നും ചെയ്യാതെ ഇവിടെ വന്ന് ഒന്നിനുപകരം മറെറാന്ന് പറഞ്ഞുകൊണ്ട് ഞങ്ങൾ പറയുന്നത് തെററാണെന്ന് സമർത്ഥിക്കാൻ തുനിയുന്നതിനുപകരം ചെയ്യുന്ന കാര്യങ്ങൾ ശരിയാണെങ്കിൽ അത് അംഗീകരിച്ചുകൂടെ? നിങ്ങൾ പറഞ്ഞ നല്ല കാര്യങ്ങൾ ഞങ്ങൾ അംഗീ

LIBRARY ARCHIVES Kerala Legislative Assembly

കരിച്ചിട്ടുണ്ട്. ഏതു കാര്യവും ചെയ്തത് കോൺഗ്രസാണെങ്കിൽ ചെയ്തത് മുസ്ലീം ലീഗാണെങ്കിൽ അതിനെ എതിർക്കുക എന്നുള്ള ഒരു നയമല്ല വേണ്ടത്. ആവശ്യത്തിലേറെ പണം ചെലവാക്കി, വേണ്ട സംവിധാനങ്ങളൊക്കെ രാജ്യത്ത് ഉണ്ടാക്കിയിട്ടും രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി നല്ല കാര്യങ്ങൾ യാതൊന്നും ചെയ്യാൻ കഴിയുന്നില്ല. നിങ്ങളുടെ മൂച്ച് പരിശോധിക്കാൻ ഇത്ര മനോഹരമായിട്ടുള്ള ഈ നിയമസഭാതലം ഉപയോഗിക്കേണ്ട കാര്യമുണ്ടോ? കഴിഞ്ഞ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ മോശമാണെന്ന് ഇവിടെ ഗവർണ്ണർ പറഞ്ഞില്ല. അദ്ദേഹത്തിന് പറയാൻ ഒക്കുകയില്ല. ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങൾ ഇന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഏതാണ് അതിൽ മോശം. കാർഷികമായിട്ടുള്ള, വ്യാവസായികമായിട്ടുള്ള കാര്യങ്ങളെപ്പററി മോശമായിട്ടുള്ള വല്ലതും പറഞ്ഞിട്ടുണ്ടോ? എങ്കിലും ഇന്നത്തെ എ. കെ. ആന്റണി മന്ത്രിസഭ കൊണ്ടുവന്നത് അപ്പാടെ അംഗീകരിച്ചാൽ ഏതാണ്ട് കുറവ് സംഭവിക്കുമെന്നാണ് ധാരണ. അങ്ങനെ ഒന്നുമില്ല. നല്ല കാര്യങ്ങൾ ആരുപറഞ്ഞാലും ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞാലും ഞാൻ സർവാത്മനാ പിൻതാങ്ങാൻ തയ്യാറാണ്. നല്ലതായിരിക്കണമെന്ന് മാത്രമേയുള്ളൂ. ഞാൻ ദീർഘമായി ഒന്നും പറയുന്നില്ല. എന്തുപറഞ്ഞാലും അവർ എതിർക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു. അങ്ങയെപ്പോലെയുള്ള ആളുകൾ നിയന്ത്രിക്കണം.

ശ്രീ. കെ. നാരായണക്കുറുപ്പ്: വ്യാവസായിക, കാർഷിക മേഖലകളിലെ നിയന്ത്രണങ്ങളിൽ അവർക്ക് എതിർപ്പില്ല. എവിടെയാണ് കുഴപ്പം എന്ന് മനസ്സിലാകുന്നില്ല. ഈ ഗവൺമെന്റ് ഭരണത്തിൽ വന്ന് ഒരു ധവളപത്രം അവതരിപ്പിച്ചതിലാണോ തെററ്? ഇന്നതൊക്കെ ഞങ്ങൾ ചെയ്യും, ഇന്നതൊക്കെയേ ഞങ്ങൾ ചെയ്യുന്നുള്ളൂ എന്നു പറഞ്ഞു. ഒരു കണ്ണാടിയിൽ എന്നപോലെ കഴിഞ്ഞ കാലങ്ങളിൽ ചെയ്തതൊക്കെ കാണിക്കാൻ ഒരവസരമുണ്ടാക്കിത്തന്നത് തെററായിപ്പോയി എന്നു പറഞ്ഞ് അവഗണിക്കാനൊക്കുമോ? ഇവിടെ നമ്മൾ ഇണങ്ങാനാണ് വന്നത്. പിണങ്ങാനല്ല. ഈ നിയമസഭ മനുഷ്യരെ ബോധവൽക്കരണം നടത്താനുള്ള സഭയാണ്. വ്യാവസായിക മേഖലയെപ്പററിയും ഇലക്ട്രിസിററിയെപ്പററിയുമെല്ലാം ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള പറഞ്ഞതിനോട് എനിക്കും യോജിപ്പാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങളെ പററിയൊക്കെ ആത്മാർത്ഥമായി ആലോചിക്കേണ്ടതാണ്. നമുക്ക് ഇന്നത്തെ നേട്ടങ്ങളെല്ലാം കിട്ടിയത് എങ്ങനെയാണെന്ന് അദ്ദേഹം പറഞ്ഞു. ആ നേട്ടങ്ങളെല്ലാം ഒരുപക്ഷേ ഈ ഭാഗത്തുള്ള ആളുകൾ ചെയ്തിട്ടാകാം, അല്ലെങ്കിൽ ആ ഭാഗത്തുള്ള ആളുകൾ ചെയ്തിട്ടാകാം. അതു മുഴുവൻ തെററ്, ഇതു മുഴുവൻ ശരി എന്നു വ്യാഖ്യാനിക്കുന്ന ആ മുടന്തൻ ന്യായം 2001 ആയപ്പോഴെങ്കിലും ഉപേക്ഷിക്കാൻ കഴിയേണ്ടതായിരുന്നു എന്നു മാത്രം പറഞ്ഞുകൊണ്ട് ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ നന്ദി പ്രമേയത്തെ ഞാൻ സർവാത്മനാ പിന്താങ്ങുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇവിടെ ചർച്ച ചെയ്യുന്ന നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നു കഴിഞ്ഞാൽ ഗവർണ്ണർ ആദ്യത്തെ നയപ്രഖ്യാപനം നടത്തുമ്പോൾ അധികാരത്തിലുള്ള ഭരണമുന്നണിയുടെ രാഷ്ട്രീയനയം അതിൽ ഇതായിരിക്കുമെന്നാണ് ഏറെക്കുറെ പറയാറ്. ആ നയത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നടത്താൻ പോകുന്ന ഭരണരംഗത്തുള്ള മാററങ്ങളുടെ ഒരു നീണ്ട പട്ടികയും പറയും. എന്നാൽ ഈ യു. ഡി. എഫ്. ഗവൺമെന്റ് ഗവർണ്ണറെ കൊണ്ട് ഇവിടെ പ്രസംഗിപ്പിച്ചത് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ചാണ്. അല്ലാതെ ഇന്ത്യയിലെ രാഷ്ട്രീയത്തെക്കുറിച്ചോ ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുടെ ഫലമായി ഒരിക്കലും കരകയറാൻ കഴിയാത്ത രീതിയിൽ നാം എത്തപ്പെട്ടിട്ടുള്ള സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചോ ഒന്നും പറഞ്ഞില്ല. ഈ നയപ്രഖ്യാപനത്തിൽ ഗവർണ്ണറെക്കൊണ്ട് അത് പറയിപ്പിക്കേണ്ടതായിരുന്നു. സ്വാഭാവികമായും അതെല്ലാം ചർച്ച ചെയ്യപ്പെടേണ്ടതാണ്. എന്തുകൊണ്ട് ഐക്യജനാധിപത്യമുന്നണി രാഷ്ട്രീയനയങ്ങളെക്കുറിച്ച് പറയുന്നില്ലായെന്ന് ചോദിച്ചാൽ, നയമില്ലാത്ത, വ്യക്തമായ പരിപാടിയില്ലാത്ത, നിഷേധാത്മക രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ വൈകാരിക ബന്ധമുണ്ടാക്കിയ ഒരു പ്രതിപക്ഷം എന്ന നിലയിൽ ചില പ്രത്യേകമായ സാഹചര്യത്തിൽ അവർക്ക് അധികാരത്തിൽ വരാനുള്ള സാഹചര്യം നിലനിന്നു. ഇവിടെ വിമോചന സമരം നടന്നശേഷം ഈ സംസ്ഥാനത്തുണ്ടായ ആദ്യത്തെ തിരഞ്ഞെടുപ്പിന്റെ ഒരു അനുകരണമായിരുന്നു ഈ തിരഞ്ഞെടുപ്പെന്ന് നമുക്കറിയാം. ഒരു രാജ്യത്ത് ഒരു ഭരണകൂടത്തിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നത് സമാധാന ജീവിതവും മതസൗഹാർദ്ദവും ഭരണ രംഗത്ത് എല്ലാവരെയും ഒരുപോലെ കാണുന്ന സമീപനവുമാണ്. എന്നാൽ ഈ തിരഞ്ഞെടുപ്പുവേളയിൽ അപ്പുറത്തിരിക്കുന്ന അംഗങ്ങളെ അധികാരത്തിലെത്തിച്ച വിവാദങ്ങളെയും താൽപ്പര്യങ്ങളെയും സംബന്ധിച്ചിടത്തോളം നമുക്ക് ഒരു കാരണവശാലും സന്തോഷത്തോടുകൂടി കാണാൻ കഴിയുകയില്ല. ഞങ്ങൾ പരാജയപ്പെട്ടത് വേറെ കാര്യം, നിങ്ങൾ ജയിച്ചത് വേറെ കാര്യം. ഐക്യജനാധിപത്യമുന്നണിയുടെ മാനിഫെസ്റ്റോയിൽ കള്ളുവ്യവസായ സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് അഭിപ്രായം പറഞ്ഞിട്ടുണ്ട്. പക്ഷേ രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉയർന്നു വന്നു. അതുകൊണ്ടാകണം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അത് മാററി വയ്ക്കപ്പെട്ടത്. പൊതുമേഖലാസ്ഥാപനങ്ങൾ ഈ സംസ്ഥാനത്ത് ആവശ്യമില്ലെന്ന് തോന്നുന്ന രീതിയിലാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും കേന്ദ്ര നയമായിരിക്കാം. പക്ഷേ ആ നയത്തോട് ഈ സംസ്ഥാന ഗവൺമെന്റിന് ഒരിക്കലും അനുകൂലിക്കാൻ കഴിയുകയില്ല. നമുക്കൊരു പൈതൃകമുണ്ട്. പണ്ഡിററ് ജവഹർലാൽ നെഹ്റുവും ഒരു പരിധി വരെ ശ്രീമതി ഇന്ദിരാ ഗാന്ധിയും തുടർന്നുപോന്ന ബാങ്ക് നാഷണലൈസേഷൻ വരെയുള്ള രാഷ്ട്രീയമായ സമീപനത്തെ കോൺഗ്രസ് (ഐ) കൈവിട്ടു. കാരണം ഈ ഐക്യജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം അടിമപ്പെട്ടു പോയിട്ടുള്ള രാഷ്ട്രീയ അപഥസഞ്ചാരത്തിന്റെ ദുർഭഗസന്തതികളാണ്. അത് രാജ്യത്തിന് ഗുണകരമാണെന്ന് കരുതുന്നില്ല. ഞാൻ ഈ നയപ്രഖ്യാപന പ്രസംഗം വായിച്ചുനോക്കി, പല വ്യവസായങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. എന്നാൽ ശ്രീ. എ. കെ. ആന്റണി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റോ പാർട്ടിയോ ഖാദി വ്യവസായത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. ഇന്ന് അവരുടെ സംസ്ഥാന അദ്ധ്യക്ഷന്റെ പ്രസംഗം പത്രത്തിൽ കണ്ടു. ഖാദി കൂടുതൽ ചെലവ് വരുന്നതുകൊണ്ടാണോയെന്ന് എനിക്കറിയില്ല. നയപ്രഖ്യാപന പ്രസംഗത്തിൽ നിന്നും ഖാദിയെ പൂർണ്ണമായി അവഗണിച്ചിരിക്കുന്നു. അതൊരു ഘടകമാണ്. കാരണം രാഷ്ട്രീയമില്ലാത്ത, രാഷ്ട്രീയ സമീപനമില്ലാത്ത ഒരു ഗവൺമെന്റ് കേരളം പോലുള്ള സംസ്ഥാനത്ത് ഒരു കാരണവശാലും ഗുണം ചെയ്യുകയില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനം ഈ അടുത്ത ദിവസങ്ങളിൽ തന്നെ ജനങ്ങൾക്ക് ഭയമുണ്ടാക്കുന്ന രീതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികളുടെ ഒരു ചെറിയ സൂചന വന്നിട്ടുണ്ട്. ആ സൂചനകളെ കാണാൻ അപ്പുറത്തിരിക്കുന്ന മററാരെക്കാളും കോൺഗ്രസ് (ഐ) യിലെ അംഗങ്ങൾക്ക് താൽപ്പര്യവും ബാദ്ധ്യതയുമുണ്ടാകേണ്ടതാണ്. പക്ഷെ ഇന്ന് നിങ്ങൾ അടിയറവ് പറയുന്നു. വകുപ്പ് വിഭജനം കാണുമ്പോഴും സാമൂഹ്യരാഷ്ട്രീയ മണ്ഡലത്തെ സ്വാധീനിക്കാത്ത വകുപ്പുകൾ കൊടുത്തിട്ടുള്ള പാർട്ടികളെയുമൊക്കെ കാണുമ്പോൾ മനസ്സിലാകുന്നത് എങ്ങനെയെങ്കിലും അധികാരത്തിൽ തുടരണമെന്ന സ്ഥിതി. ആകെയുള്ള ആശ്വാസം എന്താണെന്ന് അറിയാമോ? ചിക്കമഗളൂർ പോലുള്ള സംഭവങ്ങൾ ഇനിയും കേരളത്തിലും ഇന്ത്യയിലും ഉണ്ടാകുമല്ലോ. ചിക്കമഗളൂർ സംഭവം ഇവിടെ ഒരു ഭരണമാററത്തിന് കാരണമായിട്ടുണ്ടെങ്കിൽ ശ്രീ.എ.കെ. ആൻറണി മുഖ്യമന്ത്രിയായിരിക്കുന്നതുകൊണ്ട് ഇത്തരം ഒരു രാഷ്ട്രീയ സംഭവവികാസം ഇന്ത്യയിൽ ഉണ്ടാകുമെന്നുള്ളതുകൊണ്ട് നിങ്ങൾ എത്ര ആഹ്ലാദിച്ചാലും നിങ്ങളുടെ നിലനിൽപ്പിന്റെ ആധാരത്തെക്കുറിച്ച് എനിക്ക് വലിയ ഭയമൊന്നുമില്ല. ഒരു സംശയവും വേണ്ട. ഈ സഭയിൽ നമ്മെ എത്തിച്ചിരിക്കുന്നത് രാഷ്ട്രീയം തന്നെയാണ്, വ്യക്തിപരം അല്ല. വ്യക്തിപരമായ ബന്ധങ്ങളല്ല. രാഷ്ട്രീയമാണെങ്കിൽ ഏററവും ഗുരുതരമായ ഭവിഷ്യത്ത് ഉണ്ടാക്കാൻ പോകുന്ന ഒരു ഗവൺമെൻറാണ് ഇത്. ഇവർക്കഞ്ചു കൊല്ലംവരെ ഈ നിയമസഭയിൽ നിലനിന്നുപോയാൽ ഈ നിയമസഭ കാണാൻ പോകുന്നത്, അങ്ങയെപ്പോലുള്ള ആളുകൾക്ക് ഈ കാര്യത്തിൽ ഉറച്ച ഒരു നിലപാട് എടുത്തില്ലെങ്കിൽ, സാമുദായിക വർഗ്ഗീയ വിപത്തുകളാണ്. ഈ ഗവൺമെൻറ് വന്നിട്ട് ദിവസങ്ങൾക്കുള്ളിൽ തന്നെ നടന്ന നാദാപുരം, കാസർഗോഡ് സംഭവങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഇത് വർദ്ധിക്കാൻ പോകുകയാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സ്വാധീനിക്കുന്ന ഘടകങ്ങൾ സാമുദായിക വർഗ്ഗീയ ശക്തികളായതുകൊണ്ട് ആ ശക്തികളെ പരാജയപ്പെടുത്താനുള്ള ശ്രമത്തിൽ ഞങ്ങൾ ഈ തിരഞ്ഞെടുപ്പിൽ തോറെറങ്കിലും ഞങ്ങളുടെ ബാദ്ധ്യത കൂടുന്നു. ആ ബാദ്ധ്യത ഞങ്ങൾ നിർവ്വഹിക്കും. ആ ബാദ്ധ്യതയുള്ളതുകൊണ്ടാണ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ അനുമോദിച്ചുകൊണ്ടുള്ള നന്ദിപ്രമേയത്തെ ഉള്ളിന്റെ ഉള്ളിൽ ഉള്ള വികാരത്തോടെ എതിർക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഗവർണ്ണർ ഈ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങൾ വലിയ പിന്തുണയോടുകൂടി അധികാരത്തിലേററിയ ശ്രീ. എ.കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെൻറ് പ്രായോഗികമായ സമീപനത്തിലൂടെ കേരളത്തിന്റെ വികസനത്തിന് സൃഷ്ടിപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുമെന്നുള്ളതിന് ഏററവും വലിയ തെളിവാണ് ഈ നയപ്രഖ്യാപന പ്രസംഗം. ഇച്ഛാശക്തിയും ദൃഢനിശ്ചയവും സുതാര്യതയും പൂർണ്ണമായും ഉൾക്കൊള്ളുന്ന ഈ ഗവൺമെൻറ് കടക്കെണിയിലായ സംസ്ഥാനത്തെ രക്ഷിക്കുന്നതിനുവേണ്ടി അടിയന്തിരമായി ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പ്രധാനമായും ചെലവുചുരുക്കൽ ഈ ഗവൺമെൻറിന്റെ മുഖമുദ്രയാക്കുമെന്നാണ് വിശ്വസിക്കുന്നത്. ലാളിത്യവും ലളിതജീവിതവുമുള്ള ഒരു മുഖ്യമന്ത്രി നയിക്കുന്ന ഈ ഗവൺമെൻറ് പ്രധാനമായും ചെലവ് ചുരുക്കാനുള്ള മേഖല കണ്ടെത്താൻ ശ്രമിക്കുമ്പോൾ, കെ. എസ്. ഇ. ബി., കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മിസ്മാനേജ്മെൻറിലൂടെ ദുർവ്യയം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് പുന:ക്രമീകരിക്കാൻ വേണ്ടിയുള്ള നടപടി ഉണ്ടാകണമെന്നാണ് പറയാനുള്ളത്. പ്രധാനമായും കേരളത്തിലെ പരമ്പരാഗത ചിരകാലരീതികൾ

LIBRARY ARCHIVES Kerala Legislative Assembly

മാററി വികസന പ്രവർത്തനങ്ങൾക്ക് നൂതനമായ മാർഗ്ഗം കണ്ടെത്തേണ്ടതുണ്ട്. ഐ. ടി. മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്താനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വകാര്യ മേഖലയുടെയും പ്രവാസി മലയാളികളുടെയും പൂർണ്ണമായുള്ള പിന്തുണ ഉറപ്പ് വരുത്താനും ഈ ഗവൺമെൻറ് തയ്യാറാകണം. ഇവിടെ പല കോർപ്പറേഷനുകളും ബോർഡുകളുമുണ്ട്. പല കോർപ്പറേഷനുകളെയും ബോർഡുകളെയും സംയോജിപ്പിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിയമസഭാ കമ്മിററിയെ ചുമതലപ്പെടുത്തേണ്ടതുണ്ട്. പല ബോർഡുകളും കോർപ്പറേഷനുകളും നടത്തിക്കൊണ്ടിരിക്കുന്ന ദുർവ്യയം അതിഭീമമാണെന്ന് പല റിപ്പോർട്ടുകളും പരിശോധിക്കുമ്പോൾ മനസ്സിലാകും. ഇവിടെ ഭരണം കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടി ഈ ഗവൺമെൻറ് പ്രഖ്യാപിച്ചതനുസരിച്ച് മുഖ്യമന്ത്രി മുൻകൈ എടുത്തുകൊണ്ട് ഒരു കൺസൾട്ടേററീവ് കമ്മിററി ഉണ്ടാക്കണം. ഓരോ മേഖലയിലെയും വിദഗ്ദ്ധൻമാരെയും സാമൂഹ്യപ്രതിബദ്ധതയുള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ട് ആ കൺസൾട്ടേററീവ് കമ്മിററിക്കു നേതൃത്വം കൊടുക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമെന്നാണ് വിശ്വസിക്കുന്നത്. കഴിഞ്ഞ 5 വർഷക്കാലം ഇവിടെ രാഷ്ട്രീയവൽക്കരിച്ച ഒരു പോലീസായിരുന്നു. എ.കെ.ജി. സെൻററിൽ നിന്നും എൽ.സി., എ.സി., ഡി.സി. കമ്മിററികളിൽ നിന്നുമുള്ള റിമോട്ട് കൺട്രോളിൽ പ്രവർത്തിച്ചിരുന്ന പോലീസായിരുന്നു അത്. ആ പോലീസിനെ നിഷ്പക്ഷമായും നീതിപൂർവ്വമായും പ്രവർത്തിപ്പിച്ച് അക്രമകാരികളെയും കുററവാളികളെയും മുഖം നോക്കാതെ മാതൃകാപരമായി ശിക്ഷിക്കുന്ന പോലീസാക്കി മാററുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ അഭിമാനത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. നമ്മുടെ ചെലവ് വർദ്ധിക്കാനുള്ള പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് ഉദ്യോഗസ്ഥൻമാരുടെ ദുർവ്യയമാണ്. സർക്കാർ വാഹനങ്ങൾ വ്യക്തിപരമായ കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നു. സർക്കാർ വാഹനങ്ങളുടെ പെട്രോളും ഡീസലും ഊററിയെടുത്ത് ദുർവ്യയം ചെയ്യുന്നുവെന്ന് പറയപ്പെടുന്നു. സർക്കാർ ഉദ്യോഗസ്ഥൻമാർ വാഹനങ്ങൾ ദുർവ്യയം ചെയ്യുന്നത് നിരീക്ഷിക്കുന്നതിനായി വിജിലൻസിൻെറ സ്പെഷ്യൽ അന്വേഷണം ആവശ്യമാണ്. സർക്കാർ ടെലിഫോണുകൾ വളരെക്കൂടുതലായി ഇവിടെ ദുർവിനിയോഗം ചെയ്യുന്നുണ്ട്. ഇന്ന് പുതിയ സംവിധാനം വന്നപ്പോൾ 95 ഡയൽ ചെയ്തുള്ള സിസ്ററം ഉപയോഗപ്പെടുത്തിയാൽ 200 കിലോമീററോളം ദൂരത്തിൽ ഫോൺ വിളിക്കാം. എസ്. ടി. ഡി. ക്ക് തുല്യമാണ് അതിൻെറ റേററുകൾ. സർക്കാർ ഓഫീസുകളിൽ ഫോൺ ഇന്ന് ഗുരുതരമായ രീതിയിൽ ദുർവ്യയം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ മേഖലകളിൽ ചെലവ് ചുരുക്കുന്നതിനുവേണ്ടി അടിയന്തിര നടപടികളുണ്ടാകണം. സർക്കാരിൻെറ പർച്ചേസുകൾ സുതാര്യമാക്കണം. ഏററവും ഗുണമേൻമയുള്ള സാധനങ്ങൾ വാങ്ങാൻവേണ്ടിയുള്ള പർച്ചേസ് ഇടപാടുകളിൽ പലപ്പോഴും നടക്കുന്നത് ഏററവും മോശമായ സാധനം വാങ്ങി ഗുണമേൻമയുള്ള സാധനങ്ങളുടെ വില ഈടാക്കുകയാണ്. ഈ മേഖലയിലും ആവശ്യമായ അന്വേഷണങ്ങളും നടപടികളും അനിവാര്യമാണ്. ഇവിടെ ചില ആളുകൾ മദ്യനിരോധനത്തെക്കുറിച്ചും ചാരായനിരോധനത്തെക്കുറിച്ചുമൊക്കെ പറഞ്ഞു. ഇന്ത്യയ്ക്ക് തന്നെ മാതൃകയായി ചാരായ നിരോധനം ഏർപ്പെടുത്തിയ ഒരു സംസ്ഥാനമാണ് കേരളം. അന്ന് ചാരായനിരോധനം കൊണ്ടുവന്ന മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി തന്നെയാണ് ഇപ്പോഴും മുഖ്യമന്ത്രി. മദ്യത്തിനെതിരെ ശക്തമായ നിലപാടെടുക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളത്തിൽ മദ്യനിരോധനം കൊണ്ടുവരുന്നതിന് നിലപാടെടുക്കുമെന്നു പറഞ്ഞ ഗവൺമെൻറാണ് ഇവിടെയുള്ളത് സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വ്യാജമദ്യമുണ്ടാക്കുന്നുവെന്ന് ഇന്ന് പല

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളിലും വാർത്തകൾ കാണുന്നു. അതിനെക്കുറിച്ച് അന്വേഷണം നടത്താനും വ്യാജമദ്യം തടയുന്നതിനുവേണ്ടിയുള്ള കർശനമായ നിലപാട് സ്വീകരിക്കുവാനും ഈ ഗവൺമെൻറ് മുന്നോട്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരിക്കൽകൂടി ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ.എ. അസീസ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ യുവതീ യുവാക്കളെ വഞ്ചിക്കുകയാണ് ഈ നയപ്രഖ്യാപനം വഴി ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. 15 ലക്ഷം തൊഴിൽരഹിതരായ യുവാക്കൻമാർക്കും യുവതികൾക്കും 5 വർഷക്കാലംകൊണ്ട് തൊഴിൽ കൊടുക്കുമെന്ന് മാനിഫെസ്റ്റോ വഴി പ്രഖ്യാപിച്ച ഈ ഗവൺമെൻറ് 5 പേർക്ക് തൊഴിൽ നൽകുവാനുള്ള ഒരു പദ്ധതിപോലും ഈ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ നയപ്രഖ്യാപനത്തിൽ 15,000 കർഷകരെ കന്നുകാലിവളർത്തലും കോഴിവളർത്തലും പരിശീലിപ്പിക്കുമെന്നുള്ള ഒരു പദ്ധതിയാണ് ചേർത്തിട്ടുള്ളത്. ഈ കന്നുകാലി വളർത്തലും കോഴിവളർത്തലുമാണോ തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുന്ന തൊഴിൽദാന പദ്ധതികൊണ്ട് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയാൽ കൊള്ളാം. ഈ ഗവൺമെൻറ് പരമ്പരാഗത വ്യവസായരംഗത്ത്, പരമ്പരാഗത വ്യവസായം പുനഃസംഘടിപ്പിക്കുതിനെ സംബന്ധിച്ച് കാര്യമായി ഒന്നും പ്രതിപാദിച്ചിട്ടില്ല. കഴിഞ്ഞ 1991-96 കാലഘട്ടത്തിൽ കശുവണ്ടി വ്യവസായരംഗത്ത് രണ്ടര ലക്ഷം വരുന്ന തൊഴിലാളികൾ അനുഭവിച്ച കഷ്ടപ്പാടും ദുരിതങ്ങളും പറഞ്ഞറിയിക്കാൻ കഴിയുന്ന തരത്തിലുള്ളതല്ല. 1991-ൽ യു.ഡി.എഫ്. ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശം 70 കശുവണ്ടി സ്ഥാപനങ്ങളുണ്ടായിരുന്നു. ആ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ 36 എണ്ണം മുതലാളിമാർക്ക് അവർ തിരിച്ചുകൊടുക്കുകയാണ് ചെയ്തത്. ബാക്കിയുള്ള ഫാക്ടറികളിൽ ആണ്ടിൽ 11 ദിവസം മാത്രമാണ് തൊഴിലാളികൾക്ക് ജോലി നൽകിയത്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽവന്ന് ആ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് 200 ദിവസം തൊഴിൽ നൽകുകയുണ്ടായി. 1991-1996 കാലഘട്ടത്തിൽ ഇവർ ഭരണം നടത്തിയപ്പോൾ കശുവണ്ടിത്തൊഴിലാളികൾ ചിങ്ങമാസത്തിൽ തിരുവോണത്തിന് പട്ടിണി കിടക്കേണ്ടിവന്നു. ഈ നിയമസഭയ്ക്ക് മുമ്പിലും സെക്രട്ടേറിയററ് പടിക്കലുമൊക്കെ കശുവണ്ടി വ്യവസായ രംഗത്തെ തൊഴിലാളി നേതാക്കൻമാർ അന്ന് നിരാഹാരം കിടക്കേണ്ടിവന്നു. ആ നിരാഹാരം കിടന്ന കൂട്ടത്തിൽ അപ്പുറത്തിരിക്കുന്ന നേതാവ്, ഇന്നത്തെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരനുമുണ്ടായിരുന്നു. ഞങ്ങളോടൊപ്പം അന്ന് യു.ഡി.എഫ്. ഗവൺമെൻറിന് എതിരായിട്ടാണ് കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടിയായിരുന്നു ബാബു ദിവാകരൻ നിരാഹാരം കിടന്നത്. എന്ന് മാത്രവുമല്ല രണ്ടായിരം തൊഴിലാളികളുടെ പട്ടിണി മാർച്ച് സെക്രട്ടേറിയററിലേക്ക് നയിച്ചപ്പോൾ അതിന് നേതൃത്വം കൊടുത്ത ആളാണ് ശ്രീമാൻ ബാബു ദിവാകരൻ. മന്ത്രി സ്ഥാനം എന്ന മോഹംകൊണ്ട് അപ്പുറത്ത് ഇവർക്ക് സ്ഥാനം ലഭിച്ചതാണ്. അദ്ദേഹം അത് സാധിച്ചെടുക്കുകയും ചെയ്തു. ഈ ഗവൺമെൻറിന് വമ്പിച്ച ഭൂരിപക്ഷം കിട്ടിയെന്ന് ഊററം കൊള്ളുന്നവരാണ് ഇവർ. ഇവിടെ അനേകം ആളുകൾ പറഞ്ഞു, ഇടതുപക്ഷജനാധിപത്യ മുന്നണിയെ മൂലയിൽ ഒതുക്കിയിരുത്തിയിരിക്കുകയാണെന്ന്. ഞങ്ങൾ മൂലയിൽ ഒതുങ്ങിയിട്ടില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരിക്കൽ 9 പേരുമായി മൂലയിൽ ഇരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യം നിങ്ങൾ മറന്നു കാണും. ഞങ്ങൾ മൂലയിൽ ആയിട്ടില്ല. കാലം അത് തെളിയിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രാജ്യത്തെ തൊഴിലാളികൾക്കുവേണ്ടി, ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി സർവോപരി എല്ലാ വിഭാഗം ജനങ്ങൾക്കുവേണ്ടി സൽഭരണം നടത്തിയ ഒരു മുന്നണിയും ഗവൺമെന്റുമാണ്. ചാരായം നിരോധിച്ച നമ്മുടെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വീണ്ടും അധികാരത്തിൽ വന്നപ്പോൾ ഇപ്പോൾ നാട്ടിൻപുറത്ത് ചാരായം ഒഴുകുകയാണ്. അതിന്റെ രഹസ്യം എന്താണെന്ന് പരിശോധിക്കണം. ഈ നയപ്രഖ്യാപനത്തിൽ മദ്യനയം വ്യക്തമാക്കാൻ ഈ ഗവൺമെന്റിന് മുട്ടിടിക്കുകയാണ്. മദ്യനയം മാത്രം വ്യക്തമാക്കിയിട്ടില്ല. ഈ ഗവൺമെന്റിന്റെ മദ്യനയം വ്യക്തമാക്കണം. ചാരായം ഒഴുകുന്നതിനെ സംബന്ധിച്ച് അന്വേഷിക്കണം. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. എ. വാഹിദ്: സർ, കേരളത്തിലെ രണ്ട് മുന്നണികളുടെയും സഹായമില്ലാതെ ജയിച്ചുവന്ന ഒരു സർവ്വതന്ത്ര സ്വതന്ത്രനാണ് ഞാൻ. ഒരു തിരഞ്ഞെടുപ്പിൽ എല്ലാ തന്ത്രങ്ങളും പ്രയോഗിച്ച് ജയിച്ചുവന്നതാണ്. എന്നാൽ രണ്ട് മുന്നണികളുടെയും വോട്ട് കിട്ടി ജയിക്കാൻ കഴിഞ്ഞയാളുകൂടിയാണ് ഞാൻ. അതിനുവേണ്ടി എല്ലാ തന്ത്രങ്ങളും ഉപയോഗിച്ചപ്പോൾ ഒരുപാട് വാഗ്ദാനങ്ങൾ എന്റെ നിയോജകമണ്ഡലത്തിലെ വോട്ടർമാർക്ക് കൊടുക്കേണ്ടിവന്നുപോയിട്ടുണ്ട്. വിമാനത്താവളമൊഴിച്ച് ബാക്കിയെല്ലാം ചെയ്യാമെന്ന പ്രതീക്ഷയിൽ ജനങ്ങളോട് ഏറ്റിട്ടാണ് ഞാൻ ഇങ്ങോട്ട് വന്നത്. എന്റെ നാട്ടിലെ വോട്ടർമാരോട് അമ്പിളി അമ്മാവനെ ഒഴിച്ച് ബാക്കിയെല്ലാം പിടിച്ചുകൊടുക്കാമെന്ന് പറയേണ്ടിവന്നു. അപാരമായ ഹൃദയവിശാലതയുള്ള കഴക്കൂട്ടത്തെ ജനങ്ങൾ എന്നെ തിരഞ്ഞെടുത്ത് ഇങ്ങോട്ട് അയച്ചു. അങ്ങനെ വമ്പിച്ച പ്രതീക്ഷകളോടുകൂടിയാണ് ഞാൻ ഈ നിയമസഭാ മന്ദിരത്തിന്റെ പടിക്കെട്ടുകൾ കയറി ഇതിന്റെ അകത്തളത്തിൽ വന്നത്. ഇവിടെ എന്നെ സ്വീകരിച്ചത് മുഖ്യമന്ത്രിയുടെ ധവളപത്രമാണ്. ഇവിടെനിന്നും അന്ന് പടിയിറങ്ങുമ്പോൾ ഞാൻ കണ്ടത് കേരളത്തിന്റെ പ്രതിപക്ഷനേതാവിന്റെ കറുത്തപത്രമാണ്. അങ്ങനെ കഴിഞ്ഞ മൂന്ന് ദിവസമായി വൈറ്റ് പേപ്പറും ബ്ലാക്ക് പേപ്പറും തമ്മിലുള്ള യുദ്ധമാണ് ഇവിടെ നടക്കുന്നത്. കഴിഞ്ഞ ഭരണകാലത്ത് ഈ സഭയിൽ ഭരണകക്ഷിയിൽ 80 അംഗങ്ങളുണ്ടായിരുന്നു. കുറെ അരക്കള്ളൻമാർ, കുറെ മുക്കാൽക്കള്ളൻമാർ, കുറെ മുഴുക്കള്ളൻമാർ. അങ്ങനെ അവർ തിരഞ്ഞെടുപ്പിലേക്ക് പോയപ്പോൾ മുഴുക്കള്ളൻമാരെ മുഴുവനും ഈ തിരഞ്ഞെടുപ്പിൽ ജനങ്ങൾ പൂർണ്ണമായി തള്ളി. ഇങ്ങനെ കറുത്ത പത്രവുമായി ഇനി വരുന്ന അഞ്ചു വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടു പോകുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ അസീസ് പറഞ്ഞതുപോലെ അടുത്ത തിരഞ്ഞെടുപ്പ് കഴിയുമ്പോൾ കുറെ അരക്കള്ളൻമാർ മാത്രമായി ഈ നിയമസഭയുടെ മൂലയിൽ ഇരിക്കേണ്ട ഒരു സ്ഥിതിവിശേഷം വരുമെന്ന് ഞാൻ ഈ സഭയെത്തന്നെ അറിയിക്കുകയാണ്. അങ്ങനെ ഇടതുപക്ഷജനാധിപത്യ മുന്നണി വളർന്നുവളർന്ന് ഇപ്പോൾ പടവലങ്ങ വളരുന്നതുപോലെ താഴോട്ട് വളർന്നുകൊണ്ടിരിക്കുകയാണ്. ഐക്യജനാധിപത്യമുന്നണി വളർന്നു വളർന്ന് പനമരം പോലെ നിറച്ച് കുലച്ച് ഉയർന്ന് നിൽക്കുകയാണ്. നമ്മുടെ നാട്ടിലെ ജനങ്ങളിൽ ഈ ധവളപത്രം വളരെ പ്രതീക്ഷകൾ ഉളവാക്കിയിരിക്കുകയാണ്. എനിക്ക് അനുവദിച്ച സമയം വളരെ കുറവായതുകൊണ്ട് ഞാൻ ദീർഘമായി കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 12-ാം പേജിൽ 18-ാമത്തെ പാരഗ്രാഫിന്റെ അവസാനം നമ്മുടെ കേരളത്തെ നമ്മുടെ മുഖ്യമന്ത്രി വിവര സാങ്കേതികവിദ്യയിൽ ഒന്നാം സ്ഥാനത്ത്

12 NOON കൊണ്ടുവരും എന്നാണ് പറഞ്ഞത്. കഴിഞ്ഞ 5 വർഷക്കാലം ലോകത്തുതന്നെ വിവര സാങ്കേതികവിദ്യയിലും ശാസ്ത്രരംഗത്തും വളരെയേറെ കുതിച്ചുകയററവും മാററവും നടന്നപ്പോൾ നമ്മുടെ കേരളം വളരെ പുറകെയായിരുന്നു. പ്രത്യേകിച്ച് ഇൻഫർമേഷൻ ടെക്നോളജി രംഗത്ത്. കഴിഞ്ഞ 5 വർഷക്കാലം ഐ. ററി. രംഗത്ത് വിപ്ലവങ്ങൾ സൃഷ്ടിച്ച സംസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തുണ്ട് പശ്ചിമബംഗാൾ ആയാലും കർണാടകയായാലും ആന്ധ്രയായാലും ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വളരെയേറെ മുമ്പോട്ടു പോയ സംസ്ഥാനങ്ങളാണ്. ആന്ധ്രയിലെ മുഖ്യമന്ത്രി ഒരു കൈയിൽ മൊബൈൽ ഫോണും മറുകൈയിൽ ലാപ്ടോപ് എന്നു പറയുന്ന പെട്ടിയും തൂക്കി നടക്കുമ്പോൾ കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ മുഖ്യമന്ത്രി ഒരു കൈയിൽ ബീഡിക്കുററിയും മറുകൈയിൽ തീപ്പെട്ടിയുമായി നടന്നതുകൊണ്ടാണ് ഐ.ററി. രംഗത്ത് നമ്മൾ വളരെയേറെ പിറകോട്ടു പോകേണ്ട ഒരു സാഹചര്യമുണ്ടായതെന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സംഭവിച്ചുപോയ അപചയങ്ങൾക്കു പരിഹാരം കണ്ട്, നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രിക്ക് ഐ. ററി. രംഗത്ത് ഈ സംസ്ഥാനത്തെ പിടിച്ചുയർത്താൻ കഴിയട്ടെ എന്ന് പ്രത്യാശിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയുംകൂടി ഈ സംസ്ഥാനത്ത് വ്യവസായം കൊണ്ടുവരാൻ അമേരിക്കയിൽ പോയി. ഒരു വ്യവസായവും കൊണ്ടുവന്നില്ല. എന്നാൽ വ്യവസായവുമായി ക്ലിൻറൺ സായിപ്പ് നമ്മുടെ നാട്ടിലേക്ക് വന്നു. ആ ക്ലിൻറൺ സായിപ്പ് നമ്മുടെ നാട്ടിൽ വന്നപ്പോൾ അന്നത്തെ നമ്മുടെ മുഖ്യമന്ത്രിയുടെ പാർട്ടിയും യുവജനവിഭാഗങ്ങളുമെല്ലാംകൂടി അദ്ദേഹത്തെ സ്വീകരിച്ചത് കരിങ്കൊടിയും ഗോ ബാക്ക് വിളിയുമായിട്ടാണ്. എന്നാൽ ആന്ധ്രയിലെ മുഖ്യമന്ത്രി ക്ലിൻറൺ സായിപ്പിനെ കൂട്ടിക്കൊണ്ടുപോയി. എവിടെ? ആന്ധ്രയുടെ മണ്ണിലേക്ക്. അവിടെ കൊണ്ടുപോയി അമേരിക്കൻ വ്യവസായികളിൽനിന്നും കിട്ടുന്ന വ്യവസായം മുഴുവനും, പ്രത്യേകിച്ച് ഐ.ററി. രംഗത്തുള്ള വ്യവസായം മുഴുവനും ആ സംസ്ഥാനത്ത് സ്ഥാപിച്ചപ്പോൾ നമ്മൾ ഗോ ബാക്ക് വിളിയും കരിങ്കൊടി പ്രകടനവുമായി കഴിഞ്ഞുകൊണ്ട് ശാസ്ത്ര സാങ്കേതിക രംഗത്തും ഐ.ററി. രംഗത്തും കേരള സംസ്ഥാനം വളരെയേറെ പുറകോട്ടു പോകേണ്ട ഒരു സ്ഥിതിവിശേഷം വന്നു. ഈ സംസ്ഥാനം കഴിഞ്ഞ അഞ്ചുവർഷം ഭരിച്ച ഇടതുമുന്നണി സർക്കാരിന്റെ നിഷേധാത്മകമായ നിലപാടുകൊണ്ടാണ് ആ വ്യവസായങ്ങൾ ഇവിടെ വരാത്തതും അതുമൂലം ഒട്ടനവധി തൊഴിൽരഹിതരായ ചെറുപ്പക്കാരെ സൃഷ്ടിക്കുന്നതിനു കഴിഞ്ഞതുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിൽ തെററുണ്ടാകില്ല. ആധുനിക യുഗത്തിൽ ലോകത്തെ ഒരു ഗ്ലോബൽ വില്ലേജായിട്ടാണ് കാണുന്നത്. അതുകൊണ്ട് വ്യാപാരരംഗം ഗ്ലോബൽ വില്ലേജിനനുസൃതമായി വളർത്തിയെടുക്കണമെങ്കിൽ ലോകവ്യാപാര രംഗത്ത് നമ്മൾ കടന്നുചെല്ലണം. ഈ രംഗത്ത് ഇന്ത്യാ മഹാരാജ്യം കഴിഞ്ഞ 5 വർഷത്തിനുമുമ്പ് കടന്നുകയറിയതാണ്. ആ വ്യാപാര രംഗത്തേക്ക് കടന്നുചെല്ലുമ്പോൾ അതിന്റെ ഗുണഫലങ്ങൾ നേടിയെടുക്കാൻ നമ്മുടെ സംസ്ഥാനത്തിനു കഴിഞ്ഞില്ല. ആ ഗുണഫലങ്ങൾ നേടിയെടുത്തിരുന്നുവെങ്കിൽ നമ്മുടെ കാർഷികമേഖലയിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ മററ് രാജ്യങ്ങളിലേക്ക് അയച്ച് കാർഷിക സമ്പത്ത് കൂടുതൽ ഉണ്ടാക്കാനും കാർഷിക രംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാനും, അങ്ങനെ കർഷകരെ സഹായിക്കാനും



LIBRARY ARCHIVES Kerala Legislative Assembly

കഴിയുമായിരുന്നു. ആ അവസരം കഴിഞ്ഞ 5 വർഷക്കാലമായി നമ്മുടെ കേരളത്തിലെ സർക്കാർ ചൂഷണം ചെയ്തിട്ടില്ല എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ പ്രസംഗത്തിലെ 19-ാം പേജിൽ 34-ാം പാരഗ്രാഫിൽ നെൽക്കൃഷിയെക്കുറിച്ച് പറയുന്നുണ്ട്. ഇപ്പോൾ നെൽക്കൃഷി പലയിടത്തും കാണാനില്ലാത്ത ഒന്നായി മാറിയിരിക്കുകയാണ്. നെൽക്കൃഷി നഷ്ടമായി സംഭവിച്ചതുകൊണ്ട്, നെൽക്കൃഷിയുടെ ചെലവ് വർദ്ധിച്ചതുകൊണ്ട്, നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ട്, കർഷകൻ നിലം നികത്തി അവിടെ റബ്ബറും തെങ്ങും വയ്ക്കാൻ തുടങ്ങി. ഇങ്ങനെ 10 വർഷം കൂടി പോയാൽ കേരളീയർ റബ്ബറും തേങ്ങയും ഭക്ഷണമാക്കേണ്ട സ്ഥിതി വരും. തിരുവനന്തപുരം ജില്ല, പാർപ്പിട നിർമ്മാണ രംഗത്ത് ഒരു വലിയ വിപ്ലവം സൃഷ്ടിച്ചു എന്നു അവകാശപ്പെടുകയാണ്. ഈ പദ്ധതി തുടങ്ങിയത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇവിടത്തെ ജില്ലാ പഞ്ചായത്താണ്. എന്താണു ചെയ്തത്, പാമ്പുകൾക്കു മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ ഈ ഭൂമിയിൽ ഇടമില്ല എന്ന് പറഞ്ഞവർ മനുഷ്യപുത്രന് തല ചായ്ക്കാൻ വേണ്ടി 'തണൽ' പദ്ധതി കൊണ്ടു വന്നു. ആ 'തണൽ' പദ്ധതി ഇന്ന് മഴയത്തും വെള്ളത്തിലും വെയിലത്തും പാവപ്പെട്ട മനുഷ്യപുത്രനെ കിടത്തുന്ന സ്ഥിതിയിലേക്ക് എത്തിച്ചിരിക്കുന്നു. ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സി.പി.എം-ന് ഒഴിഞ്ഞുനിൽക്കുവാൻ കഴിയില്ല. ഈ സ്ഥിതിവിശേഷങ്ങൾ കേരള സംസ്ഥാനത്തെ പട്ടിണിയിലിടുന്ന സ്ഥിതിയിലേക്ക് എത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവർണ്ണറുടെ ഈ നയപ്രഖ്യാപന പ്രസംഗത്തെയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെയും എങ്ങനെ അനുകൂലിക്കാതിരിക്കും എന്നാണ് ഞാൻ ആലോചിക്കുന്നത്. കഴിഞ്ഞ 5 വർഷംകൊണ്ട് ഖജനാവ് കൊള്ളയടിച്ച, ഖജനാവ് കാലിയാക്കിയ സംസ്ഥാനത്തെയും സംസ്ഥാനത്തിലെ ജനങ്ങളെയും കടക്കെണിയിലാക്കിയ' കേരളത്തിലെ മൂന്നു കോടിയിൽപ്പരം ജനങ്ങളെ 23000 കോടി രൂപയുടെ കടത്തിലാക്കിയ നടപടിയിൽ നിന്നും കേരള സംസ്ഥാനത്തെ രക്ഷിക്കാൻ തയ്യാറായ മുഖ്യമന്ത്രിയെയും സർക്കാരിനെയും അഭിനന്ദിച്ചുകൊണ്ടും ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ടും സർവ്വാത്മന പിന്തുണ നൽകിക്കൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു. കഴിഞ്ഞ രണ്ടു ദിവസമായി നടന്ന ചർച്ചയിൽ നിന്നും മനസ്സിലാകുന്നത് പ്രതിപക്ഷാംഗങ്ങൾ തിരഞ്ഞെടുപ്പ് പരാജയം അംഗീകരിക്കുന്നില്ല എന്നാണ്. പ്രതിപക്ഷാംഗങ്ങൾ എന്തുകൊണ്ടാണ് ഈ തിരഞ്ഞെടുപ്പ് പരാജയം അംഗീകരിക്കാത്തത് എന്ന് എനിക്കു മനസ്സിലാകുന്നില്ല. അവരുടെ ശ്രദ്ധയിലേക്ക് കഴിഞ്ഞ 5 വർഷക്കാലത്തിനു മുമ്പുള്ള സാഹചര്യം ഞാൻ കൊണ്ടു വരികയാണ്. 1996-ൽ നടന്ന തിരഞ്ഞെടുപ്പിൽ, ശ്രീമാൻ എ.കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ, ആ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.ന്-കേവലം ഒന്നേകാൽ ലക്ഷം വോട്ടിന്റെ പരാജയമാണ് ഉണ്ടായിരുന്നത്. ഒന്നേകാൽ ലക്ഷം വോട്ട് എന്നൊക്കെ പറഞ്ഞാൽ എന്റെ നിയോജകമണ്ഡലത്തിലെ ബഹുമാന്യനായ പാർലമെന്റ് മെമ്പർ ശ്രീ. അഹമ്മദ് സാഹിബിന് ലഭിക്കുന്ന ഭൂരിപക്ഷമാണ്. അങ്ങനെയുള്ള ഭൂരിപക്ഷത്തിൽ നിങ്ങൾ വിജയിച്ച് അധികാരത്തിൽ വന്നിട്ടുപോലും കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രിയായിരുന്നിട്ട് അധികാരത്തിൽനിന്നും പുറത്തുപോയ, കേരളത്തിലെ പ്രതിപക്ഷ നേതാവായ ശ്രീ. എ. കെ. ആന്റണി അന്നു പറഞ്ഞത് തിരഞ്ഞെടുപ്പിലെ ഈ പരാജയത്തെ ഞങ്ങൾ പരാജയമായി കണ്ടുകൊണ്ട്, ക്രിയാത്മകമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷമായിരുന്നുകൊണ്ട് മുന്നോട്ട് പോകും എന്നാണ്. ഇപ്പോൾ ഇവർ പരാജയപ്പെട്ടത് ഏതാണ്ട് എട്ടാ ലക്ഷം വോട്ടിനാണ്. എന്നിട്ടുപോലും ഈ പരാജയം അംഗീകരിക്കാൻ പ്രതിപക്ഷം മുന്നോട്ടുവരുന്നില്ല. ഇവിടെ പറയുന്നത് ന്യൂനപക്ഷ വോട്ടുകൾ പോയതിനെക്കുറിച്ചാണ്. ബി.ജെ.പി. വോട്ടുകൾ നേടിയെടുത്തതിനെക്കുറിച്ചാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷെ ഒരു കാര്യം ഉറപ്പാണ്. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ ജനങ്ങളെ ഇത്രമാത്രം പ്രയാസത്തിലാഴ്ത്തിയ, ഇത്രമാത്രം ദുരിതത്തിലാഴ്ത്തിയ ഒരു ഗവൺമെൻറ് കേരളത്തിൽ മുൻപുണ്ടായിട്ടില്ല. ഈ പ്രയാസങ്ങളും പ്രതിസന്ധികളും കഷ്ടപ്പാടുകളും പരിവട്ടങ്ങളുമൊക്കെ സഹിച്ചുകൊണ്ട് മുമ്പോട്ടുപോകാമെന്നു വിചാരിച്ചാൽപോലും അനുവദിക്കാത്ത സ്ഥിതിയാണുണ്ടായിരുന്നത്. അന്തിക്ക് വീട്ടിൽ കിടന്നുറങ്ങാനുള്ള രാഷ്ട്രീയ സാഹചര്യംപോലും കഴിഞ്ഞ 5 വർഷക്കാലത്തെ ഗവൺമെൻറിൻെറ കീഴിൽ ഉണ്ടായിരുന്നില്ല. ഇവിടെ മ്അദനിയെ മോചിപ്പിക്കുമെന്ന് യു.ഡി.എഫ് വാക്കു നൽകിയിരുന്നു എന്നാണ് പറഞ്ഞത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷെ അതുകൊണ്ടല്ല ന്യൂനപക്ഷം വോട്ടു ചെയ്തത്. മറിച്ച്, ഉത്തർപ്രദേശിലും ബീഹാറിലും നിന്നുമൊക്കെ റിപ്പോർട്ട് ചെയ്യപ്പെടുന്ന വർഗീയ കലാപങ്ങളെക്കുറിച്ചുള്ള വാർത്തകൾ നമുക്കറിയാം, ആ വർഗീയ കലാപങ്ങളിൽപ്പോലും കേൾക്കാത്ത രീതിയിലുള്ള കാര്യമല്ലേ നാദാപുരത്തു നടന്നത്. മൊയ്തുഹാജി എന്നു പറയുന്ന പാവപ്പെട്ട വയോവൃദ്ധനെ കഴുത്തറുത്തു കൊന്നു എന്നു മാത്രമല്ല അദ്ദേഹത്തിൻെറ മയ്യത്തിനുപോലും കല്ലേറ് നടത്തിയ സംഭവമുണ്ടായി. കേരളത്തിലെ ന്യൂനപക്ഷങ്ങൾ വോട്ടു ചെയ്തത് ഇവിടെ മയ്യത്തിന് സംരക്ഷണം കിട്ടാൻവേണ്ടിയാണ്. അതിനുവേണ്ടിയാണ് ഐക്യജനാധിപത്യ മുന്നണിക്ക് അനുകൂലമായി വോട്ടു ചെയ്തത്. അതുപോലെതന്നെ നമുക്കറിയാം, സാമ്പത്തികരംഗം. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ഒരുപാട് പറഞ്ഞുകഴിഞ്ഞു. പക്ഷേ ഞങ്ങളുടെയൊക്കെ നാട്ടിൽ 5000, 2500 രൂപ വിലയുള്ള ചെക്കുകൾ യഥാക്രമം 2500 രൂപയ്ക്കും 1000 രൂപയ്ക്കും കിട്ടുന്ന അവസ്ഥയും ഉണ്ടായിരുന്നു. നാലും അഞ്ചും മാസം കാത്തിരിക്കാതെ റൊക്കമായി പണം കൊടുത്തുകഴിഞ്ഞാൽ ഇരട്ടി തുകയ്ക്കുള്ള ചെക്ക് കിട്ടുന്ന അവസ്ഥ നാട്ടിലുണ്ടായി. സാമ്പത്തിക രംഗത്ത് ഇതുപോലെ തകർച്ചയുണ്ടാക്കിയത് കഴിഞ്ഞ ഗവൺമെൻറാണ്. ഇവിടെ 15 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കും എന്നു പറഞ്ഞപ്പോൾ അതിനെ പുച്ഛിച്ച് സംസാരിച്ചവരുണ്ട്. ഇത് നമുക്കറിയാം ഈ ഗവൺമെൻറ് പറഞ്ഞിട്ടുള്ളത് യാഥാർത്ഥ്യ ബോധത്തോടുകൂടിയാണ്. പ്രതിവർഷം 10 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞുകൊണ്ട് അധികാരത്തിൽ വന്നവരുടെ ചിത്രം നമ്മുടെ മുന്നിലുണ്ട്. പക്ഷേ ഇപ്പോൾ യാഥാർത്ഥ്യബോധത്തോടെയാണ് 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെൻറ് കഴിഞ്ഞ 5 വർഷക്കാലത്തിനുമുമ്പ് അധികാരത്തിൽ വന്നപ്പോൾ 32 ലക്ഷമായിരുന്നു തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം. പക്ഷേ ആ ഗവൺമെൻറ് അധികാരത്തിൽ നിന്നും ഇറങ്ങിപ്പോയപ്പോൾ 44 ലക്ഷം ആയിരിക്കുന്നു. തൊഴിലില്ലായ്മയ്ക്കുവേണ്ടി കണ്ണീരൊഴുക്കുന്ന ഇടതുപക്ഷത്തിൻെറയും ഡി. വൈ. എഫ്. ഐ. യുടെയും നേതാക്കൾ ഉൾപ്പെടെ ഇവിടെയുണ്ട്. അവർക്ക് അതിനെക്കുറിച്ച് ഒന്നും പറയാനില്ല. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കണക്കാണ് ഞാൻ പറഞ്ഞത്, അതു മാത്രമല്ല, ഇവിടെ തൊഴിലില്ലാത്ത, എത്രയോ കൂലിപ്പണിക്കാരായ ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ട ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

5 വർഷക്കാലം. എനിക്കറിയാം, എന്റെ നാട്ടിൽ, മലപ്പുറത്തൊക്കെ ഞങ്ങൾ വൈകുന്നേരങ്ങളിൽ ഇറങ്ങിക്കഴിഞ്ഞാൽ മലയാളികളെ മാത്രമല്ല, തമിഴൻമാരെയും കാണുന്ന ഒരവസ്ഥയുണ്ടായിരുന്നു. കർണാടകക്കാരെ കാണുന്ന അവസ്ഥയുണ്ടായിരുന്നു. പണിയെടുക്കാൻ മലയാളികൾ തികയാത്തതുകൊണ്ടാണ് പുറത്തുനിന്നും തമിഴൻമാരും അതുപോലെ കന്നടക്കാരുമൊക്കെ മലപ്പുറത്തേക്കും കേരളത്തിലെ മററു ഭാഗങ്ങളിലേക്കും കുടിയേറിയത്. അന്ന് ഇവിടെ വികസന പ്രവർത്തനങ്ങൾ നടന്നു. പക്ഷേ കഴിഞ്ഞ അഞ്ചു വർഷക്കാലം, ഇ.കെ. നായനാരുടെ ഗവൺമെൻറ് അധികാരത്തിലേക്ക് കടന്നുവന്നതിനുശേഷം തമിഴൻമാരെ പോയിട്ട് മലയാളികളെപ്പോലും കാണാത്ത അവസ്ഥയാണ്. കുരിശു കണ്ട പിശാചിനെപ്പോലെ തമിഴൻമാരും കന്നടക്കാരുമൊക്കെ ഗൂഡല്ലൂർ ചുരങ്ങൾ കയറിയും വാളയാർ കടന്നും തമിഴ്നാട്ടിലേക്കുപോയ അവസ്ഥയാണ്. കാരണം ഇവിടെ പട്ടിണിയാണ്. അത് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഭരണംകൊണ്ട് നമുക്കറിയാം. ഇവിടെയുള്ള നേട്ടങ്ങളെക്കുറിച്ചും കോട്ടങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. എന്തു നേട്ടം ? ആർക്കാണ് ഇവിടെ നേട്ടമുണ്ടായിട്ടുള്ളത്. ഇവിടത്തെ ലോക്കൽ കമ്മിററി സെക്രട്ടറിമാർക്കും അതുപോലെ ഏരിയ കമ്മിററി സെക്രട്ടറിമാർക്കും. അല്ലാതെ ആർക്കാണ് ഈ കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് നേട്ടമുണ്ടായത് ? തൊഴിലില്ലാത്ത 15 ലക്ഷം ചെറുപ്പക്കാർക്ക് തൊഴിൽ നൽകും എന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. പൊതുമേഖലയെയാണ് ഞങ്ങളൊക്കെ പിന്തുണയ്ക്കുന്നത്. പൊതുമേഖല വളരണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. പക്ഷെ ഇന്ന് ആദർശം പ്രസംഗിക്കുന്നതുകൊണ്ട് കാര്യമില്ല. സാധാരണക്കാരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാകണം. സ്വകാര്യമേഖലയിലായാലും അതുണ്ടാകണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സ്വകാര്യമേഖലയിൽ മുതൽ മുടക്കിക്കൊണ്ട് കേരളത്തിലെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുവാനുള്ള സമീപനത്തിനെതിരായി കേരളത്തിൽ എന്തെങ്കിലും വരട്ടുതത്വങ്ങളുമായിട്ട് ആരു കടന്നുവന്നാലും ശരി, അവരെ ശക്തിയുക്തം എതിർത്തു തോൽപ്പിക്കുവാൻ കേരളത്തിലെ ചെറുപ്പക്കാർ തയ്യാറാകുമെന്ന കാര്യത്തിൽ സംശയമില്ല. അത്രമാത്രം കേരളത്തിലെ ചെറുപ്പക്കാർക്ക് ഈ ഗവൺമെൻറിൽ പ്രതീക്ഷയുണ്ട്. കേരളത്തിലെ ചെറുപ്പക്കാർ ഇന്ന് പ്രതീക്ഷയോടുകൂടിയാണ് ഈ ഗവൺമെൻറിനെ നോക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ സ്വകാര്യമേഖലയെക്കുറിച്ച് ഇവിടെ പറഞ്ഞു. അൽപ്പസമയം മുമ്പ് ബഹുമാനപ്പെട്ട അംഗം രാജേന്ദ്രൻ ഇവിടെ പറയുകയുണ്ടായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് (കെ.ടി.ഡി.സി. യുടെ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളത്) വിൽക്കാൻ ആലോചിക്കുന്നുവെന്ന്. അദ്ദേഹത്തിനറിയാമോ എന്നെനിക്കറിയില്ല, പശ്ചിമ ബംഗാളിൽ നമ്മുടെ കെ.ടി.ഡി.സി. യുടെ നാലിരട്ടി വലിപ്പമുള്ള "ഗ്രേററ് ഈസ്റേറൺ ഹോട്ടൽ" എന്ന ഹോട്ടലുണ്ട്. അത് ഇപ്പോൾ വിൽക്കാൻ ആലോചനയല്ല, അത് വിററുകഴിഞ്ഞു. അതു വിററത് മററാരുമല്ല. കോൺഗ്രസ് മുഖ്യമന്ത്രിയല്ല. മറിച്ച് അന്നത്തെ ജ്യോതിബസു ഗവൺമെൻറാണ്. അങ്ങനെ സ്വകാര്യമേഖലയിൽ പശ്ചിമ ബംഗാളിലും അതുപോലെതന്നെ ചൈനയിലുമൊക്കെ ധാരാളം മുതൽമുടക്കുണ്ട്. ഇന്നിവിടെ സൂചിപ്പിച്ചല്ലോ, ചൈനയിൽ ഇന്ന് ഇന്ത്യയിലുള്ള മൾട്ടി നാഷണൽ കമ്പനികളേക്കാൾ പത്തിരട്ടി കമ്പനികളാണ് മുതൽമുടക്കിയിട്ടുള്ളത്. ഞാൻ നേരത്തെ പറഞ്ഞപോലെയുള്ള ഹോട്ടലുകൾ മാത്രമല്ല, എത്ര ചണമില്ലുകളാണ് പശ്ചിമ ബംഗാളിൽ മുഖ്യമന്ത്രി ജ്യോതിബസു സ്വകാര്യമേഖലയ്ക്ക് കൊടുത്തത്. പശ്ചിമബംഗാളിൽ കൊടുക്കാം. ചൈനയിൽ കൊടുക്കാം. കേരളത്തിൽ മാത്രം ആകില്ല എന്നുള്ള നിലപാട് കേരളത്തിലെ വികസനത്തിന് എതിരാണ്. കേരളത്തിലെ ചെറുപ്പ

LIBRARY ARCHIVES Kerala Legislative Assembly

ക്കാർക്കെതിരാണ്. തൊഴിലില്ലായ്മയ്ക്കെതിരെ പടപൊരുതുന്ന കേരളത്തിലെ ചെറുപ്പക്കാരോട് ഇടതുപക്ഷം കാണിക്കുന്ന നെറികേടാണു സർ. ഈ സമീപനത്തിൽ മാററം വരണമെന്നാണ് ഞാൻ പറയുന്നത്. മററു കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി, നേരത്തെ സൂചിപ്പിച്ചതുപോലെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ലാളിത്യം മുഖമുദ്രയാക്കിയിട്ടുള്ള കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തീർച്ചയായും കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ 5 വർഷക്കാലം ഇവിടെ പാവപ്പെട്ട ജനങ്ങളും തൊഴിലാളികളും കഷ്ടപ്പെട്ടപ്പോൾ, ചെറുപ്പക്കാർ കഷ്ടപ്പെട്ടപ്പോൾ, വിദ്യാഭ്യാസമേഖലയിൽ കുഴപ്പമുണ്ടായപ്പോൾ, റോമാ സാമ്രാജ്യം കത്തിയെരിഞ്ഞപ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയെപ്പോലെ മാർക്സിസ്ററ് പാർട്ടിയുടെ ഗവൺമെന്റ് പെരുമാറിയിരുന്നുവെങ്കിൽ ഒരു സംശയവും വേണ്ട, കേരളത്തിലെ ജനങ്ങൾ ഇന്ന് പ്രയാസത്തിലാണ്, പക്ഷെ ആ പ്രയാസത്തോടൊപ്പം നിന്നുകൊണ്ടുതന്നെ ഈ ഗവൺമെന്റ് മുന്നോട്ടുപോകും. അതു പരിഹരിക്കുന്നതിനുള്ള തീവ്രമായ ശ്രമങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്. ഞാൻ ദീർഘിപ്പിച്ച് പറയുന്നില്ല. ഈ നന്ദിപ്രമേയ ചർച്ചയ്ക്ക് എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ഡി. സുഗതൻ: ഗവർണ്ണറുടെ പ്രസംഗത്തിന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. കഴിഞ്ഞ ഗവൺമെന്റിലെ വ്യവസായ വകുപ്പ് മന്ത്രിയുടെ മണ്ഡലത്തിൽ നിന്ന് ജയിച്ചുവന്ന ആളാണ് ഞാൻ. എന്റെ മണ്ഡലത്തിലെ വോട്ടറാണ് പ്രതിപക്ഷ നേതാവ്. അതുപോലെ തന്നെ ശ്രീ. തോമസ് ഐസക്കും എന്റെ മണ്ഡലത്തിലെ വോട്ടറാണ്. പുന്നപ്രയും എന്റെ മണ്ഡലത്തിലാണ്. പുന്നപ്രയിലും വയലാറിലും ഇത്തവണ യു. ഡി. എഫ്. നാണ് ഭൂരിപക്ഷമുണ്ടായിരിക്കുന്നത്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ 4-ാം പാരയിൽ 'എൽ. ഡി എഫ്. അവരുടെ ഭരണകാലത്തു നടത്തിയ നിഷ്ക്രിയത്വത്തിനും അഴിമതിക്കും ദുർഭരണത്തിനും അക്രമത്തിനും എതിരെ കേരളത്തിലെ ജനങ്ങൾ ബാലററ് പേപ്പറിലൂടെ വിധിയെഴുതിയിരിക്കുകയാണ്' എന്നുപറഞ്ഞതിന്റെ ഏററവും വലിയ ഉദാഹരണമാണ് ഞാൻ. എന്റെ മണ്ഡലമായ അമ്പലപ്പുഴയിലാണ് പ്രതിപക്ഷ നേതാവിന്റെ ആശീർവാദത്തോടുകൂടി വെട്ടിനിരത്തൽ സമരം നടന്നത്. എന്റെ മണ്ഡലത്തിൽപ്പെട്ട നെടുമുടിയിലാണ് വെട്ടിനിരത്തൽ സമരം ഉണ്ടായത്. കഴിഞ്ഞ ഗവൺമെന്റിലെ ഫിഷറീസ് വകുപ്പുമന്ത്രി കൃഷിക്കാരോട് മൽസ്യക്കൃഷിയും നെൽക്കൃഷിയും ചെയ്യാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടെ ഒരു പാവപ്പെട്ട സ്ത്രീ മൽസ്യക്കൃഷി ചെയ്തു. അതു മുഴുവൻ മാർക്സിസ്ററുകാർ ആക്രമിച്ചു നശിപ്പിച്ചു. ആ മൽസ്യക്കുഞ്ഞുങ്ങളെ തുറന്നുവിടുകയും, അവിടെയുണ്ടായിരുന്ന തൈകളും വാഴകളും വെട്ടി നശിപ്പിക്കുകയും ചെയ്തു. അന്ന് യു. ഡി. എഫ്.-ന്റെ നേതാക്കൻമാർ നെടുമുടിയിൽ ഓടിയെത്തി ഭയവിഹ്വലരായ കർഷകരെ ആശ്വസിപ്പിച്ചുകൊണ്ട് അവിടെ തൈകൾ നട്ടു. ആ തൈകൾ ഇന്ന് കുലയ്ക്കാറായി. ഞാൻ ഇന്നലെ കണ്ടിരുന്നു, അവിടെ നട്ട വാഴകൾ കുലച്ചു. അന്ന് യു. ഡി. എഫ്. അവിടെ നിന്ന് ആരംഭിച്ച പടയോട്ടമാണ് 99 അംഗങ്ങളെ വിജയിപ്പിച്ചുകൊണ്ട് ഈ നിയമസഭയിൽ എത്തിയിരിക്കുന്നത്. ഈ കഴിഞ്ഞ എൽ. ഡി. എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ച് കഴിഞ്ഞ ദിവസം ശ്രീ. വർക്കല കഹാർ പ്രസംഗിച്ചപ്പോൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം 28,000 വോട്ടിന് എൽ. ഡി. എഫ്. ജയിച്ച മണ്ഡലത്തിൽ നിന്നാണ് ജയിച്ചത്. അദ്ദേഹത്തിന്റെ കഴിവുകൊണ്ടല്ല എന്ന് പറയുകയുണ്ടായി. ഇവിടെ ആരും പറയാത്തതുകൊണ്ട് ഞാൻ പറയുന്നു, കൊല്ലം എസ്. എൻ. കോളേജ് സമരം, ആ സമരത്തിനു നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു വർക്കലയിൽ ദയനീയമായി പരാജയപ്പെട്ടത്. ഹൈക്കോടതി ഉത്തരവ് ഉണ്ടായിരുന്ന സമയത്ത് മാർക്സിസ്റ്റ് പാർട്ടിയിലെ പ്രവർത്തകൻമാരും പോലീസ് ഉദ്യോഗസ്ഥൻമാരുംകൂടി എസ്. എൻ. കോളേജിൽ അതിക്രമിച്ച് കടന്ന്, കോടതി ഉത്തരവ് ലംഘിച്ചുകൊണ്ട് പ്രിൻസിപ്പലിനെ ബന്ദിയാക്കിവച്ചുകൊണ്ട് കരാറുകൾ ഒപ്പിടുവിക്കുകയുണ്ടായി. ഈ കരാർ ഒപ്പിട്ട സമയം എസ്. എൻ. ഡി. പി. യോഗത്തിന്റെ പ്രസിഡന്റ് മരിച്ചു കിടക്കുകയായിരുന്നു. ഒന്നേകാൽ കോടിയോളം വരുന്ന ജനതയെ പ്രതിഷേധത്തിലാക്കിയ സംഭവമായിരുന്നു അത്. അതുകൊണ്ടും തീർന്നില്ല. ഗുരുദേവന്റെ പ്രതിമയെ ആക്രമിച്ച സംഭവങ്ങളുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. ഈ പ്രതിഷേധമാണ് 99 അംഗങ്ങളെ ഇവിടെ എത്തിച്ചത്. അതുപോലെതന്നെ ഇവിടെ മദ്യവ്യവസായത്തെക്കുറിച്ച് വളരെ പരിഹാസരൂപേണ പലരും സംസാരിക്കുകയുണ്ടായി. കള്ള് എന്നു പറയുന്ന ഉൽപ്പന്നത്തെക്കുറിച്ച് ആയിരുന്നു അത്. അതിന്റെ കച്ചവടത്തെക്കുറിച്ചാണ് തർക്കം. കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഫലമായി അത് ഉൽപ്പാദിപ്പിക്കുന്ന തൊഴിലാളികൾ നേരിട്ട ബുദ്ധിമുട്ടുകളെക്കുറിച്ച് ആരും പറഞ്ഞുകേട്ടില്ല. ഒരു ചെത്തു തൊഴിലാളി ഒരു ലിറ്റർ കള്ള് ചെത്തി അളന്നു കൊടുത്താൽ ഇരുപത്തി ഒൻപതര രൂപ കിട്ടിയിരുന്ന സ്ഥാനത്ത് എൽ. ഡി. എഫ്. കൊണ്ടുവന്ന സൊസൈറ്റിയുടെ ഫലമായി അത് 10 രൂപയായി കുറയുകയാണ് ചെയ്തത്. ഇരുപത്തി ഒൻപതര രൂപ വരുമാനം 10 രൂപയായി കുറഞ്ഞു. ഇത് ആരെങ്കിലും കണ്ടിട്ടുണ്ടോ. 38 ശതമാനം ബോണസ് വാങ്ങിയിരുന്ന ചെത്തുതൊഴിലാളിക്ക് ഇനി സൊസൈറ്റിയാണെങ്കിൽ അഷ്ട് എട്ടും മൂന്നിലൊന്ന് ശതമാനമാണ് കിട്ടുക. അതുപോലെതന്നെ 6 മാസം കൂടുമ്പോൾ രണ്ടായിരം രൂപയോളം ഒരു ചെത്തുതൊഴിലാളിക്ക് ചുമട്ടുകൂലിയിനത്തിലും മറ്റും കിട്ടുമായിരുന്നു. കയർ, മണ്ണ്, മാട്ടം ഇങ്ങനെയുള്ള സാധനങ്ങളൊക്കെ വാങ്ങുന്നതിന് രണ്ടായിരം രൂപ കിട്ടുന്നത് ഇപ്പോൾ കിട്ടുകയില്ല. അതുകൊണ്ട് ഈ മാറ്റങ്ങളുടെ ഫലമായി ആ മേഖലയിൽ പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികളുടെ ജീവിതം അവതാളത്തിലാണ്. അവർ ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പ്രതികരിച്ചിട്ടുണ്ട്. സാറിനറിയാം "കുപ്പുറം" എന്നു പറയുന്ന സ്ഥലം. എന്റെ മണ്ഡലത്തിലെ ചെത്തുതൊഴിലാളികൾ മാത്രമുള്ള പ്രദേശമാണ്. അത് ബൂത്ത് പിടിക്കുന്ന സ്ഥലമാണ്. സാറിനറിയാം, അവിടെ സി.പി.എം.-കാർ ബൂത്ത് പിടിക്കുന്ന സ്ഥലമാണ്. ഇത്തവണ ബൂത്ത് പിടിച്ചില്ല. അവിടെ പരമാവധി യു. ഡി. എഫ്.-ന് 60 വോട്ട് കിട്ടുന്ന ഒരു ബൂത്തുണ്ട്. അത് ചെത്തുതൊഴിലാളികളുള്ള ബൂത്താണ്. ഇത്തവണ അവിടെ 300 വോട്ടാണ് യു. ഡി. എഫ്.-ന് കിട്ടിയത്. അപ്പോൾ കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ തൊഴിലാളി ദ്രോഹ നയങ്ങൾ അവിടെ പ്രതിഫലിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലാണ് റാണിചിത്തിര, മാർത്താണ്ഡം കായലുകൾ. അത് സാറിനറിയാം. ബഹുമാനപ്പെട്ട അങ്ങ് ഇവിടെ കൃഷിവകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കായൽരാജാവായ മുരിക്കന്റെ റാണിചിത്തിര, മാർത്താണ്ഡം കായലുകൾ നഷ്ടപരിഹാരം കൊടുക്കാതെ ഏറ്റെടുത്ത് 1800 കർഷകത്തൊഴിലാളികൾക്ക് പതിച്ചുകൊടുത്തത്. അങ്ങയുടെ ഭരണകാലത്താണ്. 'നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്നു മാർക്സിസ്റ്റുകാർ പറഞ്ഞിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത് അങ്ങയുടെ കാലത്താണ്. ഇന്നിപ്പോൾ ആ ഇടങ്ങൾ, കർഷക തൊഴിലാളികൾക്ക് കൊടുത്ത നിലങ്ങൾ മാർക്സിസ്റ്റ് പാർട്ടി നേതാക്കൻമാരുടെ നേതൃത്വത്തിൽ തിരിച്ച് പാട്ടത്തിന് മുതലാളിമാർക്ക് കൊടുത്തിരിക്കുകയാണ്. ഇതാണ് അവിടത്തെ സ്ഥിതി. ഒരു സാമൂഹ്യ മാററത്തെ പുറകോട്ടു പിടിക്കുന്ന നയമാണ് എൽ. ഡി. എഫും മാർക്സിസ്ററ് പാർട്ടിയും സ്വീകരിച്ചിരുന്നത്. ഇങ്ങനെ പാട്ടത്തിന് കൊടുത്തതിന്റെ പേരിൽ മാർക്സിസ്ററ് പാർട്ടി നടപടി സ്വീകരിച്ച് പാർട്ടിയിൽ നിന്ന് പുറത്താക്കിയ ഒരാളിനെ പരാജയപ്പെടുത്തിയാണ് ഞാൻ നിയമസഭയിൽ വന്നിരിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത്, എൽ. ഡി. എഫ്. ഗവൺമെൻറിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ ഇവിടത്തെ ജനങ്ങൾ എഴുതിയ വിധിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കണ്ടതും, ഇവിടെ 99 അംഗങ്ങളെ എത്തിക്കാൻ കഴിഞ്ഞതും. എന്റെ മണ്ഡലത്തിൽ ഒരു മന്ത്രി 5 വർഷം പ്രതിനിധീകരിച്ച മണ്ഡലമാണ്. തകഴി പാലം എന്നൊരു സങ്കൽപ്പം, 15 വർഷങ്ങൾക്കുമുൻപ് അവുക്കാദർകുട്ടി നഹ സാഹിബ് തറക്കല്ലിട്ട സംഭവമാണ്. വിശ്വസാഹിത്യകാരനായ തകഴി ശിവശങ്കരപ്പിള്ള പറയുമായിരുന്നു, അദ്ദേഹത്തിന്റെ ജീവിതാഭിലാഷമാണ് ഈ പാലം പണിതു കാണുക എന്നതെന്ന്. അദ്ദേഹം മരിച്ചുപോയി. ആ കല്ല് ഇപ്പോഴും അവിടെ കിടക്കുകയാണ്. അവുക്കാദർകുട്ടി നഹയും തച്ചടി പ്രഭാകരനും ചേർന്നിട്ട തറക്കല്ല് 15 വർഷമായി കിടക്കുകയാണ്. പണി പൂർത്തിയായിട്ടില്ല. അതുപോലെതന്നെ നിരവധി വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ പത്തു പതിനഞ്ചു വർഷമായി എന്റെ മണ്ഡലത്തിൽ ഉണ്ടായിട്ടില്ല. ഇവിടെ ഗവർണ്ണർ അവതരിപ്പിച്ച ഈ നയപ്രഖ്യാപനരേഖയിൽ പറഞ്ഞിരിക്കുന്ന വികസനപരമായ കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: സർ, എന്റെ സ്നേഹിതൻ ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു, അനുകൂലിക്കുന്നു. കഴിഞ്ഞ 14 കൊല്ലക്കാലമായി കേരളാ നിയമസഭയിൽ വന്നിരിക്കുവാനും ചർച്ച ചെയ്യാനുമുള്ള ഭാഗ്യം എനിക്ക് ഉണ്ടായിട്ടില്ല. അതിനു മുൻപ് പത്തുപതിനേഴ് കൊല്ലക്കാലം തുടർച്ചയായി നിയമസഭയിലിരിക്കുവാനും ചർച്ച ചെയ്യാനും സാധിച്ചിട്ടുണ്ട്. അന്നും ഇന്നും വലിയ വ്യത്യാസമൊന്നും ഇല്ലാതെയാണ് നമ്മുടെ നിയമസഭയുടെ ചർച്ചകളും ചിന്തകളും പ്രവർത്തന ശൈലികളും മുന്നോട്ടു പോകുന്നതെന്നാണ് എനിക്ക് കാണാൻ കഴിയുന്നത്. ഇവിടെനിന്നും എന്തെല്ലാം പറഞ്ഞോ, എത്ര നല്ല കാര്യങ്ങൾ പറഞ്ഞോ അതിനെയെല്ലാം അവിടെ നിന്നും കണ്ണടച്ച് എതിർക്കുക, അതുപോലെ അവിടെ നിന്നും നല്ല കാര്യങ്ങൾ പറഞ്ഞാൽ ഇവിടെനിന്നും എതിർക്കുക ഇങ്ങനെയുള്ള സമീപനശൈലി എന്നും നമ്മൾ അനുവർത്തിക്കുകയാണ്. രാജ്യത്തിന്റെ നല്ല കാര്യങ്ങൾ പറയുമ്പോൾ, നല്ല നിയമ നിർമ്മാണം വരുമ്പോൾ സ്വാഗതം ചെയ്യാനുള്ള മനസ്സുവേണം. നാടിന്റെ പുരോഗതി ആഗ്രഹിക്കുന്നവർ ആ ശൈലി ഒന്ന് മാററുന്നതല്ലേ നല്ലത് എന്ന് എനിക്ക് തോന്നുകയാണ്. ഇവിടെ നടന്ന രണ്ടുമൂന്നു ദിവസത്തെ ചർച്ച കേട്ടോ? അപ്പുറത്തും ഇപ്പുറത്തും നിന്നുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ കഴിഞ്ഞ രണ്ടു ദിവസമായി നടത്തിയ പ്രസംഗങ്ങൾ കേട്ടപ്പോൾ, ഞാൻ മോശമായി പറയുകയല്ല, ശൈലി മാറാത്തതിന്റെ ദേഷ്യവും ദുഃഖവും എന്റെ മനസ്സിലുണ്ടായി. ഒരു ആംഗ്ലോ അമേരിക്കൻ ശൈലി, ഡെമോക്രാററിക് പാർലമെൻററി ശൈലി, നല്ല കാര്യങ്ങളെ സ്വീകരിക്കുകയും അനുമോദിക്കുകയും ചെയ്യുന്ന ഒരു ശൈലി നടപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുന്നതിന്, എല്ലാപേരും യോജിച്ചുകൊണ്ട് ആത്മാർത്ഥമായ പരിശ്രമം നമ്മുടെ നാടിന്റെ പുരോഗതിക്കുവേണ്ടി നമുക്ക് സ്വീകരിച്ചുകൂടേ? ഇനിയെങ്കിലും അത് ആലോചിക്കേണ്ടിയിരിക്കുന്നു എന്നാണ് എനിക്ക് ആമുഖമായി പറയുവാനുള്ളത്. ഗവർണ്ണറുടെ പ്രസംഗം കഴിഞ്ഞ്, പ്രതിപക്ഷത്തുനിന്നും എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗത്തിന്റെ ആമുഖവാചകം ഞാൻ ശ്രദ്ധിച്ചു. "അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരായി ഒരു യുദ്ധ പ്രഖ്യാപനം", നല്ല വാക്കുകൾ. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ ചോദിക്കട്ടെ, അദ്ദേഹത്തെപോലുള്ള ഒരു മെമ്പർക്ക് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം പോലും വായിക്കാതെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരെ ഒരു യുദ്ധപ്രഖ്യാപനമെന്ന് എങ്ങനെ പറയുവാൻ സാധിച്ചു? അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരായ ഏതെങ്കിലും ഒരു സംഭവം ചൂണ്ടിക്കാണിക്കാമോ? ഇനിയെങ്കിലും നിങ്ങൾ പരിശോധിക്കണം. ഗവർണ്ണറുടെ പ്രസംഗത്തിൽ ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. ഞങ്ങൾക്ക് അതിൽ വലിയ ആക്ഷേപമൊന്നുമില്ല. ഒരു കാര്യത്തിൽ മാത്രമേയുള്ളൂ, അദ്ദേഹം വായിക്കേണ്ടത് വായിച്ചില്ല എന്നതുമാത്രം. പക്ഷേ അതു തിരുത്തുകയും ചെയ്തു. അതിലുടനീളം ഈ നാടിന്റെ സാമ്പത്തിക ഉയർച്ചയ്ക്കും പുരോഗതിക്കും വേണ്ട നിർദ്ദേശങ്ങളാണ്, അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ്. പക്ഷെ വേറൊരു കാര്യം പറഞ്ഞു, ഈ സംസ്ഥാനത്ത് കഴിഞ്ഞ ഗവൺമെന്റ് നടത്തിയ ദുർഭരണം, അതിന്റെ കെടുതികൾ, കടബാദ്ധ്യതകൾ അതു ഇവിടത്തെ ഓരോ പൗരന്റെയും തലയിൽവെച്ച ആഘാതങ്ങൾ, അക്രമങ്ങൾ, കൊലപാതകങ്ങൾ ഇതൊക്കെ ഒരു പക്ഷെ നിങ്ങൾക്ക് അരോചകമായിരിക്കാം. സത്യം തുറന്നു പറഞ്ഞാൽ അരോചകം, തുറന്നു പറഞ്ഞില്ലെങ്കിൽ കള്ളത്തരം എന്ന വാദഗതി എനിക്ക് മനസ്സിലാകുന്നില്ല. എന്താണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞത്, ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ, നമ്മൾ അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ, ഇതൊക്കെയാണ് ആ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. 1996-ൽ നിങ്ങൾ അധികാരം ഏൽക്കുന്ന സമയത്ത് 10,665 കോടി രൂപയേ റവന്യൂ കടം ഉണ്ടായിരുന്നുള്ളൂ. ശരിയല്ലേ; ആർക്കെങ്കിലും തർക്കിക്കുവാൻ കഴിയുമോ? അതു കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തിൽ 24,000 കോടി രൂപയായി. ഇപ്പോൾ 27,000 കോടി രൂപയുടെ കടമായി—എന്നുപറഞ്ഞാൽ നിങ്ങൾക്ക് തർക്കിക്കുവാൻ കഴിയുമോ? അഞ്ചു കൊല്ലംകൊണ്ട് ഇത്രയും ഭീമമായ കടം കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ തലയിൽ വയ്ക്കാനുള്ള രാഷ്ട്രീയ സാമ്പത്തിക സാഹചര്യം എന്തായിരുന്നു?

ശ്രീ. മത്തായി ചാക്കോ: വഴങ്ങാമോ?

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ വഴങ്ങുന്നില്ല. ഗവർണ്ണറുടെ അഡ്രസ്സിനെക്കുറിച്ച് ഡോ. തോമസ് ഐസക് പ്രസംഗിക്കുമെന്ന് ഞാൻ വിചാരിച്ചു. ഡോ. ഐസക്, ഡോ. ഗുലാത്തി, സാക്ഷാൽ ഇ. എം. എസ്.-ന്റെ മകൻ ശ്രീധരൻ ഇവർ പ്ലാനിംഗ് ബോർഡ് മെമ്പറൻമാരായിരുന്നു. അന്ന് നിങ്ങളുടെ പ്ലാനിംഗ് ബോർഡല്ലേ; പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനായിരുന്ന ഡോ. ഗുലാത്തി പറഞ്ഞത്, വളരെ മർമ്മ പ്രാധാന്യമുള്ള വിഷയമാണ്. അദ്ദേഹം പറഞ്ഞത്, "He said: the real reasons for the current financial crisis was the failure of people concerned to understand the importance of budgetory discipline. അദ്ദേഹം വീണ്ടും പറഞ്ഞു, You authorised certain expenditures in the budget on the basis of priority expected the flow of revenue, you then ignored all that and look up your self commitments which are not budgetted. ഇതല്ലാതെ വേറെ എന്തു പറയണം?

LIBRARY ARCHIVES Kerala Legislative Assembly

ഇതല്ലേ ശ്രീ. എ. കെ. ആൻറണിയും അന്നത്തെ പ്രതിപക്ഷ മെമ്പർമാരും നിങ്ങളുടെ ഓരോരോ ഗ്രാൻറുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്തത്? നിങ്ങൾ അത് കേട്ടോ? നിങ്ങളോട് നിയമസഭയിൽ അക്കമിട്ട് ചോദിച്ചില്ലേ: 1996 മുതൽ 2001 വരെ എല്ലാ സമ്മേളനത്തിലും ഇതല്ലേ ചോദിച്ചത്? നിങ്ങൾ കേട്ടോ? പോകട്ടെ, "The White Paper made specific mention about departments like, Education, Public Works, Police etc.; pending funds far in excess of the budgetory allocations". ഒരു കുററപത്രം. അന്നത്തെ ഗവൺമെൻറിന് എതിരെ നിങ്ങളുടെ പ്ലാനിംഗ് ബോർഡ് ചെയർമാൻ തരുന്ന കുററപത്രം. നിങ്ങൾക്ക് എതിരെയുള്ളതല്ലെന്ന് പറയുവാൻ കഴിയുമോ? ഈ സഭയിൽ വച്ച് പറഞ്ഞു. ഞാൻ പ്രതീക്ഷിക്കുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അത് സംബന്ധിച്ച് പറയുമെന്നാണ്. ഇതുകൊണ്ട് തന്നെയാണ് നിങ്ങൾ ഈ തിരഞ്ഞെടുപ്പിൽ അപ്പുറത്തിരിക്കേണ്ടി വന്നത്. അപ്പുറത്തിരിക്കേണ്ടിവന്ന രാഷ്ട്രീയ സാഹചര്യം ഇതുതന്നെയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് എത്ര സീററുണ്ടായിരുന്നു കഴിഞ്ഞ വർഷം? ഇവിടെ 80 സീററിൽ വന്നവരല്ലേ നിങ്ങൾ. അത് ഇപ്പോൾ നാല്പതിലേക്ക് പോയില്ലേ? നിങ്ങളുടെ തോൽവിയുടെ തർക്കത്തെക്കുറിച്ച് ഞാൻ പിന്നീട് പറയാം.

ശ്രീ. സാജുപോൾ: ഒന്നുചോദിക്കട്ടെ. ....

ശ്രീ. എം. പി. ഗംഗാധരൻ: ഇപ്പോൾ സമയമില്ല. ബാക്ക് ബെഞ്ചിലുള്ളവർ ഇത്രയും ബേജാറാകണ്ട. മുന്നിലുള്ളവർ പറയട്ടെ. ഞാൻ ചോദിക്കട്ടെ, എന്റെ സ്നേഹിതൻ ശ്രീ. വാഹിദ് ജനകീയാസൂത്രണം നടപ്പാക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ കൊടുത്ത കേസിൻെറ ജഡ്ജ്മെൻറ് എന്താണ്? പ്ലസ് ടുവിനെ കുറിച്ച് കേരള ഹൈക്കോടതി പറഞ്ഞത് എന്താണ്? ഈ കാര്യങ്ങളൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്. ഇതൊക്കെ സത്യമല്ലേ? ജനങ്ങളിൽ നിന്നും മറച്ചുവയ്ക്കാമോ? ശ്രീ. ഇ. കെ. നായനാരുടെ മന്ത്രിസഭയിൽ നടന്ന കാട്ടാള ഭരണത്തിൻെറ അവശിഷ്ടങ്ങൾ ഈ നാട്ടിൽ മൂടിവയ്ക്കണമെന്നാണോ പറയുന്നത്? ജനങ്ങൾ ഇതൊക്കെ അറിയട്ടെ. അതിന് എന്താണ് വിഷമം? ജനങ്ങൾ മനസ്സിലാക്കണം. നമ്മളൊക്കെ ജനങ്ങളുടെ ആളുകളല്ലേ? ജനങ്ങൾ മനസ്സിലാക്കട്ടെ. ഈ കൊല്ലം 3,477 കോടി രൂപയുടെ കടബാധ്യതയാണ്. ഇലക്ട്രിസിററി ബോർഡ്, കെ. എസ്. ആർ. ടി. സി., ഹൗസിംഗ് ബോർഡ് തുടങ്ങി മററ് ബോർഡുകളൊക്കെ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലേക്ക് പോകുന്നത് നമ്മൾ കാണുന്നില്ല എന്നത് കഷ്ടമാണ്. നമ്മൾ നിയമസഭയിലിരുന്ന് ചർച്ച ചെയ്യുന്നു. ഈ കാര്യത്തിൽ നമ്മൾ കണ്ണടയ്ക്കുന്നു. ശരിയാണ്. എഡ്യൂക്കേഷൻെറ മാത്രം കണക്ക് പറയാം, എഡ്യൂക്കേഷനു മാത്രം 3,003 കോടി രൂപയാണ് ചെലവഴിച്ചത്. പിന്നെ ഹെൽത്തിന്, പി. ഡബ്ള്യൂ. ഡി. ക്ക് ഇതിനെല്ലാം കോടിക്കണക്കിന് രൂപ നമ്മൾ ചെലവഴിക്കുകയാണ്. എക്സ്ചെക്കറിൽ പണമുണ്ടാക്കാൻ എന്തെങ്കിലും പോംവഴി കണ്ട് അത് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞാൽ നിങ്ങൾ അതിനെതിരെ പല്ല് ഇളിക്കുവാൻ പാടുണ്ടോ? നമ്മുടെ സംസ്ഥാനത്തിന് രക്ഷ വേണ്ടേ? ടോട്ടൽ എക്സ്പെൻറിച്ചറിൽ നല്ലൊരു ശതമാനം ഉദ്യോഗസ്ഥൻമാരുടെ സാലറിയായിട്ടാണ് കൊടുക്കുന്നത്. 1996-ൽ കൊടുത്തിരുന്ന തുകയേക്കാൾ വളരെയധികം വർദ്ധന നിങ്ങൾ ഉദ്യോഗസ്ഥർക്ക് സാലറിയായി കൊടുക്കാൻ ഇടയാക്കി. ഇത് ആരുടെ തലയിൽ വയ്ക്കാമെന്ന് വിചാരിച്ചു. ഇതിന് ഒരു ശാശ്വത പരിഹാരം വേണ്ടേ? നമ്മുടെ സംസ്ഥാനത്ത് മുന്നേകാൽ കോടി ജനങ്ങൾ എവിടേക്ക് പോകും? ഈ നിയമസഭയെ ഉററുനോക്കുകയാണ്. ഈ ഗവൺമെൻറിനെ പ്രതീക്ഷയോടുകൂടി നോക്കുകയാണ്. ഇത്



LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുവാൻ പണം ഉണ്ടാകണം. അതു ഉണ്ടാക്കുവാൻ ഒരു കുറുക്കുവഴിയും ഇല്ല. പണം എവിടെ നിന്ന് ഉണ്ടാക്കും? ഏത് രാജ്യത്തും സാമ്പത്തികപുരോഗതി ഉണ്ടാകണമെങ്കിൽ ഒന്നുകിൽ കാർഷിക രംഗത്ത് ഉയർച്ച ഉണ്ടാകണം അല്ലെങ്കിൽ വ്യവസായ രംഗത്ത് ഉയർച്ച ഉണ്ടാകണം. അതിൽ കൂടിയല്ലേ സമ്പത്ത് വളരൂ. അതിൽകൂടിയല്ലേ സാമ്പത്തികമായി ഉയരാൻ കഴിയൂ. വേറെ കുറുക്കുവഴി ഉണ്ടോ പണം സ്വരൂപിക്കുവാൻ? നമ്മുടെ കൈയിൽ പണം ഉണ്ടോ? സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്ന് നൂറിന് തൊണ്ണൂറ് ശതമാനവും ഞാൻ പറഞ്ഞ കാര്യങ്ങൾക്ക്, എസ്റ്റാബ്ലിഷ്മെന്റിൽ ചെലവഴിക്കുകയാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ പറഞ്ഞു. 90 ശതമാനവും ചെലവഴിക്കുകയാണ്. ബാക്കി 10 ശതമാനമാണ് ഡെവലപ്മെന്റ് വർക്കിന്. എന്ത് ചെയ്യാൻ കഴിയും? കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന പണം, ഹരിജന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഗ്രാൻറായി കൊടുക്കുന്ന തുക, കുടിവെള്ളത്തിന് കൊടുക്കുന്ന തുക ഇതൊക്കെ നിങ്ങൾ വകമാററി ചെലവഴിച്ചു. നിങ്ങൾ യഥാർത്ഥ പർപ്പസിന് ചെലവഴിച്ചില്ല. എന്താണ് അതിനുള്ള മറുപടി? നിങ്ങൾ പറയും ജനകീയാസൂത്രണത്തിന് കൊടുത്തുവെന്ന്, അല്ലേ? ഞാൻ പറഞ്ഞല്ലോ സുപ്രീം കോടതിയുടെ വിധി. സി. ആൻറ് എ. ജി. യുടെ റിപ്പോർട്ട് എന്റെ കൈയിലുണ്ട്. വായിക്കുവാൻ സമയമില്ല. അല്ലെങ്കിൽ വായിക്കുമായിരുന്നു. വായിച്ചാൽ നിങ്ങൾ അവിടെ ഇരിക്കുകയില്ല. ഇപ്പോൾ കേട്ടപ്പോൾത്തന്നെ ഇരിക്കുന്നില്ല.

സർ, പ്രൈവറൈറസേഷനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? എനിക്ക് അതാണ് മനസ്സിലാകാത്തത്. നിങ്ങൾ സത്യസന്ധമായി പറയണം, പ്രൈവറൈറസേഷനെ നിങ്ങൾ എതിർക്കുന്നുണ്ടോ? നിങ്ങൾക്കതിന് സാധ്യമല്ല. ഇ. എം. എസ്. നമ്പൂതിരിപ്പാട് 1957-ൽ ഗവൺമെൻറുണ്ടാക്കിയപ്പോൾ ആദ്യമായി പോയത് ഉള്ള പണംകൊണ്ട് വ്യവസായം ചെയ്യാനല്ല, ബിർളയുടെ പടിക്കൽ കാവൽ നിൽക്കുകയായിരുന്നു. ബിർളയെ മാവൂരിൽ കൊണ്ടുവന്നു. കോടിക്കണക്കിന് രൂപയാണ് മുടക്കിയത്. ഒരു ടൺ മുളയ്ക്ക് ഒരു രൂപ വച്ച് വാങ്ങി കേരളത്തിന്റെ വനസമ്പത്ത് മുഴുവൻ നഷ്ടപ്പെടുത്തിക്കൊണ്ടാണ് വന്നത്. ഒരു ടൺ മുളയ്ക്ക് ഒരു രൂപ. ശ്രീ. ആര്യാടൻ മുഹമ്മദിന് അതിനെക്കുറിച്ചറിയാം. അദ്ദേഹം എതിർത്തതാണ്. കേരളത്തിന്റെ വനസമ്പത്ത് പണയം വച്ചുകൊണ്ടാണ് അവിടെ ഫാക്ടറി കൊണ്ടുവന്നത്. നിങ്ങൾ പ്രൈവറൈറസേഷന് എതിരല്ല. ഇവിടെ ഞങ്ങൾ വ്യവസായം വിൽക്കുന്നുവെന്നും ടാജ് ഗ്രൂപ്പിനെ കൊണ്ടുവന്നു എന്നും ശ്രീ. കെ. പി. രാജേന്ദ്രൻ പറയുകയുണ്ടായി. ടാജിനെ കേരളത്തിൽ കുടിയിരുത്തിയത് നിങ്ങളല്ലേ? കെ. ററി. ഡി. സി. സ്ഥാപനങ്ങൾ വിററതൊക്കെ നിങ്ങളുടെ കാലത്തല്ലേ? അതുകൊണ്ട് പ്രൈവറൈറസേഷൻ വേണം. പ്രൈവറൈറസേഷൻ കൊണ്ടുമാത്രമേ നമ്മൾ രക്ഷപ്പെടുകയുള്ളൂ. കാറൽ മാർക്സും പ്രൈവറൈറസേഷന് കൂട്ടുനിന്നയാളാണ്. അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന പുസ്തകം വായിച്ചാലറിയാം. അതെന്റെ കയ്യിലുണ്ട്. വേണമെങ്കിൽ ഞാൻ വായിക്കാം.

മി. സ്പീക്കർ: സമയമില്ല. One more minute please.

ശ്രീ. എം. പി. ഗംഗാധരൻ: സമയമില്ല. ഈസ്ററ് ഏഷ്യൻ രാജ്യങ്ങൾ മുഴുവൻ, നിങ്ങളുടെ ആധിപത്യത്തിലുള്ള രാജ്യങ്ങൾ മുഴുവൻ പോയില്ലേ? റഷ്യ 24 കഷണമായി. പക്ഷേ ചൈന ഒന്നു മുന്നോട്ടുവന്നു. ചൈനയിലുള്ള പ്രൈവററ് അണ്ടർടേക്കിംഗ്സും ഫോറിൻ ഇൻവെസ്ററുമെൻറും ഇൻഡ്യയേക്കാളും പത്തിരട്ടിയാണെന്ന് ഇവിടെ പറയുകയുണ്ടായി. നിങ്ങളെന്താണ്

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കാത്തത്? ബംഗാളിനെ എന്താണ് നിങ്ങൾ എതിർക്കാത്തത്? ഇപ്പോൾ നിങ്ങൾക്കുള്ള പ്രശ്നമെന്ന് പറയുന്നത് ഭരണമാററമാണ്. ഭരണം നിങ്ങൾക്ക് നഷ്ടപ്പെട്ടു. അത് സമ്മതിച്ചു. നിങ്ങൾക്ക് 40 സീററുണ്ടായിരുന്നത് ഇപ്പോൾ 23 ആണ്. സി. പി. ഐ.-യ്ക്ക് 18 സീററുണ്ടായിരുന്നത് ഇപ്പോൾ 7 ആണ്. കേരളാ കോൺഗ്രസ് (ജെ) ഗ്രൂപ്പിന് 9 സീററുണ്ടായിരുന്നത് ഇപ്പോൾ 2 ആണ്. ആരാണ് ഉത്തരവാദി? നിങ്ങളല്ലേ? നിങ്ങളുടെ ദുർഭരണവും വെട്ടിനിരത്തലും മാത്രമാണ് കാരണം. ചരിത്രപരമായ ഒരു സത്യവും ഇതിനുണ്ട്. സ്റ്റാലിൻ മുതലുള്ള ചരിത്രമുണ്ട്. ടോംസ്കി, ക്രൂഷ്ചേവ് മുതലുള്ളവരെ വെട്ടിനിരത്തുന്ന പ്രക്രിയ ഇവിടെയും നിങ്ങൾ നടത്തി. ഇവിടെ ഡാങ്കേ, മുകേഷ് ഗുപ്ത, കെ. പി. ആർ. ഗോപാലൻ, ചാത്തുണ്ണി മാസ്ററർ, ഗൗരിയമ്മ തുടങ്ങി എം. വി. രാഘവൻ വരെയുള്ളവരെ നിങ്ങളതുപോലെ ചെയ്തു. ഇല്ലേ? ഉദാഹരണങ്ങളുണ്ട്. അടുത്ത നിയമസഭ വരുമ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയുമൊക്കെ സ്ഥിതി എവിടെയാകുമെന്ന് ദൈവത്തിന് മാത്രമേ അറിയൂ.

മി. സ്പീക്കർ: Yes, Please conclude, Please complete.

ശ്രീ. എം. പി. ഗംഗാധരൻ: വെട്ടിനിരത്തൽ ഇങ്ങനെയാണ്. ഇപ്പോൾ കണ്ടില്ലേ അതിന്റെ ദോഷം. എറണാകുളത്തെ പ്രീമിയർ ടയേഴ്സിന്റെ സ്ഥിതി എന്താണ്? ഞാൻ വിശദീകരിക്കുന്നില്ല. ഞങ്ങൾ ബി. ജെ. പി. യുടെയും പി. ഡി. പി. യുടെയും വോട്ട് പിടിച്ചു എന്നാണ് നിങ്ങളുടെ ആക്ഷേപം. ഞാൻ ചോദിക്കുകയാണ്. 1996-ൽ പി. ഡി. പി. ആരുടെ കൂടെ ആയിരുന്നു? 1998-ൽ കേരളത്തിൽ ലോക്സഭ ഇലക്ഷൻ നടന്നു. അപ്പോൾ ബി. ജെ. പി. പല നിയമസഭാ മണ്ഡലങ്ങളിലും രണ്ടാം സ്ഥാനത്ത് വന്നു പല സീററുകളിലും അവർ മുന്നേറി. യു. ഡി. എഫ്. മുന്നിട്ടു നിന്ന നിയമസഭാ മണ്ഡലങ്ങൾ എത്രയാണെന്നറിയാമോ? 91 എണ്ണത്തിലാണ് മുന്നിട്ടുനിന്നത്. നിങ്ങളുടെ കണ്ണു തുറപ്പിക്കാനാണ് ഈ വസ്തുത പറയുന്നത്. 1998-ൽ കേരളത്തിൽ 91 സീററ് യു. ഡി. എഫ്.-ന് മുൻതൂക്കം കിട്ടി. ബി. ജെ. പി.-ക്ക് ധാരാളം വോട്ട് കിട്ടിയിട്ടും ഞങ്ങൾക്ക് 91-ൽ ലീഡ് കിട്ടി. ഭരണ നഷ്ടം വന്നതിന് ഉത്തരവാദി പരിപൂർണ്ണമായും നിങ്ങൾ തന്നെയാണ്. ആരുടെയും ചുമലിൽ വയ്ക്കണ്ട. ഞങ്ങൾ ജയിച്ചു. കാരണം ഞങ്ങൾക്ക് ജനങ്ങൾ വോട്ട് ചെയ്തു. നിങ്ങൾ തോററു. നിങ്ങളെ ജനങ്ങൾ അകററി. ഇതാണ് അതിന്റെ ഉത്തരം. ഇങ്ങനെയൊക്കെയാണെങ്കിലും നമുക്ക് രക്ഷപ്പെടണ്ടേ?

മി. സ്പീക്കർ: Please conclude Mr. Gangadharan.

ശ്രീ. എം. പി. ഗംഗാധരൻ: അങ്ങനെ രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം നമുക്ക് കൂട്ടായി ആലോചിക്കാം. ഞങ്ങൾ തയ്യാറാണ്. നിങ്ങൾ തയ്യാറുണ്ടോ?

മി. സ്പീക്കർ: That's good.

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ നന്ദിപ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചു കൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ ഞങ്ങളുടെ ആശയങ്ങൾക്കും സമീപനങ്ങൾക്കുമെതിരായി എടുത്തിട്ടുള്ള നിലപാട്, ഞങ്ങളെ പേഴ്സണലായിട്ടുവരെ ആക്രമിക്കുന്നിടത്ത് എത്തിയെന്നുള്ളത് അവരുടെ അധഃപതനത്തിന്റെ വ്യക്തമായ തെളിവാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്തിന് മുൻപ് എനിക്ക് പനി പിടിച്ച് ആശുപത്രിയിൽ കിടക്കേണ്ടി വന്നു. കുറച്ച് ഭേദമായതിനെ തുടർന്ന് നടന്ന പരിശോധനയിൽ എനിക്ക് പിടിപെട്ടിരുന്ന ഒരു അസുഖം ചികിൽസിക്കാൻ ലണ്ടനിലെ ഒരാശുപത്രിയിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം പോകേണ്ടി വന്നു. എന്റെ ചികിൽസ കഴിഞ്ഞ് അസുഖം ഭേദപ്പെട്ട് ഞാൻ നാട്ടിലെത്തി. എന്റെ സ്നേഹിതൻമാരായ അപ്പുറത്തിരിക്കുന്ന പലർക്കും അത് ദഹിച്ചില്ല. അവരെ സഹായിക്കുന്ന ചില മാധ്യമങ്ങൾ അതിനെക്കുറിച്ച് ഒട്ടേറെ എഴുതി. എന്റെ ചികിൽസയെക്കുറിച്ചും ആശുപത്രിയെക്കുറിച്ചും ജനറലാശുപത്രിയിലെ ഒൻപതാം വാർഡും തമ്മിൽ താരതമ്യം ചെയ്തു കൊണ്ട് കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് ലക്ഷക്കണക്കിന് വാൾപോസ്റ്ററുകൾ വിതരണം ചെയ്ത് വോട്ട് തട്ടിയെടുക്കാൻ ശ്രമിച്ചു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഭരണ-പ്രതിപക്ഷ സ്നേഹിതൻമാരിൽ പ്രമുഖനായ ശ്രീ. കെ. കരുണാകരനും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പത്നി കല്ല്യാണിക്കുട്ടി അമ്മയും ശ്രീ. ജോൺ ജേക്കബും ടി. എം. ജേക്കബുമെല്ലാം അമേരിക്കയിലും ബ്രിട്ടനിലുമെല്ലാം പോയി ചികിൽസ നടത്തി. ഖജനാവിൽ നിന്ന് ലക്ഷങ്ങൾ അവർ എണ്ണി വാങ്ങുകയും ചെയ്തു. അന്നൊന്നും വിദേശരാജ്യ ചികിൽസ ഒരപരാധമായി ചിത്രീകരിച്ച് അവരെ അപമാനിക്കുന്ന വാർത്തകൾ മാധ്യമങ്ങളോ മററാളുകൾ ആരെങ്കിലുമോ കൊണ്ടുവന്നതായി ഓർമ്മയില്ല. ഇന്നും ഇന്നലെയുമായി ഞാൻ ഇവിടെ കേട്ട പ്രസംഗങ്ങളിൽ ഇപ്പോഴും അത് പ്രതിഫലിക്കുകയാണ്. ***

.. ...(ബഹളം).. .....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ ആലോചിച്ചു നോക്കൂ..........(ബഹളം)..........Order........Order..I hope that he will correct it.

Order.......... Order..........
അദ്ദേഹം അത് ഡിലീററ് ചെയ്യും. അദ്ദേഹം അത് പിൻവലിക്കുമെന്ന് തോന്നുന്നു........(ബഹളം)........

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നിങ്ങളുടെ തെററായ സമീപനം നിങ്ങൾ തിരുത്താത്തിടത്തോളം കാലം........(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരഭ്യർത്ഥനയുണ്ട്. നാലു പ്രാവശ്യം മുഖ്യമന്ത്രിയായിരുന്ന ഒരാളാണ് ശ്രീ. കെ. കരുണാകരൻ. ഇൻഡ്യയിൽ ഇന്ന് ജീവിച്ചിരിക്കുന്നതിൽ വച്ച് ഏററവും സീനിയറായിട്ടുള്ള ഒരു നേതാവാണ് അദ്ദേഹം. ഇത്രയും പ്രായമുള്ള അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെയൊരു പ്രയോഗം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയത് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.........(ബഹളം)........

---

***ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അദ്ദേഹം അത് കറക്ട് ചെയ്യും. അദ്ദേഹം അത് കറക്ട് ചെയ്തില്ലെങ്കിൽ ഡിലീററ് ചെയ്യും ....(ബഹളം)........ അദ്ദേഹം അത് പിൻവലിച്ചില്ലെങ്കിൽ രേഖയിൽ നിന്ന് നീക്കും. .... (ബഹളം) ..

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ഒരു അംഗത്തെയും അവഹേളിക്കുകയോ അപമാനിക്കുകയോ ചെയ്യാൻ ഇഷ്ടപ്പെടുന്നവനല്ല ഞാൻ. ആ നിലയിലുള്ള ഒരു പരാമർശവും ഞാൻ നടത്തിയിട്ടില്ല. ഞാൻ നടത്തിയ പരാമർശം യഥാർത്ഥത്തിൽ നടന്ന ഒരു വസ്തുത ഇവിടെ പറയുകയായിരുന്നു. ...... (ബഹളം)........

മി. സ്പീക്കർ: No. No. അത് രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : എന്താണോ എന്നെ സംബന്ധിച്ച്. .. ...(ബഹളം)......

മി. സ്പീക്കർ : No......sit down.

......(ബഹളം)......

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : എന്നെപ്പററി പറഞ്ഞ അഭിപ്രായങ്ങൾ പിൻവലിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ആലോചിക്കാം ....(ബഹളം)........

മി. സ്പീക്കർ : അത് രേഖയിലുണ്ടാകുകയില്ല......(ബഹളം)....

ശ്രീ. ആര്യാടൻ മുഹമ്മദ് : പത്രങ്ങൾ പ്രസിദ്ധീകരിക്കാൻ പാടില്ല ....(ബഹളം)......

മി. സ്പീക്കർ : രേഖയിലുണ്ടാവുകയില്ലെങ്കിൽ പത്രത്തിലും വരില്ല. ......(ബഹളം)........

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ....(ബഹളം)...... അന്നത്തെ ആ സമീപനം തന്നെയാണ് ഇപ്പോഴും അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർ തുടരുന്നത്. സ്വകാര്യവൽക്കരണത്തെ സംബന്ധിച്ച് വാനോളം പുകഴ്ത്തുകയാണ് ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ചെയ്തിട്ടുള്ളത്. സ്വകാര്യവൽക്കരണം ഇന്ന് നമ്മുടെ രാജ്യത്തെ വളരെ അപകടകരമായ സ്ഥിതിയിലേക്ക് എത്തിച്ചിരിക്കുന്നു. .. .(ബഹളം)....ആ അപകടകരമായ സ്ഥിതി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സ്വകാര്യവൽക്കരണത്തെ സംബന്ധിച്ചുള്ള നിങ്ങളുടെ നയം...... (ബഹളം)......

**Mr. Speaker**: Order..... Order...... Mr. Vahid, Please resume your seat.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : കാർഷികരംഗത്തും വ്യാവസായിക രംഗത്തും 1990-കളിൽ 1980-കളിലുണ്ടായിട്ടുള്ള പുരോഗതിപോലും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, ഇന്ത്യയുടെ സാമ്പത്തിക സ്ഥിതിയുടെ കാര്യത്തിലും 1980-കളിലെ പുരോഗതിപോലും നേടിയെടുക്കാൻ 1990-കളിൽ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മാത്രവുമല്ല, നമ്മുടെ രാജ്യത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം 25% മാത്രമുണ്ടായിരുന്നത് ഇന്ന് 50% ആയിട്ട് ഉയർന്നിരിക്കുകയാണ്. സ്വാതന്ത്ര്യ സമരസേനാനിയും ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയുമായിരുന്ന പണ്ഡിറ്റ്ജി കൊണ്ടുവന്ന ഇന്ത്യയുടെ സ്വാശ്രയത്വത്തിന്റേതായിട്ടുള്ള ആശയം, രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഉയർത്തിയ ദേശത്തിന്റെ താൽപ്പര്യത്തിലധിഷ്ഠിതമായ, സ്വന്തം കാലിൽ നിൽക്കുക എന്ന ആശയത്തിന് രൂപം നൽകിക്കൊണ്ടുവന്ന ആ ആശയം നിങ്ങളുടെ അവസാനത്തെ പ്രധാനമന്ത്രി കൈവിട്ടുകളഞ്ഞു. 10–40 കൊല്ലക്കാലമായി നിങ്ങൾ തുടർന്നുപോന്നിരുന്ന സമീപനം തെററിത്തെററി, തെന്നിത്തെന്നി അവസാനം വളരെ വളരെ അപകടകരമായ ഒരു സ്ഥിതിയിലേക്ക് എത്തിച്ചിട്ടാണ് നിങ്ങളുടെ അവസാനത്തെ പ്രധാനമന്ത്രി ഭരണം വിട്ടത്. ആ അവസാനത്തെ പ്രധാനമന്ത്രിയുടെ സഹപ്രവർത്തകനായി നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രിയും കുറേക്കാലം കൂടിയിരുന്നു എന്നുള്ളതും നമുക്ക് മറക്കാൻ കഴിയുന്നതല്ല. ആ നയത്തിന്റെ ഫലമായി അന്ന് നിങ്ങൾ ഏർപ്പെട്ടിട്ടുള്ള കരാർ അമേരിക്കൻ സാമ്രാജ്യത്വത്തിനും നമ്മൾ ഇവിടെനിന്നും നൂററാണ്ടുകാലം പടപൊരുതി ഓടിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും വിധേയമാകുന്ന നയസമീപനമായിരുന്നു. ആ നയസമീപനം നമ്മുടെ രാജ്യത്തെ ഏററവുമധികം അധഃപതനത്തിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നതെന്ന് കമ്മ്യൂണിസ്ററുകാരായ ഞങ്ങളും ഇടതുപക്ഷക്കാരായിട്ടുള്ള ജനാധിപത്യ വിശ്വാസികളായ ആളുകളും എല്ലാംതന്നെ അന്നേ ചൂണ്ടിക്കാണിച്ചുവെങ്കിലും നിങ്ങളത് അംഗീകരിക്കാൻ തയ്യാറായില്ല. അന്ന് നിങ്ങൾ തുടങ്ങിവച്ച നയം ഇന്ന് ബി.ജെ.പി. യും തുടരുകയാണ്. ഇതിന്റെയെല്ലാം ഫലമായി നമ്മുടെ നാട്ടിൽ 100 കോടി ജനങ്ങളുള്ളതിൽ പകുതിയോളം ദാരിദ്ര്യരേഖയ്ക്ക് താഴെ എത്തുന്ന സ്ഥിതിയിലേക്ക് നിങ്ങളെല്ലാംകൂടി രാജ്യത്തെ എത്തിച്ചുവെന്നതാണ് യാഥാർത്ഥ്യം ഈ അധഃപതിച്ച നയം സ്വീകരിച്ചതിന്റെ ഫലമായി സ്വാതന്ത്ര്യാനന്തരം കേന്ദ്രത്തിലും ഇന്ത്യയിലെ 26 സംസ്ഥാനങ്ങളിലും ഭരണം നേടി അധികാരത്തിലിരുന്ന കോൺഗ്രസ്, ആ അധികാരത്തിലിരുന്ന കാലത്ത് ചെയ്ത ദുഷ്ചെയ്തികളുടെ ഫലമായി ഇന്ന് ഇന്ത്യാരാജ്യത്ത് എത്ര സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് ഭരിക്കാൻ കഴിയുന്നുവെന്ന് ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. കേരളമടക്കം മൂന്നോ നാലോ സംസ്ഥാനങ്ങളുടെ ഭരണവും വച്ചുകൊണ്ട് നിങ്ങൾ ഞങ്ങളോട് ചോദ്യങ്ങൾ ചോദിച്ചാൽ, ഞങ്ങൾ മൂലയിലിരിക്കുകയല്ലേ, നിങ്ങളിപ്പോൾ അധികാരത്തിലിരിക്കുകയല്ലേ എന്നുള്ള ഗർവിഷ്ടമായ ആ ചോദ്യം ചോദിക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് നിങ്ങൾ എവിടെയൊക്കെയാണുള്ളത് സ്നേഹിതരേ എന്ന് ഞാൻ ചോദിക്കുകയാണ്. അത് ഓർമ്മവച്ചുകൊണ്ടുവേണം ചോദിക്കാൻ. കഴിഞ്ഞ നാളുകളിൽ നിങ്ങൾ കേരളത്തിൽ 9-ൽ. ആ വാലില്ലായിരുന്നുവെങ്കിൽ നിങ്ങൾ വട്ടപ്പൂജ്യമായിരുന്നേനെ, 9-ൽ എത്തിയവരാണു നിങ്ങൾ. അതെല്ലാം നല്ലപോലെ ഓർത്തുകൊണ്ടുവേണം ഞങ്ങളെ പരിഹസിക്കാനെന്ന് ഞാൻ ഈ അവസരത്തിൽ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. നിങ്ങളിവിടെ അധികാരത്തിലിരുന്നുകൊണ്ട് ചെയ്യുന്ന......(ബഹളം)......

Mr. Speaker: Order......Order...... He is not yielding.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നിങ്ങൾ ചെയ്യുന്ന തെററായ നയസമീപനങ്ങളെ എതിർക്കാനും അതിലെ തെററ് ചൂണ്ടിക്കാണിക്കാനുമാണ് ഞങ്ങളിപ്പോൾ ശ്രമിച്ചിട്ടുള്ളത്. അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. നിങ്ങൾ തിരഞ്ഞെടുപ്പ് മാനിഫെസ്റേറായിൽ എന്തുപറഞ്ഞാണ് ജനങ്ങളെ അണിനിരത്തിയത്? അധികാരം കിട്ടിയപ്പോൾ നിങ്ങളിറക്കിയ ധവളപത്രത്തിൽ നിങ്ങളെന്തു പറയുന്നു? മുണ്ട് മുറുക്കിയുടുക്കണം. അവരാകെ ഖജനാവ് തകർത്തു

കളഞ്ഞിരിക്കുകയാണ്. സാമ്പത്തികമായി പൊളിഞ്ഞിരിക്കുകയാണ്. നാട്ടുകാരെ, സുഹൃത്തുക്കളെ നിങ്ങൾ ഞങ്ങളെ സഹായിച്ചില്ലായെങ്കിൽ ഒരു രക്ഷയുമില്ല. നിങ്ങൾ മുണ്ട് മുറുക്കിയുടുത്തുകൊണ്ട് ഞങ്ങളെ സഹായിക്കണമെന്നാണ് നിങ്ങൾ അഭ്യർത്ഥിച്ചത്. നിങ്ങളുടെ മാനിഫെസ്റ്റോയിലെ സമീപനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു സമീപനമാണ് നിങ്ങളുടെ ധവളപത്രത്തിലുള്ളത്. അങ്ങനെ മുണ്ടു മുറുക്കിയുടുക്കൽ ഇല്ലാതെതന്നെ ഈ കേരളത്തെ സാമ്പത്തികമായി നിലനിർത്താൻ കഴിയുമെന്നും ന്യായമായ നിലയിൽ ജനങ്ങൾക്ക് ആശ്വാസകരമായ നയസമീപനങ്ങളും നടപടികളും കൈക്കൊള്ളാമെന്നുമാണ് നിങ്ങളുടെ ധവളപത്രത്തിന് ബദലായി ഞങ്ങൾ പറയുന്നത്. ആ ധവളപത്രത്തെ അടിസ്ഥാനമാക്കിക്കൊണ്ട് നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഗവർണ്ണറുടെ പ്രസംഗത്തിലെല്ലാം തൊടുത്തുവിട്ടിട്ടുള്ളത് ഒരേയൊരു ആശയമാണ്. ആ ആശയഗതി നിങ്ങളുടെ മാനിഫെസ്റ്റോയിൽ നിങ്ങൾ ജനങ്ങൾക്കു നൽകിയ വാഗ്ദാനത്തിന് കടകവിരുദ്ധമാണ്. ആ നയസമീപനങ്ങൾ ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയും അമിതമായ നികുതി ചുമത്തിയും ഇലക്ട്രിസിററിയുടെയും ട്രാൻസ്പോർട്ടിന്റെയും ചാർജുകളെല്ലാംതന്നെ വർദ്ധിപ്പിച്ചും ജനങ്ങളെ ദ്രോഹിക്കാൻ തുനിയുകയാണെങ്കിൽ അത് തെററാണെന്നും അതിന്റെ ആവശ്യമില്ലെന്നും അല്ലാതെതന്നെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്നുമാണ് ഞങ്ങൾ നിങ്ങളെ മനസ്സിലാക്കിത്തരാൻ ശ്രമിക്കുന്നത്. അത് നിങ്ങൾ അംഗീകരിക്കില്ല, നിങ്ങൾ ധവളപ്രത്രത്തിൽ കൊണ്ടുവന്നതും ഇപ്പോൾ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതുമായ ആശയഗതികളോടുകൂടിത്തന്നെ നിങ്ങൾ മുന്നോട്ടുപോകാൻ തുനിയുകയാണെങ്കിൽ മാത്രമേ നമ്മൾ തമ്മിൽ പൊരുത്തക്കേടുണ്ടാകാൻ പോകുന്ന സ്ഥിതി ഉണ്ടാകുന്നുള്ളൂ. ജനങ്ങളുടെ മേൽ വീണ്ടും കുതിരകയറുക എന്നുള്ള നിലപാട് നിങ്ങൾ സ്വീകരിച്ചാൽ നാം തമ്മിൽ പൊരുത്തക്കേടുണ്ടാകും. അങ്ങനെയൊരു സ്ഥിതിയുണ്ടാകാതെയിരിക്കാൻ വേണ്ടിയാണ് ഒരു മുന്നറിയിപ്പ് എന്നുള്ള നിലയിൽ ആ ധവളപത്രത്തിലെ ജനവിരുദ്ധമായ നയസമീപനങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ശ്രമിച്ചത്. അതുവഴി എങ്ങനെ നമുക്ക് സാമ്പത്തികമായി ധനസമ്പാദനം, ധനശേഖരണം നടത്താൻ കഴിയുമെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചു. നിങ്ങളോട് ഇപ്പോൾ പറയുന്നതുപോലെതന്നെ ഞങ്ങൾ അധികാരത്തിലിരുന്നപ്പോൾ കുറവുകളും തെററുകളുമില്ലാതെ എല്ലാം പരിപൂർണ്ണമായ, ശരിയുടെ ഭാഗത്ത് ഉറച്ചുനിന്നുകൊണ്ട് എല്ലാ ശരിയായ നയസമീപനങ്ങളും നടപടികളുമെടുത്തുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല.

നിങ്ങളുടെ നേതാവായ ശ്രീ. നരസിംഹറാവു കൊണ്ടുവന്ന നയം, അതിനുശേഷം ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ തെററായ നയം, നമ്മുടെ രാജ്യത്തെ ആകെ മുടിപ്പിക്കുന്ന ഉദാരവൽക്കരണനയം, ഇപ്പോൾ എന്റെ ബഹുമാന്യ സുഹൃത്തായ കൃഷിമന്ത്രിയും മററൊരു ബഹുമാന്യ സുഹൃത്തായ ഭക്ഷ്യവകുപ്പുമന്ത്രി ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടിയും പറയുകയുണ്ടായി, ആഗോളവൽക്കരണവും കേന്ദ്രഗവൺമെന്റിന്റെ നയങ്ങളിലുള്ള കുറവും കൊണ്ട് ഇവിടെ ഇതെല്ലാം സംഭവിച്ചുവെന്ന്. കഴിഞ്ഞ അഞ്ചു കൊല്ലക്കാലം കേൾക്കാതിരുന്ന ഒരു ശബ്ദം ഇപ്പോൾ കേൾക്കാൻ തുടങ്ങിയെന്നുള്ളത് സന്തോഷകരം തന്നെ. കേരള ഗവൺമെന്റിന്റെ തകർച്ചയ്ക്കും സാമ്പത്തിക കുഴപ്പങ്ങൾക്കുമെല്ലാം കാരണക്കാർ ആര്? നായനാർ ഗവൺമെന്റ്, നായനാർ ഗവൺമെന്റ്, നായനാർ ഗവൺമെന്റ് എന്ന വായ്ത്താരി കഴിഞ്ഞ അഞ്ചു കൊല്ലം അടിച്ചുവിട്ട കൂട്ടർക്ക് അന്ന്

ഈ ഉദാരവൽക്കരണനയത്തെ സംബന്ധിച്ചോ ഇറാക്കുമതിനയത്തെ സംബന്ധിച്ചോ ആഗോളനയത്തെ സംബന്ധിച്ചോ ഒന്നും തോന്നിയില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സമയം കഴിഞ്ഞു. ഇനി എത്ര സമയം കൂടി അങ്ങേക്കു വേണ്ടിവരും?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : അൽപം സമയം കൂടി മതി. കേരളത്തിന്റെ ധനാഗമമാർഗ്ഗങ്ങൾ രണ്ടു തരത്തിലാണ്. അത് നിങ്ങൾക്ക് അറിയാത്തതല്ല. ഇന്ത്യയിൽ നിന്നാകെ സമാഹരിക്കുന്ന നികുതി വരുമാനത്തിന്റെ ന്യായമായ ഒരു ഓഹരി സംസ്ഥാനങ്ങൾക്ക് കേന്ദ്രം തരണം. അതുപോലെ സംസ്ഥാനത്തുനിന്നു നാം സമാഹരിക്കുന്ന വരുമാനവും. ഇത് രണ്ടുംകൂടി ചേരുമ്പോഴാണ് മററു സംസ്ഥാനങ്ങൾക്കെന്നപോലെ നമ്മുടെ സംസ്ഥാനത്തിന്റെയും ചെലവു നടക്കേണ്ടത്. കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്കു തരേണ്ട നികുതിവിഹിതം, പദ്ധതിവിഹിതം ഇതൊന്നും ന്യായമായിട്ടുള്ള നിലയിൽ തരാതെ വിവേചനപരമായ നയം സ്വീകരിച്ചതിന്റെ ഫലമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് അവസാന കാലത്ത് കുറെ വിഷമതകൾ ഉണ്ടായിട്ടുണ്ട് എന്നുള്ള സത്യം ഞങ്ങൾ മറക്കുന്നില്ല. അന്ന് നിങ്ങൾ ആ സത്യം കാണാതിരിക്കുകയാണ് ചെയ്തത്. ആ സത്യം നിങ്ങൾ അന്നു കാണാതിരുന്നതിന്റെ ഫലമായി 3664 കോടി രൂപ 11-ാം ധനകാര്യ കമ്മീഷന്റെ വകയായി കേരളത്തിന് വെട്ടിക്കുറച്ചപ്പോൾ, 730 കോടി രൂപയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തലയ്ക്കു വീണതെങ്കിൽ ബാക്കിയുള്ളതു മുഴുവൻ നിങ്ങളുടെ തലയ്ക്കു വീഴാൻ പോകുകയാണ്. അതിൽനിന്ന് കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി നിങ്ങളുടെ സമീപനമായിരിക്കുകയില്ല ഞങ്ങൾ സ്വീകരിക്കുന്നത്. കാപ്പിയുടെയും തേയിലയുടെയും വില കുറഞ്ഞതിനെ സംബന്ധിച്ച് എന്റെ സ്നേഹിതൻ വയനാട് മെമ്പർ പറഞ്ഞ അഭിപ്രായത്തെ സംബന്ധിച്ച് കൃഷിവകുപ്പുമന്ത്രി പറഞ്ഞ ഒരു സത്യം, ആ സത്യം മനസിലാക്കിക്കൊണ്ട് ധനകാര്യവകുപ്പുമന്ത്രിക്കുവേണ്ടി കേന്ദ്രത്തിന്റെ സമീപനവും അതിനു കാരണമാണെന്നു ശ്രീ. കാർത്തികേയൻ പറഞ്ഞ സത്യവും ഈ സമീപനത്തിനെതിരായി പോരാടാൻ നിങ്ങൾ തയ്യാറുണ്ടെങ്കിൽ നിങ്ങളുടെ മുമ്പത്തെ സമീപനമായിരിക്കുകയില്ല ഞങ്ങൾ തുടർന്നു സ്വീകരിക്കുക. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ, കേന്ദ്രം കാണിച്ച കൊള്ളരുതായ്മയ്ക്ക് എതിരായി ഭക്ഷ്യ സബ്സിഡി നിഷേധിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ പട്ടിണിയിൽ ആഴ്ത്താൻ തുനിഞ്ഞപ്പോൾ, പ്രധാനമന്ത്രിയെ കണ്ട് ഈ കാര്യത്തിന് പരിഹാരമുണ്ടാക്കണമെന്നു പറയാൻ നിങ്ങളെ ക്ഷണിച്ചപ്പോൾ നിങ്ങൾ വന്നില്ല. എന്നാൽ നാളെ ഇത്തരത്തിലുള്ള കേന്ദ്രത്തിന്റെ ജനവിരുദ്ധമായ നയങ്ങൾക്കെതിരായി ശബ്ദിക്കാനും ശക്തമായി പോരാടാനും നിങ്ങൾ തയ്യാറാകുമെങ്കിൽ കണിശമായും നിങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പിന്തുണ പ്രതീക്ഷിക്കാം. അങ്ങനെ കേരളത്തിൽനിന്നു സമാഹരിക്കേണ്ട ധനാഗമമാർഗ്ഗങ്ങളും കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ടതായിട്ടുള്ള ധനാഗമമാർഗ്ഗങ്ങളും കൂട്ടിച്ചേർത്ത് കേരളത്തിന്റെ വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നിങ്ങൾ തയ്യാറാകണം. അല്ലാതെ കേന്ദ്രത്തെ സ്പർശിക്കാതെ കേരളം ഏതാണ്ടൊരു സ്വതന്ത്ര രാജ്യമാണെന്നുള്ള നിലയിൽ കേരളത്തിൽ നിന്നുതന്നെ വിഭവങ്ങൾ സമാഹരിച്ചിട്ട് ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമ്പോൾ നിങ്ങൾ പറഞ്ഞതുപോലെ മുണ്ടു മുറുക്കി ഉടുക്കേണ്ടതായിട്ടു വരും. ജനങ്ങളുടെമേൽ നികുതിഭാരവും വിലക്കയററവും അടിച്ചേൽപ്പിക്കേണ്ടതായും വരും. ആ തരത്തിലുള്ള സമീപനങ്ങളിലേക്കു നിങ്ങൾ പോകാതെ ന്യായമായ നിലയിൽ കേരളത്തിൽനിന്നു സമാഹരിക്കാവുന്ന ഫണ്ട് നിങ്ങൾക്ക് സമാഹരി

ക്കാൻ കഴിയും. രണ്ടു മൂന്നു രംഗത്തുനിന്നു സമാഹരിക്കാൻ കഴിയുന്ന ഫണ്ട് ശേഖരിക്കുന്നതിന് നിങ്ങൾക്ക് വിഷമം കാണുമെന്ന് എനിക്കറിയാം. അതിലൊന്നാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ച മദ്യനയം. നിങ്ങൾ തിരഞ്ഞെടുപ്പു കാലത്ത് ചില ഉറപ്പുകളെല്ലാം ചില ആളുകൾക്ക് കൊടുത്തിട്ടുള്ളതിന്റെ ഫലമായി മദ്യനയംവഴി ശേഖരിക്കാൻ കഴിയുന്ന പണം ശേഖരിക്കാൻ നിങ്ങൾക്ക് വിഷമങ്ങളൊക്കെ കാണും. അതിനു വിധേയമായാൽ ധനം ശേഖരിക്കുവാൻ കഴിയില്ല. അതുപോലെതന്നെ ശേഖരിക്കേണ്ടതായിട്ടുള്ള സെയിൽസ് ടാക്സും അതുപോലുള്ള നികുതികളും നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾക്ക് അന്നു പിരിക്കാൻ കഴിഞ്ഞ തുക എന്തുകൊണ്ടാണ് 2001–2005-ൽ അധികാരത്തിലിരിക്കുമ്പോൾ പിരിക്കാൻ കഴിയാത്തത് എന്നറിയില്ല, അതു മനസ്സിലാകുന്നില്ല. കാരണം വളരെ തുച്ഛമായ തുകയാണ് നിങ്ങൾ ധവളപത്രത്തിലൂടെ കാണിച്ചിരിക്കുന്നത്. അപ്പോൾ ന്യായമായിട്ടുള്ള നിലയിൽ സെയിൽസ്ടാക്സ് പിരിക്കുന്നതിന്, നിങ്ങളുടെ ചില സ്നേഹിതൻമാരുടെയും മററും സമീപനം കൊണ്ട്, അവരുടേതായിട്ടുള്ള നിങ്ങളുടെ ബന്ധത്തിന്റെയും മററും ഫലമായിട്ട് ചിലപ്പോൾ, തടസ്സമുണ്ടാകാം, തുക കുറഞ്ഞേക്കാം. സോപ്പും മററു സാധനങ്ങളും വാങ്ങുമ്പോൾതന്നെ ജനം നികുതി നേരിട്ടു കൊടുക്കുകയാണ് ചെയ്യുന്നത്. ആ നികുതി പിരിക്കുന്നവർ സർക്കാരിനെ ഏൽപ്പിക്കാതിരിക്കുന്ന സമീപനം ഇന്നുണ്ട്. അതിനു കീഴ്വഴങ്ങാതെ പണം ശേഖരിക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെമേൽ കുതിരകയറേണ്ടതായിട്ടുള്ള സ്ഥിതി വരില്ല. ആ കാര്യത്തിലെല്ലാം ഞങ്ങൾ അധികാരത്തിലിരുന്നപ്പോൾ പരിപൂർണ്ണരായിരുന്നു എന്നു ഞാൻ അവകാശപ്പെടുന്നില്ല. കഴിഞ്ഞകാല ഗവൺമെൻറിന്റെ പിശകുകളിൽനിന്നും പോരായ്മകളിൽ നിന്നും പാഠം പഠിച്ചിട്ട്, സമാഹരിക്കാൻ കഴിയുന്ന മേഖലകളിൽ നിന്നെല്ലാം പണം ശേഖരിച്ച്, ജനങ്ങളുടെമേൽ കുതിരകയറാതെയുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞാൽ കണിശമായിട്ടും നിങ്ങൾക്ക് 1996–ലെ സ്ഥിതിയുണ്ടാകാതെ കഴിക്കാൻ കഴിയും. ഇപ്പോഴുള്ള വിജയത്തിന്റെ മാദകലഹരിയിൽ അബദ്ധത്തിലേക്ക് പോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നാണ് ഞാൻ പറയുന്നത്. നിങ്ങൾക്ക് അതിന്റെ ബോധം ഉണ്ടായിത്തുടങ്ങിയിട്ടുണ്ട് എന്നുള്ളതിന്റെ സൂചനകളാണ് ശ്രീ. ബാലകൃഷ്ണപിള്ള കഴിഞ്ഞദിവസം പറഞ്ഞത്. അദ്ദേഹം പറഞ്ഞു നികുതിയൊന്നും കൂട്ടാതെതന്നെ ട്രാൻസ്പോർട്ട് ശരിയായ നിലയിൽ നടത്താൻ കഴിയുമെന്ന്. അതുപോലെതന്നെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞു, ഇലക്ട്രിസിററി ബോർഡിൽ ജനങ്ങൾക്ക് കഴിയുന്നത്ര സാമ്പത്തികഭാരമുണ്ടാക്കാതെതന്നെ അതു കൊണ്ടുപോകാൻ കഴിയുമോ എന്നു ഞങ്ങൾ നോക്കുമെന്ന്. എന്റെ മറെറാരു സ്നേഹിതനും റീ തിങ്കിംഗിന്റേതായിട്ടുള്ള നിലപാട് സ്വീകരിച്ചതായി ഇന്നു പത്രത്തിൽനിന്നു വായിക്കാൻ കഴിഞ്ഞു. ധവളപത്രത്തിന്റെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായ സമീപനം കൈക്കൊള്ളേണ്ടതുണ്ട് എന്നു തോന്നിത്തുടങ്ങിയത് നല്ലത്. ബഡ്ജററിൽ എത്തുമ്പോൾ, ധവളപത്രത്തിൽ നിന്നും ഗവർണ്ണറുടെ ഈ നയപ്രഖ്യാപന പ്രസംഗത്തിലെ ആശയത്തിൽനിന്നും വ്യത്യസ്തമായിട്ടുള്ള സമീപനമാണ് ബഡ്ജററ് വരുമ്പോൾ കാണുന്നതെങ്കിൽ ഏററവും നല്ല നിലയിലുള്ള സ്ഥിതിഗതികൾ നമുക്ക് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കാഴ്ചവയ്ക്കാൻ കഴിയും. മറിച്ചാണെങ്കിൽ വ്യത്യസ്തമായിരിക്കും. മറിച്ചാണെങ്കിൽ ഞങ്ങളുടെ സമീപനവും വ്യത്യസ്തമായിരിക്കും എന്ന് ഈ അവസരത്തിൽ നിങ്ങളെ അറിയിച്ചുകൊണ്ട് ഗവർണ്ണറുടെ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ധവളപത്രത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ വരവ് ചെലവുകൾ കാണിക്കുന്നത് 1925 കോടി രൂപയുടെ ഡെഫിസിറ്റാണ്. അതിന്

1.00 P.M. എങ്ങനെയെങ്കിലും പരിഹാരം കണ്ടുപിടിക്കണമെന്നു മാത്രമേ ധവളപത്രത്തിൽ പറഞ്ഞിട്ടുള്ളൂ. ഏത് ഗവൺമെന്റായാലും ഇങ്ങനെയൊരു ഡെഫിസിറ്റുണ്ടായാൽ അത് പരിഹരിക്കാൻ ശ്രമിക്കും. ധവളപത്രത്തിന്റെ ബദൽരേഖയെന്ന മട്ടിൽ അവതരിപ്പിച്ചിരുന്നതിലും ആ ഫിഗർ ശരിയാണെന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ബോർഡിന്റെ മൊത്തം റവന്യു കമ്മിയായി ധവളപത്രത്തിൽ കാണിച്ചിരിക്കുന്ന തുക വൻതോതിൽ പെരുപ്പിച്ച് കാട്ടിയതാണ്. ബോർഡിന്റെ റവന്യു ചെലവുകൾ കണക്കാക്കുന്നതിൽ അടിസ്ഥാനപരമായ പിശക് സംഭവിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ടാണത്. ധവളപത്രത്തിലെ കണക്കനുസരിച്ച് റവന്യു ചെലവ് 4099 കോടി രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ ബോർഡിന്റെ റവന്യു ചെലവ് 3,556.8 കോടി രൂപയാണ്. അടിസ്ഥാന രേഖകൾതന്നെ പിശകാണ്. ഞാൻ ബോർഡിന്റെ മുഴുവൻ കണക്കുകളും പരിശോധിച്ചിട്ട് ഇങ്ങനെയൊരു കണക്ക് എങ്ങും കാണാൻ കഴിഞ്ഞിട്ടില്ല. നേരേമറിച്ച് നിങ്ങൾ അവതരിപ്പിച്ചിട്ടുള്ള, ശ്രീ. ടി. ശിവദാസമേനോനും ശ്രീ. എസ്. ശർമ്മയും കൂടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 2001–2002-ലെ ബഡ്ജറ്റിലുള്ള കണക്കുകളാണ് ഇത്. 1925 കോടി രൂപ എന്നുള്ളതും ടോട്ടൽ എക്സ്പെൻസ് 4099 കോടി രൂപ എന്നുള്ളതും ഇതിനകത്തുള്ള കണക്കുകളാണ്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾ കണക്കുകൂട്ടിയിരുന്നുവെങ്കിൽ 1925 കോടി രൂപയെന്നുള്ളത് രണ്ടായിരം കോടി കവിയുമായിരുന്നു. കണക്കുകളിലെ ഫിഗറിൽ കൺഫ്യൂഷൻ ഉണ്ടാകണ്ട എന്നു കരുതി നിങ്ങൾതന്നെ അവതരിപ്പിച്ച് നിങ്ങൾ റിലേ ചെയ്ത കണക്കുകൾ ഞങ്ങൾ അംഗീകരിക്കുകയാണുണ്ടായത്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നുള്ളതിന് നിങ്ങൾതന്നെ രണ്ട് പരിഹാര മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. അഡീഷണൽ റവന്യു എന്നു പറയുന്നത് 800 കോടി രൂപയാണെന്ന് പറഞ്ഞിട്ടുണ്ട്. അതായത് താരിഫ് റിവിഷൻ വഴി. എനർജി സെയിൽസ് വഴി കിട്ടുന്ന വരുമാനം. നേരത്തെ പറഞ്ഞിട്ടുണ്ട്—1067 കോടി രൂപ. അതും കഴിഞ്ഞിട്ട് അഡീഷണലായിട്ട് 800 കോടി രൂപയുടെ അഡീഷണൽ റവന്യു കളക്ട് ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. എന്നിട്ട് കടം തീർന്നോ ? എന്നിട്ട് നിങ്ങൾതന്നെ പറഞ്ഞിരിക്കുന്നു 1925 കോടി രൂപയുടെ ഡെഫിസിറ്റ് ഉണ്ടെന്ന്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ഒരു സബ്സിഡി കൂടി കൊടുക്കണമെന്ന് പറഞ്ഞിട്ട് നിങ്ങൾ കൊടുത്തോ ? ഞങ്ങൾ എന്ത് പാതകമാണ് ചെയ്തത്. ഇത് സ്വാഭാവികമായി നിങ്ങളുടെ ഭരണത്തിന്റെ നല്ലതോ ചീത്തയോ ആയ വശങ്ങളുടെ സ്വാഭാവിക പരിണാമമാണ്. ഇത് ഞങ്ങളുടെ വിധിയാണ്. തിരഞ്ഞെടുപ്പു കഴിഞ്ഞ് ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും ആ ഗവൺമെന്റിന്റെ വിധിയാണ്. നിങ്ങൾ ചെയ്ത ചെയ്തികളുടെ ഫലമായിട്ടുള്ള കാര്യങ്ങളിൽനിന്നും ഇലക്ട്രിസിറ്റി ബോർഡിനെയും ഈ രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കേണ്ടതിനെക്കുറിച്ചുള്ള കുറെ കാര്യങ്ങൾ ധവളപത്രത്തിൽ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. അതിനെ നിങ്ങൾ ബഡ്ജറ്റിന് വിരുദ്ധമായ കണക്കുകൾകൊണ്ട് നേരിടുന്നത് ഒരിക്കലും ശരിയായ കാര്യമല്ല. ഞാൻ പറയുന്ന കാര്യങ്ങളെല്ലാം 16, 17 പേജുകളിൽ ഉണ്ട്. അതുകൊണ്ട് ന്യായമായിട്ടുള്ള കാര്യങ്ങൾ മാത്രമാണ് ഞങ്ങൾ പ്രൊപ്പോസ് ചെയ്തിരിക്കുന്നതെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): ബഹുമാനപ്പെട്ട സ്പീക്കർ സർ, അത്യധികമായ ദുഃഖത്തോടും അതോടൊപ്പം തികഞ്ഞ വിശ്വാസത്തോടും ശുഭ പ്രതീക്ഷയോടും കൂടിയാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നത്. ദുഃഖത്തിൻെറ കാരണം, വമ്പിച്ച പ്രതീക്ഷയോടുകൂടി ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഞങ്ങളെ അധികാരത്തിൽ കൊണ്ടുവന്ന കേരളത്തിലെ ജനങ്ങൾക്ക് ഭരണത്തിൻെറ തുടക്കത്തിൽ ഞങ്ങൾക്ക് ആഗ്രഹമുള്ള, ജനങ്ങൾ പ്രതീക്ഷിക്കുന്ന ആശ്വാസ നടപടികളെടുക്കാൻ കഴിയാത്തതാണ്. ആത്മവിശ്വാസത്തിന് കാരണം, തുടക്കത്തിൽ പ്രയാസങ്ങളുണ്ടെങ്കിലും കുറെ മുന്നോട്ടുപോകുമ്പോൾ ഞങ്ങൾ തയ്യാറാക്കുന്ന നടപടികളിൽക്കൂടി ഇന്നത്തെ പ്രതിസന്ധി തരണം ചെയ്ത് വളരെ വൈകാതെ തന്നെ ജനങ്ങൾ നേരിടുന്ന ജീവൽപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് മാത്രമല്ല, ഏതാനും വർഷം കഴിയുമ്പോൾ ഇന്ന് പ്രതിസന്ധി നേരിടുന്ന ഈ കേരളത്തെ വികസന രംഗത്ത് തെക്കെ ഇന്ത്യയ്ക്ക് മാതൃകയാക്കുന്ന സംസ്ഥാനമാക്കി മാററാമെന്നുള്ള പ്രത്യാശയാണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവിൻെറ പ്രസംഗം ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. ഇപ്പോൾ അങ്ങ് പ്രതിപക്ഷനേതാവാണ്, കഴിഞ്ഞ ഭരണകാലത്ത് ഇടതുപക്ഷ മുന്നണിയുടെ കൺവീനർ ആയിരുന്നു. ഭരണം നിയന്ത്രിച്ചിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൺവീനർ ആയിരുന്നു. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത് ഇന്നത്തെ ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാക്കാൻ എളുപ്പത്തിൽ സാധിക്കുമെന്നാണ്. നികുതി വർദ്ധനവോ ചാർജ് വർദ്ധനവോ ഒന്നും ആവശ്യമില്ല. ഇതൊന്നുമില്ലാതെതന്നെ പരിഹരിക്കാവുന്ന പ്രതിസന്ധി മാത്രമേ കേരളം നേരിടുന്നുള്ളുവെന്ന് പറഞ്ഞു. ഞങ്ങൾ അധികാരത്തിൽ വന്നിട്ട് അമ്പതു ദിവസം പോലുമായിട്ടില്ല. അഞ്ച് വർഷം കേരളം ഭരിച്ചിരുന്നത് അങ്ങയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഇടതുമുന്നണിയും അതിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരും, അങ്ങ് ഇടതു മുന്നണിയുടെ കൺവീനറും ആയിരുന്നു. നിങ്ങളുടെ ഗവൺമെൻറാണ് അഞ്ച് വർഷം കേരളം ഭരിച്ചത്. എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്ന പരിപാടികൾ നിങ്ങളുടെ കയ്യിലുണ്ടായിരുന്നെങ്കിൽ ആ പരിപാടികൾ നടപ്പിലാക്കി കേരളത്തെ പ്രതിസന്ധിയിൽനിന്നും കരകയററുന്നതിന് നിങ്ങളെ ആര് തടസ്സപ്പെടുത്തി? നിങ്ങളുടെ കരങ്ങളെ ആര് ബന്ധിച്ചു? ഞങ്ങളൊന്നും തടസ്സമുണ്ടാക്കിയില്ലല്ലോ? ഇത്രമാത്രം ഗുണകരമായ പരിപാടിയുണ്ടായിട്ട് ആ പരിപാടികൾ ആരാണ് അട്ടിമറിച്ചത്. ഇടതുപക്ഷമുന്നണിയ്ക്കകത്ത് കപ്പലിൽ കള്ളനുണ്ടായിരുന്നോ? അതോ നിങ്ങളുടെ പരിപാടി നിങ്ങൾ തന്നെ അട്ടിമറിച്ചോ? ഞാൻ വാചക കസർത്തിനൊന്നും മുതിരുന്നില്ല, ചില കാര്യങ്ങൾ പ്രതിപക്ഷത്തോട് ചോദിക്കുകയാണ്. ഇതിൽ തെററുണ്ടെങ്കിൽ തർക്കിക്കാം. ഞങ്ങൾ ഇറക്കിയ ധവളപത്രത്തിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ സഹകരണ സംഘങ്ങൾക്ക് 643 കോടി രൂപ കൊടുക്കാനുണ്ടെന്ന് ഞങ്ങൾ പറഞ്ഞു. കോഴിക്കോട്, പത്തനംതിട്ട, കൊല്ലം, മലപ്പുറം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ ഇത്രയും സഹകരണ സംഘങ്ങൾ (ധവളപത്രത്തിൻെറ 25-ാമത്തെ പേജിൽ പറഞ്ഞിട്ടുണ്ട്) ട്രഷറിയിൽ പണമടച്ചു. ഈ പണം പലിശ സഹിതം തിരികെ കൊടുക്കണം. സി. ആൻറ് എ. ജി. അംഗീകരിച്ച കണക്കാണ്. 643 കോടി രൂപ മുതൽ. അതിൻെറ പലിശ. ഈ ബാദ്ധ്യത നിങ്ങൾ ഞങ്ങളെ ഏൽപ്പിച്ചിരിക്കുകയല്ലേ? തർക്കമുണ്ടോ? ആ കാശ് ഞങ്ങൾ കൊടുത്തു തീർക്കണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബാദ്ധ്യത ഉണ്ട്. ആ ബാദ്ധ്യത തീർക്കാൻ അതിന്റെ നിരവധി ഇരട്ടി പണം നിങ്ങളുടെ കയ്യിൽ വരും. ഉദാഹരണത്തിന് നിങ്ങൾ ചാരായ നിരോധനം നടത്തിയ കാലത്ത് 32 ലക്ഷം കെയ്സുകളാണ് വിൽപ്പന നടത്തിയിരുന്നതെങ്കിൽ ഇന്ന് അത് 58-ഉം 75-ഉം ലക്ഷം കെയ്സുകളായി ഉയർന്നതിന്റെ ഫലമായി 2000 കോടി രൂപ നിങ്ങളുടെ ഖജനാവിൽ എത്തുകയാണ്. ആ കാശ് എടുത്ത് കൊടുത്തുകൂടെ?

ശ്രീ. എ. കെ. ആന്റണി: ഞാൻ അതിനുള്ള മറുപടി പറയാം. ഏതായാലും ഈ ബാദ്ധ്യത ഉണ്ടല്ലോ. ഇത് ബാദ്ധ്യതയാണെന്ന് അങ്ങ് സമ്മതിച്ചല്ലോ. നിങ്ങൾ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ബാദ്ധ്യതയാണെന്ന് സമ്മതിച്ചല്ലോ. സന്തോഷം. അതു മാത്രമാണോ? സഹകരണബാങ്കുകളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കുന്നതിനെതിരായി നബാർഡ് ഗവൺമെന്റിന് മുന്നറിയിപ്പ് നൽകി. ആ പണം തിരികെ ബാങ്കുകളിലേക്ക് കൊണ്ടുവരാൻ നബാർഡ് തുടർച്ചയായിട്ട് ആവശ്യപ്പെട്ടു. നിങ്ങൾ കൂട്ടാക്കിയില്ല. അതിന്റെ ഫലം, NABARD has suspended refinance to the State Government. ഇപ്പോൾ നബാർഡിന്റെ റീ-ഫൈനാൻസ് കേരളത്തിലെ സഹകരണ സംഘങ്ങൾക്ക് നഷ്ടപ്പെട്ടു. ശരിയല്ലേ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പെർഫോർമൻസ് ശരിയല്ലാതെ വരുമ്പോൾ ഇങ്ങനെ വരുന്നത് സ്വാഭാവികമാണ്. അത് പണം കൊടുക്കുമ്പോൾ തീരും.

ശ്രീ. എ. കെ. ആന്റണി: പെർഫോർമൻസ് ശരിയായില്ല. അതിന്റെ ഫലമായി വാണിംഗ് മാത്രമല്ല, following to this, NABARD has suspended refinance to the State Government. As a result, the State has lost Rs. 156 Crores by way of refinance in the last two years. രണ്ടു വർഷമായി കേരളത്തിലെ കർഷക സഹകരണ സംഘങ്ങൾക്ക് നബാർഡിൽനിന്ന് കിട്ടേണ്ട റീ-ഫൈനാൻസ് നിർത്തിവച്ചിരിക്കുന്നു. നിങ്ങൾക്ക് ഇതിന് പരിഹാരം ഉണ്ടായിരുന്നുവെങ്കിൽ നബാർഡിന്റെ നിരോധനം എന്തുകൊണ്ട് രണ്ടു വർഷമായി പിൻവലിച്ചില്ല? അപ്പോൾ നിങ്ങളുടെ മരുന്ന് ഫലിച്ചില്ല. അതു കൊണ്ടല്ലേ നബാർഡ് റീ-ഫൈനാൻസ് നിർത്തിവച്ചിരിക്കുന്നത്? കേരളത്തിലെ കടം കൊണ്ട് നട്ടം തിരിയുന്ന ലക്ഷക്കണക്കിന് കർഷകർക്ക് കിട്ടേണ്ട പണമല്ലേ നഷ്ടപ്പെടുന്നത്? കൃഷിക്കാരോട് കാണിച്ച ക്രൂരതയല്ലേ, കൊലച്ചതിയല്ലേ? രണ്ടു വർഷമായി നബാർഡിന്റെ റീ-ഫൈനാൻസ് പോയില്ലേ? ആ കണക്ക് നിങ്ങൾ സമ്മതിച്ചല്ലോ. Co-operative Academy of Professional Education (CAPE)-ന് നിങ്ങൾ 150 കോടി രൂപ കൊടുക്കുമെന്നാണ് പറഞ്ഞത്. അഞ്ചു കോടി രൂപ കൊടുത്തു. എന്താണ് സ്ഥിതി? എറണാകുളത്തുള്ള മെഡിക്കൽ കോളേജും മററ് സഹകരണ എഞ്ചിനീയറിംഗ് കോളേജുകളും ഇപ്പോൾ എവിടെ നിൽക്കുന്നു? നിങ്ങൾ കൊട്ടും കുരവയുമായി ഉദ്ഘാടനം ചെയ്ത എറണാകുളം മെഡിക്കൽ കോളേജിന്റെ അംഗീകാരം ഇക്കൊല്ലം ഇല്ല. കുട്ടികളെ അഡ്മിററ് ചെയ്യാൻ നിവൃത്തിയില്ല. ഇതല്ലേ സത്യം. തർക്കമുണ്ടോ? ആ നിലയിൽ എത്തിച്ചിട്ടാണ് നിങ്ങൾ ഞങ്ങളെ ഭരണം ഏൽപ്പിച്ചത്. ഞങ്ങൾ ഇനി ആ കോളേജ് വീണ്ടും തുറക്കാനുള്ള ഭഗീരഥപ്രയത്നം ആരംഭിക്കാൻ പോകുന്നു. ആ കോളേജ് മാത്രമല്ല നിങ്ങൾ അംഗീകാരം നഷ്ടമാക്കിയ പരിയാരം മെഡിക്കൽ കോളേജിനും ഞങ്ങൾ അംഗീകാരം വീണ്ടെടുക്കും. അതാണ് ഞങ്ങളുടെ പരിപാടി. കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്ററ്മെന്റ് ഫണ്ട് 507 കോടി രൂപ പിരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിവർഷം പലിശ 70 കോടി രൂപ. ഈ പണം ഓർഡിനൻസിൽ കൂടി പിരിച്ചു. എന്തിനുവേണ്ടി? The fund was intended to channelise resources for infrastructure investment in areas like Roads, Ports, Airports, Inland Water ways, Water Supply. 507 കോടി രൂപ പിരിച്ചു. ബിൽ കൊണ്ടു വന്നല്ല പിരിച്ചത്. യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടി ഓർഡിനൻസ് കൊണ്ടുവന്ന് 507 കോടി രൂപ പിരിച്ചു. 70 കോടി രൂപ പ്രതിവർഷം പലിശ. എത്ര ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് നടപ്പിലാക്കി? The Board has not received any project, that means, the eligibility criteria prescribed for assistance are not fulfilled and hence not disbursed any amount of the funds mobilised. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെൻറിനു വേണ്ടി പിരിച്ച 507 കോടി രൂപയിൽ ഒരു ചില്ലിക്കാശുപോലും നാളിതുവരെ നിങ്ങളുടെ ഗവൺമെൻറ് മുടക്കിയില്ല. മുഴുവനും വകമാററി ചെലവാക്കി. ഞങ്ങളുടെ ബാദ്ധ്യത 507 കോടി രൂപ മുതലും 70 കോടി രൂപ പലിശയും സഹിതം തിരിച്ചു കൊടുക്കണം. ഈ ബാദ്ധ്യതയും നിങ്ങൾ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്നു. ഈ ബാദ്ധ്യത നിറവേററണ്ടേ? നാട്ടുകാരുടെ പണമല്ലേ? തിരിച്ചു കൊടുക്കണ്ടേ?..........ബഹളം.........ബഹളം......

മി. സ്പീക്കർ: ഓർഡർ .. ....ഓർഡർ........

ശ്രീ. എ. കെ. ആൻറണി: 500 കോടി രൂപ വിവിധ ഡിപ്പാർട്ടുമെൻറുകൾ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ബഡ്ജററ് രേഖയിൽ ചെലവാക്കിയതായാണ് കാണുന്നത്. യഥാർത്ഥത്തിൽ ചെലവാക്കിയിട്ടില്ല. ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കൊടുക്കേണ്ട തുക, ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി കൊടുക്കേണ്ട തുക ഇതെല്ലാം ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നു. പണി നടത്തിയിട്ടില്ല. ഈ പണത്തിന് ഞങ്ങൾ പരിഹാരം ഉണ്ടാക്കണം. പ്ലസ് ടു. ഇന്നലത്തെ കോളിംഗ് അറൻഷൻെറ വിഷയം പ്ലസ് ടു ആയിരുന്നു. വാദി പ്രതിയായല്ലോ? രണ്ടര കൊല്ലമായി പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളമില്ല. സത്യമാണ്. കോളത്തിൽ രണ്ടര വർഷമായി പ്ലസ് ടുവിന് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളമില്ല. ശമ്പളം കൊടുക്കണമെങ്കിൽ 210 കോടി രൂപ വേണം. നിങ്ങൾ 1999-2000 ആണ്ടിൽ ഇതിനുവേണ്ടി ബഡ്ജററിൽ 15 കോടി രൂപയാണ് വകകൊള്ളി ച്ചിരുന്നത്. വേണ്ടത് 210 കോടി രൂപ. നിങ്ങളുടെ ഭരണം പോയി. ഇനിയിപ്പോൾ 210 കോടി രൂപയുണ്ടാക്കി പ്രശ്നം പരിഹരിക്കണ്ടേ? പ്ലസ് ടു അദ്ധ്യാപകരുടെ പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കും. ഒരുപക്ഷേ അൽപ്പം സമയം എടുക്കും. ഈ ബാദ്ധ്യതയും നിങ്ങൾ ഞങ്ങളെ ഏൽപ്പിച്ചിരി ക്കുകയാണ്. നിങ്ങൾ കാര്യങ്ങളെ നാനാവിധമാക്കി. ധനകാര്യവകുപ്പിൻെറ സമ്മതമൊന്നുമില്ലാതെയാണ് കാര്യങ്ങൾ പോയത്. നിങ്ങൾ ഉണ്ടാക്കിയ പ്രശ്നങ്ങളുടെ കുരുക്ക് അഴിക്കുകയാണ് ഞങ്ങളുടെ ആദ്യത്തെ ജോലി. നല്ല ജോലിയാണ് ഏൽപ്പിച്ചിരിക്കുന്നത്. നമ്മുടെ നാട്ടിലെ കോളേജുകളിൽ പഠിച്ച കുട്ടികൾ അദ്ധ്യാപകരായി രണ്ടര വർഷം പഠിപ്പിച്ചിട്ടും ഒരു മാസത്തെ ശമ്പളം പോലും നിങ്ങളുടെ ഗവൺമെൻറ് കൊടുത്തില്ലല്ലോ എന്ത് ക്രൂരതയായിപ്പോയി. ഇനി ഞങ്ങൾ അത് കൊടുക്കണ്ടേ? ഞങ്ങൾ കൈമലർത്തിയാൽ മതിയോ? ഇത് നായനാർ ഗവൺമെൻറിൻെറ ജോലിയാണ്. ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല എന്ന് പറയാൻ പററുമോ? നായനാർ ഗവൺമെൻറാണെങ്കിലും ഞങ്ങളുടെ ഗവൺമെൻറാണെങ്കിലും ഗവൺമെൻറ് എല്ലാം തുടർച്ചയാണ്. നിങ്ങൾ ഉണ്ടാക്കിയ കടം ഞങ്ങൾ വീട്ടണം. ഞങ്ങൾ വീട്ടും. പക്ഷേ കടം ഉണ്ടാക്കിയത് നിങ്ങളാണ്. ബഹളം......ബഹളം......ബഹളം......

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... സഭാ നേതാവും പ്രതിപക്ഷ നേതാവും സംസാരിക്കുമ്പോൾ കുറച്ചെങ്കിലും സാമാന്യമര്യാദ കാണിക്കണം. ബഹളം......ബഹളം...... ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും രണ്ടുകൂട്ടരുടെയും കാര്യമാണ് പറയുന്നത്.

ശ്രീ. എ. കെ. ആന്റണി: നമ്മുടെ നാട്ടിൽ ഇപ്പോൾ, ഈ വർഷകാലത്ത് എലിപ്പനി ഉണ്ടാകുന്നുണ്ട്, മലമ്പനി ഉണ്ടാകുന്നുണ്ട്, മററുതരത്തിൽ രോഗങ്ങൾ ഉണ്ടാകുന്നുണ്ട്. ഇപ്പോൾ എന്താണ് സ്ഥിതി? ഞങ്ങൾ നോക്കിയപ്പോഴേക്കും മരുന്നു കമ്പനികളിൽനിന്നുള്ള സപ്ലൈ നിലച്ചിരിക്കുകയാണ്. മരുന്നു കമ്പനിക്കാർ വിതരണം ചെയ്ത മരുന്നിന് 31 കോടി രൂപ കൊടുത്തു തീർക്കാത്തതുകൊണ്ട് അവർ സ്റ്റോപ്പു ചെയ്തിരിക്കുകയാണ്. ഈ കടം ഞങ്ങൾ കൊടുക്കണ്ടേ? ആശുപത്രികളിൽ മരുന്നു വേണ്ടേ? കൊടുക്കാതിരിക്കാൻ പററുമോ? അത് ശരിയല്ലേ? ഗവൺമെന്റ് കോൺട്രാക്ടർമാർക്ക് 820 കോടി രൂപ കൊടുക്കണ്ടേ? 820 കോടി രൂപ കൊടുക്കണം. അല്ലെങ്കിൽ കോൺട്രാക്ടർമാർ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകില്ല. രണ്ട് കോൺട്രാക്ടർമാർ ആത്മഹത്യ ചെയ്തു.

ഡോ. കെ. സി. ജോസഫ്: കോൺട്രാക്ടർമാർക്ക് 820 കോടി രൂപ കൊടുക്കാനുണ്ട് എന്നു പറഞ്ഞു. 1996-ൽ അന്നത്തെ ഗവൺമെന്റ് കോൺട്രാക്ടർമാർക്ക് ഏതാണ്ട് 300 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റല്ലേ കൊടുത്തത്?

ശ്രീ. എ. കെ. ആന്റണി: ഞങ്ങൾ ഇറങ്ങിപ്പോയപ്പോൾ 1996-ൽ 300 കോടി രൂപ. ഇപ്പോൾ 820 കോടി രൂപ. ഏതാണ് വലുത്? 1996-ൽ ഞങ്ങൾ ഖജനാവ് ദീവാളി കുളിച്ചില്ല. ഞങ്ങൾ ഇറങ്ങിപ്പോകാൻ നേരത്ത് 480 കോടി രൂപ സർപ്ലസ് ഉള്ള ഖജനാവാണ് ഏൽപ്പിച്ചിട്ട് പോയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് അന്വേഷിക്കണം. അങ്ങയുടെ നേതൃത്വത്തിലുണ്ടായിരുന്ന, അങ്ങ് ഇടതുപക്ഷമുന്നണി കൺവീനറായി ഭരിച്ച ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി മുടക്കിയ ഒരു സർക്കാരാണ്. 100 കോടി രൂപ ഉച്ചക്കഞ്ഞി നൽകിയ വകയിൽ കൊടുക്കാനുണ്ട്. സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പെൻഷനും ഡി. എ. കുടിശ്ശികയും കൂടി യഥാക്രമം 440 കോടി രൂപയും 548 കോടി രൂപയും കൊടുത്തു തീർക്കാനുണ്ട്. ഞങ്ങളെ ഏൽപ്പിച്ച ബാദ്ധ്യത ഇതാണ്. മററ് 300 കോടി രൂപ വേറെ. ഹഡ്കോയുടെ കാര്യം ഇവിടെ പറഞ്ഞു. എനിക്ക് ഇപ്പോൾ സെക്രട്ടേറിയററിൽ ദിവസവും നിവേദനങ്ങൾ വരുന്നുണ്ട്. പാവപ്പെട്ടവരായ 85,000 ആളുകളുടെ വീടുകൾ പൊളിച്ചിട്ടിരിക്കുകയാണ്. കാരണമെന്താണ്? ....(ബഹളം)......

**Mr. Speaker:** It is very bad........ Running commentary is very bad........

ശ്രീ. എ. കെ. ആന്റണി: മാർച്ചുമാസം മുതൽ കേരളത്തിനുള്ള സഹായങ്ങൾ ഹഡ്കോ നിർത്തിയിരിക്കുന്നു. ഹഡ്കോയിൽനിന്നും ലോൺ കിട്ടും എന്ന പ്രതീക്ഷയിൽ വീടു പൊളിച്ച 85,000 പാവപ്പെട്ടവർ ഈ വർഷകാലത്ത് വീടില്ലാതെ കടത്തിണ്ണയിലും മററു സ്ഥലങ്ങളിലും കഴിയേണ്ട സ്ഥിതിവിശേഷം നിങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. 240 കോടി രൂപ ഹഡ്കോയ്ക്ക് തവണ അടയ്ക്കാൻ കുടിശ്ശിക വന്നിരിക്കുകയാണ്. അത് ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്നു. ഇനി 85,000 പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് ഞങ്ങൾ പരിഹാരം കാണണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പണത്തെ സംബന്ധിച്ച് ഓരോന്നോരോന്ന് ഞങ്ങളോട് ചോദിക്കുന്നു. അതുവഴി നിങ്ങൾ ഉച്ചക്കഞ്ഞി കിട്ടാത്ത കുട്ടികളെയും അവരുടെ തന്തമാരെയും രക്ഷിക്കുന്ന രക്ഷിതാക്കളായി ചമയേണ്ട ആവശ്യമുണ്ടോ? ഇതിനെല്ലാം പണം നിങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. അത് കൊടുക്കുക എന്ന ബാദ്ധ്യതയല്ലാതെ നിങ്ങൾക്ക് എന്താണ് ഉള്ളത്?

ശ്രീ. എ. കെ. ആൻറണി: ഇതിനൊക്കെയുള്ള പണം ഞങ്ങളെ ഏൽപ്പിച്ചു എങ്കിൽ അത് ഏൽപ്പിച്ചിട്ട് 50 ദിവസം അല്ലേ ആയുള്ളൂ. നിങ്ങളുടെ കയ്യിൽ അഞ്ചു വർഷത്തെ ഭരണം ഉണ്ടായിരുന്നല്ലോ? എന്താ ഈ പണമൊക്കെ കൊടുക്കാതിരുന്നത്? ഈ പാവങ്ങളെ മുഴുവനും വഴിയാധാരമാക്കിയില്ലേ? ഈ നിലയിലുള്ള 3,472 കോടി രൂപ, ഈ പറഞ്ഞതു കൂടാതെ രണ്ടായിരം കോടി രൂപ ഇലക്ട്രിസിററി ബോർഡിന്റെ ഇപ്പോഴത്തെ കടം. അപ്പോൾ 5,300 കോടി രൂപ കഴിഞ്ഞു. ട്രാൻസ്പോർട്ട് കോർപ്പറേഷന് മാസം തോറുമുള്ള നഷ്ടം 15 കോടി രൂപ. ഇപ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷന് ഡീസൽ കിട്ടാൻ പ്രയാസം, ടയർ കിട്ടാൻ പ്രയാസം, സ്പെയർ പാർട്ട്സ് കിട്ടാൻ പ്രയാസം. ഹൗസിംഗ് ബോർഡ് പൂർണ്ണമായി തകർച്ചയിൽ എത്തിയിരിക്കുന്നു. വാട്ടർ അതോറിററി തകർച്ചയുടെ വക്കിൽ എത്തിയിരിക്കുന്നു.......(ബഹളം)....

**Mr. Speaker:** Order, order....Order, order. This is a very bad habit. Hon'ble Members should not behave like this....

ശ്രീ. എ. കെ. ആൻറണി: ഈ സംസ്ഥാനത്ത് ഞങ്ങൾക്ക് ആറായിരത്തോളം കോടി രൂപ കണ്ടെത്തിയാലേ മുന്നോട്ടു പോകാൻ പററു. എന്ത് ചെയ്യും? എന്താ പരിഹാരം? അതിന് പരിഹാരം ഉണ്ടാക്കണ്ടേ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇത് ശുദ്ധ അസംബന്ധം നിറഞ്ഞ, അതിശയോക്തി നിറഞ്ഞ കണക്കാണ്. ഒന്നുകൂടി ഈ ധവളപത്രക്കാരെ ഇരുത്തിയിട്ട് നിങ്ങൾ ചർച്ച ചെയ്യുകയാണെങ്കിൽ അതിന്റെ വ്യത്യാസം മനസ്സിലാകും. ആ ധവളപത്രക്കാർ പറയുന്നതനുസരിച്ച് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ആൻറണി ഇത് പറയുന്നതാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ധവളപത്രം പരിശോധിച്ചിട്ടുണ്ട്. ഒന്ന് കാര്യമായിട്ട് പരിശോധിക്കൂ. ഇത്ര തുക വരില്ല.

ശ്രീ. എ. കെ. ആൻറണി: ഓരോ ഹെഡും പറഞ്ഞ് നിങ്ങൾകൂടി തല കുലുക്കിയതിനുശേഷമാണ് ഞാൻ അടുത്ത ഹെഡ്ഡിലേക്ക് കടന്നത്. അപ്പോൾ ആറായിരം കോടി രൂപ ഈ സംസ്ഥാന ഗവൺമെൻറ് കൊടുത്തു തീർക്കണം. നാളെ മുതൽ ഈ കേരളത്തിൽ സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കണ്ടേ? മരുന്നു വാങ്ങണ്ടേ? വികസനപ്രവർത്തനങ്ങൾ നടത്തണ്ടേ? കെ. എസ്. ആർ. ടി. സി. പൂട്ടണോ? ഇലക്ട്രിസിററി ബോർഡ് പൂട്ടണോ? ഹൗസിംഗ് ബോർഡ് പിരിച്ചുവിടണോ? എന്തു ചെയ്യണം? ആറായിരം കോടി രൂപ കണ്ടെത്തണം. ഞങ്ങളുടെ കയ്യിൽ അലാവുദ്ദീന്റെ അത്ഭുത വിളക്കില്ല. മാന്ത്രികദണ്ഡ് ഇല്ല. ആ പണം വേണം. നിങ്ങൾ ശരിക്ക് വായിക്കാത്തതു കൊണ്ടാണ് ഞങ്ങൾ വായിച്ചുതന്നത്. ഞങ്ങളെ ഏൽപ്പിച്ച സർക്കാരിന്റെ സ്ഥിതി ഇതാണ്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ ഇന്നത്തെ ഈ തകർച്ചയ്ക്ക് പരിഹാരം കാണാൻ തുടക്കത്തിൽ എല്ലാവരും കുറച്ച് ത്യാഗം സഹിക്കേണ്ടിവരും. എന്റെ അഭിപ്രായത്തിൽ ഇതിന്റെ തുടക്കം എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുക്കുകയാണെങ്കിൽ 140 എം.എൽ.എ.-മാരും കൂടി നമ്മുടെ ശമ്പളത്തിന്റെ ഒരംശം കുറച്ചു മാസത്തേക്ക് വെട്ടിക്കുറച്ചാലും തെററില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്ര വലിയ സാമ്പത്തിക പ്രതിസന്ധിയാണെങ്കിൽ നിങ്ങൾ എന്തിനാണ് മന്ത്രിമാരുടെ എണ്ണം പതിനാലിൽനിന്നും ഇരുപത് ആക്കിയത്?

ശ്രീ. എ. കെ. ആന്റണി: ഞങ്ങൾ ഇപ്പോൾ പെഴ്സണൽ സ്ററാഫിന്റെ എണ്ണം കുറച്ചു. ഞങ്ങൾ മന്ത്രി മന്ദിരങ്ങൾ മോടി പിടിപ്പിച്ചില്ല. പുതിയ കാറുകൾ വാങ്ങിയില്ല. ഞാൻ തർക്കിച്ച് സ്കോർ ചെയ്യാൻ വേണ്ടി പറയുന്നതല്ല. ഈ സ്റേററ് മുഴുവൻ പ്രതിസന്ധിയിലാണ്. അതുകൊണ്ട് നാം കുറെ ത്യാഗം സഹിക്കാൻ തയ്യാറാകണം. അതിന് എല്ലാവരും ഒരുമിച്ച് നിൽക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയുകയാണ്. ഇവിടെ ധനകാര്യകമ്മീഷന്റെ കാര്യം പറഞ്ഞു. 11-ാം ധനകാര്യകമ്മീഷന്റെ അവാർഡിന്റെ ആദ്യവർഷം മാത്രമേ നിങ്ങൾ ഗവൺമെന്റിൽ ഉണ്ടായിരുന്നുള്ളൂ. അടുത്ത നാല് വർഷം ഈ ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ നഷ്ടം സഹിക്കേണ്ടിവരുന്നതും അതിന് പരിഹാരം കാണേണ്ടതും ഞങ്ങളുടെ ഗവൺമെന്റാണ്. ധനകാര്യകമ്മീഷൻ വെസ്ററ് ബംഗാളിന് നോൺ പ്ലാൻ ഡെഫിസിററ് നികത്താൻ 3,600 കോടി രൂപ പ്രത്യേകം കൊടുത്തു. രണ്ടായിരം കോടി രൂപ ത്രിപുരയ്ക്ക് കൊടുത്തു. നമ്മുടെ കേസ് ശരിക്ക് നിങ്ങൾ വാദിക്കാത്തതിന്റെ ഫലമായിട്ടാണ് നമ്മൾക്ക് നഷ്ടം സഹിക്കേണ്ടിവന്നത്. അല്ലെങ്കിൽ വെസ്ററ് ബംഗാളിന് കൊടുക്കുന്നതിനോട് ഔദാര്യം കാണിച്ച ധനകാര്യ കമ്മീഷൻ കേരളത്തോട് വിവേചനം കാണിക്കുമോ? നിങ്ങൾ നമ്മുടെ കേസ് ശരിക്ക് വാദിച്ചില്ല. വെസ്ററ് ബംഗാളിനോട് പരിഗണന കാണിച്ചു, ത്രിപുരയോട് പരിഗണന കാണിച്ചു, നിങ്ങൾ ഇപ്പോൾ വാദം കഴിഞ്ഞ് വിധിയും കഴിഞ്ഞ കേസിനെക്കുറിച്ച് ഇവിടെ സംസാരിക്കുകയാണ്. നാലു വർഷക്കാലം നിങ്ങളുടെ പിടിപ്പുകേടിന്റെ ഭാരം ഞങ്ങൾ താങ്ങേണ്ടി വന്നിരിക്കുകയാണ്. കള്ളുഷാപ്പിന്റെ കാര്യം പറഞ്ഞു. ഇവിടെ കള്ളുഷാപ്പുകൾ ലേലം ചെയ്ത വകയിൽ 25 കോടി രൂപയേ സഹകരണസംഘത്തിൽനിന്ന് സർക്കാരിന് കിട്ടുന്നുള്ളൂ. 25 കോടിയേ ഉണ്ടായിരുന്നുള്ളൂ, 142 കോടി രൂപ നേരത്തേ കിട്ടിയിരുന്നത് നിങ്ങളുടെ പുതിയ നയം മാററത്തിന്റെ ഫലമായി 25 കോടിയായിട്ട് കുറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതു പോലെ ഞങ്ങൾ അത് കുറച്ചതല്ല, നിങ്ങളുടെ പുതിയ നയത്തിന്റെ ഫലമാണ് അത്. ഇന്നും സഹകരണസംഘത്തിന്റെ പേരിൽ ചില ഷാപ്പുകൾ നടത്തുന്നത് പഴയ മദ്യ കോൺട്രാക്ടർമാരാണ്. അതിന് വ്യക്തമായ തെളിവുകളുണ്ട്.

(ബഹളം......ബഹളം......)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ........

ശ്രീ. എ. കെ. ആന്റണി: ഇനി ഞാൻ പറഞ്ഞോട്ടെ, കേരളത്തിലെ പല ജില്ലകളിലും സഹകരണസംഘത്തിന്റെ പേരിൽ ഷാപ്പുകൾ നടത്തുന്നത് പഴയ മദ്യ കോൺട്രാക്ടർമാരാണ്.......(ബഹളം)....

മി. സ്പീക്കർ: ഓർഡർ......ഓർഡർ......

ശ്രീ. എ. കെ. ആന്റണി: ഈ പല ഷാപ്പുകളിലും വ്യാജ ചാരായം ഉണ്ട് ......(ബഹളം)......

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ......ഓർഡർ......

Nothing will go in record. (ബഹളം....ബഹളം....)

ശ്രീ. എ. കെ. ആൻറണി: വ്യാജ ചാരായം ഇവിടെ പലയിടത്തും ഉണ്ടാകാൻ ഒരു കാരണം സഹകരണസംഘത്തിന്റെ ചില ഷാപ്പുകളിൽ കള്ളച്ചാരായം വിൽക്കുന്നുണ്ട് എന്നതാണ്. ഞാൻ ഒരു കാര്യം വ്യക്തമാക്കാം ......(ബഹളം)......

മി. സ്പീക്കർ: ഓർഡർ......ഓർഡർ......

ശ്രീ. എ. കെ. ആൻറണി: ഇവിടത്തെ വ്യാജമദ്യത്തിനെതിരായി അതിശക്തമായ നടപടികൾ ഗവൺമെന്റ് എടുക്കാൻ പോകുകയാണ്. പോലീസും എക്സൈസും റവന്യൂ ഡിപ്പാർട്ടുമെന്റും എല്ലാം സംയുക്തമായി, സംഘടിതമായി വ്യാജച്ചാരായത്തിനെതിരെ നടപടികൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തുകഴിഞ്ഞിരിക്കുകയാണ്. നമ്മൾ ഒരു യാഥാർത്ഥ്യം കാണണം. കേരളം ഇന്ത്യയുടെ ഭാഗമാണ്, ലോകത്തിന്റെ ഭാഗമാണ്. ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന മാററങ്ങൾപോലും നമ്മൾ അംഗീകരിക്കുന്നില്ലെങ്കിൽ നമ്മൾ എവിടെപ്പോകും. വെസ്ററ് ബംഗാളിന്റെ മാർഗ്ഗം നമുക്ക് സ്വീകരിക്കാൻ പാടില്ലേ? ബംഗാളിലെ വേറൊരു മാതൃക, വെസ്ററ് ബംഗാളിൽപ്പോലും യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് പല നയങ്ങളിലും മാററം ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ സ്ഥിതി എന്താണ്? കേരളത്തിൽ ഇനി സംസ്ഥാന ബഡ്ജററിൽനിന്നും പണം നീക്കിവച്ച് പുതിയ മുതൽമുടക്കിനുള്ള സാദ്ധ്യതയുണ്ടോ? കേരളത്തിലെ സർക്കാരിന്റെ വരുമാനം കൊണ്ട് ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാനും പെൻഷൻ കൊടുക്കാനും ഗവൺമെന്റ് വാങ്ങിയ കടം വീട്ടാനും ആ കടത്തിന്റെ പലിശ വീട്ടാനുംപോലും തികയില്ല. അതിന് നാം വീണ്ടും കടം എടുക്കണം. ഈ സാഹചര്യത്തിൽ നമ്മൾ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പട്ടിണി കിടക്കണോ, മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമോ, മുദ്രാവാക്യം വിളിച്ചുകൊണ്ട് കേരളം കൂടുതൽ കൂടുതൽ പിന്നോക്ക സംസ്ഥാനമായി മാററണമോ? അതോ യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് പുതിയ നയസമീപനങ്ങൾ സ്വീകരിക്കണോ? ഇതാണ് മൗലികമായ പ്രശ്നം. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഞങ്ങൾ ഞങ്ങളുടെ കാഴ്ചപ്പാട് പറഞ്ഞിട്ടുണ്ട്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലിക്വിഡേററ് ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ശ്രീ. രാജേന്ദ്രന്റെ ആശങ്ക അടിസ്ഥാനരഹിതമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ ആർക്കും വിൽക്കാൻ ഞങ്ങൾ തീരുമാനം എടുത്തിട്ടില്ല, വിൽക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ അതേ അവസരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ എല്ലാക്കാലത്തും വെള്ളാനകളായി തുടരാൻ ഞങ്ങൾ അനുവദിക്കില്ല. നഷ്ടത്തിൽ ഓടുന്ന പൊതുമേഖലാ വ്യവസായങ്ങൾ ഓരോന്നും പരിശോധിച്ച് അതിനെ ലാഭകരമാക്കാൻ മാർഗ്ഗമുണ്ടോ എന്ന് ഞങ്ങൾ ആലോചിക്കും. അതിനുള്ള മററു പല മാർഗ്ഗങ്ങളും ആലോചിക്കും. ഏതായാലും നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുക എന്ന ഒരു തീരുമാനം ഞങ്ങൾ എടുത്തിട്ടില്ല. പക്ഷേ ഭാവിയിലേക്കുള്ള മുതൽമുടക്കിന് ബഡ്ജററിലുള്ള പണം കൊണ്ട് അസാദ്ധ്യമാണ്. ഏതെങ്കിലും നേരിയ മുതൽമുടക്ക് സാധിക്കും. പക്ഷേ അടുത്ത ഒരു വർഷം കൊണ്ട്



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞത് 50,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെൻറ് എങ്കിലും കേരളത്തിൽ നടന്നാൽ മാത്രമേ കേരളത്തിന് മുന്നോട്ടുപോകാൻ സാധിക്കൂ. അതിന് കടക്കെണിയിലായ കടം കൊണ്ട് നട്ടം തിരിയുന്ന സംസ്ഥാന ഗവൺമെൻറിനെ കൊണ്ട് സാദ്ധ്യമല്ല. ഞങ്ങളുടെ നയങ്ങൾ സുതാര്യമാണ്, ഒളിച്ചുകളിയില്ല. നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ വരുംകാലങ്ങളിൽ വ്യവസായരംഗത്ത്, വിദ്യാഭ്യാസരംഗത്ത്, ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ, ടൂറിസം മേഖലയിൽ, ഗതാഗത മേഖലയിൽ, മററ് ഇൻഫ്രാസ്ട്രക്ചർ വികസന മേഖലയിൽ ഞങ്ങൾ സ്വകാര്യമേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നു. അത് സുതാര്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും. അതിൽ സ്വകാര്യത ഉണ്ടാകില്ല. കേരളത്തിന്റെ നൻമയ്ക്ക് ചില നയങ്ങളിൽ മാററം വരണമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇത് ഇലക്ഷൻ സമയത്ത് ഞങ്ങളുടെ മാനിഫസ്റ്റോയിൽ പറഞ്ഞിട്ടുണ്ട്. അത് ഗവർണ്ണറുടെ പ്രസംഗത്തിലും വന്നിട്ടുണ്ട്. ഏതെങ്കിലും നിലയിൽ, ആരെങ്കിലും എതിർക്കുന്നതിന്റെ പേരിൽ ഞങ്ങൾ അക്കാര്യത്തിൽ നിലപാട് മാററാൻ ആഗ്രഹിക്കുന്നില്ല. കേരളത്തെ സ്നേഹിക്കുന്നവരെല്ലാം ആഗ്രഹിക്കുന്നത് കേരളത്തിൽ അതിവേഗത്തിലുള്ള സാമ്പത്തിക പുരോഗതിയാണ്. യഥാർത്ഥത്തിൽ ഇന്ത്യയുടെ തലസ്ഥാനം ആകേണ്ടത് കേരളം ആയിരുന്നു. ആദ്യമായി കെൽട്രോൺ തുടങ്ങിയത് കേരളത്തിലാണ്. ഇന്ത്യയിൽ ആദ്യമായി ടെക്നോപാർക്ക് തുടങ്ങിയത് കേരളത്തിലാണ്. ആ കേരളത്തിന് ഐ. ടി. റവല്യൂഷനിൽ സ്ഥാനം നഷ്ടപ്പെട്ടു. നമ്മുടെ പിടിപ്പുകേടുകൊണ്ട്, നമ്മുടെ വരട്ടു തത്വവാദം കൊണ്ട്. അങ്ങനെ കേരളത്തിന് അർഹതപ്പെട്ട സ്ഥാനം നഷ്ടപ്പെടുത്തുവാൻ ഈ സർക്കാർ അനുവദിക്കുകയില്ല. അതാണ് ഞങ്ങളുടെ തീരുമാനം. ഞങ്ങളുടെ നയങ്ങളിൽക്കൂടി അടുത്ത അഞ്ചുവർഷം കഴിയുമ്പോൾ ഇന്ത്യയിലെ ഐ. ടി. കേന്ദ്രമായി കേരളം മാറും. കൊച്ചി ഇന്ത്യയിലെ ഐ. ടി. യുടെ destination ആയി മാറും, അതാണ് ഞങ്ങളുടെ ലക്ഷ്യം. വിദ്യാഭ്യാസമേഖലയിൽ നമ്മൾ ഒരു മതില് കെട്ടിയതുകൊണ്ട് ഈ രാജ്യത്തെ മാററം തടയാൻ സാധിക്കില്ല. കേരളത്തിൽ പുതിയ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജ് വേണ്ട, സ്വകാര്യ മെഡിക്കൽ കോളേജ് വേണ്ട, എം. സി. എ. കോഴ്സ് വേണ്ട, നേഴ്സിംഗ് കോളേജുകൾ വേണ്ട, ബിസിനസ് മാനേജ്മെൻറ് സ്ഥാപനങ്ങൾ വേണ്ട എന്നൊക്കെ പറയുന്നത് ശരിയല്ല. നമ്മുടെ മുതലും നമ്മുടെ ധനവും കേരളത്തിലേയുള്ളൂ. അയൽ സംസ്ഥാനങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ തഴച്ചു വളരുകയാണ്, കർണ്ണാടകത്തിൽ, തമിഴ്നാട്ടിൽ, ആന്ധ്രയിൽ, മഹാരാഷ്ട്രയിൽ ഏററവും ഒടുവിൽ പശ്ചിമബംഗാളിൽ വരെ. അതിന്റെ കുഴപ്പം എന്താ. നമ്മുടെ കുട്ടികളിൽ, പണം കൊടുക്കാൻ നിവൃത്തിയുള്ളവരുടെ മക്കൾ അയൽ സംസ്ഥാനങ്ങളിൽ പോയി വൻതുക കൊടുത്ത് അഡ്മിഷൻ വാങ്ങുന്നു. പണം കൊടുക്കാൻ നിവൃത്തിയില്ലാത്ത കുട്ടികൾ നിരാശരായി കേരളത്തിൽ കഴിയുന്നു. ഞങ്ങൾ ആഗ്രഹിക്കുന്നത് സെൽഫ് ഫിനാൻസ് സ്ഥാപനങ്ങൾ ഇവിടെ നടത്തിയാൽ 50% മെറിററിൽ, അയൽ സംസ്ഥാനങ്ങളിൽ പണം കൊടുത്ത് പഠിക്കാൻ നിവൃത്തിയില്ലാത്ത കുട്ടികൾക്ക് ഇവിടെ ഇത്തരം സ്ഥാപനങ്ങൾ ഉള്ളത് സൗകര്യമായിരിക്കും.

സർ, ഈ ഗവണ്മെൻറ് അഞ്ചു വർഷം പൂർത്തിയാക്കുന്ന അവസരത്തിൽ കേരളത്തിലെ ഒരു വിദ്യാർത്ഥിയും സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി, ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി അയൽ സംസ്ഥാനങ്ങളിൽ കോഴകൊടുത്ത് അവിടെ അഡ്മിഷൻവാങ്ങി പോകേണ്ടതായ സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടാകില്ല, ഇതാണ് ഞങ്ങളുടെ കാഴ്ചപ്പാട്, ഞങ്ങളുടെ വ്യക്തമായ നയമാണിത്. നിങ്ങളുടെ മക്കളെയും നിങ്ങൾ പുറത്ത് അയയ്ക്കേണ്ട, നമുക്ക

ഇവിടെത്തന്നെ അഡ്മിഷന് അവസരം ഉണ്ടാക്കാം. ആ കാര്യത്തിലും പരിഹാരം ഉണ്ടാക്കാൻ സാധിക്കും. കാർഷിക മേഖലയിൽ പ്രശ്നങ്ങളുണ്ട്, ഞങ്ങൾ അധികാരം ഏറ്റെടുത്ത ഉടനെതന്നെ ഞങ്ങൾ ആഗ്രഹിച്ച ആശ്വാസ നടപടികൾ ഉണ്ടാക്കാൻ കഴിഞ്ഞില്ലായെങ്കിലും ഇവിടത്തെ റബ്ബർ കൃഷിക്കാരുടെ, നാളികേര കൃഷിക്കാരുടെ, കാപ്പികൃഷിക്കാരുടെ, തേയില കൃഷിക്കാരുടെ അടയ്ക്ക കൃഷിക്കാരുടെ പ്രശ്നങ്ങളുടെ പരിഹാരത്തിന് ഞങ്ങളുടെ ഗവൺമെൻറ് വ്യക്തമായ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ തന്നെ പരമ്പരാഗത വ്യവസായങ്ങൾ, ശ്രീ. ഷൺമുഖദാസ് ഖാദിയുടെ കാര്യം പറഞ്ഞു, ഖാദി മാത്രമല്ല കയർ, കൈത്തറി, കശുവണ്ടി, മൽസ്യബന്ധനം, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ കേരളത്തിൽ നിലനിർത്താനും ശക്തിപ്പെടുത്താനും ഞങ്ങൾ വ്യക്തമായ നയങ്ങളും പരിപാടികളും ആവിഷ്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഞങ്ങളുടെ ഈ വ്യക്തമായ നയങ്ങളുടെ ഫലമായി ഐ. ററി. മേഖലയിൽ, വ്യവസായ മേഖലയിൽ അഞ്ചു വർഷം കൊണ്ട് കേരളത്തിൽ 15 ലക്ഷം ചെറുപ്പക്കാർക്ക് ജോലിയുണ്ടാക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിന് വ്യക്തമായ പരിപാടികൾ ഞങ്ങളുടെ മുൻപിൽ ഉണ്ട്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം പറഞ്ഞത് തെററിദ്ധാരണ കൊണ്ടായിരിക്കാം, മനഃപൂർവ്വമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് റേഷൻ സബ്സിഡിയുടെ കാര്യത്തിൽ കേന്ദ്രത്തിൽ നിവേദനം സമർപ്പിക്കാൻ ഇന്നത്തെ ഭരണകക്ഷിക്കാരെ ക്ഷണിച്ചപ്പോൾ ഞങ്ങൾ ബഹിഷ്കരിച്ചു എന്ന അങ്ങയുടെ ആ ധാരണ തെററാണ്. ഞങ്ങളെ ക്ഷണിച്ചു, ഞങ്ങൾ ഡൽഹിയിൽപ്പോയി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സമരം ചെയ്തു, ആ സമരപ്പന്തലിൽ കോൺഗ്രസ് പ്രസിഡൻറ് സോണിയാഗാന്ധി വന്ന് പ്രസംഗിച്ചു, അതാണ് സംഭവിച്ചത്; ഞങ്ങൾ അവിടെ രാഷ്ട്രീയം കണ്ടില്ല. അഖിലകക്ഷി സംഘത്തെ നയിക്കുന്നത് ബഹുമാന്യനായ നായനാർ ആയതുകൊണ്ടോ, ഇടതുപക്ഷ മുന്നണിയായതുകൊണ്ടോ ഞങ്ങൾ രാഷ്ട്രീയം കണ്ടില്ല, ഞങ്ങളെ ക്ഷണിച്ചു, ഞങ്ങൾ പോയി, പക്ഷെ രണ്ടാമത് ആൾ പാർട്ടി ഡെലിഗേഷന് പോകണമെന്ന് ഞങ്ങൾ പറഞ്ഞു, ഞങ്ങളെ ക്ഷണിച്ചില്ല, ഞങ്ങളെ ക്ഷണിക്കാതെ ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ എം. എൽ. എ. മാർ മാത്രം അവിടെ പോയി സമരം നടത്തി, ഞങ്ങളെ ക്ഷണിച്ചുവെങ്കിൽ ഞങ്ങൾ അവിടെയും വരുമായിരുന്നു. ഞങ്ങൾ കേരളത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ തനി രാഷ്ട്രീയം കലർത്താൻ ആഗ്രഹിക്കുന്നില്ല. കേന്ദ്രത്തോടുള്ള ഞങ്ങളുടെ സമീപനവും വളരെ വ്യക്തമാണ്. രാഷ്ട്രീയ നിലപാട് ഒന്ന്, ഗവൺമെൻറ് നിലപാട് ഒന്ന്. ബി. ജെ. പി. യുടെ നിലപാടിനെ കുറിച്ച് രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ കാണും. പക്ഷെ കേന്ദ്രത്തിൻെറ കാര്യത്തിൽ ഞങ്ങളുടെ നിലപാട് വ്യക്തമാണ്. കേന്ദ്രത്തെ ഞങ്ങൾ ഒരു ശത്രുരാജ്യമായിട്ട് കാണുന്നില്ല. കേന്ദ്രവുമായി നിരന്തരമായ ഒരു സമരം കേന്ദ്ര വിരുദ്ധ സമരം നിരന്തരമായി ആളിക്കത്തിക്കൽ ഞങ്ങളുടെ പരിപാടിയല്ല. കേന്ദ്രവുമായി കഴിയുന്നത്ര രഞ്ജിപ്പോടുകൂടി സൗഹാർദ്ദമായി പോകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ആരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ നിലനിർത്തേണ്ടത് ഈ സംസ്ഥാനത്തിൻെറ വികസനത്തിന് ആവശ്യമാണ്, ഇൻഡ്യയുടെ പുരോഗതിക്ക് ആവശ്യമാണ്. അതേയവസരത്തിൽത്തന്നെ ഈ കേരളത്തിൻെറ താൽപ്പര്യങ്ങൾക്ക് എതിരായ നയങ്ങൾ കേന്ദ്രത്തിൻെറ ഭാഗത്തുനിന്ന് ഉണ്ടായാൽ ആ നയങ്ങളെ ഞങ്ങൾ നഖശിഖാന്തം എതിർക്കും. ഞങ്ങളുടെ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷം മുഖ്യമന്ത്രിമാരുടെ ആദ്യയോഗം വന്നു, ആ യോഗത്തിൽത്തന്നെ ഔദ്യോഗികമായി കേരളത്തിന്റെ നിലപാട് വ്യക്തമാക്കി. കേന്ദ്രത്തിന്റെ ഇറക്കുമതി നയം തിരുത്തണം, അത് കേരളത്തിലെയും ഇൻഡ്യയിലെയും കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്ക് എതിരാണെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെട്ടു. ഞങ്ങൾ മാത്രമല്ല, മററു സംസ്ഥാന ഗവൺമെൻറുകളും ആവ ശ്യപ്പെട്ടു. അതുപോലെ റേഷൻ സമ്പ്രദായം നിലനിർത്തുന്ന കാര്യത്തിൽ ഞങ്ങൾക്ക് വിട്ടുവീഴ്ചയില്ല, കേന്ദ്രത്തിന്റെ പുതിയ സംഭരണനയം, എഫ്. സി. ഐ.-യെ ഒഴിവാക്കിക്കൊണ്ടുള്ള സംഭരണനയം നമ്മുടെ റേഷൻ സമ്പ്രദായത്തെ തകർക്കുമെന്നുള്ളതുകൊണ്ട് ഞങ്ങൾ ആ നയത്തിന് എതിരാണെന്ന് പറഞ്ഞു, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരായ നയങ്ങളെ ശക്തിയായി എതിർക്കും, എതിർക്കുന്നുണ്ട്, നാളെയും എതിർക്കും. ആ കാര്യത്തിൽ വിട്ടുവീഴ്ചയില്ല, അതേസമയം കേന്ദ്രവും കേരളവുമായി നിരന്തരമായി ഒരു പോരാട്ടം, നിരന്തരമായ ഒരു ഏററുമുട്ടൽ ഞങ്ങളുടെ പരിപാടിയല്ല. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ ആരോഗ്യകരമായ നിലയിൽ കൊണ്ടുപോകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങളുടെ ഗവൺമെൻറിന് എല്ലാ കാര്യങ്ങളിലും വ്യക്തമായ നയങ്ങളുണ്ട്. സുതാര്യമായ നയങ്ങളുണ്ട്. ഞങ്ങൾ നിങ്ങളുടെ നയങ്ങൾ തുടരാൻ ആഗ്രഹിക്കുന്നില്ല. 1996 മേയ് 20-ന് സത്യവാചകം ചൊല്ലി നിങ്ങളുടെ മന്ത്രിമാർ അധികാരത്തിൽ വന്നു, നിങ്ങളുടെ ആദ്യത്തെ പ്രയോറിററി എന്തായിരുന്നു? നിങ്ങളുടെ ആദ്യ പ്രയോറിററി അഞ്ചു വർഷം മുൻപ് വരെ കേരളം ഭരിച്ച അന്നത്തെഭരണകക്ഷിയുടെ നേതാക്കൻമാരെ എങ്ങനെ കുരുക്കാം, എന്നായിരുന്നു. നിങ്ങളുടെ ആഴ്ചകളും മാസങ്ങളും എടുത്തത് മുഴുവൻ അതിനായിരുന്നു. ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ അന്നത്തെ യു. ഡി. എഫ്. നേതാക്കൻമാർക്കെതിരായി നിങ്ങൾ വിജിലൻസ് കേസുകൾ എടുത്തു. അതുപോലെ ഞങ്ങളുടെ പല സഹപ്രവർത്തകരുടേയും വീടുകളിൽ അവരില്ലാത്ത സമയത്ത്, ഭാര്യയും മക്കളും മാത്രമുള്ള സമയത്തുപോലും നിങ്ങൾ റെയിഡ് നടത്തിച്ചു. ആ പ്രതികാര രാഷ്ട്രീയത്തിന്റെ മാർഗ്ഗം ഞങ്ങൾ സ്വീകരിക്കുന്നില്ല. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും അരങ്ങേറുന്ന പ്രതികാര രാഷ്ട്രീയത്തിന്റെ പാതയിലേക്ക് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതേസമയം വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഞങ്ങളുടെ മുൻപിൽ കാര്യങ്ങൾ വന്നാൽ, അങ്ങനെ വരുന്ന ഘട്ടത്തിൽ ആരെയും രക്ഷിക്കുകയുമില്ല. ഇതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ഞങ്ങളുടെ ചില ആൾക്കാരെ കഴിഞ്ഞ പ്രാവശ്യം വേദനിപ്പിച്ചല്ലോ. എന്നാൽ അതിന്റെ ഇരട്ടി ആൾക്കാരെ ഇപ്പോൾ കുരുക്കണം എന്ന ബദലുക്ക് ബദൽ ഏർപ്പാടിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. അങ്ങനെ പോയതുകൊണ്ട് ഈ രാജ്യം രക്ഷപ്പെടാൻ പോകുന്നില്ല. പാർലമെൻററി ഡെമോക്രസിയിൽ ഭരണം മാറും, ഭരണകക്ഷി പ്രതിപക്ഷമാകും പ്രതിപക്ഷം ഭരണകക്ഷിയുമാകും, അധികാരത്തിൽ കയറിയാൽ ഉടൻ ജീവിതകാലം മുഴുവൻ പതിച്ചു കിട്ടിയിരിക്കുന്ന അധികാരമാണ് എന്ന രീതിയിൽ പെരുമാറാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ പ്രതികാര രാഷ്ട്രീയത്തിന്റെ പാതയിലേക്ക് പോകുന്നില്ല. ഞങ്ങൾക്ക് ഒരു കാര്യം ബോദ്ധ്യമുണ്ട്. ഞങ്ങളുടെ കഴിവിന് അതീതമായിട്ടുള്ള ഒരു പ്രതിസന്ധിയിൽ കേരളം എത്തിയിരിക്കുകയാണ്. നാമെല്ലാം ഒരുമിച്ചു നിന്നാൽ പോലും, ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ പ്രവർത്തകർ, മററ് സംഘടനകൾ, വ്യക്തികൾ ഇങ്ങനെ കേരളമൊട്ടാകെയുള്ളവർ ഒരുമിച്ചുനിന്നാൽ പോലും ഈ പ്രതിസന്ധി പരിഹരിക്കണമെങ്കിൽ ഇവിടെ ചില സുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ കുറച്ചു നാളത്തേക്ക് കയ്പുകഷായം കുടിക്കണം. എന്നാൽ മാത്രമേ നമുക്ക് ഉണ്ടായ രോഗത്തിന് പരിഹാരമുണ്ടാക്കാൻ കഴിയൂ, അല്ലാതെ സാദ്ധ്യമല്ല എന്ന യാഥാർത്ഥ്യ

LIBRARY ARCHIVES Kerala Legislative Assembly

ബോധം നമുക്കുണ്ട്. നമുക്കൊരുമിച്ച് ഈ പ്രതിസന്ധിയിൽനിന്ന് കരകയറണം. കേരളത്തിലെ പകുതി ലോക്കൽ ബോഡീസ് നിങ്ങളുടെ കയ്യിലാണ്. ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, പഞ്ചായത്തുകൾ ഇവയുടെ പകുതി നിങ്ങളുടെ കയ്യിലാണ്. അവർക്കും നാളെ മുന്നോട്ടു പോകണ്ടേ, അവരും പ്രതിസന്ധിയിലല്ലേ. ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാരുടെ യോഗം ഞാൻ വിളിച്ചുകൂട്ടി, ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്ററർ അതിൽ ഉണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാരുടെ വീടുകളിലൊക്കെ സത്യാഗ്രഹമാണെന്ന് അവർ പറയുന്നു, അതുപോലെ മുനിസിപ്പൽ ചെയർമാൻമാർ പറയുന്നു, വീടുകളിൽക്കിടന്ന് ഉറങ്ങാൻ നിവർത്തിയില്ലായെന്ന്, കൊതുകുകടി കൊണ്ടല്ല, കൊടുത്തു തീർക്കാനുള്ള വണ്ടിച്ചെക്കിൻെറ പ്രശ്നം, ശംബളത്തിൻെറ പ്രശ്നം, അതുപോലെ തന്നെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ അഡ്വാൻസ് അടച്ച് വീടിന് കാത്തിരിക്കുന്നവരുടെ പ്രശ്നം. ഇത്തരത്തിലുള്ള ആൾക്കാർ എല്ലാ ജില്ലകളിലും, എല്ലാ പഞ്ചായത്തുകളിലും ഉണ്ട്, പഞ്ചായത്ത് പ്രസിഡൻറുമാരും മുനുസിപ്പൽ ചെയർമാൻമാരും ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാരെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാപേർക്കും പ്രശ്നമാണ്, അതുകൊണ്ട് കേരളത്തിലെ മന്ത്രിമാർക്ക് മാത്രമുള്ള പ്രശ്നമല്ല, കേരളത്തിലൊട്ടാകെ ഈ പ്രതിസന്ധിയുടെ ആഴമുണ്ട്. നമ്മുടെ സംസ്ഥാനം ഗുരുതരമായ, ഭീകരമായ ഒരു പ്രതിസന്ധി നേരിടുകയാണ്. നമുക്ക് കുറെ നാളത്തേക്ക് പരസ്പരം അങ്ങോട്ടും ഇങ്ങോട്ടുമുള്ള സംഘട്ടനത്തിലേക്ക് പോകണ്ട. ഞങ്ങളുടെ ഗവൺമെൻറ് നിങ്ങൾക്ക് ലഭിക്കേണ്ട നീതി നൽകും, വിവേചനമുണ്ടാകില്ല. നമുക്ക് ഈ പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനുവേണ്ടി ഒരുമിച്ച് നിൽക്കാം. ക്രിയാത്മകമായി നിങ്ങൾ സഹകരിക്കണം, നിങ്ങൾക്ക് അറിയാമല്ലോ—കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് പ്രതിപക്ഷം ദുർബലമായിരുന്നുവെന്ന് നിങ്ങൾ തന്നെയല്ലേ ഞങ്ങളുടെ മുഖത്തുനോക്കി എത്രയോ പ്രാവശ്യം പറഞ്ഞത്. എന്താ, ദുർബലമാണെന്ന് നിങ്ങൾ പറയാൻ കാരണം? നിങ്ങൾ അധികാരത്തിൽ വന്നിട്ട് ബഹുമാനപ്പെട്ട നായനാരേയും കൂട്ടരേയും ഞങ്ങൾ സ്വതന്ത്രമായി സഞ്ചരിക്കാൻ അനുവദിച്ചിരുന്നു. വഴി തടഞ്ഞിരുന്നില്ല, കുഴപ്പമൊന്നും ഉണ്ടാക്കിയിരുന്നില്ല. അത് ഞങ്ങളുടെ ദൗർബല്യമായിട്ടല്ലേ നിങ്ങൾ പറഞ്ഞത്? ഞങ്ങളുടെ ദൗർബല്യം ആയിരുന്നില്ല, ഞങ്ങളുടെ വിവേകപൂർവ്വമായ നിലപാടായിരുന്നു. ആ വിവേകപൂർവ്വമായ നിലപാട് കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിരിക്കുന്നു. നിങ്ങൾ അല്പം ക്ഷമ കാണിക്കൂ. തുടക്കത്തിലേ അസഹിഷ്ണുത വേണ്ട. കുറച്ചു നാൾ കഴിയട്ടെ. ഞങ്ങൾ വർഷങ്ങൾ ക്ഷമിച്ചു. നിങ്ങൾ ഒരു ആറു മാസമെങ്കിലും ക്ഷമിക്കൂ. ആറു മാസമെങ്കിലും ഞങ്ങൾക്ക് സമയം തരൂ. അഞ്ചു വർഷവും ഞങ്ങൾ ഭരിക്കും. പക്ഷേ കുറച്ചുനാൾ, അസഹിഷ്ണുത വെടിഞ്ഞ്, രാഷ്ട്രീയത്തിൻെറ പാത മറന്ന് ക്രിയാത്മകമായി സഹകരിക്കുക. കേരളം നേരിടുന്ന ഇന്നത്തെ വെല്ലുവിളികൾ നേരിടാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. സഹകരണത്തിൻെറ പാതകൾ കണ്ടെത്താൻ നമുക്ക് ശ്രമിക്കാം. അതുകൊണ്ട് പരസ്പരം ഏററുമുട്ടലിൻെറ മാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നതിനു പകരം പരസ്പരം കുറുക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പകരം, രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, ഈ സംസ്ഥാനം അഭിമുഖീകരിക്കുന്ന ദുരന്തത്തിൽ നിന്നും യുദ്ധകാലാടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ കരകയററുന്നതിനുവേണ്ടി ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഒരു കത്തിന്റെ കാര്യം പറഞ്ഞല്ലോ, ഊമക്കത്തു വച്ചുകൊണ്ട് കേസ് എടുത്തു എന്ന്. ഞാൻ ചോദിക്കട്ടെ, പാമോയിൽ കേസിനെ സംബന്ധിച്ച് അന്നു ഞാൻ ഓപ്പോസിഷൻ ലീഡർ ആയിരുന്നപ്പോൾ അന്വേഷിക്കാൻ ആവശ്യപ്പെട്ടപ്പോൾ ശ്രീ. കരുണാകരനോ നിങ്ങളോ അനുവദിച്ചില്ല. അതുപോലെതന്നെ പഴയ ചീഫ് സെക്രട്ടറി ശ്രീ. രാമചന്ദ്രൻ നായർ ഫയൽ പൂഴ്ത്തിയതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്നുപറഞ്ഞു, നിങ്ങൾ അന്വേഷിച്ചില്ല. ഇതെല്ലാം വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ചെയ്തില്ല. ഗവൺമെന്റ് വന്നപ്പോൾ അന്വേഷണം നടത്തി. ഏതാണ് ഈ ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്തതെന്ന് എനിക്ക് ഒന്ന് മനസ്സിലാക്കിത്തന്നാൽ നല്ലത്.

ശ്രീ. എ. കെ. ആന്റണി: സർ, ഊമക്കത്തിന്റെ അടിസ്ഥാനത്തിലുള്ള കേസുകളും എടുത്തിട്ടുണ്ട്.... .. ബഹളം ... ബഹളം ...

മി. സ്പീക്കർ: ഓർഡർ, ഓർഡർ

..... (ബഹളം) ...

ശ്രീ. എ. കെ ആന്റണി: സർ, ഏതായാലും, നിങ്ങളിൽ ചിലർക്കുള്ള സമീപനമല്ല എനിക്കുള്ളത്. ഏററുമുട്ടൽ, രാഷ്ട്രീയം കഴിയുന്നത്ര ഒഴിവാക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നമുക്ക് ഈ കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി തൽക്കാലത്തേക്ക് സംഘട്ടനത്തിന്റെയും സംഘർഷത്തിന്റെയും രാഷ്ട്രീയം മാററിവച്ചുകൊണ്ട്, ഈ പ്രതിസന്ധിയിൽനിന്നും കരകയറാൻ ശ്രമിക്കാം. ജനങ്ങളുടെ ദുരിതങ്ങൾ ലഘൂകരിക്കാൻ ശ്രമിക്കാം. അതിന് ക്രിയാത്മകമായി പ്രതിപക്ഷവും ഞങ്ങളോട് സഹകരിക്കണം. നിങ്ങൾക്ക് ലഭിക്കേണ്ട അർഹമായ നീതി നൽകുവാൻ ഈ ഗവൺമെന്റ് ശ്രമിക്കും. ഈ നന്ദിപ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. കുമാരൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ്ചെയ്യുന്നുണ്ടോ?

ശ്രീ. എം. കുമാരൻ: പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......
പ്രതികൂലിക്കുന്നവർ .. ...
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. എസ്. സുപാൽ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........
പ്രതികൂലിക്കുന്നവർ . . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. രാജൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. രാജൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ......
പ്രതികൂലിക്കുന്നവർ . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .......
പ്രതികൂലിക്കുന്നവർ ..... .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .......
പ്രതികൂലിക്കുന്നവർ .. ..
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.... ...
പ്രതികൂലിക്കുന്നവർ .– ...
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: പ്രസ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . . . .
പ്രതികൂലിക്കുന്നവർ . . . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പിരപ്പൻകോട് മുരളി, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പിരപ്പൻകോട് മുരളി: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........
പ്രതികൂലിക്കുന്നവർ.......
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഗിരിജാ സുരേന്ദ്രൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......
പ്രതികൂലിക്കുന്നവർ ....
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാധാകൃഷ്ണൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......
പ്രതികൂലിക്കുന്നവർ.....
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ഡോ. തോമസ് ഐസക്, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. തോമസ് ഐസക്: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ......
പ്രതികൂലിക്കുന്നവർ.....
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. സതീശ് ചന്ദ്രൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: പ്രസ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . . .

പ്രതികൂലിക്കുന്നവർ . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . . . .

പ്രതികൂലിക്കുന്നവർ . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . .

പ്രതികൂലിക്കുന്നവർ . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . .

പ്രതികൂലിക്കുന്നവർ . . .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. കെ. ചന്ദ്രൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. ചന്ദ്രൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . . .

പ്രതികൂലിക്കുന്നവർ .
ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സാജു പോൾ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ: പ്രസ് ചെയ്യുന്നു.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . ..

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ... .

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. വി. കുഞ്ഞിരാമൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ.... ..

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . ..

പ്രതികൂലിക്കുന്നവർ........

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ ......

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.. ....

പ്രതികൂലിക്കുന്നവർ.. ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മത്തായി ചാക്കോ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.. ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. കെ. ബാലൻ, താങ്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ബാലൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.. ..

പ്രതികൂലിക്കുന്നവർ......

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കാമോ എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ......

ഡോ. കെ. സി. ജോസഫ്: Sir, I demand a poll.

ശ്രീ. സി. മമ്മൂട്ടി: സർ, വോട്ട് ചെയ്യുന്ന വിധം ഒന്നുകൂടി പറഞ്ഞു തരണം.

മി. സ്പീക്കർ: I will say, ഞാൻ സ്റ്റാർട്ട് പറഞ്ഞതിനുശേഷം മാത്രം ബട്ടൺ അമർത്തിയാൽ മതി. ഒരു മിനിട്ടിനുള്ളിൽ ബട്ടൻ അമർത്തിയാൽ മാത്രമേ വോട്ടിംഗ് യന്ത്രത്തിൽ വോട്ട് രേഖപ്പെടുത്തുകയുള്ളൂ. ഞാൻ സ്റ്റാർട്ട് പറഞ്ഞതിനുശേഷം ഒരു മിനിററിനകം തന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്തേണ്ടതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, അത് ഒന്നുകൂടി പറഞ്ഞുതരണം.

മി. സ്പീക്കർ: അത് ഇന്നലത്തെ സിററിംഗ് കഴിഞ്ഞശേഷം എല്ലാ പേർക്കും പറഞ്ഞുകൊടുത്തു. സാധാരണ രണ്ടു കൈയും കൊണ്ട് പ്രസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. അങ്ങനെയാണ് പാർലമെൻറിൽ, രണ്ടുകൈകൊണ്ടും ചെയ്യും. In fact this is a faulty machine. I don't know എന്തിനാണ് ഈ മെഷീൻ ഇവിടെ വരുത്തിയതെന്ന് എനിക്കറിയില്ല. വേണമെന്നുണ്ടെങ്കിൽ മിസ്ചീഫ് കാണിക്കുന്നവർക്ക് മിസ്ചീഫ് കാണിക്കാം. ബഹുമാനപ്പെട്ട മെമ്പറൻമാർ അതു കാണിക്കില്ല എന്നുള്ള വിശ്വാസം ഉണ്ട്. അല്ലെങ്കിൽ ഒരു മിനിട്ടിനകം ബട്ടൺ ഒന്നിലധികം തവണ പ്രസ് ചെയ്യും. അതാണ് ഈ യന്ത്രത്തിൻെറ തകരാറ്. ദയവു ചെയ്ത് അങ്ങനെയൊന്നും ചെയ്യരുത്. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. രണ്ടും വേണ്ട എന്നാണ് ഇന്നലെ ഇതിൻെറ ടെക്നീഷ്യൻസ് പറഞ്ഞു മനസ്സിലാക്കിച്ചത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി:) സർ, രണ്ടു കൈയും ഒരുമിച്ചു പ്രസ് ചെയ്യേണ്ടേ?

മി. സ്പീക്കർ: രണ്ടു കൈയും ഒരേ സമയത്ത് പ്രസ് ചെയ്യേണ്ട എന്ന് ഇവിടെ ടെക്നീഷ്യൻസ് പറഞ്ഞു മനസ്സിലാക്കിച്ചു. ഓർഡർ, ഓർഡർ ആദ്യം പ്രസൻറ് എന്നുള്ള ബട്ടൺ ഞെക്കണം. അങ്ങനെ വേണമെന്നില്ല, ഇതിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇൻഫർമേഷനും പാർലമെൻററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഇന്നലെ ഇവിടെ ഡെമോൺസ്ട്രേഷൻ നടത്തിയ സമയത്ത് പറഞ്ഞത് ആദ്യം പ്രസൻറ്, പിന്നെ അനുകൂലിക്കുന്നവർ Ayes-ഉം പ്രതികൂലിക്കുന്നവർ Noes-ഉം ബട്ടൺ ഞെക്കണമെന്നാണ്. അങ്ങനെ തന്നെ ചെയ്താൽ മതിയെന്ന് പറഞ്ഞാൽ മതി.

മി. സ്പീക്കർ: എന്നാൽ അങ്ങനെ തന്നെ. അതേ സമയത്ത് വോട്ട് ചെയ്യാതിരിക്കാമല്ലോ. പക്ഷേ വേണമെന്നില്ല. നമുക്ക് അതുപോലെ ചെയ്തു നോക്കാം. This being the first voting for this Assembly.... We will do it. There is no harm. എന്നോടും ഇതിൻെറ ടെക്നീഷ്യൻസ് ഇവിടെ പറഞ്ഞു തന്നത് ആദ്യം പ്രസൻറ് മാർക്ക് ചെയ്യണം എന്നാണ്. അതിനുശേഷം Noes or Ayes പാർലമെൻറിൽ രണ്ടും ഒന്നിച്ചാണ് പ്രസ് ചെയ്യുന്നത്. So that both the figures will be engaged. ഓർഡർ, ഓർഡർ, നമുക്ക് സ്റ്റാർട്ട് ചെയ്യാം. ഒരു മിനിട്ടാണുള്ളത്. സ്റ്റാർട്ട്.

(താഴെപ്പറയും പ്രകാരം അംഗങ്ങൾ വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—89

1. Shri Cherkalam Abdulla
2. ,, Kalathil Abdulla
3. ,, P. K. Abdu Rabb
4. ,, K. Achuthan
5. ,, C. T. Ahammed Ali
6. ,, A. P. Anilkumar
7. ,, A. K. Antony
8. ,, N. D. Appachan
9. ,, E. M. Augusthy
10. ,, K. Babu
11. ,, Babu Divakaran

LIBRARY ARCHIVES Kerala Legislative Assembly

12. Shri R. Balakrishna Pillai
13. „ P. K. K. Bava
14. „ T. V. Chandramohan
15. „ K. A. Chandran
16. „ M. A. Chandrasekharan
17. „ K. B. Ganeshkumar
18. „ M. P. Gangadharan
19. „ P. P. George
20. „ Prayar Gopalakrishnan
21. Smt. K. R. Gouri amma
22. Shri M. M. Hassan
23. „ V. K. Ibrahim Kunju
24. „ Ishaque Kurikkal
25. „ T. M. Jacob
26. „ K. C. Joseph
27. „ Joseph M. Puthusseri
28. „ P. J. Joy
29. „ Varkala Kahar
30. „ G. Karthikeyan
31. „ K. N. A. Khader
32. „ K. K. Nair
33. „ P. K. Kunhalikutty
34. Dr. M. A. Kuttappan
35. Shri K. Kutty Ahammed Kutty
36. „ Mammen Mathai
37. „ C. Mammootty
38. „ K. M. Mani
39. „ K. Mohammedali
40. „ E. T. Mohammed Basheer
41. „ K. Mohankumar
42. „ A. K. Moni
43. „ C. Moyinkutty
44. „ Aryadan Muhammed
45. „ C. P. Muhammed
46. „ M. K. Muneer
47. „ M. Murali
48. Prof. A. D. Musthafa
49. Shri K. Narayana Kurup
50. „ Ezhukone Narayanan
51. „ Oommen Chandi
52. „ M. K. Paulson Master
53. „ V. J. Poulose
54. „ Adoor Prakash
55. „ T. N. Prathapan
56. „ G. Prathapa Varma Thampan
57. „ Thiruvanchoor Radhakrishan
58. „ T. U. Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

59. Smt. Radha Raghavan
60. Shri M. V. Raghavan
61. ,, A. N. Rajan Babu
62. ,, K. K. Ramachandran Master
63. ,, U. C. Raman
64. ,, Thampanoor Ravi
65. ,, Roshi Augustine
66. ,, T. P. M. Sahir
67. ,, N. Sakthan Nadar
68. ,, P. Sankaran
69. Smt. Malethu Sarala Devi
70. Shri V. D. Satheesan
71. Prof. Savithri Lakshmanan
72. Shri K. K. Shaju
73. ,, Shibu Baby John
74. ,, Kadavoor Sivadasan
75. Smt. Sobhana George
76. Shri Nalakathu Soopy
77. ,, Stephen George
78. ,, K. Sudhakaran
79. ,, D. Sugathan
80. ,, A. Sujanapal
81. ,, N. Sundaran Nadar
82. ,, C. F. Thomas
83. Prof. K. V. Thomas
84. Shri P. T. Thomas
85. ,, Thomas Unniyadan
86. ,, Umesh Challiyil
87. ,, M. A. Vaheed
88. ,, K. C. Venugopal
89. ,, B. Vijayakumar

പ്രതികൂലിക്കുന്നവർ—35

1. Shri V. S. Achuthanandan
2. ,, A. A. Azeez
3. ,, Manjalamkuzhi Ali
4. ,, Kodiyeri Balakrishnan
5. ,, A. K. Balan
6. ,, V. K. Chandran
7. ,, V. Chenthamarakshan
8. ,, T. K. Devakumar
9. ,, P. C. George
10. Smt. Girija Surendran
11. Shri M. V. Govindan Master
12. ,, K. K. Jayachandran

LIBRARY ARCHIVES Kerala Legislative Assembly

13. Shri M. V. Jayarajan
14. ,, P. Jayarajan
15. Dr. K. C. Joseph
16. Shri M. Kumaran
17. ,, K. V. Kunhiraman
18. ,, Kovoor Kunjumon
19. ,, V. K. C. Mammathu Koya
20. ,, Mathai Chacko
21. ,, K. P. Mohanan
22. ,, Pirappancode Murali
23. ,, C. K. Nanu
24. Dr. A. Neelalohithadasan Nadar
25. Shri K. Radhakrishnan
26. ,, Mangode Radhakrishnan
27. ,, N. Rajan
28. ,, K. P. Rajendran
29. ,, T. P. Ramakrishnan
30. ,, Saju Paul
31. ,, K. P. Satheesh Chandran
32. ,, A. C. Shanmugha Das
33. Smt. P. K. Sreemathi Teacher
34. Shri P. S. Supal
35. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—89. പ്രതികൂലിക്കുന്നവർ—35.

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

നന്ദിപ്രമേയം സഭ പാസാക്കിയിരിക്കുന്നു.

സഭ ഇപ്പോാൾ പിരിയുന്നതും 2001 ജൂലായ് മാസം 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ജൂലായ് മാസം 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ ഉച്ചയ്ക്കുശേഷം 2.05-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

[5-7-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (286) ന്റെ (എ) ഉത്തരം ദയവായി കാണുക]

1996-ലെ ഗവൺമെന്റ് അധികാരമൊഴിയുമ്പോഴും ഉണ്ടായിരുന്ന കുടിശ്ശിക

| വർഷം | കരാറുകാരുടെ കുടിശ്ശിക | പെൻഷൻ കുടിശ്ശിക |
|---|---|---|
| 1996 | 325.96 കോടി രൂപ | 32.13 കോടി രൂപ |

## അനുബന്ധം II

[5-7-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (286) ന്റെ ഉത്തരം(ബി) ദയവായി കാണുക]

1996-ലെ ഗവൺമെന്റ് അധികാരമൊഴിയുമ്പോഴും ഉണ്ടായിരുന്ന കുടിശ്ശികയുടെ വിവരം

| വർഷം | കർഷകത്തൊഴിലാളി പെൻഷൻ | കരാറുകാരുടെ കുടിശ്ശിക | മററു പെൻഷൻ കുടിശ്ശിക |
|---|---|---|---|
| 1996 | 27. 60 കോടി രൂപ | 325. 96 കോടി രൂപ | 4,53,15,040 രൂപ |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



## അനുബന്ധം III

5-7-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14 (293)-ന്റെ (എ) ഉത്തരം ദയവായി കാണുക

ജില്ല തിരിച്ചുള്ള വിൽപ്പന നികുതി കുടിശ്ശികയുടെ കണക്ക്

| District | 1995-96 | 1996-97 | 1997-98 | 1998-99 | 1999-2000 | 2000-01 |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| Thiruvananthapuram | 3946.77 | 5183.21 | 9814.27 | 8978.36 | 9550.00 | 10685.08 |
| Kollam | 6913.17 | 10877.98 | 11124.90 | 14561.35 | 26645.59 | 26552.12 |
| Pathanamthitta | 1370.90 | 1535.05 | 1596.64 | 1744.91 | 1762.69 | 2039.50 |
| Alappuzha | 2251.92 | 2399.28 | 2472.69 | 3388.50 | 1319.45 | 4979 42 |
| Kottayam | 2644.42 | 3414.48 | 13660.29 | 4451.20 | 5253.54 | 4881.40 |
| Idukki | 839.78 | 1171.28 | 1283.33 | 1326.72 | 1745.97 | 1569.99 |
| Ernakulam | 6090.11 | 14497.85 | 21131.39 | 28337.00 | 33741.44 | 36274.09 |
| Mattancherry | 7382.43 | 9511.58 | 11031.79 | 12633.47 | 12795.99 | 13460.08 |
| Thrissur | 2084.08 | 3089.77 | 6914.17 | 9504.70 | 8631.37 | 9385.16 |
| Palakkad | 2553.80 | 3855.05 | 4528.82 | 6633.67 | 7832.27 | 7315.87 |
| Malappuram | 1011.94 | 1607.52 | 1751.47 | 1867.09 | 2066.22 | 2202.34 |
| Kozhikode | 3600.67 | 4707.34 | 11938.91 | 12135.24 | 12620.13 | 12274.36 |
| Wayanad | 310.16 | 1095.10 | 1510.43 | 1373.43 | 1498.69 | 826.23 |
| Kannur | 2082.18 | 1722.05 | 2469.81 | 3128.99 | 2927.03 | 2851.28 |
| Kasaragod | 236.34 | 567.19 | 770.04 | 616.70 | 673.98 | 1130.22 |
| Total | 43318.67 | 64934.08 | 102000.97 | 110683.33 | 131244.36 | 136427.18 |
| (കോടി) | 433.18 | 649.34 | 1020.00 | 1106.83 | 1312.44 | 1364.27 |

LIBRARY ARCHIVES Kerala Legislative Assembly



അനുബന്ധം IV

5-7-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14(293)-ന്റെ (ബി) ഉത്തരം ദയവായി കാണുക

**Statement Showing the Sale tax Collection for the period from 1996-2001** (District-wise)

(Rupees in Lakhs)

| District | Collection 1995-96 As on 31-3-1996 | Collection 1996-97 As on 31-3-1997 | Collection 1997-98 As on 31-3-1998 | Collection 1998-99 As on 31-3-1999 | Collection 1999-2000 As on 31-3-2000 | Collection 2000-2001 As on 31-3-2001 |
|---|---|---|---|---|---|---|
| Thiruvananthapuram | 39196.45 | 49645.54 | 62614.11 | 70778.28 | 49139.84 | 88069.64 |
| Kollam | 3791.13 | 8379.96 | 10359.70 | 11506.14 | 7407.43 | 12118.42 |
| Pathanamthitta | 905.48 | 1357.16 | 1532.24 | 1656.45 | 1325.70 | 1940.08 |
| Alappuzha | 2303.60 | 3425.36 | 4043.24 | 4651.69 | 3217.63 | 5065.07 |
| Kottayam | 8434.90 | 12363.37 | 10639.65 | 10600.24 | 7469.20 | 11638.70 |
| Idukki | 1135.37 | 1440.18 | 1538.46 | 1958.73 | 1390.57 | 2801.65 |
| Ernakulam | 96316.99 | 130647.04 | 150140.48 | 160370.16 | 138522.82 | 225402.52 |
| Mattancherry | 17135.00 | 23788.38 | 22614.00 | 25192.00 | 1521.41 | 27092.55 |
| Thrissur | 6881.41 | 9912.76 | 10136.94 | 11091.10 | 2255.34 | 12656.50 |
| Palakkad | 6662.78 | 9055.20 | 9956.44 | 12426.71 | 9828.42 | 15618.99 |
| Malappuram | 2123.59 | 2947.97 | 3349.57 | 3409.21 | 2756.35 | 4792.15 |
| Kozhikode | 8796.00 | 12023.05 | 12783.23 | 13519.53 | 11249.89 | 17276.61 |
| Wayanad | 595.22 | 1209.69 | 1011.25 | 1047.30 | 757.97 | 1466.58 |
| Kannur | 5847.80 | 7909.37 | 8122.00 | 8165.38 | 6491.03 | 8654.09 |
| Kasaragad | 980.93 | 1350.02 | 1467.57 | 1713.01 | 1293.14 | 2003.36 |
| Total | 203104.65 | 275455.39 | 310338.98 | 338406.33 | 244826.74 | 436596.91 |

അനുബന്ധം V

5-7-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 19(298)-ന്റെ ഉത്തരം (എ) ദയവായി കാണുക

**Details of Ways & Means Advance and Over Drafts for the period from 1990-91 to 2000-2001**

*As per Finance Accounts*

(Rs. in Crores)

| Year | WMA | | OD | |
|---|---|---|---|---|
| | No. of days | Amount Rs. | No. of days | Amount Rs. |
| 1990-91 | 195 | 553.60 | 117 | 595.71 |
| 1991-92 | 157 | 473.54 | 195 | 1136.61 |
| 1992-93 | 167 | 520.58 | 166 | 1332.33 |
| 1993-94 | 108 | 465.68 | 53 | 402.91 |
| 1994-95 | 28 | 128.52 | 1 | 3.30 |
| 1995-96 | Nil | Nil | Nil | Nil |
| 1996-97 | 5 | 108.16 | 2 | 4.46 |
| 1997-98 | 41 | 273.41 | Nil | Nil |
| 1998-99 | 174 | 1634.01 | 33 | 626.71 |
| 1999-2000 | 204 | 2540.39 | 85 | 1344.12 |
| 2000-01* | 76 | 1941.03 | 212 | 3799.00 |

*Figures taken are provisional final accounts from Accountant General has not been received.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

5-7-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 332-ന്റെ ഉത്തരം ദയവായി കാണുക.

| Sl. No. | Name of Grama Panchayat |
|---|---|
| (1) | (2) |
| **THIRUVANANTHAPURAM DISTRICT** | |
| 1 | Kallara |
| 2 | Karakulam |
| 3 | Nemom |
| 4 | Kadakampally |
| 5 | Vembayam |
| 6 | Malayinkeezhu |
| 7 | Vattiyoorkavu |
| 8 | Nellanadu |
| 9 | Poovachal |
| 10 | Elakamon |
| 11 | Aruvikkara |
| 12 | Vilavoorkal |
| 13 | Pothencode |
| 14 | Uzhamalakkal |
| 15 | Perumbazhuthoor |
| 16 | Aryankode |
| 17 | Ampoori |
| 18 | Pazhayakunnummel |
| 19 | Thiruvallam |
| 20 | Kanjiramkulam |
| 21 | Kazhakuttam |
| 22 | Karode |
| 23 | Mudakkal |
| 24 | Vizhinjam |
| 25 | Ulloor |
| 26 | Azhoor |
| 27 | Vettoor |
| 28 | Maranalloor |
| 29 | Manampoor |
| 30 | Tholicode |
| 31 | Kilimanoor |
| 32 | Perumkadavila |
| 33 | Chenkal |
| 34 | Anad |
| 35 | Chirayinkeezhu |
| 36 | Aryanad |
| 37 | Karavaram |
| 38 | Pallichal |
| 39 | Manickal |
| 40 | Vembayam |
| 41 | Cherunniyoor |
| 42 | Pullampara |
| 43 | Edava |
| 44 | Venganoor |
| 45 | Attipra |
| 46 | Andoorkonam |
| 47 | Vilappil |
| 48 | Kunnathukal |
| 49 | Pangode |
| 50 | Nagaroor |
| 51 | Kottukal |
| 52 | Peringammala |
| 53 | Karumkulam |
| 54 | Pulimath |
| 55 | Vithura |
| 56 | Athiyannur |
| 57 | Vakkom |
| 58 | Kudappanakunnu |
| 59 | Kizhuvilam |
| 60 | Navaikulam |
| 61 | Kuttichal |
| 62 | Kallikkad |
| 63 | Chemmaruthy |
| 64 | Thirupuram |
| 65 | Kalliyoor |
| 66 | Madavoor |
| 67 | Pallichal |
| 68 | Panavoor |
| 69 | Balaramapuram |
| 70 | Parassala |
| **KOLLAM DISTRICT** | |
| 71 | Aryankavu |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 72 | Poothakulam |
| 73 | Kulakkada |
| 74 | Anchal |
| 75 | Velīyam |
| 76 | Karavalloor |
| 77 | Kareepra |
| 78 | Neduvathoor |
| 79 | Pattazhi-Vadakkekkara |
| 80 | Karunagappally |
| 81 | Alayamon |
| 82 | Eravipuram |
| 83 | Neendakara |
| 84 | Klappana |
| 85 | Panmana |
| 86 | Kottamkara |
| 87 | Vilakudi |
| 88 | Chavara |
| 89 | Nilamel |
| 90 | Thevalakkara |
| 91 | Mynagappally |
| 92 | Chathannoor |
| 93 | Kunnathoor |
| 94 | Ummannoor |
| 95 | Eroor |
| 96 | Kulathupuzha |
| 97 | Pooyappally |
| 98 | Thalavoor |
| 99 | Velinalloor |
| 100 | Sooranad North |
| 101 | Piravanthoor |
| 102 | Oachira |
| 103 | Kottarakkara |
| 104 | Vettikkavala |
| 105 | Perinadu |
| 106 | Kulasekharapuram |
| 107 | Thenmala |
| 108 | Vadakkevila |
| 109 | Ezhukone |
| 110 | Kilikolloor |
| 111 | Thazhava |
| 112 | Alappad |
| 113 | Sasthamcotta |
| 114 | Mayyanad |
| 115 | Thodiyoor |
| 116 | Sakthikulangara |
| 117 | Elamadu |
| 118 | Kundara |
| 119 | Thekkumbhagam |
| 120 | Thrikkovilvattom |
| 121 | Edamalackal |
| 122 | Adichanalloor |
| 123 | Thrikkaruva |
| 124 | East Kallada |
| 125 | Thrikkadavoor |
| 126 | Mylom |
| 127 | Pavithreswaram |
| 128 | Perayam |
| 129 | Nedumpana |
| 130 | Padinjarekkallada |
| 131 | Montrothuruthu |
| 132 | Kadakkal |
| 133 | Pattazhy |
| 134 | Chithara |

PATHANAMTHITTA DISTRICT

| (1) | (2) |
|---|---|
| 135 | Kodumon |
| 136 | Kozhencherry |
| 137 | Thottapuzhassery |
| 138 | Chittar |
| 139 | Pandalam |
| 140 | Cherukol |
| 141 | Vadasserikkara |
| 142 | Chenneerkara |
| 143 | Malayolapuzha |
| 144 | Erathu |
| 145 | Eraviperoor |
| 146 | Kunnamthanam |
| 147 | Pallikkal |
| 148 | Konni |
| 149 | Aranmula |
| 150 | Ezhumattoor |
| 151 | Thumpamon |
| 152 | Kaviyoor |
| 153 | Mallappally |
| 154 | Ranni Angadi |
| 155 | Koipuram |
| 156 | Seethathode |
| 157 | Thannithode |
| 158 | Kulanada |



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 159 | Enadimangalam |
| 160 | Ezhamkulam |
| 161 | Pramadam |
| 162 | Peringara |
| 163 | Mezhuveli |
| 164 | Kuttoor |
| 165 | Kadampanad |
| 166 | Pandalam-Thekkekkara |
| 167 | Kottanad |
| 168 | Ranni |
| 169 | Puramattom |
| 170 | Kallooppara |

### Alappuzha District

| | |
|---|---|
| 171 | Arattupuzha |
| 172 | Ambalappuzha |
| 173 | Muhamma |
| 174 | Vayalar |
| 175 | Kuthiyathode |
| 176 | Kadamthuruthu |
| 177 | Chennamppally |
| 178 | Mararikulam North |
| 179 | Perumbalam |
| 180 | Cherthala South |
| 181 | Cheppad |
| 182 | Punnapra |
| 183 | Mannancherry |
| 184 | Chingoli |
| 185 | Kumarapuram |
| 186 | Arukutty |
| 187 | Pathiyoor |
| 188 | Karuvatta |
| 189 | Chettikulangara |
| 190 | Mararikulam South |
| 191 | Palamel |
| 192 | Karthikappally |
| 193 | Bharanicavu |
| 194 | Veeyapuram |
| 195 | Aroor |
| 196 | Chennithala-Thripperumthura |
| 197 | Champakulam |
| 198 | Pallippadu |
| 199 | Nedumudi |

| (1) | (2) |
|---|---|
| 200 | Nooranad |
| 201 | Ezhupunna |
| 202 | Devikulangara |
| 203 | Thiruvanvandoor |
| 204 | Aryad |
| 205 | Muttar |
| 206 | Mulakuzha |
| 207 | Thanneermukkom |
| 208 | Krishnapuram |
| 209 | Panavally |
| 210 | Veliyanadu |
| 211 | Mavelikkara-Thekkekkara |

### Kottayam District

| | |
|---|---|
| 212 | Kallara |
| 213 | Pallikkathode |
| 214 | Pampady |
| 215 | Akalakunnam |
| 216 | Kumaranalloor |
| 217 | Nattakam |
| 218 | Erumeli |
| 219 | Neendoor |
| 220 | Karukachal |
| 221 | Thiruvarppu |
| 222 | Ramapuram |
| 223 | Kaduthuruthy |
| 224 | Kanjirappally |
| 225 | Puthuppally |
| 226 | Velloor |
| 227 | Thalappalam |
| 228 | Chirakkadavu |
| 229 | Vazhoor |
| 230 | Thalayolaparamba |
| 231 | Munnilavu |
| 232 | Madappally |
| 233 | Nedumkunnam |
| 234 | Vazhappally |
| 235 | Kuruchi |
| 236 | Uzhavoor |
| 237 | Athirampuzha |
| 238 | Meenadam |
| 239 | Njeezhoor |
| 240 | Kumarakam |
| 241 | Vakathanam |

| (1) | (2) |
|---|---|
| 242 | Aymanam |
| 243 | Manjoor |
| 244 | Ettumanoor |
| 245 | Paippadu |
| 246 | Ayarkunnam |
| 247 | Vijayapuram |
| 248 | Mulakulam |
| 249 | Kozhuvanal |
| 250 | Elikulam |
| 251 | Veliyannur |
| 252 | Panachikkadu |
| 253 | Kadaplamattom |
| 254 | Kadanadu |
| 255 | Kooroppada |
| 256 | Maravanthuruthu |
| 257 | Erattupettah |
| 258 | Kanakkari |
| 259 | Vechoor |
| 260 | T. V. Puram |

IDUKKY DISTRICT

| (1) | (2) |
|---|---|
| 261 | Chakkupallam |
| 262 | Kanjikuzhi |
| 263 | Kamakshi |
| 264 | Karunapuram |
| 265 | Kumaramangalam |
| 266 | Kumily |
| 267 | Munnar |
| 268 | Muttom |
| 269 | Nedumkandam |
| 270 | Pampadumpara |
| 271 | Peruvanthanam |
| 272 | Rajakkad |
| 273 | Rajakumari |
| 274 | Senapathy |
| 275 | Upputhara |
| 276 | Vazhathope |
| 277 | Vandanmettu |
| 278 | Udumbanchola |
| 279 | Adimali |
| 280 | Arakkulam |
| 281 | Ayyappankovil |
| 282 | Chinnakkanal |
| 283 | Elappara |
| 284 | Karimannoor |
| 285 | Karimkunnam |
| 286 | Kattappana |
| 287 | Kodikulam |
| 288 | Kokkayar |
| 289 | Konnathady |
| 290 | Kudayathoor |
| 291 | Kuttampuzha |
| 292 | Menacaud |
| 293 | Peermade |
| 294 | Purapuzha |
| 295 | Vandiperiyar |
| 296 | Vannappuram |
| 297 | Vathikudy |
| 298 | Vellathooval |
| 299 | Santhampara |
| 300 | Velliyamattom |
| 301 | Pallivasal |
| 302 | Vattavada |

ERNAKULAM DISTRICT

| (1) | (2) |
|---|---|
| 303 | Parakkadavu |
| 304 | Malayattoor-Neeleswaram |
| 305 | Mulamthuruthy |
| 306 | Njarakkal |
| 307 | Vadavucode-Puthencruz |
| 308 | Keezhumadu |
| 309 | Mulavukad |
| 310 | Vazhakulam |
| 311 | Nedumbassery |
| 312 | Karukutty |
| 313 | Ayyampuzha |
| 314 | Chengamanad |
| 315 | Sreemoolanagaram |
| 316 | Kanjoor |
| 317 | Thuravoor |
| 318 | Edathala |
| 319 | Kalady |
| 320 | Vengola |
| 321 | Koothattukulam |
| 322 | Kuzhippilly |
| 323 | Ezhikara |
| 324 | Elanji |
| 325 | Vadakkekara |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 326 | Varappuzha |
| 327 | Karumalloor |
| 328 | Kottuvally |
| 329 | Marady |
| 330 | Alangad |
| 331 | Nayarambalam |
| 332 | Mazhuvannoor |
| 333 | Chottanikara |
| 334 | Edavanakkad |
| 335 | Kunnathunad |
| 336 | Kadamakudy |
| 337 | Udayamperoor |
| 338 | Kizhakkambalam |
| 339 | Elamkunnapuzha |
| 340 | Mookkanoor |
| 341 | Choornikkara |
| 342 | Chendamangalam |
| 343 | Vengoor |
| 344 | Aikaranadu |
| 345 | Cheranalloor |
| 346 | Pallippuram |
| 347 | Kadungalloor |
| 348 | Puthrikka |
| 349 | Maradu |
| 350 | Chellanam |
| 351 | Paipra |
| 352 | Ramamangalam |
| 353 | Manjapra |
| 354 | Thrikkakkara |
| 355 | Koovappady |
| 356 | Kunnamkara |
| 357 | Kavalangad |
| 358 | Thiruvankulam |
| 359 | Thiruvaniyoor |
| 360 | Mudakuzha |
| 361 | Manjalloor |
| 362 | Maneed |
| 363 | Arakuzha |
| 364 | Rayamangalam |
| 365 | Paingottoor |
| 366 | Kumbalanghi |
| 367 | Kalloorkad |
| 368 | Thirumarady |

| (1) | (2) |
|---|---|
| **Thrissur District** | |
| 369 | Kadavalloor |
| 370 | Poomangalam |
| 371 | Kadukutty |
| 372 | Tholoor |
| 373 | Choondal |
| 374 | Alagappanagar |
| 375 | Koorkancherry |
| 376 | Chazhoor |
| 377 | Varavoor |
| 378 | Ollur |
| 379 | Sreenarayanapuram |
| 380 | Athirappilly |
| 381 | Manaloor |
| 382 | Aloor |
| 383 | Thanniam |
| 384 | Annamanada |
| 385 | Meloor |
| 386 | Mathilakam |
| 387 | Desamangalam |
| 388 | Kodakara |
| 389 | Veloom |
| 390 | Koratty |
| 391 | Orumanayur |
| 392 | Mala |
| 393 | Panjal |
| 394 | Ayyanthole |
| 395 | Mullassery |
| 396 | Mundathicode |
| **Palakkad District** | |
| 397 | Erimayur |
| 398 | Kavassery |
| 399 | Ayilur |
| 400 | Ananganadi |
| 401 | Akathethara |
| 402 | Anakkara |
| 403 | Alanallur |
| 404 | Cherplassery |
| 405 | Kottayi |
| 406 | Koppam |

| (1) | (2) |
|---|---|
| 407 | Mathur |
| 408 | Peruvemba |
| 409 | Pallassana |
| 410 | Thiruvegappura |
| 411 | Vaniyamkulam |
| 412 | Chalavara |
| 413 | Chalissery |
| 414 | Coyalmannam |
| 415 | Elappully |
| 416 | Elavancherry |
| 417 | Eruthempathy |
| 418 | Kizhakkencherry |
| 419 | Keralassery |
| 420 | Kollengode |
| 421 | Kangad |
| 422 | Kannambra |
| 423 | Kulukkallur |
| 424 | Kodumba |
| 425 | Kadampazhipuram |
| 426 | Kozhinjampara |
| 427 | Melarcode |
| 428 | Muthalamada |
| 429 | Mundur |
| 430 | Malampuzha |
| 431 | Nenmara |
| 432 | Nelleppilly |
| 433 | Nagalassery |
| 434 | Nelliampathy |
| 435 | Parali |
| 436 | Puduppariyaram |
| 437 | Polpully |
| 438 | Puthucode |
| 439 | Pudunagaram |
| 440 | Pattithara |
| 441 | Perumatty |
| 442 | Pattancherry |
| 443 | Sholayar |
| 444 | Thenkurussy |
| 445 | Thachanattukara |
| 446 | Thrithala |
| 447 | Vandazhy |
| 448 | Vadakkancherry |
| 449 | Vadakarapathy |
| 450 | Tharur |
| 451 | Thirumittacode |

| (1) | (2) |
|---|---|
| 452 | Alathur |
| 453 | Agali |
| 454 | Peringottukurussi |
| 455 | Kannadi |
| | **Malappuram District** |
| 456 | Anakkayam |
| 457 | Athavanad |
| 458 | Edappal |
| 459 | Keezhattoor |
| 460 | Kuttilangadi |
| 461 | Kondotty |
| 462 | Mankada |
| 463 | Nannampra |
| 464 | Ponmala |
| 465 | Perumpadappu |
| 466 | Pookkottoor |
| 467 | Thanaloor |
| 468 | Thanoor |
| 469 | Veliyamcode |
| 470 | Vengara |
| 471 | Angadippuram |
| 472 | Melattoor |
| 473 | Amarambalam |
| 474 | Mambad |
| 475 | Irimbiliyam |
| 476 | Oorgattiri |
| 477 | Edappatta |
| 478 | Edayoor |
| 479 | Edarikode |
| 480 | Edavann |
| 481 | Ozhur |
| 482 | Kalpakancherry |
| 483 | Kodoor |
| 484 | Kottakkal |
| 485 | Kuzhimanna |
| 486 | Chelampra |
| 487 | Cherukara |
| 488 | Thalanadu |
| 489 | Thazhacode |
| 490 | Thiruvali |
| 491 | Nannamukku |
| 492 | Parappoor |
| 493 | Pandikkad |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 494 | Ponmundam |
| 495 | Puzhakkattiri |
| 496 | Pulickal |
| 497 | Poroor |
| 498 | Munniyuoor |
| 499 | Morayur |
| 500 | Vazhakkad |
| 501 | Wandoor |
| 502 | Karulai |
| 503 | Moorkanad |
| 504 | Cheekode |
| 505 | Keezhuparamba |
| 506 | Valavannoor |

KOZHIKODE DISTRICT

| (1) | (2) |
|---|---|
| 507 | Thuneri |
| 508 | Cheruvannur-Nallalam |
| 509 | Koothali |
| 510 | Thalakkulathoor |
| 511 | Kunnamangalam |
| 512 | Kodiyathoor |
| 513 | Thurayoor |
| 514 | Azhiyoor |
| 515 | Cheruvannoor |
| 516 | Kavilumpara |
| 517 | Koorachundu |
| 518 | Balusseri |
| 519 | Elathoor |
| 520 | Ramanattukara |
| 521 | Kadalundi |
| 522 | Ayyancherry |
| 523 | Chorode |
| 524 | Onchiyam |
| 525 | Keezhariyuoor |
| 526 | Thiruvalloor |
| 527 | Arikkulam |
| 528 | Chengottukavu |
| 529 | Chemmancherry |
| 530 | Changarothu |
| 531 | Puthuppadi |
| 532 | Beppur |
| 533 | Kottoor |
| 534 | Perambra |
| 535 | Koduvally |
| 536 | Kodancherry |
| 537 | Naduvannoor |
| 538 | Olavanna |
| 539 | Nochadu |
| 540 | Eramala |
| 541 | Chakkittappara |
| 542 | Chelannoor |
| 543 | Mukkom |
| 544 | Valayam |
| 545 | Naripetta |
| 546 | Ulliyeri |
| 547 | Panangad |
| 548 | Thiruvampady |
| 549 | Unnikkulam |
| 550 | Atholy |
| 551 | Thamarassery |
| 552 | Vanimal |
| 553 | Nanminda |
| 554 | Thikkodi |
| 555 | Chekkiyadu |
| 556 | Mavoor |
| 557 | Kakkodi |
| 558 | Maniyoor |
| 559 | Payyoli |
| 560 | Velam |
| 561 | Edacherry |
| 562 | Karuvattoor |
| 563 | Chathamangalam |
| 564 | Kizhakkothu |
| 565 | Omassery |
| 566 | Kakkoor |
| 567 | Kuttiyadi |
| 568 | Purameri |

WAYANAD DISTRICT

| (1) | (2) |
|---|---|
| 569 | Thavinjal |
| 570 | Meenangadi |
| 571 | S. Battery |
| 572 | Kottathara |
| 573 | Ambalavayal |
| 574 | Poothady |
| 575 | Mananthavady |
| 576 | Noolpuzha |
| 577 | Thirunelly |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 578 | Panamaram |
| 579 | Vellamunda |
| 580 | Thondernad |
| 581 | Meppady |
| 582 | Nenmeni |
| 583 | Pulpally |
| 584 | Pozhuthana |
| 585 | Mullankolly |
| 586 | Muttil |
| 587 | Padinjarethara |
| 588 | Edavaka |

KANNUR DISTRICT

| (1) | (2) |
|---|---|
| 589 | Azhikode |
| 590 | Kottayam |
| 591 | Maloor |
| 592 | Peravoor |
| 593 | Kadannappally-Panapuzha |
| 594 | Pattiyam |
| 595 | Ramanthaly |
| 596 | Chelora |
| 597 | Kunnothuparamba |
| 598 | Ezhome |
| 599 | Edakkadu |
| 600 | Chembilode |
| 601 | Cheruthazham |
| 602 | Dharmadam |
| 603 | Madayi |
| 604 | Chittariparamba |
| 605 | Peringome-Vayakkara |
| 606 | Eremamkuttoor |
| 607 | Malappattom |
| 608 | Pappinissery |
| 609 | Kalliasseri |
| 610 | Vengadu |
| 611 | Muzhappilangadu |
| 612 | Mattool |
| 613 | Karivelloor-Peralam |
| 614 | Kangol-Alappadamba |
| 615 | Kadamboor |
| 616 | Chockly |
| 617 | Pallikkunnu |
| 618 | Kuttiyattoor |
| 619 | Anthoor |
| 620 | Pariyaram |
| 621 | Pattuvam |
| 622 | Keezhalloor |
| 623 | Mokery |
| 624 | Eranjoly |
| 625 | Narath |
| 626 | Kannappuram |
| 627 | Elayavoor |
| 628 | Eruvassi |
| 629 | Sreekanthapuram |
| 630 | Payam |
| 631 | Managattidam |
| 632 | Valapattanam |
| 633 | Munderi |
| 634 | New-Mahe |
| 635 | Muzhakkunnu |
| 636 | Kodiyeri |
| 637 | Koodali |
| 638 | Ayyamkunnu |
| 639 | Kolacherry |
| 640 | Mayyil |
| 641 | Kunumathoor |
| 642 | Naduvil |
| 643 | Udayagiri |
| 644 | Chirakkal |
| 645 | Kolayadu |
| 646 | Puzhathy |
| 647 | Irikkur |
| 648 | Pinarayi |
| 649 | Kelakom |
| 650 | Chengalayi |
| 651 | Peralassery |
| 652 | Kottiyoor |
| 653 | Kathiroor |
| 654 | Padiyoor-Kalliyadu |
| 655 | Cherukunnu |
| 656 | Kanichar |
| 657 | Thillenkeri |
| 658 | Alacode |
| 659 | Kariyadu |
| 660 | Payyavoor |

KASARGOD DISTRICT

| (1) | (2) |
|---|---|
| 661 | Madhu |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (1) | (2) |
|---|---|---|---|
| 662 | Belal | 678 | Pallikkara |
| 663 | Bedadukka | 679 | Paivalika |
| 664 | Meenja | 680 | Panathady |
| 665 | Enmakaje | 681 | Padhe |
| 666 | Madikkai | 682 | West-Eleri |
| 667 | Menjeswaram | 683 | Delampady |
| 668 | Ajanoor | 684 | Pulloor-Periya |
| 669 | Kinannoor-Karinthalam | 685 | Mangalppady |
| 670 | Vorkadi | 686 | Kodam Beloor |
| 671 | Uduma | 687 | Mogral-Puthur |
| 672 | Bediyadukka | 688 | Chemad |
| 673 | Kumbadaje | 689 | Mariyapuram G. Pt. |
| 674 | Neeleswaram | | Idukki District |
| 675 | Muliyar | 690 | Marayoor do. |
| 676 | Trikkarippur | 691 | Valanchery |
| 677 | Chenkala | | Malappuram District |

LIBRARY ARCHIVES Kerala Legislative Assembly